ജൂൺ 2017

വാല്യം 45 | ലക്കം പതിനൊന്ന്


# യോജന

മലയാളം പതിപ്പ്

*ചീഫ് എഡിറ്റർ:*
**ദീപിക കച്ചൽ**

*സീനിയർ എഡിറ്റർ:*
**ധന്യ സനൽ. കെ**

*സബ് എഡിറ്റർ :*
**ജെ. മഹേഷ് കുമാർ**




## ഈ ലക്കത്തിൽ

# യുവജന ശാക്തീകരണം

**മലയാളം പതിപ്പ്:** റ്റി.സി. 25/139, ഗവൺമെന്റ് പ്രസ് റോഡ്, തിരുവനന്തപുരം - 695001. **ഫോൺ: 0471 - 2323826**

**ഇ-മെയിൽ: yojanamal50@yahoo.co.in**

**വെബ്സൈറ്റ് :** www.yojana.gov.in

**ഇ-മെയിൽ:** yojanace@gmail.com

വരിസംഖ്യ/ബിസിനസ് സംബന്ധമായ വിവരങ്ങൾക്ക് : pdjucir@gmail.com

ആസൂത്രണവും വികസനവും ലക്ഷ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, അസമിയ, മറാഠി, തെലുങ്ക്, ഗുജറാത്തി, ഉറുദു, പഞ്ചാബി, കന്നഡ, ഒറിയ എന്നീ 13 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നത്.

ഇംഗ്ലീഷ് യോജനയുടെ വരിസംഖ്യാ സംബന്ധമായ അന്വേഷണങ്ങൾക്ക് എഴുതേണ്ട വിലാസം :
ബിസിനസ് മാനേജർ (സർക്കുലേഷൻ ആന്റ് അഡ്വർടൈസ്മെന്റ്) പബ്ലിക്കേഷൻസ് ഡിവിഷൻ, റൂം നം.48-53, സൂചനാ ഭവൻ, സിജിഒ കോംപ്ലക്സ്, ലോധി റോഡ്, ന്യൂഡൽഹി 110 003

**വരിസംഖ്യ: ഒരു വർഷം 230/-, രണ്ടുവർഷം 430/-, മൂന്നുവർഷം 610/-.**

യോജനയിൽ അച്ചടിച്ചു വരുന്ന ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേതായിരിക്കും. അവ സർക്കാരിന്റേതാകണമെന്നില്ല. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും യോജനയ്ക്ക് ഉത്തരവാദിത്തമില്ല.

യോജനയുടെ ഉദ്ദേശ്യം വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുകയാണ്. പക്ഷെ ഇതിൽ ഔദ്യോഗികാഭിപ്രായങ്ങൾക്കു മാത്രമല്ല സ്ഥാനം നൽകപ്പെടുക. ജനാഭിലാഷങ്ങളുടെയും നൈരാശ്യങ്ങളുടെയും കണ്ണാടി കൂടിയാണ് യോജന.




## ലേഖനങ്ങൾ ക്ഷണിക്കുന്നു

സമ്പദ് വ്യവസ്ഥ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ പ്രവണതകൾ എന്നിവ സ്ഥിതി വിവര കണക്കുകളോടെ വിശകലനം ചെയ്യുന്ന ലേഖനങ്ങൾ വിദഗ്ധരിൽ നിന്നും ഗവേഷണ വിദ്യാർത്ഥികളിൽ നിന്നും ക്ഷണിക്കുന്നു. വിലാസം: പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം 695 001.

e-mail: yojanamal50@yahoo.co.in. ☎ 0471 - 2323826

## യോജന തപാലിൽ ലഭിക്കുവാൻ

പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം 695 001 എന്ന വിലാസത്തിൽ നിശ്ചിത തുക മണിയോർഡർ ആയോ ഡിമാന്റ് ഡ്രാഫ്റ്റ് ആയോ അയക്കുക. ഒരു വർഷം – 230 രൂപ • 2 വർഷം – 430 രൂപ • 3 വർഷം – 610 രൂപ

e-mail: yojanamal50@yahoo.co.in. ☎ 0471 - 2323826

ഓൺലൈൻ വഴി യോജന വരിക്കാരാകാൻ www.bharatkosh.gov.in എന്ന വെബ് സൈറ്റ് സന്ദർശിച്ച് Publications Division e-store വഴി ബുക്കു ചെയ്യാവുന്നതാണ്.

## കേന്ദ്ര സർക്കാർ പ്രസിദ്ധീകരണങ്ങൾക്കായി പബ്ലിക്കേഷൻസ് ഡിവിഷൻ സെയിൽസ് എംപോറിയം

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിലെ പബ്ലിക്കേഷൻസ് ഡിവിഷൻ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ തിരുവനന്തപുരം ഗവൺമെന്റ് പ്രസ്റോഡിനു സമീപമുള്ള പബ്ലിക്കേഷൻസ് ഡിവിഷൻസ് സെയിൽ എംപോറിയത്തിൽ നിന്നും ലഭിക്കുന്നതാണ്. പുസ്തകങ്ങൾ തപാലിൽ ലഭിക്കാൻ ബന്ധപ്പെടേണ്ട വിലാസം: ബിസിനസ് മാനേജർ, പബ്ലിക്കേഷൻസ് ഡിവിഷൻ സെയിൽസ് എംപോറിയം, ഗവൺമെന്റ് പ്രസ് റോഡ്, തിരുവനന്തപുരം – 695001



e-mail: bmsetvm@gmail.com ☎ 0471 - 2330650

യോജന
ജൂൺ 2017 • വാല്യം 45 • ലക്കം പതിനൊന്ന്

# ഉള്ളടക്കം

## യുവജന ശാക്തീകരണം

7 **ഇന്ത്യൻ യുവത്വം: ഉദിച്ചുയരുന്ന കരുത്ത്**
എ.കെ.ദുബേ

11 **തൊഴിൽ രഹിത യുവത്വം: ഇന്ത്യ നേരിടുന്ന വെല്ലുവിളികൾ**
അലാഖ്. എൻ. ശർമ്മ, ബൽവന്ത് സിങ് മേഹ്ത്ത

15 **യുവ ശക്തി: സാമൂഹ്യ മാറ്റത്തിന്റെ ചാലക ശക്തി**
സുനിതാ സാംഘി

20 പ്രത്യേക ലേഖനം
**സംരംഭകത്വം വളർത്താൻ സ്റ്റാർട്ടപ്പുകൾ: വെല്ലുവിളികളും ഭാവിയും**
സൗരഭ് സന്യാൽ, ഡോ. രഞ്ജിത്ത് മേഹ്ത്ത

24 **ഇന്ത്യൻ യുവജനങ്ങളുടെ ആഗോള സാന്നിധ്യം**
ഡോ. ശീതൾ ശർമ്മ, ഭാസ്ക്കർ ജ്യോതി

28 ഫോക്കസ്
**യുവജനങ്ങൾ യോഗ പരിശീലിക്കേണ്ടതിന്റെ പ്രാധാന്യം**
ഡോ. ഈശ്വർ എൻ. ആചാര്യ, ഡോ. രാജീവ് റസ്തോഗി

32 **വിദൂര വിദ്യാഭ്യാസത്തിലൂടെ സംരംഭകത്വ പരിശീലനം**
ഡോ. അമിത് കുമാർ ദ്വിവേദി

36 **സായുധ കലാപ മേഖലകൾ: യുവാക്കൾക്കായി കർമ്മ പദ്ധതികൾ**
രവി പൊഖാർന

39 **യുവജന ശാക്തീകരണം: ശാസ്ത്ര, മാനവിക വിഷയങ്ങളിലെ ബോധന ഗുണനിലവാരത്തിന്റെ പങ്ക്**
ഡോ. കെ.മുരുകൻ

43 **മസ്തിഷ്ക്ക ശോഷണത്തിൽ നിന്ന് മസ്തിഷ്ക്ക പോഷണത്തിലേക്ക്**
ഡോ. ജോസഫ് ആന്റണി

46 **യുവഭാരതം: സംരംഭക വികസനം പുതിയ ഉയരങ്ങളിലേക്ക്**
ഡോ. ശചീന്ദ്രൻ. വി

49 **സംരംഭകത്വ വികസനം: പ്രതീക്ഷയേകുന്ന സ്റ്റാർട്ടപ്പ് ഇന്ത്യാ പദ്ധതികൾ**
സിനിമോൾ. വി.എൻ

51 **സ്വച്ഛ് ഭാരത്: ശുചിത്വത്തിനായി ഒരു വലിയ ചുവടുവയ്പ്**
വിനു.എ

54 **നിങ്ങൾക്കറിയാമോ?**

## അടുത്ത ലക്കം

ജൂലൈ 2017

# സാമൂഹ്യ സുരക്ഷ

# യുവാക്കൾ ഭാവിയുടെ പ്രതീക്ഷ

ഏതൊരു രാജ്യത്തിന്റെയും അഭിവൃദ്ധിയുടെ അടിസ്ഥാനഘടകമാണ് ആ രാജ്യത്തെ യുവാക്കൾ. ലോകത്തിലെ ഭൂരിഭാഗം വികസിത രാജ്യങ്ങളിലും ജനസംഖ്യയിൽ ഇന്നു മുന്നിൽ നില്ക്കുന്നത് വൃദ്ധരാണ്. എന്നാൽ ഇന്ത്യയിൽ സ്ഥിതി മറിച്ചാണ്. ലോകം 2020 ൽ എത്തുമ്പോൾ ഏറ്റവുമധികം ചെറുപ്പക്കാരുള്ള രാജ്യം ഇന്ത്യയായിരിക്കും. രാജ്യത്തിന്റെ അമൂല്യമായ മനുഷ്യവിഭവ ശേഷി, ഇവിടുത്തെ മൊത്തം ജനസംഖ്യയുടെ 40 ശതമാനം വരുന്ന ആവേശവും ചൈതന്യമുള്ള യുവശക്തിയാണ്. ഇന്ത്യയുടെ ഈ ജനസംഖ്യാ സമ്പത്ത് ലോകമെമ്പാടുമുള്ള സാമ്പത്തിക വിദഗ്ധരുടെയും നയരൂപീകരണ വിദഗ്ധരുടെയും പ്രധാന ചർച്ചാവിഷയമായി മാറിയിട്ടുണ്ട്. രാജ്യത്തിന്റെ ഭാവി എന്ന നിലയിൽ യുവാക്കൾക്ക് രാഷ്ട്രനിർമ്മാണത്തിൽ ബൃഹത്തായ പങ്കാണ് വഹിക്കാനുള്ളത്. യുവാക്കളുടെ സൃഷ്ടിപരമായ സാധ്യതകൾക്കൊപ്പം അവരുടെ ഉത്സാഹവും,ഊർജ്ജവും, വൈദഗ്ധ്യവും ഒന്നിച്ചു ചേരുമ്പോൾ ഏതു രാജ്യത്തും അത്ഭുതങ്ങൾ തന്നെ സംഭവിക്കും. എൻജിനിയർമാരായി, ഡോക്ടർമാരായി, അഭിഭാഷകരായി, ബാങ്കുദ്യോഗസ്ഥരായി, സംരംഭകരായി, കായിക താരങ്ങളായി രാജ്യത്തെ എല്ലാ മേഖലയെയും നയിക്കാനുള്ള സാധ്യതകൾ യുവാക്കൾക്കുണ്ട്. വളരാനും വികസിക്കാനും ആവശ്യമായ വിഭവങ്ങളും, ശരിയായ മാർഗ നിർദ്ദേശവും നല്കി അവരെ ശാക്തീകരിക്കുക എന്നതാണ് ഇപ്പോഴത്തെ ആവശ്യം.

അനുയോജ്യമായ ഗാർഹിക ചുറ്റുപാടുകളിൽ കുഞ്ഞുങ്ങളെ ആരോഗ്യത്തോടെ വളർത്തുക, അവർക്ക് മികച്ച വിദ്യാഭ്യാസം നല്കുക എന്നതാണ് ഈ ദിശയിലെ ആദ്യ പടി. ഇത് ഉറപ്പാക്കാൻ ഗവൺമെന്റ് സ്വീകരിച്ച നിർണായക നീക്കമാണ് വിദ്യാഭ്യാസ അവകാശ നിയമം- 2009. സർവ ശിക്ഷാ അഭിയാൻ, ഇ- പാഠശാല, ഉഡാൻ എന്നീ പദ്ധതികളും കുട്ടികൾക്ക് എല്ലാ തലത്തിലും നിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ഗവൺമെന്റ് നടത്തി വരുന്ന സഫലമായ പരിശ്രമങ്ങളാണ്. വിദൂര ഗ്രാമങ്ങളിലും, പർവത മേഖലകളിലും, ദുർഗ്ഗമങ്ങളായ വന പ്രാന്തങ്ങളിലും വസിക്കുന്ന കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുക എന്നത് വെല്ലുവിളിയാണ്. ഇതിനു പരിഹാരമാണ് വിദൂര വിദ്യാഭ്യാസ സമ്പ്രദായം. നമ്മുടെ ചെറുപ്പക്കാർക്ക് വിജ്ഞാനം പകർന്നു കൊടുക്കാൻ വിദൂര വിദ്യാഭ്യാസ സമ്പ്രദായം നടത്തുന്ന അമൂല്യമായ സേവനം ഇപ്പോൾ അംഗീകരിക്കപ്പെട്ടു വരികയാണ്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ GIAN, സ്വയം (SWAYAM), നാഷണൽ ഡിജിറ്റൽ ലൈബ്രറി തുടങ്ങി നിരവധി പദ്ധതികൾ രാജ്യത്ത് മികച്ച വിദ്യാഭ്യാസം ലഭ്യമാക്കാൻ പ്രവർത്തിക്കുന്നു.

എന്നാൽ ഇപ്രകാരം വിദ്യാഭ്യാസം ലഭിച്ച യുവജനങ്ങൾക്ക് നിർദ്ദിഷ്ട തൊഴിലുകൾ ലഭിക്കുന്നതിന് അത്യാവശ്യം നൈപുണ്യവും കൂടി ഉണ്ടായിരിക്കണം. ഉന്നത സാങ്കേതിക വിദ്യയുടെ പിൻബലത്തിൽ കടുത്ത മത്സരം നിലനില്ക്കുന്ന ഇന്നത്തെ ലോകത്ത് സാധാരണ സ്കൂൾ കോളേജ് വിദ്യാഭ്യാസം കൊണ്ടു മാത്രം ആർക്കും ജോലി ഉറപ്പാക്കാനാവില്ല. അതിനാൽ ഈ യുവശക്തിയെ സാങ്കേതിക വൈദഗ്ധ്യമുള്ള മനുഷ്യവിഭവശേഷിയുടെ വിശാല സ്രോതസാക്കി മാറ്റുന്നതിനുള്ള കൃത്യവും തൃപ്തികരവുമായ നൈപുണ്യ വികസനവും പരിശീലനവുമാണ് നാം ആസൂത്രണം ചെയ്യേണ്ടത്. ഈ ദിശയിലുള്ള ഗവൺമെന്റിന്റെ ഫലപ്രദമായ ചുവടുവയ്പാണ് സ്കിൽ ഇന്ത്യ മിഷൻ. തൊഴിൽ വിപണിയുടെ ആവശ്യങ്ങൾ മനസിലാക്കി അതനുസരിച്ചുള്ള നൈപുണ്യം സമ്പാദിക്കാൻ ഈ പദ്ധതി യുവാക്കളെ സഹായിക്കുന്നു. 2022 ആകുമ്പോഴെയ്ക്കും 40 കോടി യുവാക്കൾക്ക് അവർക്കു താല്പര്യമുള്ള പ്രത്യേക തൊഴിലുകളിൽ വിദഗ്ധപരിശീലനം നല്കി അവരെ നിപുണരാക്കുകാണ് ദൗത്യത്തിന്റെ ലക്ഷ്യം. ഈ പദ്ധതിയുടെ കീഴിൽ നൈപുണ്യ വികസനത്തിന് വിദൂര വിദ്യാഭ്യാസ പരിപാടിയും ഉണ്ട്.

നമ്മുടെ ആത്യന്തിക ലക്ഷ്യം തൊഴിലിനുവേണ്ടി നമ്മുടെ യുവാക്കളെ ശാക്തീകിരിക്കുക എന്നതാണ്. രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന യുവാക്കൾ തൊഴിൽ രഹിതരാണെങ്കിൽ അത് സമ്പദ് വ്യവസ്ഥയെ പിന്നോട്ടടിക്കും എന്നു മാത്രമല്ല അവർ സമൂഹത്തിനു ഭീഷണിയുമാകും. അതിനാൽ സ്റ്റാർട്ടപ്പ് ഇന്ത്യ, സ്റ്റാൻഡപ്പ് ഇന്ത്യ എന്നീ പദ്ധതികളിലൂടെ കഴിയുന്നത്ര സ്റ്റാർട്ടപ്പ് സംരംഭങ്ങൾ പ്രത്സാഹിപ്പിക്കാനാണ് ഗവൺമെന്റ് ഇപ്പോൾ കൂടുതൽ ശ്രദ്ധ നല്കുന്നത്. മുദ്ര (MUDRA), സേതു (SETU), എയിം (AIM) (അടൽ ഇന്നൊവേറ്റിവ് മിഷൻ) തുടങ്ങിയവയാണ് സംരംഭകത്വവും പുത്തൻ കണ്ടുപിടുത്തങ്ങളും പ്രോത്സാഹിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുള്ള ഏതാനും പരിപാടികൾ.

രാഷ്ട്രനിർമ്മാണത്തിന്റെ മഹാസ്തംഭങ്ങളാണ് യുവജനങ്ങൾ. വിധിയെ മാറ്റാനുള്ള നിയോഗവും ഊർജ്ജവും അവരുടെ കൈകളിലാണ്. അതുകൊണ്ട്, സ്വന്തം വിധി മാറ്റാൻ ആഗ്രഹിക്കുന്ന ഏതു രാജ്യത്തിനും അത്ഭുതകരമായ ഈ വിഭവത്തിന്റെ അഭിലാഷങ്ങളും ഊർജ്ജവും ഉപയോഗപ്പെടുത്താനുള്ള ഉപാധികളും മാർഗവും കൈവശമുണ്ടായിരിക്കണം. ഫ്രാങ്ക്ളിൻ റൂസ്‌വെൽറ്റ് ഒരിക്കൽ പറയുകയുണ്ടായി, നമ്മുടെ യുവജനങ്ങളുടെ ഭാവി നമുക്കൊരിക്കലും രൂപപ്പെടുത്താനാവില്ല, പക്ഷെ ഭാവിയിലേയ്ക്കുള്ള യുവാക്കളെ നമുക്ക് രൂപപ്പെടുത്താനാവും.

# ഇന്ത്യൻ യുവത്വം: ഉദിച്ചുയരുന്ന കരുത്ത്

എ.കെ. ദുബേ

യൗവ്വനം എന്ന പദത്തെ യുനെസ്കോ നിർവചിക്കുന്നത് ഇങ്ങനെയാണ് 'കുട്ടിക്കാലത്തെ ആശ്രയത്വത്തിൽ നിന്ന് പ്രായപൂർത്തിയാകുന്നതോടെ സമൂഹത്തിലെ അംഗമെന്നനിലയിലുള്ള തങ്ങളുടെ സ്വാതന്ത്ര്യത്തെക്കുറിച്ച് ബോധവാനാകുന്ന പരിവർത്തനഘട്ടം. ഒരു നിശ്ചിത പ്രായക്കാരുടെ സംഘത്തിനപ്പുറം കൂടുതൽ വഴക്കമാർന്ന ഒരു വിഭാഗമാണ് യുവത'.

കേന്ദ്ര യുവജനകാര്യ, കായിക മന്ത്രാലയത്തിന്റെ (യുവജനകാര്യ വകുപ്പ്) 2016-17 ലെ വാർഷിക റിപ്പോർട്ട് പ്രകാരം ഏതൊരു സ്ഥാപനത്തിന്റെയും ഭരണ നിർവഹണത്തിലെ ഏറ്റവും ഊർജസ്വലരായ വിഭാഗം യുവാക്കളാണ്. അവരുടെ ഊർജസ്വലവും ചലനാത്മകവുമായ സമീപനത്തിലൂടെ, ജനസംഖ്യയുടെ 65 ശതമാനത്തോളം പേർ 35 വയസ്സിൽ താഴെയുള്ളവരായ ഒരു യുവ രാജ്യമായി ഇന്ത്യ മാറിയിരിക്കുകയാണ്. മന്ത്രാലയത്തിൻറെ 2016-17 ലെ വാർഷിക റിപ്പോർട്ട് പ്രകാരം 2020 ഓടെ ഇന്ത്യയുടെ മീഡിയൻ ഏജ് (ശരാശരി മധ്യപ്രായം) ചൈനയുടെയും മറ്റു ദക്ഷിണേഷ്യൻ രാജ്യങ്ങളുടെയും മീഡിയൻ ഏജായ 38നെ അപേക്ഷിച്ച് 28 ആയി മാറുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ 27.5 ശതമാനവും 15-29 പ്രായക്കാരാണ്. ഇത് ഇന്ത്യക്ക് ഏറെ അനുകൂലമായ ഒരു ജനസംഖ്യാരൂപരേഖ നൽകുന്നുണ്ട്.

ജനസംഖ്യാപരമായ ഈ മേൽക്കൈ അർത്ഥവത്തായ രീതിയിൽ പ്രയോജനപ്പെടുത്താൻ യുവജനതയെ പ്രയോജനപ്രദമായ സത്ഫലങ്ങളും നിർമാണാത്മകമായ വിവരങ്ങളും ഉത്പാദിപ്പിക്കുന്ന ഒരു വലയത്തിലാക്കേണ്ടത് അത്യാവശ്യമാണ്. ആഗോളനിലവാരത്തിലേക്ക് ഉയരാൻ ഇന്ത്യയെ സഹായിക്കാൻ കഴിയുന്ന ശക്തി എന്ന നിലയിൽ അവരെ കാതലായ നയക്രമീകരണങ്ങൾ കൊണ്ടും സംരക്ഷണം കൊണ്ടും പിന്താങ്ങേണ്ടതുണ്ട്. പണിപൂർത്തിയായ ഭരണ സംവിധാനത്തിൻറെ ഉപോത്പന്നങ്ങൾ പരിശോധിച്ച് നോക്കാനുള്ള മുൻകൂട്ടി തയ്യാറാക്കപ്പെട്ട പരീക്ഷണ ശാലകളല്ല യുവാക്കൾ. സദാ പരിവർത്തനം സംഭവിച്ചുകൊണ്ടിരിക്കുന്ന വിഭാഗമാണവർ. പുതിയ കാലത്തിന് അനുയോജ്യമായ കഴിവുകളുടെ അടിസ്ഥാനത്തിൽ പുതിയ അവസരങ്ങൾ സൃഷ്ടിക്കാനായി അവരെ ഉപയോഗപ്പെടുത്തുകയാണ് വേണ്ടത്.

'യുവാക്കൾ സാമൂഹിക മാറ്റത്തിന്റെ ചാലകശക്തികൾ' എന്ന ലേഖനത്തിൽ മൈക്കൽ ഗ്രീൻ ചൂണ്ടിക്കാട്ടുന്നു 'സ്ഥിരമായി വികസിച്ചുകൊണ്ടിരിക്കുന്നതും വലിയ സ്വാധീനശക്തിയുള്ളതുമായ ഉറച്ച യുവ ജനശക്തിയുള്ള സമൂഹത്തിന്റെ കാര്യത്തിൽ പോരായ്മകളെ അഭിമുഖീകരിക്കുക എന്ന അർത്ഥത്തിൽ കൂടുതൽ കരുത്താർജ്ജിക്കാനുള്ള നയങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സമീപന രീതിയിൽ നിന്ന് പ്രശ്ന പരിഹാരത്തിൽ ശ്രദ്ധയൂന്നുന്ന സമീപനരീതിയിലേക്ക് മാറണം.

ഒട്ടേറെ സാമൂഹിക, രാഷ്ട്രീയ, പൗരാവകാശ പ്രസ്ഥാനങ്ങളുടെ കേന്ദ്രസ്ഥാനത്ത് ഇന്ന് യുവാക്കളാണ് പ്രവർത്തിക്കുന്നത്. എൽ. ജി. ബി. ടി. ക്യു (LGBTQ) പ്രസ്ഥാനം മുതൽ സ്ത്രീ സമത്വ പ്രസ്ഥാനം വരെ അവയിലുണ്ട്. പരിസ്ഥിതി പ്രസ്ഥാനങ്ങൾ മുതൽ മനുഷ്യാവകാശ പ്രസ്ഥാനങ്ങൾ വരെ പൊതുജീവിതത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളുന്ന പ്രസ്ഥാനങ്ങളുടെ കേന്ദ്രസ്ഥാനത്ത് പ്രവർത്തിക്കുന്നത് ഇന്ന് യുവാക്കളാണ്. പ്രവർത്തനക്ഷമമായ ഒരു സമ്മർദ്ദ ഗ്രൂപ്പായി ഇവരെല്ലാം പ്രവർത്തിക്കുകയാണ്. തങ്ങളുടെ വിശാലമായ താൽപര്യങ്ങൾ സഫലീകരിക്കുന്നതിനും ആശങ്കകൾ പരിഹരിക്കുന്നതിനും നവ മാധ്യമ ഉപാധികളെ അവർ വ്യാപകമായും നിരന്തരമായും ഉപയോഗപ്പെടുത്തുന്നുണ്ട്. ഇങ്ങനെ പരമ്പരാഗത മാധ്യമങ്ങളിലൂടെയും സാമൂഹിക മാധ്യമങ്ങളിലൂടെയും സംവാദങ്ങൾ നടക്കുകയും പൊതുജനാഭിപ്രായം പ്രചരിപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ആശയങ്ങൾ രൂപം കൊള്ളാൻ മാത്രമല്ല, ആശയങ്ങളുടെ സഹകരണത്തിനും വിനിമയത്തിനും കൂടി നവമാധ്യമ സങ്കേതങ്ങൾ സഹായകമാകുന്നുണ്ട്. കൂടാതെ ആത്യന്തികമായി പൊതുജന സ്വീകാര്യത വിലയിരുത്തുന്നതിനും അവ ഉപയോഗപ്പെടുന്നു. നിരന്തരം മാറിക്കൊണ്ടിരിക്കുന്ന സാമൂഹികാവസ്ഥകളോട് പൊരുത്തപ്പെടാനുള്ള യുവാക്കളുടെ ആന്തരിക ശേഷിയാണ് സാമൂഹികമായി അർത്ഥവത്തായതും സാമ്പത്തികവുമായ പ്രവർത്തനങ്ങളുടെ കേന്ദ്രസ്ഥാനത്ത് യുവാക്കൾ ആയിരിക്കണം എന്നുപറയുന്നതിന്റെ കാരണം.

രണ്ട് തലമുറകളെ ഇണക്കിച്ചേർക്കുന്ന പാലമായി പ്രവർത്തിക്കാൻ യുവാക്കൾക്ക് കഴിയും. ശരിയായി വിശദീകരിച്ചാൽ, തങ്ങളുടെ വളർച്ചയും വികാസവും അനായാസമാകുന്നതിന് നല്ല മെയ്‌വഴക്കം വേണ്ടതിന്റെ ആവശ്യകത അവർക്ക് മനസ്സിലാക്കാൻ കഴിയുമെന്നതാണ്. ആശയപരമായ കടുംപിടുത്തങ്ങളും പാശ്ചാത്യസംസ്കാരത്തിന്റെ ബുദ്ധിശൂന്യമായ അനുകരണങ്ങളും പോലുള്ള തീവ്രനിലപാടുകൾ ദീർഘകാലാടിസ്ഥാനത്തിൽ രാഷ്ട്രത്തിന് ഗുണം ചെയ്യില്ല.

പരിപൂർണതയിലൂടെയും അല്ലെങ്കിൽ സ്വയംഭരണാവകാശത്തിലൂടെയും മാത്രം എല്ലാം പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താനാവില്ലെന്ന ധാരണ ഇന്നത്തെ യുവതലമുറയ്ക്കുണ്ട്. ഒരേ ലക്ഷ്യത്തിനായി പരസ്പരം ഇണക്കത്തോടെ വർത്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പല ഘടകങ്ങളിലൂടെ മാത്രമേ അത് നേടിയെടുക്കാനാവൂ. പുത്തൻ സാമൂഹിക ചിന്തയുടെയും രാഷ്ട്രീയ പ്രവർത്തനത്തിന്റെയും രാസത്വരകമാണ് അടിസ്ഥാനപരമായി യുവാക്കൾ.

മികച്ച അനുഭവ പരിചയവും പരീക്ഷണാവസരങ്ങളുമൊക്കെ ഇന്നത്തെ യുവാക്കൾക്ക് ലഭിക്കുന്നുണ്ട്. അർത്ഥവത്തായ ലക്ഷ്യങ്ങൾക്കായി അവയെ കൃത്യമായ അനുപാതത്തിൽ യോജിപ്പിക്കാൻ അവർക്ക് കഴിയും. പ്രത്യേകിച്ച് ഇന്ത്യൻ ജനാധിപത്യ മാതൃകയിലെ ബഹുസ്വര ശീലങ്ങളുടെ പശ്ചാത്തലത്തിൽ.

യുവാക്കൾ ഉപയോഗിക്കുന്നത് പോലുള്ള യുക്തിയുടെ പ്രസരിപ്പും പെരുപ്പവും പര്യവേക്ഷണരീതിയുമൊക്കെയാണ്, ഉറച്ചതെന്ന് കരുതുന്ന സാമൂഹിക സംവിധാനങ്ങളുടെ ഭിത്തിയുടയ്ക്കുന്ന ഘടകം. മിശ്രഭോജനത്തിലും മിശ്രവിവാഹത്തിലുമൊന്നും കടുംപിടിത്തമുള്ളവരായിരിക്കില്ല ഇന്നത്തെ യുവാക്കൾ അധികകാലം. ജാതിയുടെയും കുലത്തിന്റെയും വംശത്തിന്റെയും ലിംഗത്തിന്റെയുമൊക്കെ അടിസ്ഥാനത്തിൽ സഹജീവികളെ അപമാനിക്കുന്നതും അവരോട് മോശമായ സമീപനം വെച്ചുപുലർത്തുന്നതും അവർ ചോദ്യം ചെയ്യുകയാണ്. ഇത് വലിയൊരളവിൽ അല്ലെങ്കിൽ പോലും ശരിയായ ദിശയിലുള്ള ചെറുചുവടുകൾ അവർ എടുക്കുന്നുണ്ട്.

മൂലകാരണങ്ങൾ കണ്ടെത്തുന്നതിന് യുവാക്കളെ സഹായിക്കുന്ന നിർണായകമായ ഘടകങ്ങളിലൊന്ന് സാങ്കേതിക വിദ്യയുടെ ഉപയോഗവും അതിലുള്ള ഊന്നലുമാണ്. കറൻസി രഹിത സമ്പദ് വ്യവസ്ഥ, ഡിജിറ്റൽ ഇന്ത്യ പോലുള്ള ആശയങ്ങളിലൂടെയും അനുബന്ധ പ്രവർത്തനങ്ങളിലൂടെയും ഡിജിറ്റലൈസേഷൻ പ്രോത്സാഹിപ്പിക്കാനുള്ള സർക്കാർ പരിശ്രമങ്ങൾ കാരണമായി സമ്പദ് വ്യവസ്ഥയിലെ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള സകല പരിശ്രമങ്ങളിലും സാങ്കേതിക വിദ്യ ഫലപ്രദമായ ഒന്നായി ഉയർന്നുവരുകയാണ്. നമ്മുടെ ദൈനംദിന ജീവിതത്തിൽ ഇടപെടുന്നത് പോലെ സാങ്കേതികവിദ്യ പുരോഗതിയുടെ ഒരു ഗുണഫലമാണ്. അസാധ്യമെന്ന് തന്നെ കരുതിയിരുന്ന അസാധാരണ നേട്ടങ്ങൾ സ്വന്തമാക്കാൻ സാങ്കേതിക വിദ്യ മനുഷ്യരാശിയെ സഹായിച്ചു. അങ്ങനെ ഓരോ ദിവസവും പുതിയ നാഴികകല്ലുകൾ കീഴടങ്ങുന്നത് കാണാൻ നമുക്ക് കഴിഞ്ഞു. ജീവിതം കൂടുതൽ മെച്ചപ്പെടുത്താനും സാങ്കേതികവിദ്യകൾ ഉപയോഗപ്പെട്ടു, പ്രത്യേകിച്ച് വികസ്വര രാജ്യങ്ങളിൽ.

ലോകത്തിന് മുന്നിൽ കൂടുതൽ ഐക്യത്തോടെ എഴുന്നേറ്റ് നിൽക്കുവാൻ ഇന്ത്യയിലെ ഡിജിറ്റൽ സാഹചര്യം യുവാക്കളെ ശാക്തീകരിച്ചു. അതിവേഗത്തിലുള്ള ആശയവിനിമയത്തിലേക്കും വേഗമാർന്ന പഠനത്തിലേക്കും അത് നയിച്ചു. ഭൂമിശാസ്ത്രപരമായി അകലെയുള്ള രണ്ട് പ്രദേശങ്ങളെ ഒരു പൊതുപ്ലാറ്റ് ഫോമിൽ അത് ബന്ധിപ്പിച്ചു. സമാന ചിന്താഗതികളുടെ ശേഖരമായി അത് പ്രവർത്തിച്ചു. തുടർന്ന് സാധ്യമായ പരിഹാരങ്ങളും ഫലങ്ങളും രൂപപ്പെടുത്താൻ പരിശ്രമിച്ചു. ഒരൊറ്റ ക്ലിക്കിലൂടെ ആശയങ്ങൾ പങ്കുവെക്കാനും ചർച്ച ചെയ്യാനും സഹകരിക്കാനും ചിന്തകളും പ്രവർത്തനങ്ങളും രൂപപ്പെടുത്താനും നമുക്ക് കഴിഞ്ഞു. നാം കണ്ണുകൊണ്ട് കാണുന്നതിനും അപ്പുറമാണ് സാങ്കേതികവിദ്യ. ഒരു വിദ്യാർത്ഥിയെ സംബന്ധിച്ച് പഠന വസ്തുക്കളുടെ ഒരു അതിവേഗപാതയാണത്. വിദഗ്ധ പഠന കേന്ദ്രങ്ങളുള്ള സ്ഥാപനങ്ങളിൽ അപേക്ഷ നൽകാൻ അതുവഴി വിദ്യാർത്ഥികൾക്ക് കഴിയുന്നു. എല്ലാവർക്കും തുല്യാവസരം ഒരുക്കാൻ കഴിയും വിധം പ്രവർത്തിക്കാനും സാങ്കേതികവിദ്യക്ക് കഴിയുന്നു, കുറഞ്ഞപക്ഷം ലഭ്യതയുടെ കാര്യത്തിലെങ്കിലും. ഇവിടെയും യുവാക്കൾക്കാണ് നേട്ടം. പുതിയ സാങ്കേതിക വിദ്യകൾ പഠിച്ചെടുക്കുന്നതിലും അവയുമായി പൊരുത്തപ്പെടുന്നതിലും യുവാക്കളാണ് മുന്നിൽ.

യുവത്വവും സാങ്കേതികവിദ്യയും ഒന്നിച്ചതിന്റെ ഒരു വലിയ നേട്ടമെന്ന് പറയപ്പെടുന്നത് റിസ്ക് ഏറ്റെടുക്കാനുള്ള അവരുടെ ആവേശവും സ്റ്റാർട്ടപ്പുകളുടെ വളർച്ചയുമാണ്. കൂടുതൽ ലക്ഷ്യ കേന്ദ്രീകൃതവും സവിശേഷ കഴിവുകൾ തേച്ചുമിനുക്കുന്നതിനുള്ള പരിശ്രമങ്ങളുടെയും ഫലമായി സംരംഭങ്ങളും സേവനങ്ങളും ഒരുക്കുന്നതിൽ ഒരുകൂട്ടം വരേണ്യർ നിലനിർത്തിയിരുന്ന ആധിപത്യ സ്വഭാവത്തെ സ്റ്റാർട്ടപ്പുകൾ തകർത്തു. യുവാക്കളുടെ നിശ്ചയദാർഢ്യം സാങ്കേതികവിദ്യയുമായി ഒത്തുചേർന്നത് സംരഭങ്ങൾക്ക് ആഗോളതലത്തിൽ തന്നെ വലിയ സ്വീകാര്യത നൽകി.

കേന്ദ്രസർക്കാർ അതിന്റെ പ്രത്യേക യുവജന കാര്യ, കായിക മന്ത്രാലയത്തിലൂടെ ഇന്ത്യൻ യുവതയുടെ വളർച്ചയ്ക്കും വികസനത്തിനും വേണ്ടി നിരന്തരം പരിശ്രമങ്ങൾ നടത്തുന്നുണ്ട്. യുവാക്കൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളുടെ പതിവ് പുനരവലോകനങ്ങൾക്കൊപ്പം പുതിയ സംരംഭങ്ങളും പദ്ധതികളും കൊണ്ടുവരുകയും യുവാക്കളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുകയും ജീവിത നൈപുണികളിലും നേതൃത്വ ശേഷികളിലും പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്.

2016–17 ലെ വാർഷിക റിപ്പോർട്ട് ഇങ്ങനെ പറയുന്നു 'ഇന്ത്യയിലെ യുവാക്കളുടെ സർവതോമുഖമായ വികസനത്തിന് രാജ്യം പ്രതിജ്ഞാബദ്ധമാണെന്ന് 2014 ലെ ദേശീയ യുവജന നയം ആവർത്തിച്ചുവ്യക്തമാക്കുന്നുണ്ട്. അതിലൂടെ മാത്രമേ യുവാക്കൾക്ക് തങ്ങളുടെ പൂർണ ശേഷി തിരിച്ചറിയാനും രാജ്യ നിർമാണ പ്രക്രിയയിൽ പ്രത്യുൽപാദനപരമായ പങ്കുവഹിക്കാനും കഴിയൂ. ഇന്ത്യൻ യുവാക്കൾക്കായി സമഗ്രമായ കാഴ്ചപ്പാടാണ് 2014 ലെ ദേശീയ യുവജന നയം മുന്നോട്ടുവെക്കുന്നത്. തങ്ങളുടെ പൂർണശേഷി നേടിയെടുക്കുന്നതിന് രാജ്യത്തെ യുവാക്കളെ ശാക്തീകരിക്കുകയും അതുവഴി ലോകരാജ്യങ്ങൾക്കിടയിൽ ഇന്ത്യക്ക് അർഹമായ സ്ഥാനം നേടിയെടുക്കലുമാണ് അതിലൂടെ ലക്ഷ്യമിടുന്നത്'.

### 2014 ലെ ദേശീയ യുവജന നയത്തിലെ ലക്ഷ്യങ്ങളും മുൻഗണനാ മേഖലകളും:

1) ഇന്ത്യയുടെ സാമ്പത്തിക വികസനത്തിൽ സുസ്ഥിര പങ്ക് വഹിക്കാൻ കഴിയുന്ന ഉത്പാദനക്ഷമമായ ഒരു തൊഴിൽ സേനയെ സൃഷ്ടിക്കലിനായുള്ള മുൻഗണനാ മേഖലകൾ ഇവയാണ്.

- വിദ്യാഭ്യാസം
- സംരഭകത്വം
- തൊഴിൽ നൈപുണ്യം വികസിപ്പിക്കൽ

2) ഭാവി തലമുറകളെ മുന്നോട്ട് നയിക്കാൻ പര്യാപ്തരായ കരുത്തും ആരോഗ്യവുമുള്ള തലമുറയെ വികസിപ്പിക്കൽ. താഴെപറയുന്നവയിലൂടെയാണ് ഇത് നടപ്പാക്കേണ്ടത്

- ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുക.
- കായിക വിനോദങ്ങൾ നിത്യ ജീവിതത്തിന്റെ ഭാഗമാക്കുക.

3) യുക്തിസഹമായ ഉടമസ്ഥത കെട്ടിപ്പടുക്കാനായി സാമൂഹിക മൂല്യങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക

യും സാമൂഹ്യ സേവനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. ഇത് സാധ്യമാക്കുന്നതിന് സഹായകരമായ കാര്യങ്ങൾ താഴെപ്പറയുന്നവയാണ്

- സാമൂഹിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുക.
- സാമൂഹിക ഇടപെടലുകളിലൂടെ ക്ഷേമം ഉറപ്പാക്കുക.

4) ഭരണനിർവഹണത്തിന്റെ എല്ലാ കേന്ദ്രങ്ങളിലും പങ്കാളിത്തത്തിനും പൗരന്മാരുടെ ഇടപെടലുകൾക്കും സൗകര്യമൊരുക്കുക. ഇത് നടപ്പാക്കേണ്ടത് താഴെപ്പറയുന്നവ വഴിയാണ്–

- ഭരണനിർവഹണത്തിലും രാഷ്ട്രീയത്തിലും എല്ലാവരുടേയും പങ്കാളിത്തം ഉറപ്പാക്കുക.
- യുവാക്കളുടെ സജീവമായ ഇടപെടലുകൾ പ്രോത്സാഹിപ്പിക്കുക.

5) പ്രതിസന്ധി ഘട്ടങ്ങളിൽ യുവാക്കളെ പിന്തുണക്കുക: പാർശ്വവൽക്കരിക്കപ്പെട്ടവരും അനുകൂല സാഹചര്യങ്ങൾ ഇല്ലാത്തവരുമായ എല്ലാ യുവാക്കൾക്കും തുല്യമായ അവസരങ്ങൾ സൃഷ്ടിക്കണം. സാമൂഹിക നീതി ഉറപ്പാക്കലും എല്ലാവരെയും ഉൾക്കൊള്ളിക്കുന്ന വികസനവുമായിരിക്കണം മുൻഗണനാ മേഖലകൾ.

യുവാക്കളുടെ പങ്കാളിത്തം ആകർഷിക്കുകയും അവരുടെ സമഗ്രമായ വികസനത്തിന് സൗകര്യമൊരുക്കുകയും ചെയ്യുന്ന വിവിധ തലങ്ങളുള്ള പദ്ധതികൾ നിലവിലെ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ഉദാഹരണത്തിന് നെഹ്റു യുവകേന്ദ്ര സംഘടനക്ക് യുവാക്കളെ രാഷ്ട്ര നിർമാണ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കാനും അവരുടെ ശേഷി വികസിപ്പിക്കാനും അധികാരം നൽകിയിട്ടുണ്ട്. സന്നദ്ധ സാമൂഹിക സേവന പ്രവർത്തനങ്ങളിലൂടെ ധാർമികതയും മാനുഷിക സമീപനവുമുള്ള വ്യക്തികളെ വികസിപ്പിച്ചെടുക്കുകയാണ് നാഷണൽ സർവീസ് സ്കീം ( എൻ. എസ്. എസ്.) ചെയ്യുന്നത്.

ഇതുകൂടാതെ യുവാക്കളുടെയും കൗമാരക്കാരുടെയും വികസനത്തിനുള്ള ദേശീയ പദ്ധതികളും നിലവിലുണ്ട്. ഇതിനോട് ചേർന്ന് യുവാക്കൾക്ക് പ്രചോദനമേകുന്നതിനും അവരുടെ സർവതോന്മുഖമായ വികസനത്തിന് സൗകര്യമൊരുക്കുന്നതിനും ദേശീയ യൂത്ത് ഫെസ്റ്റിവലുകളും അവാർഡുകളും ഏർപ്പെടുത്തിയിട്ടുമുണ്ട്.

2011 ലെ സെൻസസ് പ്രകാരം ഇന്ത്യൻ ജനസംഖ്യയിലെ ഏകദേശം 41 ശതമാനത്തോളം പേർ 20 വയസ്സിൽ താഴെയുള്ളവരാണ്. വ്യക്തിത്വ വികസനത്തിലെ സുപ്രധാനമായ ഒരു കാലഘട്ടമാണ് ഇത്. ശരിയായ വഴികാട്ടൽ, നവീകരണം, നിർദ്ദേശങ്ങൾ എന്നിവയെയാണ് ഇത് മുഖ്യമായും ആശ്രയിച്ചിരിക്കുന്നത്. എന്നാൽ ദുഖകരമായ വസ്തുത ഇത്തരത്തെ യുവാക്കൾ അതിവേഗം വളരുന്ന നഗര സംസ്കാരത്തിന്റെ മോശം സ്വാധീനത്തിന് വിധേയരും ജീവിതായോധനത്തിനായി പോലും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുമാണ്. നിഷേധാത്മകമായ ഈ ജീവിത വീക്ഷണത്തിന്റെ മുഖ്യ കാരണം ലഭ്യതയും ആവശ്യവും തമ്മിലുള്ള അന്തരമാണ്. സർക്കാർ നടപ്പാക്കുന്ന പദ്ധതികളും സംരംഭങ്ങളുമൊക്കെ ഉണ്ടെങ്കിലും അവ ലഭ്യമാകുന്ന മാർഗങ്ങൾ അത്ര എളുപ്പമല്ല. ഈ ലഭ്യതകളിലേക്ക് എത്തിപ്പെടുന്നതിന് മുഖ്യമായും ഹേതുവാകുന്നത് സാമ്പത്തിക ഞെരുക്കങ്ങളോ സാമൂഹിക ഘടനയോ ആണ്. അതോടൊപ്പം യുവത്വത്തിന്റെ പ്രതിസന്ധിയെക്കുറിച്ചും അതിനെ നേരിടാനുള്ള സംവിധാനത്തെക്കുറിച്ചും അവബോധമില്ലാത്തതിന്റെ മുഖ്യകാരണം വിശാലമായ അക്കാദമിക് പാനലിൽ ഈ ആശങ്കകൾ ഉൾപ്പെടുത്തുന്നതിൽ സംഭവിക്കുന്ന പരാജയമാണ്. സർവകലാശാലാ ഗവേഷണ വിഭാഗങ്ങൾക്ക് ഇതേക്കുറിച്ച് പൂർണമായ അവബോധമില്ല എന്നതും അവർ യുവാക്കൾ നേരിടുന്ന സ്വത്വപ്രതിസന്ധിയെ സ്വാഗതം ചെയ്യുന്നില്ല എന്നതും ശ്രദ്ധേയമാണ്. വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഒന്നിലധികം പഠനശാഖകൾ ഒരുമിപ്പിക്കുന്ന സമീപനം ഉൾക്കൊള്ളിക്കുന്നതുകൊണ്ടുമാത്രം യുവാക്കളുടെ കഴിവുകളെയും മൂല്യവത്തായ പങ്കാളിത്തത്തെയും അനേകം ഗുണഫലങ്ങളാക്കി മാറ്റാൻ കഴിയും. യുവമനസ്സുകളുടെ പ്രവർത്തനത്തെ തിരിച്ചറിയാനും അംഗീകരിക്കാനും അഭിനന്ദിക്കാനും കഴിയേണ്ടതുണ്ട്. യുവാക്കളെക്കുറിച്ചുള്ള കർശനവും ദൃഢവുമായ പ്രതീക്ഷകളടങ്ങിയ മനോഭാവത്തിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് ഈ തിരിച്ചറിവ്. പകരം യുവാക്കളുടെ കാര്യത്തിൽ സുപ്രധാനമെന്ന് കരുതപ്പെടുന്ന പരിവർത്തന പ്രകൃതത്തെ സംഭാഷണങ്ങളിലൂടെയും സംരംഭങ്ങളിലൂടെയും പുറത്തുകൊണ്ടുവരുന്നതിലാണ്. വ്യാപകമായ സ്വീകാര്യതയുള്ളതും കാലങ്ങളായി തുടർന്നുവരുന്നതുമായ എൻ.എസ്.എസിനപ്പുറം എൻവൈകെഎസി (NYKS)ന് കീഴിൽ പ്രശ്നങ്ങളെ പലതരം പരിഹാരങ്ങളിലൂടെ പരിഹരിക്കാൻ വേണ്ടിയുള്ള കൂടുതൽ സവിശേഷമായ പദ്ധതികളുണ്ട്.

2016–17 ലെ മന്ത്രാലയത്തിന്റെ വാർഷിക റിപ്പോർട്ട് 2014 ലെ ദേശീയ യുവജന നയത്തിന്റെ വിജയകരമായ നടത്തിപ്പിന് അതിന്റെ പ്രവർത്തനത്തിലെ മുൻഗണന മേഖലകൾക്കൊപ്പം ഒരുകൂട്ടം ഇടപെടലുകളും നിർദേശിക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ഇവയാണ്:

- സംവിധാനങ്ങളുടെ ശേഷി മെച്ചപ്പെടുത്തലും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തലും.
- യുവാക്കളെ തൊഴിലവസരം സംബന്ധിച്ച് ബോധവത്കരിക്കുകയും കഴിവുകൾ വികസിപ്പിക്കാനുതകുംവിധം വിവിധ സംവിധാനങ്ങളെ തമ്മിൽ ബന്ധിപ്പിക്കലും.
- സംരംഭകത്വത്തിലെ സാമ്പ്രദായിക പദ്ധതികളെ പ്രയോജനപ്പെടുത്തൽ.
- ആരോഗ്യമേഖലയിലെ സേവനം മെച്ചപ്പെടുത്തൽ.

വ്യത്യസ്ത ഭാഗങ്ങളായി തിരിച്ചുള്ള പ്രവർത്തനത്തിന് പകരം വിവിധ പഠനമേഖലകളെ ഉൾകൊള്ളിച്ചുകൊണ്ടുള്ള സമീപനം സ്വീകരിച്ചതുവഴി കൂടുതൽ സമഗ്രവും സർവതോന്മുഖവുമായ വികസനം ഒരുക്കുന്നതിലാണ് ആർ. വൈ. എസ്. കെ. ഇപ്പോൾ ലക്ഷ്യമിടുന്നത്.

## സർക്കാരിന്റെ ചില സുപ്രധാനമായ സംരംഭങ്ങൾ ഇവയാണ്:

**1. കഴിവുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലന പദ്ധതി (എസ്. യു. ടി. പി.):** അധിക വരുമാനം ഉണ്ടാക്കുന്നതിനും ആത്മവിശ്വാസം മെച്ചപ്പെടുത്തുന്നതിനും സഹായിക്കാനായി വിദഗ്ധ പരിശീലകരുടെ സഹായത്തോടെ തൊഴിൽപരമായ പരിശീലന ശേഷി

കൾ വികസിപ്പിച്ചെടുക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

പ്രാദേശികമായ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അതിനനുസൃതമായ തൊഴിൽ പരിശീലനം നൽകലും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

**2. നാടൻ കല, സംസ്കാരം, യുവ സാഹിതി എന്നിവ പ്രോത്സാഹിപ്പിക്കൽ:** പുതുതലമുറ പാശ്ചാത്യസംസ്കാരത്തോട് വളരെയധികം അഭിനിവേശം കാണിക്കുന്ന പശ്ചാത്തലത്തിലാണ് ഈ സുപ്രധാനമായ പദ്ധതി കൊണ്ടുവരുന്നത്. ഗ്രാമീണ യുവാക്കൾക്ക് അവരുടെ സംസ്കാരവും കഴിവുകളും പ്രകടിപ്പിക്കാനുള്ള അവസരമാണ് ഇതിലൂടെ ഒരുക്കുന്നത്.

**3. മഹാത്മാ ഗാന്ധി യുവ സ്വച്ഛതാ അഭിയാൻ:** പരിസര ശുചിത്വപദ്ധതികളെക്കുറിച്ചും ജലസംരക്ഷണത്തെക്കുറിച്ചും യുവാക്കളെ ബോധവത്കരിക്കാനും അവരെ അവയിൽ പങ്കെടുപ്പിക്കാനുമുള്ള പദ്ധതിയാണിത്.

പദ്ധതികളുടെ കാര്യത്തിൽ രാജ്യത്തിന്റെ വിവിധ സ്ഥലങ്ങൾക്കിടയിലെ വ്യത്യാസവും പങ്കാളിത്തത്തിലെ അപര്യാപ്തതയും പരിഗണിച്ച് ചില പദ്ധതികളിൽ സാമൂഹികമായ ഉൾക്കൊള്ളൽ, എല്ലാവരെയും ഉൾക്കൊള്ളുന്ന വികസന നയം എന്നിവയിലുള്ള സർക്കാരിന്റെ ഊന്നലും ഉയർത്തിക്കാണിച്ചിട്ടുണ്ട്.

4. **കൗമാരക്കാർക്കുള്ള ജീവിതനൈപുണി പരിശീലനം (കൗമാരക്കാരെ ശാക്തീകരിക്കൽ):** പുതിയ കാലത്തെ യുവാക്കളുടെ മാനസികാരോഗ്യക്കുറവ് പരിഗണിച്ച് സമ്മർദങ്ങളെ അതിജീവിക്കാനും ആരോഗ്യകരമായ ജീവിത തെരെഞ്ഞുപ്പുകൾ നടത്താനും യുവാക്കൾക്ക് പരിശീലനം നൽകുന്ന സുപ്രധാനമായ ഒരു പദ്ധതിയാണിത്. പ്രത്യുൽപാദന ലൈംഗിക ആരോഗ്യം, ജീവിത പ്രശ്നങ്ങൾ, ആശങ്കകൾ എന്നിവയെക്കുറിച്ച് കൗമാരക്കാരെ ബോധവത്കരിക്കലും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. പ്രശ്നപരിഹാരത്തിനായി അവരുടെ കഴിവുകളെ വാർത്തെടുക്കാനും പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

ഭൂമിശാസ്ത്രപരമായും സാമൂഹികവുമായ തടസ്സങ്ങൾ പരിഹരിക്കലിനായി രണ്ട് പദ്ധതികളാണ് ഉയർത്തിക്കാണിക്കാൻ കഴിയുന്നത്.

**1) ട്രൈബൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം (ടി. വൈ. ഇ. പി.):** നക്സൽ ബാധിത ആദിവാസി മേഖലകളിലെ ആദിവാസി യുവാക്കളെ രാജ്യത്തിന്റെ മറ്റുഭാഗങ്ങളിൽ കൊണ്ടുപോകലാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രാദേശികമായി ആധിപത്യം പുലർത്തുന്ന പ്രത്യയശാസ്ത്ര സ്വാധീനമില്ലാതെ ദേശീയ വികാരം വികസിപ്പിച്ചെടുക്കാൻ യുവാക്കളെ ഇത് സഹായിക്കുന്നു. അനുഭവത്തിലൂടെ പഠിക്കാനുള്ള അവസരവും ടിവൈഇപി ഒരുക്കുന്നു. അടിസ്ഥാന സൗകര്യവികസനവും നൈപുണി വികസനവുമൊ ക്കെ ഇത്തരത്തിൽ മറ്റു സ്ഥലങ്ങളിൽ നിന്ന് അനുഭവിക്കുന്നത് വഴി തങ്ങളുടെ പ്രദേശത്തും അത് നടപ്പാക്കാൻ അവർക്ക് കഴിയും.

**2)വടക്ക് കിഴക്കൻ യൂത്ത് എക്സ്ചേഞ്ച് പദ്ധതി:** വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെ യുവാക്കളെയും മഹാരാഷ്ട്രയിലെ യുവാക്കളെയും സഹകരിപ്പിച്ചുകൊണ്ട് സാമൂഹിക സാമ്പത്തിക വികസനത്തെക്കുറിച്ചും സാംസ്കാരികമായി വ്യത്യസ്ത ജീവിതശൈലികളുള്ളവരുടെ രീതികൾ പരസ്പരം മനസ്സിലാക്കാനുമാണ് യുവജനകാര്യ മന്ത്രാലയത്തിന്റെയും ആഭ്യന്തരമന്ത്രാലയത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നെഹ്റു യുവകേന്ദ്രക്ക് കീഴിൽ നടത്തുന്ന ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

യുവജനകാര്യ, കായിക മന്ത്രാലയത്തിന് കീഴിൽ തമിഴ്നാട്ടിലെ ശ്രീപെരുമ്പതൂരിൽ ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനം വികസിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള ആദ്യ സ്ഥാപനമാണിത്. 2012 ലെ നിയമം നടപ്പിലാക്കിയത് വഴിയാണ് രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂത്ത് ഡെവലപ്മെന്റ് സ്ഥാപിക്കപ്പെട്ടത്. യുവാക്കളുടെ വികസന രംഗത്ത് ആഗോളതലത്തിൽ ശ്രദ്ധേയമായതും അക്കാദമിക് രംഗത്ത് മികവാർന്നതുമായ ഒരു സ്ഥാപനമാക്കി ഇതിനെ മാറ്റുകയാണ് ലക്ഷ്യം.

വിവിധതരം അക്കാദമിക് പ്രോഗ്രാമുകൾ ഇവിടെ ലഭ്യമാണ്. കൗൺസിലിങ് സൈക്കോളജി, സോഷ്യൽ ഇന്നവേഷനിലും സംരഭകത്വത്തിലും എം.എ, എം എ ജെൻഡർ സ്റ്റഡീസ്, എം എ ഡെവലപ്മെന്റ് പോളിസി ആന്റ് പ്രാക്ടീസ് എന്നിവ ഉദാഹരണം. യുവാക്കളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ള വിഷയങ്ങളിൽ ഡോക്ടറൽ ഡിഗ്രി എടുക്കാനുള്ള സൗകര്യവും ഇവിടെയുണ്ട്.

ചെലവ് കുറഞ്ഞതും സാമൂഹിക അംഗീകാരമുള്ളതും എളുപ്പം ലഭ്യവുമായ താമസ സൗകര്യം യുവാക്കൾക്ക് ലഭ്യമാക്കാൻ ലക്ഷ്യമിട്ട് രാജ്യത്തെമ്പാടുമുള്ള ചരിത്രപരവും സാംസ്കാരികവുമായി പാരമ്പര്യമുള്ള പ്രദേശങ്ങളിലെ പട്ടണങ്ങളിലും നഗരങ്ങളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും എല്ലാ സൗകര്യങ്ങളോടും കൂടിയ വിവിധതരം യൂത്ത് ഹോസ്റ്റലുകൾ സർക്കാർ സ്ഥാപിച്ചിട്ടുണ്ട്. രാജ്യത്തെമ്പാടുമുള്ള വൈവിധ്യമാർന്ന സംസ്കാരങ്ങളെ അവിടങ്ങളിൽ തന്നെ ജീവിച്ച് മനസ്സിലാക്കാനും അവരുമായി ആശയവിനിമയം നടത്താനുമാണ് ഇത്തരത്തിൽ താമസസൗകര്യം ഒരുക്കിയതിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

ഇന്ത്യയിലെ എല്ലാ യുവാക്കളുടെയും പരമാവധി കഴിവുകളും ശേഷികളും പുറത്തുകൊണ്ടുവരാൻ വ്യത്യസ്തതരം പദ്ധതികളിലൂടെ സർക്കാർ അതിന്റെ കഴിവിന്റെ പരമാവധി പരിശ്രമിക്കുന്നുണ്ട്. ഇത് വ്യക്തിത്വ വികസനത്തിന് മാത്രമല്ല സഹായിക്കുക, ആഗോളതലത്തിൽ തന്നെ ശ്രദ്ധേയമായ ശബ്ദമായി ഉയർന്നുവന്നുകൊണ്ടിരിക്കുന്ന രാജ്യത്തിന്റെ വളർച്ചയ്ക്കും സഹായിക്കും. കൂടുതൽ സംവേദനക്ഷമതയും അവബോധവും, ഐക്യവുമുള്ള ലോകത്തെ പതാക വാഹകരായി മാറും പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഈ യുവത.

യുവാക്കളുടെ പ്രാധാന്യത്തെയും അവരുടെ കീഴടക്കാനാവാത്ത ആത്മവിശ്വാസത്തെയും കുറിച്ച് സ്വാമി വിവേകാനന്ദന്റെ വാക്കുകൾ കടമെടുത്ത് പറഞ്ഞാൽ 'ഉയരുക, ഉണരുക, ലക്ഷ്യം നേടുന്നത് വരെ വിശ്രമിക്കാതിരിക്കുക'.

*(കേന്ദ്ര യുവജനകാര്യ വിഭാഗം സെക്രട്ടറിയാണ് ലേഖകൻ)*

# തൊഴിൽ രഹിത യുവത്വം: ഇന്ത്യ നേരിടുന്ന വെല്ലുവിളികൾ

**അലാഖ് എൻ ശർമ്മ, ബൽവന്ത് സിങ് മേത്ത**

**ലോ**കത്തിൽ ഏറ്റവും കൂടുതൽ യുവജനസംഖ്യയുള്ള രാജ്യമാണ് ഇന്ത്യ. ഇത് ഏകദേശം ആഗോള യുവജനസംഖ്യയുടെ അഞ്ചിൽ ഒന്നു വരും. തൊഴിൽ വിപണിയിൽ ഇവരെ കൃത്യമായി ഉൾക്കൊള്ളിക്കുകയാണെങ്കിൽ സാമ്പത്തിക വളർച്ചയിൽ വൻ സംഭാവനകൾ നല്കാൻ ഇന്ത്യൻ യുവാക്കൾക്ക് സാധിക്കും. ഇന്ത്യയുടെ 2011 ലെ ജനസംഖ്യാ കണക്കു പ്രകാരം രാജ്യത്തെ ഏതാണ്ട് പകുതിയിലധികം (60.3 ശതമാനം) ജനങ്ങളും 15 നും 59 നും മധ്യേ പ്രായമുള്ളവരാണ്. കാൽ ഭാഗം (27.5 ശതമാനം) കൃത്യമായി (15-29 പ്രായത്തിലുള്ള) യുവാക്കൾ തന്നെ. 1.6 ശതമാനം മാത്രമുള്ള മൊത്തജനംഖ്യാ വളർച്ചാ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ, 2001 നും 2010 നും മധ്യേ രാജ്യത്തെ യുവജന സംഖ്യയുടെ പ്രതിവർഷ വളർച്ചാനിരക്ക് (2 ശതമാനം) വളരെ ഉയർന്നതാണ്. തത്ഫലമായി ഇന്ത്യയിൽ എല്ലാ വർഷവും ഏകദേശം 10 ദശലക്ഷം യുവാക്കൾ വീതം തൊഴിൽ വിപണിയിലേയ്ക്ക് എത്തുന്നു. ഇതുമൂലം രാജ്യത്ത് പ്രത്യേകിച്ച് പിന്നോക്ക മേഖലയായ വടക്കു, കിഴക്കു സംസ്ഥാനങ്ങളിൽ യുവാക്കളുടെ വലിയ തള്ളൽ അനുഭവപ്പെടുന്നു. പ്രതിവർഷം പെരുകുന്ന ഈ യുവജനങ്ങൾക്കു മുഴുവൻ തൊഴിൽ നല്കി അവരെ ഉൾക്കൊള്ളാൻ നമ്മുടെ തൊഴിൽ വിപണിക്ക് സാധിക്കുന്നില്ല. ഈ പ്രശ്നം പരിഹരിക്കാൻ ഇന്ത്യാ ഗവൺമെന്റ് രാജ്യത്തെ യുവാക്കൾക്കായി വിവിധ തൊഴിലവസര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. പ്രധാനമന്ത്രി തൊഴിൽ ആവിഷ്കരണ പരിപാടി (PMEGP), സ്വർണജയന്തി ഗ്രാം സ്വറോസ്ഗാർ യോജന (SGSY), സ്വർണജയന്തി ഷഹരി റോസ്ഗാർ യോജന (SJSRY), മെയ്ക്ക് ഇൻ ഇന്ത്യ, സ്കിൽ ഇന്ത്യ തുടങ്ങിയവ അവയിൽ ചിലതാണ്. രാജ്യത്തെ യുവജന തൊഴിൽ മേഖല അഭിമുഖീകരിക്കുന്ന വെല്ലുവിളികളും അവയെ അതിജീവിക്കാൻ ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികളുമാണ് നാം ഇവിടെ ചർച്ച ചെയ്യുന്നത്. ഇതിന് അവലംബമായി നാം സ്വീകരിച്ചിരിക്കുന്ന കണക്കുകൾ 2015 -16 ൽ ഇന്ത്യാ ഗവൺമെന്റിന്റെ ലേബർ ബ്യൂറോ നടത്തിയ അഞ്ചാം വാർഷിക തൊഴിൽ സർവെയിലെ വിവരങ്ങളാണ്. പൊതുവിൽ യുവാക്കളെ 15-29 പ്രായപരിധിയിലാണ് ഉൾപ്പെടുത്തുന്നത്. എന്നാൽ ഇവിടെ 18നും29 നും മധ്യേ പ്രായമുള്ളവരെയാണ് യുവാക്കളായി പരിഗണിച്ചിരിക്കുന്നത്. ഇതിനു കാരണം 15 നും 17 നും മധ്യേയുള്ള വളരെ കുറച്ച് യുവാക്കൾ മാത്രമെ തൊഴിൽ വിപണിയിൽ എത്തുന്നുള്ളൂ. വെല്ലുവിളി അഭിമുഖീകരിക്കുന്നത് 18 നും 29 നും മധ്യേ പ്രായമുള്ള യുവജനങ്ങളാണ്.

## തൊഴിൽ പങ്കാളിത്ത നിരക്ക്

തൊഴിൽ പങ്കാളിത്ത നിരക്ക് സൂചിപ്പിക്കുന്നത് മൊത്തം ജനസംഖ്യയിലെ തൊഴിലാളികളുടെ അനുപാതമാണ്. 2015 - 16 ൽ യുവാക്കളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 39.2 ഉം, 30 നു മേൽ പ്രായമുള്ള യുവാക്കളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 57.3 ഉം ആയിരുന്നു. (പട്ടിക 1). അതായത് 18-29 പ്രായത്തിലുള്ളവരും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നു എന്നാണ് ഇതിൽ നിന്ന് അനുമാനിക്കേണ്ടത്. ഇതും പട്ടികയിൽ കാണാം. ഇവരുടെ എണ്ണം നഗരങ്ങളിലെക്കാൾ ഗ്രാമങ്ങളിലാണ് കൂടുതൽ. 18-29 പ്രായത്തിലുള്ള യുവതികളെ അപേക്ഷിച്ച് 3.5 ഇരട്ടിയാണ് യുവാക്കളുടെ തൊഴിൽ പങ്കാളിത്ത നിരക്ക്.

**പട്ടിക 1**

**വിവിധ പ്രായക്കാരുടെ തൊഴിൽ പങ്കാളിത്ത നിരക്ക്**

| വിഭാഗം | 15-17 വയസ് | | | 18-29 വയസ് | | | 30 നു മുകളിൽ | | |
|---|---|---|---|---|---|---|---|---|---|
| | പുരുഷൻ | സ്ത്രീ | വ്യക്തികൾ | പുരുഷൻ | സ്ത്രീ | വ്യക്തികൾ | പുരുഷൻ | സ്ത്രീ | വ്യക്തികൾ |
| ഗ്രാമം | 11.1 | 4.3 | 8 | 63.1 | 19.1 | 42.3 | 89 | 29.8 | 60.1 |
| നഗരം | 4 | 1.4 | 2.8 | 48.6 | 11.8 | 30.7 | 82.6 | 16.7 | 50.4 |
| മൊത്തം | 9.3 | 3.6 | 6.7 | 59.3 | 17.1 | 39.2 | 87.1 | 26.0 | 57.3 |

(അവലംബം: ലേബർ ബ്യൂറോ, യൂത്ത് എംപ്ലോയ്മെന്റ് ആൻഡ് അൺഎംപ്ലോയ്മെന്റ് റിപ്പോർട്ട്. വാല്യം 2, 2015-16, ഗവൺമെന്റ് ഓഫ് ഇന്ത്യ.)

18-29 പ്രായത്തിലുള്ള യുവാക്കളിൽ അഞ്ചിൽ രണ്ടു ഭാഗവും സ്വയം തൊഴിൽ ചെയ്യുന്നവരാണ്. എന്നാൽ 30 നു മുകളിലുള്ളവരിൽ പകുതിയും സ്വയം തൊഴിൽ മേഖലയിലാണ് ( പട്ടിക 2). പട്ടിക 2 പ്രകാരം കൂടുതൽ യുവാക്കൾ സ്ഥിരം തൊഴിലാളികളായും താല്കാലിക തൊഴിലാളികളായും തൊഴിൽ മേഖലയിലേയ്ക്ക് എത്തുന്നുണ്ട്. ഈ പ്രവണത ഗ്രാമ നഗര ഭേദമെന്യേയുള്ളതാണ്.

പട്ടിക 2

| | 15-17 വയസ് | | | 18-29 വയസ് | | | 30 നു മുകളിൽ | | |
|---|---|---|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | രണ്ടും ചേരുമ്പോൾ | ഗ്രാമം | നഗരം | രണ്ടും ചേരുമ്പോൾ | ഗ്രാമം | നഗരം | രണ്ടും ചേരുമ്പോൾ |
| സ്വയം തൊഴിൽ | 40.8 | 30.9 | 39.7 | 40.5 | 33.3 | 39.0 | 51.2 | 43.4 | 49.2 |
| ഉദ്യോഗസ്ഥർ | 5.1 | 18.9 | 6.5 | 14.1 | 37.6 | 19 | 10.5 | 33.8 | 16.5 |
| കരാർ ജീവനക്കാർ | 3.6 | 7.7 | 4 | 4.6 | 8.4 | 5.4 | 2.4 | 4.9 | 3 |
| താല്ക്കാലികം | 50.6 | 42.6 | 49.7 | 40.8 | 20.7 | 36.6 | 35.9 | 17.9 | 31 |
| മൊത്തം | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 |

(അവലംബം: ലേബർ ബ്യൂറോ, യൂത്ത് എംപ്ലോയ്മെന്റ് ആൻഡ് അൺഎംപ്ലോയ്മെന്റ് സെനാരിയോ റിപ്പോർട്ട്. വാല്യം 2, 2015-16, ഗവൺമെന്റ് ഓഫ് ഇന്ത്യ.)

## വ്യാവസായിക വിഭജനം

വ്യാവസായികാടിസ്ഥാനത്തിൽ തൊഴിലാളികളെ വിഭജിച്ചാൽ 18-29 പ്രായത്തിലുള്ള ഭൂരിഭാഗം യുവാക്കളും കൃഷി, അനുബന്ധ മേഖല(38.1 ശതമാനം) വ്യാപാരം, ഹോട്ടൽ മേഖല(19.4 ശതമാനം) കെട്ടിടനിർമ്മാണമേഖല (15.1 ശതമാനം) ഉത്പാദന മേഖല (13.1 ശതമാനം) എന്നിവിടങ്ങളിൽ തൊഴിൽ എടുക്കുന്നു. 30 ഉം അതിനു മുകളിലുമുള്ളവരുമായി താരതമ്യം ചെയ്യുമ്പോൾ ചെറുപ്പക്കാർ വൻതോതിൽ കാർഷികേതര മേഖലകളായ കെട്ടിട നിർമ്മാണം ഉത്പാദനം വ്യാപാരം തുടങ്ങിയ പ്രവർത്തനങ്ങളിലാണ് ഏർപ്പെടുന്നത്. കാർഷിക മേഖലയിൽ നിന്നുള്ള ഈ മാറ്റത്തിനു കാരണം കൃഷിയിൽ കൂടുതൽ ആളുകൾക്ക് തൊഴിൽ സാധ്യത ഇല്ല എന്നതു തന്നെ. മാത്രവുമല്ല അതിൽ നിന്ന് നല്ല വിദ്യാഭ്യാസമുള്ള പുതിയ ചെറുപ്പക്കാർക്ക് അവരുടെ യോഗ്യതയ്ക്കനുസരിച്ചുള്ള വേതനം ലഭിക്കാറുമില്ല.

പട്ടിക 3

| വിവിധ തൊഴിൽ മേഖലകളിലെ പ്രാതിനിധ്യം | | | |
|---|---|---|---|
| വ്യവസായം | 5-17 വയസ് | 18-29 വയസ് | 30 നു മുകളിൽ |
| കൃഷി | 53.4 | 38.1 | 47.2 |
| ഖനനം | 1.9 | 0.9 | 1.1 |
| ഉത്പാദനം | 14.5 | 13.2 | 9.6 |
| വൈദ്യുതി ഗ്യാസ് ജല വിതരണം | 0.2 | 0.6 | 0.6 |
| കെട്ടിടനിർമ്മാണം | 14.8 | 15.1 | 10.0 |
| വ്യസായം,ഹോട്ടൽ | 12.2 | 19.4 | 17.5 |
| ഗതാഗതം | 1.1 | 3.7 | 3.9 |
| പണമിടപാട്, ഇൻഷുറൻസ് | 1.4 | 8.3 | 9.2 |
| സാമൂഹിക സേവനം | 0.6 | 0.7 | 0.8 |
| മൊത്തം | 100 | 100 | 100 |

(അവലംബം: ലേബർ ബ്യൂറോ, യൂത്ത് എംപ്ലോയ്മെന്റ് ആൻഡ് അൺഎംപ്ലോയ്മെന്റ് റിപ്പോർട്ട്. വാല്യം 2, 2015-16)

## തൊഴിൽരഹിത നിരക്ക്

തൊഴിൽരഹിത നിരക്ക് എന്നാൽ തൊഴിലിനു ലഭ്യമാകുന്ന ആളുകളുടെയും എന്നാൽ അതു ലഭിക്കാതെ തൊഴിൽ അന്വേഷിക്കുന്നവരുടെയും എണ്ണം തമ്മിലുള്ള അനുപാതമാണ്. 2015 -16 ലെ 18-29 പ്രായക്കാരായ യുവാക്കളുടെ തൊഴിൽ രഹിത നിരക്ക് 13.2 ശതമാനമായിരുന്നു( പട്ടിക 3). ഇത് 30 ഉം അതിനു മുകളിലും പ്രായമുള്ള തൊഴിലാളികളുടെ തൊഴിൽരഹിത നിരക്കിനെ (1.6 ശതമാനം) അപേക്ഷിച്ച് എട്ട് മടങ്ങ് കൂടുതലാണ്. യുവതികളുടെ തൊഴിൽ രഹിത നിരക്ക് 20.0 ശതമാനമാണ്. ഇത് യുവാക്കളെ അപേക്ഷിച്ച് (11.3 ശതമാനം) ഇരട്ടിയാണ്. ഗ്രാമങ്ങളിലേക്കാൾ കൂടുതൽ തൊഴിൽ രഹിതർ നഗരങ്ങളിലും പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകളുമാണ്. നഗരങ്ങളിൽ ചെറുപ്പക്കാരായ സ്ത്രീകളുടെ തൊഴിലില്ലായ്മ നിരക്ക് അപകടകരമാം വിധം കൂടുതലാണ്. 28 ശതമാനം. അതെ സമയം ചെറുപ്പക്കാരായ യുവാക്കളുടെ തൊഴിലില്ലായ്മ നിരക്ക് 11.5 ശതമാനം മാത്രമാണ്. 15- മുതൽ 17 വരെ വയസുള്ള ചെറുപ്പക്കാർ തൊഴിൽ അന്വേഷിക്കുന്നുണ്ടെങ്കിലും ഈ പ്രായക്കാരിലെ തൊഴിലില്ലായ്മ 18-29 പ്രായക്കാരെപ്പോലെ വളരെ കൂടുതലാണ്. ഇക്കാര്യത്തിൽ ഗ്രാമ നഗര, സ്ത്രീ പുരുഷ വ്യത്യാസമില്ല.

പട്ടിക 4

| തൊഴിൽ രഹിതരുടെ നിരക്ക് | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| വിഭാഗം | 15–17 വയസ് | | | 18–29 വയസ് | | | 30 നു മുകളിൽ | | |
| | പുരുഷൻ | സ്ത്രീ | വ്യക്തികൾ | പുരുഷൻ | സ്ത്രീ | വ്യക്തികൾ | പുരുഷൻ | സ്ത്രീ | വ്യക്തികൾ |
| ഗ്രാമം | 18.4 | 22.8 | 19.5 | 11.2 | 17.9 | 12.7 | .9 | 3.7 | 1.6 |
| നഗരം | 22.1 | 21.4 | 22.0 | 11.5 | 27.9 | 15.1 | .7 | 5.3 | 1.5 |
| മൊത്തം | 18.8 | 22.7 | 19.8 | 11.3 | 20 | 13.2 | .9 | 4 | 1.6 |

(അവലംബം: ലേബർ ബ്യൂറോ, യൂത്ത് എംപ്ലോയ്മെന്റ് ആൻഡ് അൺഎംപ്ലോയ്മെന്റ് റിപ്പോർട്ട്. വാല്യം 2, 2015–16, ഗവൺമെന്റ് ഓഫ് ഇന്ത്യ.)

വിദ്യാഭ്യാസ യോഗ്യതയുള്ള യുവാക്കളുടെ തൊഴിലില്ലായ്മ കൂടുതൽ രൂക്ഷമായി വരികയാണ്. വിദ്യാഭ്യാസ യോഗ്യത വർധിക്കുന്നതനുസരിച്ച് യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മയും ഉയരുന്നു (പട്ടിക 4). ചെറുപ്പക്കാരിൽ, സർട്ടിഫിക്കറ്റ് യോഗ്യതയുള്ള ബിരുദ രഹിതരിരിലും ബിരുദ തലത്തിൽ ഡിപ്ലോമ ഉള്ളവരിലും തൊഴിലില്ലായ്മ 23 ശതമാനമായിരിക്കെ, ബിരുദവും അതിനു മുകളിലും യോഗ്യതയുള്ളവരിൽ ഇത് 35 ശതമാനമാണ്. ഇതു യുവാക്കളുടെ കഥ. ഇതേ യോഗ്യതകൾ ഉള്ള യുവതികളുടെ അവസ്ഥ ഇതിലും പരിതാപകരമാണ്.

പട്ടിക 5

| തൊഴിൽ രഹിതരുടെ നിരക്ക് വിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ | | | | | | |
|---|---|---|---|---|---|---|
| വിദ്യാഭ്യാസ നിലവാരം | 18–29 വയസ് | | | 30 നു മുകളിൽ | | |
| | പുരുഷൻ | സ്ത്രീ | വ്യക്തികൾ | പുരുഷൻ | സ്ത്രീ | വ്യക്തികൾ |
| നിരക്ഷരർ | 4 | 6.2 | 4.9 | .6 | 3 | 2.2 |
| പ്രൈമറിക്കു താഴെ | 4.8 | 5.8 | 5.1 | .6 | 1.9 | 1.6 |
| പ്രൈമറി | 5.5 | 8 | 6.2 | .6 | 2.3 | 1 |
| മിഡിൽ/സെക്കണ്ടറി/ഹയർ സെക്കണ്ടറി വിദ്യാഭ്യാസം | 9.2 | 17.1 | 10.4 | .7 | 4.8 | 1.6 |
| സർട്ടിഫിക്കറ്റ് കോഴ്സ്, ബിരുദത്തിനു താഴെ | 21.3 | 31.3 | 23.5 | .6 | 11.2 | 2.4 |
| ഡിപ്ലോമ ബിരുദം | 20.9 | 33.1 | 23.0 | 1 | 7.6 | 1.4 |
| ബിരുദാനന്തര തലം | 29.7 | 47 | 34.8 | 2.3 | 13.5 | 6.2 |

(അവലംബം: ലേബർ ബ്യൂറോ, യൂത്ത് എംപ്ലോയ്മെന്റ് ആൻഡ് അൺഎംപ്ലോയ്മെന്റ് റിപ്പോർട്ട്. വാല്യം 2, 2015–16, ഗവൺമെന്റ് ഓഫ് ഇന്ത്യ.)

സർട്ടിഫിക്കറ്റിനും ഡിപ്ലോമയ്ക്കുമൊപ്പം ബിരുദതലത്തിലോ അതിനു താഴെയോ വിദ്യാഭ്യാസ യോഗ്യതയുള്ള 18–29 പ്രായപരിധിയിൽ വരുന്ന യുവതികളിൽ മൂന്നിൽ ഒന്നും തൊഴിൽ രഹിതരാണ്.ബിരുദ ബിരുദാനന്തര യോഗ്യതയുള്ള യുവതികളുടെ അവസ്ഥ ഇതിലും രൂക്ഷമാണ്. 48 ശതമാനമാണ് ഇവരിലെ തൊഴിലില്ലായ്മ നിരക്ക്.

ഇതിനർത്ഥം ഇന്ത്യൻ തൊഴിൽ വിപണി സൃഷ്ടിക്കുന്നത് അപര്യാപ്തമായ ജോലികളാണ് എന്നു മാത്രമല്ല, ഇവിടെ തൊഴിൽ വിപണിയിൽ ജോലിക്ക് എടുക്കുന്നതിലും സ്ത്രീകൾക്കെതിരെ അവഗണന നില നില്ക്കുകയും ചെയ്യുന്നു എന്നതാണ്. മറ്റൊരു കാരണം സ്ത്രീകൾക്ക് യോജിച്ച ജോലികൾ സൃഷ്ടിക്കപ്പെടുന്നില്ല എന്നതാണ്. അഥവാ ഗതാഗതം, ക്രഷുകൾ തുടങ്ങി സ്ത്രീകൾക്ക് സാധിക്കുന്ന ജോലികൾക്കു വേണ്ട അടിസ്ഥാന വികസനം നടക്കുന്നില്ല. മൊത്തത്തിൽ യുവാക്കൾക്കാവശ്യമുള്ളത്ര തൊഴിലുകൾ ഇന്ത്യയിൽ സൃഷ്ടിക്കപ്പെടുന്നില്ല. നഗരങ്ങളിലെ യുവതികളാണ് ഈ മേഖലയിൽ താരതമ്യേന വലിയ വെല്ലുവിളി നേരിടുന്നത്.

## ഗവൺമെന്റിന്റെ പുതിയ സംരംഭങ്ങൾ

യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് നിരവധി പദ്ധതികൾ നേരത്തെ ഗവൺമെന്റ് ആവിഷ്കരിച്ചിരുന്നു. എന്നാൽ അവയുടെ ഫലം അത്ര തൃപ്തികരമായിരുന്നില്ല. ഇതെ തുടർന്നാണ് അടുത്ത കാലത്ത് യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന സ്റ്റാർട്ടപ്പ് ഇന്ത്യ, മുദ്ര, സ്റ്റാൻഡ്പ്പ് ഇന്ത്യ, പ്രധാൻ മന്ത്രി മുദ്ര യോജന, ഈസ് ഓഫ് ഡൂയിങ് ബിസിനസ്, സ്റ്റാർട്ടപ്പ് വില്ലേജ് എൻട്രപ്പണർഷിപ്പ് പ്രോഗ്രാം തുടങ്ങിയ പുതിയ ചില പദ്ധതികൾ ആരംഭിച്ചിട്ടുള്ളത്. ഇവയെക്കുറിച്ച് കൂടി ചുരുക്കമായി പ്രതിപാദിക്കാം.

## സ്റ്റാർട്ടപ്പ് ഇന്ത്യ, സ്റ്റാൻഡപ്പ് ഇന്ത്യ

യുവാക്കളുടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2016 ജനുവരിയിലാണ് ഗവൺമെന്റ് സ്റ്റാർട്ടപ്പ് ഇന്ത്യ, സ്റ്റാൻഡപ്പ് ഇന്ത്യ എന്നീ രണ്ടു പദ്ധതികൾ തുടങ്ങിയത്. നികുതി ആനുകൂല്യങ്ങൾ, കൂടാതെ വ്യവസായങ്ങൾ തുടങ്ങുന്നതിന് സഹായം ലഭ്യമാക്കാൻ 10000 കോടി രൂപയുടെ ഫണ്ടും ഗവൺമെന്റ് ശേഖരിച്ചു. വ്യവസായങ്ങൾ തുടങ്ങാനുള്ള നടപടിക്രമങ്ങളും ലളിതമാക്കി. സ്റ്റാർട്ടപ്പുകൾക്കുള്ള അനുകൂലമായ ചുറ്റുപാടുകൾ രാജ്യത്ത് സൃഷ്ടിച്ചു. രജിസ്ട്രേഷൻ നടപടികൾ, നിയമ നടപടികൾ, നികു

തി ഇളവ്, തുടങ്ങിയവ ലളിതമാക്കി. 2016 ഡിസംബറിലെ കണക്കുകൾ പ്രകാരം രാജ്യത്ത് 4700 സ്റ്റാർട്ടപ്പുകൾ ഉണ്ട്. ഈ പദ്ധതികൾക്കൊന്നും ആഗ്രഹിച്ച ഫലം ഉണ്ടാക്കാൻ സാധിക്കാഞ്ഞതിനാൽ ആരംഭിച്ച 200 സ്റ്റാർട്ടപ്പുകൾ ഒരു വർഷത്തിനുള്ളിൽ പൂട്ടിപ്പോയി. എന്നാൽ ഇത് സ്വാഭാവികമാണെന്നും കടുത്ത മത്സരം നേരിടുന്ന വിപണിയിൽ 20 ശതമാനത്തിൽ കൂടുതൽ സ്റ്റാർട്ടപ്പുകൾക്ക് നിലനിൽപ്പ് ഇല്ല എന്നുമാണ് 2017 ലെ ഇന്ത്യ സ്റ്റാർട്ടപ്പ് ഔട്ട്ലുക്ക് റിപ്പോർട്ട് പറയുന്നത്. അതുകൊണ്ട് ഇത്തരം വാദഗതികൾക്ക് കൂടുതൽ പ്രാധാന്യം നല്കേണ്ടതില്ല. സ്റ്റാൻഡപ്പ് ഇന്ത്യ പദ്ധതിയും 2016 ജനുവരിയിൽ ആണ് ആരംഭിച്ചത്. പട്ടികജാതി, പട്ടിക വർഗ്ഗ സ്ത്രീകൾ തുടങ്ങി അരികുവത്ക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. 2016 ഡിസംബർ വച്ച് കണക്കാക്കുമ്പോൾ മൊത്തം സ്ത്രീകളുടെ എണ്ണം 15341 ഉം, പട്ടികജാതിക്കാർക്കായി 2568 ഉം , പട്ടിക വർഗ്ഗക്കാർക്കായി 718 ഉം പദ്ധതികൾക്കു വീതം സ്റ്റാൻഡപ്പ് ഇന്ത്യയുടെ കീഴിൽ വായ്പകൾ അനുവദിച്ചിട്ടുണ്ട്.(ധനമന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്, 2017)

## പ്രധാനമന്ത്രി മുദ്ര യോജന

2015 ഏപ്രിൽ മാസത്തിലാണ് പ്രധാനമന്ത്രി മുദ്ര യോജന ആവിഷ്കരിച്ച് നടപ്പാക്കിയത്. ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നല്കുകയാണ് ഇതിന്റെ ലക്ഷ്യം. പ്രധാൻ മന്ത്രി മുദ്ര യോജനയ്ക്കു കീഴിൽ മൂന്നു വിധത്തിലുള്ള വായ്പകളാണ് അനുവദിക്കുക. വ്യവസായ യൂണിറ്റുകളുടെ വളർച്ചയും വികാസവും അടിസ്ഥാനപ്പെടുത്തി ശിശു – 50000, കിശോർ – 50000 മുതൽ 500000, തരുൺ– 500000 മുതൽ 10,00,000 രൂപ എന്നിങ്ങനെയാണ് അത്. മാർച്ച് 2016 വരെ 1.25 ലക്ഷം കോടി രൂപയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മൊത്തം വായ്പയായി നല്കിയിരിക്കുന്നത്. 32.7 ദശലക്ഷം വായ്പക്കാരിൽ 30.3 ദശലക്ഷവും ശിശു വിഭാഗത്തിൽ പെടുന്നവരാണ്.

## സ്റ്റാർട്ടപ്പ് ഗ്രാമ സംരംഭ പദ്ധതി

ഗ്രാമങ്ങളിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രാമ സംരംഭക സ്റ്റാർട്ടപ്പ് പദ്ധതികൾ ഗവൺമെന്റ് വിഭാവനം ചെയ്തു വരുന്നു. ഗ്രാമങ്ങൾക്ക് കൂടുതൽ പ്രാധാന്യം നല്കി ശാക്തീകരിച്ച് സാമ്പത്തിക വളർച്ച കാര്യക്ഷമമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി ഗ്രാമങ്ങളിൽ സുസ്ഥിര സ്വയം തൊഴിലവസരങ്ങൾ സൃഷ്ടിക്കും.സ്റ്റാർട്ടപ്പ് ഗ്രാമ സംരംഭം പദ്ധതി വഴി 2019 ആകുമ്പോഴേയ്ക്കും 24 സംസ്ഥാനങ്ങളിൽ 125 ബ്ലോക്കുകളിൽ 1.82 ലക്ഷം ഗ്രാമീണ സംരംഭങ്ങൾ സൃഷ്ടിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.ഇതു വഴി 3.78 ലക്ഷം ആളുകൾക്ക് തൊഴിൽ ലഭിക്കുമെന്നും കരുതുന്നു. കൃത്യമായി നടപ്പാക്കുകയാണെങ്കിൽ ഗ്രാമീണ യുവജനങ്ങൾക്ക് സംരംഭകരായി വളരാനുള്ള അവസരങ്ങൾ ഇതിലൂടെ വൻതോതിൽ ഉണ്ടാകുമെന്നതിൽ സംശയമില്ല.

ജനസംഖ്യാപരമായ മാറ്റത്തിന്റെ ഘട്ടത്തിലൂടെയാണ് ഇന്ത്യ ഇപ്പോൾ കടന്നു പൊയ്ക്കോണ്ടിരിക്കുന്നത്. അതായത് രാജ്യത്തെ മൊത്തം ജനസംഖ്യയിൽ ചെറുപ്പക്കാരുടെ നിരക്ക് കുത്തനെ ഉയരുകയാണ്. വളരെയധികം ചെറുപ്പക്കാർ മികച്ച വിദ്യാഭ്യാസം ആഗ്രഹിക്കുന്നു. അതിനു ശേഷം യോജിച്ച ജോലികൾ ആഗ്രിക്കുന്നു. ഇതുവരെ നാം നടത്തിയ അപഗ്രഥനത്തിൽ കാണാൻ സാധിക്കുന്നത്, അഭ്യസ്തവിദ്യരായ യുവാക്കളുടെ മുന്നിലുള്ള വെല്ലുവിളികൾ വലുതാണ്. ഒരുവശത്ത് ലോകത്തിൽ ഏറ്റവും കുറഞ്ഞ പങ്കാളിത്ത നിരക്കുള്ള രാജ്യമായി ഇന്ത്യ മാറുമ്പോഴും, മറുവശത്ത് തൊഴിൽ മേഖലയിലേയ്ക്കു കടന്നു വരുന്ന യുവതി-യുവാക്കളുടെ സംഖ്യ വളരെ കൂടുന്നു എന്നതാണ് യാഥാർത്ഥ്യം. ഈ ദിശയിലാണ് ഗവൺമെന്റ് സംരംഭങ്ങൾ നീങ്ങുന്നത്. എന്നിരുന്നാലും ഇനിയും ഒട്ടേറെ ചെയ്യാനുണ്ട്. തൊഴിലവസര സൃഷ്ടി സാമ്പത്തിക നയത്തിന്റെ ഭാഗമായി മാറണം. ഇന്ത്യൻ സമ്പദ് വ്യവസ്ഥ വേണ്ടത്ര തൊഴിലുകൾ ഇതുവരെ സൃഷ്ടിച്ചിട്ടില്ല. തൊഴിലവസര സൃഷ്ടി ത്വരിതപ്പെടുത്താൻ വിവിധ മന്ത്രാലയങ്ങൾ അവരുടെ നയങ്ങളിലും പരിപാടികളിലും തൊഴിലവസര സൃഷ്ടി മുഖ്യ അജണ്ടയാക്കണം. ദക്ഷിണേന്ത്യയിലും പടിഞ്ഞാറൻ ഇന്ത്യയിലും ഉണ്ടായിട്ടുള്ള തൊഴിലവസര സൃഷ്ടി ഇനിയും മധ്യഇന്ത്യയിലും കിഴക്കൻ ഇന്ത്യയിലും അനുഭവവേദ്യമായിട്ടില്ല എന്നു സൂചിപ്പിക്കട്ടെ. ഇത്തരം പ്രാദേശിക അസമത്വങ്ങൾ നാം തിരുത്തേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമെ യുവാക്കൾക്ക് അവരുടെ മേഖലയിൽ തന്നെ തൊഴിൽ ലഭിക്കുകയുള്ളൂ. അതിനുമുപരി സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നതിനാവശ്യമായ നയങ്ങളും പരിപാടികളും ഉണ്ടാകേണ്ടതും ആവശ്യമാണ്. ജനസംഖ്യയെ ഉപയോഗപ്പെടുത്തുക വഴി കരഗതമാകുന്ന നേട്ടങ്ങൾ മനസിലാക്കി രാജ്യം അതിവേഗം ചലിക്കണം. ഇവിടെ പരാജയപ്പെട്ടാൽ ജനസംഖ്യാ നേട്ടം ജനസംഖ്യാദുരന്തമായി മാറാം.

*(ലേഖകർ ന്യൂഡൽഹി ആസ്ഥാനമായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹ്യൂമൻ ഡവലപ്പ്മെന്റിൽ യഥാക്രമം ഡയറക്ടറും അക്കാദമിക് അംഗവുമാണ്)*

## വിജ്ഞാന പാത

### ദേശീയ ഉരുക്കുനയം- 2017ന് മന്ത്രിസഭാ അംഗീകാരം

പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്രമന്ത്രിസഭായോഗം ദേശീയ ഉരുക്കു നയം (എൻ.എസ്.പി) 2017ന് അംഗീകാരം നൽകി. ആഭ്യന്തരമായി ഉരുക്കിന്റെ ഉപയോഗം വർധിപ്പിക്കാനും ഉയർന്ന നിലവാരമുള്ള ഉരുക്കിന്റെ ഉൽ പാദനം സാങ്കേതികമായി മുൻപന്തിയിലുള്ളതും ആഗോളതലത്തിൽ മത്സരക്ഷമതയാർന്നതുമായ ഉരുക്കു വ്യവസായം സൃഷ്ടിക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു.

സ്വകാര്യ ഉൽപാദകർക്കു നയപരമായ പിന്തുണയും നേതൃത്വവും നൽകുക വഴി ഉരുക്ക് ഉൽപാദനത്തിൽ സ്വാശ്രയത്വം നേടിയെടുക്കൽ, ശേഷിവർധന പ്രോത്സാഹിപ്പിക്കൽ, ആഗോള മത്സരക്ഷമതയുള്ള ഉരുക്ക് ഉൽപാദനശേഷി വികസിപ്പിച്ചെടുക്കൽ, താങ്ങാവുന്ന ചെലവിലുള്ള ഉൽപാദനം, ഇരുമ്പയിരും കൽക്കരിയും പ്രകൃതിവാതകവും ആഭ്യന്തരമായി ലഭ്യമാക്കൽ, വിദേശ നിക്ഷേപത്തിനു സൗകര്യമൊരുക്കൽ, ആഭ്യന്തരവിപണിയിൽ ഉരുക്കിനുള്ള ആവശ്യകത വർധിപ്പിക്കൽ തുടങ്ങിയവയാണ് എൻ.എസ്.പി.–2017 ന്റെ സവിശേഷതകൾ.

# യുവശക്തി: സാമൂഹ്യ മാറ്റത്തിന്റെ ചാലക ശക്തി

സുനിത സാംഘി

'മെച്ചപ്പെട്ട ഇന്ത്യയെ പടുത്തുയർത്താനുള്ള നീക്കമാണ് നൈപുണ്യ പരിശീലനം. ഇന്ത്യയെ വികസനത്തിലേയ്ക്ക് നയിക്കണമെങ്കിൽ നൈപുണ്യവികസനമായിരിക്കണം നമ്മുടെ ദൗത്യം' 2014 ൽ പ്രധാനമന്ത്രിയുടെ സ്വാതന്ത്ര്യദിനത്തിലെ പ്രസംഗത്തിലെ വാക്കുകളാണിത്.

ജനസംഖ്യാ സംക്രമണത്തിന്റെ സൂചിമുനയിലാണ് ഇന്ത്യ സ്ഥിതിചെയ്യുന്നത്. രാജ്യത്തെ 65 ശതമാനം പൗരന്മാരും 15–59 ന് ഇടയിൽ പ്രായമുള്ളവരും തൊഴിൽ ചെയ്യാൻ ശേഷിയുള്ളവരുമാണ്. ലോകത്തിന്റെ തന്നെ നൈപുണ്യ തലസ്ഥാനമാകുന്നതിനുള്ള അനന്യ സാധ്യത ഇന്ത്യയ്ക്കുണ്ട്. കാരണം ലോക നിലവാരത്തിലുള്ള നൈപുണ്യ പരിശീലനം നേടിയ തൊഴിലാളികൾ ഇവിടെ ഉള്ളതിനാൽ പല സമ്പന്ന രാജ്യങ്ങൾക്കും ആവശ്യമായ നിപുണരായ മനുഷ്യവിഭവ ശേഷി നല്കാൻ നമുക്ക് സാധിക്കും.

ദേശീയ യുവജന നയം –2014 പ്രകാരം ജനസംഖ്യയിലെ 15–29 പ്രായപരിധിയിലുള്ളവരാണ് യുവാക്കൾ എന്ന നിർവചനത്തിനുള്ളിൽ വരിക. ഇവരാകട്ടെ വിഭിന്നമായ ആഗ്രഹങ്ങളും അഭിലാഷങ്ങളും ആവശ്യങ്ങളും ഉള്ള ഒരു വിഭാഗമാണ്. 2011 ലെ ജനസംഖ്യാ കണക്കു പ്രകാരം ജനസംഖ്യയുടെ 28 ശതമാനം യുവാക്കളാണ്. ഇവരാണ് ഇന്ത്യയുടെ മൊത്ത ദേശീയ വരുമാനത്തിന്റെ 34 ശതമാനം സംഭാവന നല്കുന്നത്. എന്നാൽ തൊഴിൽ പങ്കാളിത്തവും ഉത്പാദനക്ഷമതയും വർധിപ്പിച്ചുകൊണ്ട് ദേശീയ മൊത്ത ഉത്പാദനത്തിലെ യുവാക്കളുടെ സംഭാവന ഉയർത്താവുന്നതാണ്. യുവാക്കളെ ശാക്തീകരിച്ച് അവരുടെ കഴിവുകൾ പൂർണമായി ഉപയോഗപ്പെടുത്തി അതുവഴി ലോകത്തിനാവശ്യമായ വിദഗ്ധ തെഴിലാളികളെ ലഭ്യമാക്കുന്ന രാജ്യമായി ഇന്ത്യയെ മാറ്റുക എന്നതാണ് ഇപ്പോഴത്തെ ആവശ്യം.

ഇപ്പോൾ ജനസംഖ്യയുടെ പേരിൽ ഇന്ത്യ അനുഭവിക്കുന്ന പ്രയോജനം രാജ്യത്തു മുഴുവൻ ഏകരീതിയിൽ വ്യാപിച്ചിട്ടില്ല. ഇന്ത്യൻ ഉപദ്വീപിൽ ഉൾപ്പെട്ട ബംഗാൾ, കേരളം, കർണാടകം, തമിഴ്നാട്, ആന്ധ്ര എന്നീ തീരദേശ സംസ്ഥാനങ്ങളിൽ നിന്നു തുലോം വിഭിന്നമാണ് മധ്യപ്രദേശ്, രാജസ്ഥാൻ, ഉത്തർപ്രദേശ്, ബിഹാർ എന്നിവിടങ്ങളിലെ സാഹചര്യങ്ങൾ. ഉപദ്വീപീയ സംസ്ഥാനങ്ങളിലാകട്ടെ ചൈന, കൊറിയ എന്നീ രാജ്യങ്ങളിലേതു പോലെ ഇടയ്ക്കിടെ തൊഴിലാളികളുടെ സംഖ്യയിലും പ്രായത്തിലും വലിയ ഏറ്റക്കുറച്ചിലുകൾ കാണാം. എന്നാൽ ഈ സംസ്ഥാനങ്ങളിൽ ഇവരുടെ എണ്ണവും പ്രായവും ഏറെക്കുറെ സ്ഥിരമാണ്. കഴിഞ്ഞ നൂറ്റാണ്ടിന്റെ പകുതി മുതൽ ഇതാണ് ഇവിടങ്ങളിലെ അവസ്ഥ. ഇപ്രകാരം ജനസംഖ്യാപരമായി നോക്കുമ്പോൾ രണ്ട് ഇന്ത്യകൾ ഉണ്ട്. ഒന്ന് യുവാക്കൾ വളരെ ചെറുപ്പത്തിൽ തന്നെ ജോലികൾ ചെയ്യാൻ തുടങ്ങുകയും ആ വിഭാഗം അതിവേഗം വാർദ്ധക്യത്തിലേയ്ക്കു നീങ്ങുകയും ചെയ്യുന്ന ഇന്ത്യൻ ഉപദ്വീപ്. ഇവിടെ പ്രായം കൂടിയവർക്കും അവരുടെ ആവശ്യങ്ങൾക്കുമാണ് കൂടുതൽ ശ്രദ്ധ. രണ്ടാമത്തേത് യുവ ഇന്ത്യയാണ്. ഇവിടെ ചെറുപ്പക്കാരായ തൊഴിലാളികളുടെ വിദ്യാഭ്യാസം, നൈപുണ്യ വികസനം, തൊഴിലവസര സൃഷ്ടി എന്നിവയ്ക്കാണ് കൂടുതൽ ഊന്നൽ.

എന്തായാലും എല്ലാ ചെറുപ്പക്കാരെയും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലേയ്ക്കും നൈപുണ്യ വികസനത്തിലേയ്ക്കും കൊണ്ടുപോയി എത്തിക്കുക എന്നത് ഈ സംസ്ഥാനങ്ങളിലെല്ലാം അത്യന്തം ശ്രമകരമാണ്. കാരണം പുതിയ ഒരു സ്ഥലത്തേയ്ക്ക് മാറി താമസിക്കാൻ അവർ വിമുഖരാണ്; പരിശീലനത്തിന് പണം മുടക്കാൻ അവർക്കു താല്പര്യമില്ല; തൊഴിൽ നല്കാമെന്ന് ആരും ഉറപ്പ് നല്കുന്നില്ല; സാക്ഷരതാ നിലവാരം വളരെ കുറവാണ്. മാത്രവുമല്ല ഇതു സംബന്ധിച്ച് ആർക്കും വലിയ ബോധ്യങ്ങളും ഇല്ല. അതിനാൽ തൊഴിൽ മേഖലയിലെ യുവജനപങ്കാളിത്തത്തെ കൂടി കണക്കിലെടുത്തു വേണം യുവജന ശാക്തീകരണത്തെക്കുറിച്ച് ചിന്തിക്കുവാൻ.

### യുവാക്കളും തൊഴിൽ വിപണിയും

പട്ടിക ഒന്നിൽ വിവിരിച്ചിരിക്കുന്ന തൊഴിൽ വിപണി സൂചകങ്ങളായ തൊഴിലാളി പങ്കാളിത്ത നിരക്ക് (തൊഴിൽ ചെയ്യുന്നവർ, തൊഴിൽ അന്വേഷിക്കുന്നവർ), തൊഴിലാളി ജനസംഖ്യാ നിരക്ക്, തൊഴിൽരഹിത നിരക്ക് എന്നിവ ഇന്ത്യയിലെ യുവാക്കൾക്ക് തൊഴിൽ വിപണിയുടെ അവസ്ഥകളിലേയ്ക്ക് ഒരു ഉൾക്കാഴ്ച നല്കും.

പട്ടികയിൽ സ്ഥലകാല ലിംഗ പരിഗണന കൂടാതെ തന്നെ എല്ലാ പ്രായത്തിലുമുള്ള തൊഴിലാളികളുടെ പങ്കാളിത്ത നിരക്കിൽ ഇടിവ് വ്യക്തമാണ്. എന്നിരുന്നാലും ഗ്രാമങ്ങളിൽ സ്ത്രീതൊഴിലാളികളുടെ എണ്ണത്തിൽ വലിയ കുറവ് കാണുന്നു. ഇത് ഗ്രാമങ്ങളിൽ തൊഴിലവസരങ്ങൾ ഇല്ലാത്തതുകൊണ്ടോ സാമൂഹിക മത ആചാരങ്ങളുടെ ഭാഗമായോ മാത്രം കാണാവുന്നതല്ല. ഗ്രാമ നഗര പരിഗണന കൂടാതെ യുവാക്കളുടെ എണ്ണത്തിൽ സംഭവിച്ചിരിക്കുന്ന കുറവിനു കാരണം കൂടുതലാളുകൾ വിദ്യാഭ്യാസത്തിനു പോകുന്നതു കൊണ്ടാവാം. വൈദഗ്ധ്യം സമ്പാദിച്ച ശേഷം തൊഴിൽ വിപണിയിലേയ്ക്ക് ഇറങ്ങാനായിരിക്കും അവരുടെ നീക്കം. 15–29 വരെ വിവിധ പ്രായക്കാരായ ചെറുപ്പക്കാരുടെ തൊഴിൽ പങ്കാളിത്ത നിരക്കും തൊഴിലാളികളുടെ പങ്കാളിത്തത്തിനു സമാനം തന്നെ.

എന്നാൽ തൊഴിൽ രഹിതരുടെ നിരക്ക് എല്ലാ വിഭാഗങ്ങളിലും 6.1 ശതമാനത്തിനും 15.6 ശതമാനത്തിനും ഇടയിൽ മാറിമാറി വരുന്നു. നഗരങ്ങളിലെ സ്ത്രീകൾക്കിടയിലാണ് (15–29) ഏറ്റവും കൂടുതൽ (15.6%) തൊഴിൽ രഹിതർ. ഇതിനു കാരണം വീട്ടിൽ അവർക്കു വേണ്ട പരിരക്ഷ ലഭിക്കുന്നതാകാം. വിവിധ യുവജന

പ്രായ വിഭാഗങ്ങളിൽ തൊഴിൽ രഹിതരുടെ എണ്ണം ഏറ്റവും കൂടുതലുള്ളത് തൊഴിലിൽ പ്രവേശിക്കുന്ന 15-19 പ്രായക്കാരിലാണ്. എന്നാൽ പ്രായം കൂടും തോറും ഈ പ്രവണത കുറയുന്നു. പക്ഷെ ദേശീയ നിലവാരത്തെ അപേക്ഷിച്ച് ഈ നിലവാരം ഉയർന്നാണ് നില്ക്കുന്നത്. ജനസംഖ്യയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തുന്നതിനു തടസമായ, വിദ്യാസമ്പന്നരായ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ കൂടി നില്ക്കുന്നു. ഇന്ത്യയിലെ തൊഴിൽ തൊഴിൽരഹിത അവസ്ഥ 2011-12 ന്റെ കണക്കുകൾ പ്രകാരം വിദ്യാസമ്പന്നരായ ചെറുപ്പക്കാർ ഇത്രയധികം തൊഴിൽ രഹിതരാകൻ കാരണം അവർ ആഗ്രഹിക്കുന്ന തരത്തിലുള്ള ജോലി ലഭിക്കാത്തതാണ്. ഔപചാരിക വിദ്യാഭ്യാസം ലഭിച്ചവർക്കിടയിൽ മാത്രമല്ല, തൊഴിലധിഷ്ഠിത യോഗ്യത നേടിയവരിലും തൊഴിലില്ലായ്മ വളരെ കൂടുതലാണ്.(പട്ടിക കാണുക)

| പൊതു വിദ്യാഭ്യാസ നിലവാരം | തൊഴിലില്ലായ്മ നിരക്ക്( 15 -29) | | | |
|---|---|---|---|---|
| | നഗരം | | ഗ്രാമം | |
| | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| നിരക്ഷരർ | 2.5 | 1.6 | 2.3 | .8 |
| സാക്ഷരർ (പ്രൈമറി വരെ) | 4.8 | 4.3 | 3.2 | .6 |
| മിഡിൽ സ്കൂൾ | 5.1 | 5.8 | 4.2 | 4.6 |
| ഹയർ സെക്കണ്ടറി | 5.5 | 15.1 | 6.5 | 13.8 |
| ഡിപ്ലോമ/ സർട്ടിഫിക്കറ്റ് കോഴ്സ് വിജയികൾ | 12 | 14.6 | 15.9 | 30 |
| ബിരുദം മുതൽ മുന്നോട്ട് | 16.3 | 23.4 | 19.1 | 29.6 |
| മൊത്തം | 8.1 | 13.1 | 5 | 4.8 |

ഇതിൽ നിന്നെല്ലാം കാണാൻ സാധിക്കുന്നത് വിരോധാഭാസ രൂപത്തിലുള്ള ഒരു സാഹചര്യമാണ്. ഒരു വശത്ത് യുവാക്കൾ തൊഴിൽ അന്വേഷിക്കുന്നു. മറുവശത്ത് വ്യവസായങ്ങൾ നൈപുണ്യമുള്ള വിദഗ്ധ തൊഴിലാളികളെ തേടുന്നു. പക്ഷെ യുവാക്കൾക്ക് തൊഴിലും ലഭിക്കുന്നില്ല, വ്യവസായങ്ങൾക്ക് ആവശ്യമായ മനുഷ്യ വിഭവവും ലഭിക്കുന്നില്ല. നൈപുണ്യത്തിലെ ഈ പൊരുത്തക്കേട് മൂലം യുവാക്കൾ തൊഴിലില്ലാത്തവരായി തുടരുന്നു. ഇത് ഒരു പക്ഷെ പ്രത്യേക വൈദഗ്ധ്യം ആവശ്യപ്പെടുന്നതു മൂലമോ, നിലവിലുള്ളവരുടെ യോഗ്യത ആ പ്രത്യേക തൊഴിലിനു യോജിക്കാത്തതു മൂലമോ ആകാം. അതുമല്ലെങ്കിൽ വിദ്യാഭ്യാസ യോഗ്യതയും നിശ്ചിത ജോലി ലഭിക്കാനുള്ള സാധ്യതയും തമ്മിലാവാം ഈ പൊരുത്തക്കേട്. അതുമല്ലെങ്കിൽ സാങ്കേതിക നവീകരണം മൂലം നേടിയിരിക്കുന്ന വൈദഗ്ധ്യം കാലഹരണപ്പെട്ടു പോയിട്ടുണ്ടാവും.

ഇന്ത്യയിലെ അനൗപചാരിക മേഖലയിലാണ് 93 % തൊഴിലുകളും എന്നിരിക്കെ രാജ്യത്തെ മൊത്തം തൊഴിൽ രഹിതരിൽ ചെറുപ്പക്കാരായ തൊഴിലന്വേഷകർ 49 ശതമാനം വരും. എന്നിട്ടും ഇന്ത്യയിലെ മികച്ച വിദ്യാഭ്യാസം നേടിയിരിക്കുന്ന ചെറുപ്പക്കാർ ഒന്നുകിൽ തൊഴിൽ രഹിതരോ, അരക്ഷിതമായ തൊഴിൽ സാഹചര്യങ്ങളിൽ കഴിയുന്നവരോ ആണ്. 2017 ൽ പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ നൈപുണ്യ റിപ്പോർട്ടു പ്രകാരം രാജ്യത്തെ 40 ശതമാനം വിദ്യാസമ്പന്നരായ ചെറുപ്പക്കാരും തൊഴിൽ രഹിതരാണ്. പക്ഷെ ഇതിനെക്കാളുപരി നാം നേരിടുന്ന വെല്ലുവിളി പാവപ്പെട്ട തൊഴിലാളികളുടെ തൊഴിലിടങ്ങളിലെ അരക്ഷിതാവസ്ഥയും വിപണിയുമായി ബന്ധിക്കപ്പെടാത്ത നൈപുണ്യ പരിശീലനവും വിവര അസമത്വവും നൈപുണ്യവികസനത്തെ കുറിച്ചുള്ള വികലമായ കാഴ്ച്ചപ്പാടുകളുമൊക്കെയാണ്. നിലവിലുള്ള നൈപുണ്യ ആവശ്യങ്ങൾക്കുതകുന്ന തൊഴിലാളികളെ നല്കുക, മാറ്റങ്ങളുമായി പൊരുത്തപ്പെടാൻ തൊഴിലാളികളെയും സംരംഭകരെയും സഹായിക്കുക, ഭാവി വിപണിക്കുതകുന്ന സുസ്ഥിര മത്സര ക്ഷമത സൃഷ്ടിക്കുക എന്നിങ്ങനെ തൊഴിൽ നവീകരണം എങ്ങനെ തന്ത്രപരമാക്കും എന്നതാണ് ഇവിടെ ഉയരുന്ന ചോദ്യം.

## തൊഴിലവസരങ്ങൾക്കു പ്രാരംഭം

ജനസംഖ്യാ ആനുകൂല്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്താനും യുവാക്കൾക്ക് തൊഴിൽ നല്കാനും ദേശീയ നൈപുണ്യ വികസന ദൗത്യം നൈപുണ്യ വികസനത്തിനും സംരംഭകത്വത്തിനുമുള്ള പുതിയ ദേശീയ നയവുമായി 2015- ൽ ആരംഭിച്ചു. നിപുണരായ ആളുകൾക്ക് ആവശ്യമുള്ള സഹായങ്ങൾ നല്കുക, വ്യവസായത്തിൽ നിന്നുള്ള ആവശ്യമനുസരിച്ച് നൈപുണ്യ പരിശീലനം ലഭിച്ച വ്യക്തികളെ അയക്കുക, നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്കിൽ നിന്ന് ആഗോള നിലവാരമുള്ള സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുക, തൊഴിലാളികൾക്കു വേണ്ടിയുള്ള ആവശ്യവും വിതരണവും തമ്മിൽ പൊരുത്തമുണ്ടാക്കുക, സംരംഭകത്വ പരിശ്രമങ്ങൾക്ക് രാസത്വരകമാകുക തുടങ്ങിയ നടപടികൾക്കാണ് ഈ ദൗത്യം മുൻതൂക്കം നല്കുക. മന്ത്രാലയങ്ങൾ തമ്മിലുള്ള കൂട്ടായ പ്രവർത്തനം, ഏകോപനം, ആഗോള പങ്കാളിത്തം, ഉപദേശങ്ങൾ, വിവര സാങ്കേതിക വിദ്യാ പരിശീലനം, വിവിധ ദുർബല വിഭാഗങ്ങൾക്കു വേണ്ടി പരിപാടികൾ എന്നിവയിലാവും ഈ സംരംഭങ്ങളും പരിപാടികളും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

ശേഷിയും നിലവാരവും ഉയർത്തുന്നതിനായി തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് വലിയ പ്രേരണ

നല്കും. ഇതിനായി 9-ാം ക്ലാസ് മുതലുള്ള സ്കൂൾ വിദ്യാഭ്യാസത്തിലെ തൊഴിൽവത്ക്കരണം പുനക്രമീകരിക്കും. വ്യവസായങ്ങളെ പാഠ്യപദ്ധതിയുടെ ഭാഗമാക്കും. അധ്യാപകർക്കായി പ്രത്യേക പരിശീലനപരിപാടികൾ നടത്തും. വ്യവസായ കേന്ദ്രീകൃമായി വ്യവസായ പരിശീലന സ്ഥാപനങ്ങളിലെ പാഠ്യപദ്ധതി പുനക്രമീകരിക്കുകയും നവീകരിക്കുകയും ചെയ്യും. വൻ വ്യവസായ സ്ഥാപനങ്ങളുമായി ധാരണാ പത്രങ്ങൾ ഒപ്പുവയ്ക്കും. സ്കിൽ കൗൺസിലുകൾ വഴി വ്യവസായ സ്ഥാപനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തും. അപ്രന്റിസ്ഷിപ്പുകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും. നൈപുണ്യ പരിശീലനത്തിനും വികസനത്തിനുമായി സ്വകാര്യ പൊതു പങ്കാളിത്തത്തോടെ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കും. അത്തരം സ്ഥാപനങ്ങൾ മാറുന്ന കാലത്തിന്റെ ആവശ്യങ്ങളനുസരിച്ചുള്ള നൈപുണ്യ പരിശീലന പരിപാടികൾ ആവിഷ്കരിക്കും. മികച്ച പരിശീലകരെ വാർത്തെടുക്കുന്നതിനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ ഗവേഷണങ്ങൾ നടത്തുന്നതിനും നൈപുണ്യ സർവകലാശാലകൾ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പരിപാടികളാണ് ഇപ്പോൾ ആലോചനയിലുള്ളത്. നൈപുണ്യവികസന സംരംഭകത്വ മന്ത്രാലയം ഉൾപ്പെടെയുള്ള 20 കേന്ദ്ര മന്ത്രാലയങ്ങൾ നടത്തുന്ന വിവിധ പരിപാടികൾ യുവജനങ്ങൾക്കു കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള പൊതു പരിപാടികളായി കരുതാവുന്നതാണ്. രാജ്യത്ത് വിവിധ നൈപുണ്യ പരിശീലനങ്ങളുമായി ബന്ധപ്പെട്ട 13000 സ്ഥാപനങ്ങൾ, 4000 പോളിടെക്നിക്കുകൾ, കൂടാതെ 20000 തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിക്കുന്നു. ഇവ വിശ്വസനീയമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും സാക്ഷ്യപത്രങ്ങൾ നല്കുകയും ചെയ്യുന്നു. പരിമിതമായ നൈപുണ്യവുമായി വൻ തോതിലുള്ള തൊഴിലാളികൾ അനൗപചാരിക മേഖലയിൽ പണിയെടുക്കുന്നുണ്ട്. ഇവരെയെല്ലാം പ്രധാൻ മന്ത്രി കൗശൽ വിജ്ഞാൻ യോജനയുടെ കീഴിൽ വീണ്ടും പരിശീലിപ്പിച്ച് നൈപുണ്യ നിലവാരം ഉയർത്തുക എന്നത് വലിയ ഒരു നടപടിയാണ്. ഹൈസ്കൂളുകളിൽ പഠനം അവസാനിപ്പിച്ചവർക്കായി വീണ്ടും പഠിക്കുന്നതിനുള്ള അവസരം പ്രധാൻ മന്ത്രി കൗശൽ വിജ്ഞാൻ യോജനയുടെ കീഴിൽ ഒരുക്കുന്നുണ്ട്. ഇതുവഴി കൂടുതൽ വൈദഗ്ധ്യം ആർജ്ജിച്ച് വീണ്ടും തൊഴിൽ വിപണിയിൽ ഇറങ്ങാൻ ഇവർക്കു സാധിക്കും. തൊഴിൽ പരിശീലനം കൂടുതൽ അഭിലഷണീയമാക്കി, തൊഴിൽ വിപണിയുടെ പ്രവർത്തന മാതൃക കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ശക്തമായ നിലപാടുകൾ സ്വീകരിക്കേണ്ടതുണ്ട്.

നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് എന്ന പേരിൽ ദേശീയ നൈപുണ്യ വികസന ഏജൻസി ഇക്കാര്യത്തിൽ ശാസ്ത്രീയമായ ചില ഇടപെടലുകൾ നടത്തുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിനാൽ നടത്തുന്ന ചെലവു കുറഞ്ഞ പരിശീലന പരിപാടികൾ, പരിശീലന പരിപാടിയുടെ കാലദൈർഘ്യം, പാഠ്യപദ്ധതി, തൊഴിൽ വിപണി വിവരങ്ങൾ, രാജ്യത്തെ നൈപുണ്യ പരിശീലന പരിപാടി നിരീക്ഷണം തുടങ്ങി വൈവിധ്യമാർന്ന പദ്ധതികളാണ് ഇതിൽ വിഭാവനം ചെയ്യുന്നത്. ദേശീയ നയത്തിന്റെ ഭാഗമായി 2015 ൽ നിർദ്ദേശിച്ച ലക്ഷ്യങ്ങൾ നേടുന്നതിന് സ്വകാര്യ മേഖലയിൽ ദേശീയ നൈപുണ്യ വികസന കോർപ്പറേഷനാണ് നൈപുണ്യ പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിന്റെ രാസത്വരകമായി വർത്തിക്കുന്നത്. പാവപ്പെട്ട വിദ്യർത്ഥികൾക്ക് നൈപുണ്യ പരിശീലനം നേടുന്നതിന് അവസരമൊരുക്കാൻ പ്രത്യേകമായി നൈപുണ്യ വായ്പകൾ വരെ ഗവൺമെന്റ് ആരംഭിച്ചു കഴിഞ്ഞു.

ഇത്തരത്തിൽ നിരവധി പരിപാടികളും ഇടപെടലുകളും ഉണ്ടായെങ്കിലും യുവാക്കളെ ശാക്തീകരിക്കുന്നതിനും സാമ്പത്തിക വികസനത്തിനായി ശരിയായ നൈപുണ്യ പരിശീലനം സാധ്യമാക്കുന്നതിനും ഇനിയും വളരെ ദൂരം ഈ വഴിയിൽ മുന്നേറേണ്ടതുണ്ട്. അതിനുള്ള ഏതാനും പ്രധാന ഘടകങ്ങൾ ഇനി ചർച്ച ചെയ്യാം.

## യുവശക്തിയെ ഉയർത്താൻ ഇനി എന്ത്?

### 1.യുവാക്കളുടെ ആഗ്രഹഭൂപടം അടയാളപ്പെടുത്തുക

സുസ്ഥിരമായ നൈപുണ്യ വികസനത്തിനു വേണ്ടിയാണ് യുവാക്കളുടെ ആഗ്രഹങ്ങൾ അടയാളപ്പെടുത്തുന്നത്. പരിശീലനത്തിനായി 2011 -12 ൽ ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ചില ജോലികൾക്ക് മുൻഗണനകൾ കാണുന്നു. ഗ്രാമങ്ങളിൽ ഡ്രൈവിങ്ങിനും മോട്ടോർ മെക്കാനിക്ക് ട്രേഡിനും 22.3 ശതമാനം യുവാക്കൾ ഔപചാരിക പരിശീലനം നേടുമ്പോൾ നഗരങ്ങളിലെ 26.3 ശതമാനം യുവാക്കളും കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട തൊഴിലുകളിൽ പരിശീലനം നേടുന്നു. ഗ്രാമങ്ങളിലെ 32.2 ശതമാനം യുവതികളും തുണിയും തുന്നലുമായി ബന്ധപ്പെട്ട ജോലികൾ പരിശീലിക്കുമ്പോൾ നഗരങ്ങളിലെ 30.4 ശതമാനം യുവതികൾ കമ്പ്യൂട്ടർ മേഖല തന്നെ ഇഷ്ട തൊഴിലായി തെരഞ്ഞെടുക്കുന്നു. നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ഈ വിവരങ്ങൾ റിപ്പോർട്ടു ചെയ്യുമ്പോൾ പരിശീലന സ്ഥാപനങ്ങളിൽ നിന്നു പരിശീലനം നേടിയവരുടെ എണ്ണവും ആവശ്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ റിപ്പോർട്ടു പ്രകാരം ഏറ്റവും കൂടുതൽ തൊഴിൽ ഉണ്ടാകുന്ന മേഖല നേരിടുന്ന വെല്ലുവിളി വിദഗ്ധരായ തൊഴിലാളികളെ ആകർഷിക്കുക എന്നതാണ്. നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ സ്കിൽ ഗ്യാപ് റിപ്പോർട്ടിനെ ആധാരമാക്കിയുള്ള ആഗ്രഹ സൂചിക ഇതിനെ പിന്താങ്ങുകയും ആവശ്യത്തിനും വിതരണത്തിനും യോജിച്ച വിധത്തിൽ ആഗ്രഹങ്ങൾ ഫലപ്രദമായി അടയാളപ്പെടുത്തേണ്ടതുമാണ്. ആഗ്രഹ സൂചിക ചൂണ്ടിക്കാണിക്കുന്നത് മിക്ക സംസ്ഥാനങ്ങളിലും നിർമ്മാണം, ഗതാഗതം, ചരക്കു നീക്കം, കൃഷി, ഭക്ഷ്യ സംസ്കരണം ഉൾപ്പെടെയുള്ള അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് വൻ തോതിൽ വിദഗ്ധ തൊഴിലാളികളെ ആവശ്യമുണ്ട് എന്നാണ്. എന്നാൽ ഈ തൊഴിൽ സ്വീകരിക്കാൻ ആളുകൾ മുന്നോട്ടു വരുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

അതിനാൽ ഡിമാന്റും വിതരണവും പരസ്പരം ഇണങ്ങുന്നതിനും സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നതിനും ആഗ്രഹങ്ങൾ അടയാളപ്പെടുത്തുക

വളരെ നിർണായകമാണ്. നൈപുണ്യത്തിലെ മികവിന് അംഗീകാരങ്ങളും പുരസ്കാരങ്ങളും യുവാക്കൾക്ക് പ്രോത്സാഹജനമാകും എന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. ചെറുപ്പം മുതലെ നമ്മുടെ കുട്ടികളിൽ തൊഴിലിന്റെ മഹത്വത്തെ കുറിച്ച് ബോധവത്ക്കരണം നല്കേണ്ടതുണ്ട്. വൈറ്റ്കോളർ ജോലിക്കു മാത്രമെ മാന്യതയുള്ളു എന്ന കാഴ്ച്ചപ്പാട് മാറണം. നൈപുണ്യ വികസന പരിപാടികളും ആഗ്രഹ രൂപവത്ക്കരണവും ജനകീയമാക്കുന്നതിന് വിവിധ സംവിധാനങ്ങൾ ഉപയോഗിക്കണം.

**2. മാപനത്തിനുള്ള പ്രധാന നടപടി**

നാഷണൽ സ്കിൽ ഡവലപ്മെന്റ് ആൻഡ് ഓൻട്രപ്രണർ പോളിസി 2015 അനുസരിച്ച് 2022 ആകുമ്പോഴേയ്ക്കും ഇന്ത്യ 110 ദശലക്ഷം തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനവും, 290 ദശലക്ഷത്തിന് പുനർപരിശീലനം അല്ലെങ്കിൽ ഉന്നത പരിശീലനവും നല്കേണ്ടിയിരിക്കുന്നു. ഈ ബൃഹദ് യത്നത്തിന് രാജ്യമെമ്പാടുമുള്ള യുവാക്കളെയും വിദ്യാർത്ഥകളെയും നമുക്ക് ആവശ്യമുണ്ട്. എത്രത്തോളം ശക്തമായി നമുക്ക് ഇത് സംഘടിപ്പിക്കാൻ സാധിക്കുന്നു എന്നതിനെ അനുസരിച്ചാണ് നൈപുണ്യ പരിശീലന പരിപാടിയുടെ വിജയം. ഇപ്പോഴത്തെ സാഹചര്യത്തിൽ അപേക്ഷകരെ സംഘടിപ്പിക്കേണ്ട ചുമതല പരിശീലത്തിനു സൗക ര്യം ഒരുക്കുന്നവർക്കാണ്. തൊഴിൽ പരിശീലനങ്ങളെ കുറിച്ച് വേണ്ടത്ര വിവരം ലഭിക്കാത്തതാണ് ആളുകൾ ഇതിന് എത്തിച്ചേരാത്തതിന് പ്രധാന കാരണം. കൂടാതെ തൊഴിൽ വിപണികളെ കുറിച്ചുള്ള അജ്ഞത, കോഴ്സുകൾക്കുള്ള വൻ സാമ്പത്തിക ചെലവ്, മറ്റൊരു സ്ഥലത്തേയ്ക്കു മാറി താമസിക്കാനുള്ള വൈമനസ്യം, കാലഹരണപ്പെട്ട പാഠ്യപദ്ധതി തുടങ്ങിയ കാരണങ്ങൾ വേറെ. വിദ്യാർത്ഥികളുടെ കാഴ്ച്ചപ്പാടിൽ മാറ്റം വരുത്തുന്നതിനുള്ള തന്ത്രമാണ് ഇപ്പോഴത്തെ അടിയന്തര ആവശ്യം. മഹാരാഷ്ട്ര ഗവൺമെന്റ് രൂപീകരിച്ച സ്കിൽ ശക്തി മാതൃകയിലുള്ള പ്രവർത്തനം മൂലം സ്ത്രീകൾക്കിടയിൽ നൈപുണ്യവികസനം സംബന്ധിച്ച ബോധവത്ക്കരണം നടന്നു. ഒരു പറ്റം യുവതികളാണ് ഇതിനായി മുന്നിട്ടിറങ്ങിയത്. പ്രാദേശിക ഭരണകൂടങ്ങൾക്ക് ഇക്കാര്യത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. പഞ്ചായത്തുകൾ അവരുടെ അധികാര സീമയിലുള്ള യുവാക്കളുടെ ഡേറ്റാബാങ്ക് രൂപീകരിച്ച് അവർക്ക് തൊഴിൽ പരിശീലനത്തിനുള്ള ക്രമീകരണങ്ങൾ ഒരുക്കണം. ഈ ഡേറ്റാബാങ്കിനെ ആധാർ കാർഡ്, തിരിച്ചറിയൽ കാർഡ്, ബാങ്ക് അക്കൗണ്ട് എന്നിവയുമായി ബന്ധിപ്പിക്കണം. വീടുതോറും നടന്ന് ഇത് സംബന്ധിച്ച പ്രചാരണം നടത്തണം. മാതാപിതാക്കൾക്ക് കൗൺസലിങ് നടത്തണം. തൊഴിൽ രഹിതരായ യുവാക്കൾക്ക് നൈപുണ്യ പരിശീലനം നല്കണം. സ്കൂളുകൾ, കോളേജുകൾ , ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് ദേശീയ തലത്തിൽ ബോധവത്ക്കരണ പ്രചാരണ പരിപാടി സംഘടിപ്പിക്കണം.

**3. വൈവിധ്യങ്ങൾ അഭിസംബോധന ചെയ്യുക**

വിഭാഗീയ, ലിംഗ, സ്ഥല വൈവിധ്യം നിറഞ്ഞതാണ് ഇന്ത്യയിലെ തൊഴിൽ വിപണി. തൊഴിൽ വിപണിയിൽ 93 ശതമാനം തൊഴിലാളികളും അനൗപചാരിക മേഖലയിലും 8 ശതമാനം ഔപചാരിക മേഖലയിലുമാണ്. ഇരു വിഭാഗങ്ങൾക്കും വെവ്വേറെ പരിശീലനങ്ങൾ നല്കണം. അനൗപചാരിക മേഖലയിലെ പാവപ്പെട്ടവർക്ക് തൊഴിൽ വൈദഗ്ധ്യം ഇല്ല. വിദ്യാഭ്യാസം നാമമാത്രമായ തൊഴിലാളികളാണ് ഈ മേഖലയിൽ പണിയെടുക്കുന്നവർ ഏറെയും. മികച്ച നൈപുണ്യം സമ്പാദിക്കാൻ നാഷണൽ അപ്രന്റിഷിപ്പ് പരിപാടിയും ഉപയോഗപ്പെടുത്താവുന്നതാണ്.

രാജ്യത്തെ ജനസംഖ്യയിൽ 48 ശതമാനവും സ്ത്രീകളാണ്. പക്ഷെ ഇവരിൽ 22 ശതമാനം മാത്രമാണ് തൊഴിൽ മേഖലകളിൽ എത്തുന്നത്. രാജ്യത്തെ സ്ത്രീകളുടെ ശേഷി സമാഹരിച്ച് അവയെ വികസന പ്രക്രിയയുമായി ബന്ധിപ്പിച്ചാൽ വികസനം അതിവേഗത്തിലാകും എന്നു പ്രധാനമന്ത്രി ഒരിക്കൽ അഭിപ്രായപ്പെടുകയുണ്ടായി. അതിനാൽ എത്രയും വേഗം സ്ത്രീ തൊഴിലാളികളെ ഇന്ത്യൻ തൊഴിൽ വിപണയിൽ എത്തിക്കാനുള്ള നൈപുണ്യ പരിശീലനമാണ് ഇപ്പോൾ നടപ്പാക്കേണ്ടത്. സ്ത്രീകൾക്ക് തൊഴിൽ മേഖലയിൽ ലഭിക്കേണ്ട പ്രധാന സൗകര്യം യാത്രാ സൗകര്യങ്ങളും നൈപുണ്യ വികസനവുമാണ്. ഇത് തൊഴിലിന്റെ ഭാഗമായി തന്നെ ലഭ്യമാക്കണം. സാധാരണ തൊഴിൽ മേഖലകളിൽ നിന്നും പരിശീലന പരിപാടികളിൽ നിന്നും സ്ത്രീകളെ ഒഴിവാക്കുന്ന പ്രവണത നിലവിലുണ്ട്. ഇക്കാര്യത്തിൽ ജിണ്ടാൽ സ്റ്റീൽസിന്റെ സഹായത്തോടെ ഹരിയാന ഗവൺമെന്റ് സ്ത്രീ തൊഴിലാളികളെ സ്റ്റീൽ മേഖലയിൽ ജോലിക്ക് പ്രവേശിപ്പിച്ച മാതൃക ആർക്കും പിന്തുടരാവുന്നതാണ്.

വിഭാഗീയ ലിംഗ വ്യത്യാസങ്ങൾ മാത്രമല്ല, തെക്കും പടിഞ്ഞാറും മേഖലകളിലേതിനു വിരുദ്ധമായി വടക്കും വടക്കു കിഴക്കും സംസ്ഥാനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും പ്രകടമാണ്. ദക്ഷിണ പശ്ചിമ മേഖലകളിൽ 67 ശതമാനം സ്വകാര്യ ഗവൺമെന്റ് ഐടിഐകൾ ജനസംഖ്യയുടെ 51 ശതമാനം ആളുകൾക്ക് 60 ശതമാനം സീറ്റുകളിൽ പരിശീലനം നല്കുമ്പോൾ, 33 ശതമാനം ഐടിഐകളിൽ 49 ശതമാനം യുവാക്കൾക്കു മാത്രമെ തൊഴിൽ പരിശീലനം നല്കാൻ സാധിക്കൂ. ഇത് ഓരോ മേഖലയിലും സംസ്ഥാന തലത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നു. അതിനാൽ തെക്കു പടിഞ്ഞാറൻ മേഖലയിലേതിനു സമാനമായ അടിസ്ഥാന സൗകര്യങ്ങൾ ഇവിടെ യും വികസിപ്പിക്കണം. കാരണം മറ്റു മേഖലകളിലേതിനെക്കാൾ തൊഴിൽ സാധ്യതകൾ ഈ മേഖലയിൽ നില്ക്കുന്നു. ഇങ്ങനെ വരുമ്പോൾ സംസ്ഥാനത്തിന്റെ വിദൂരമായ മേഖലകളിൽ നിന്നും നൈപുണ്യ പരിശീലന കേന്ദ്രങ്ങളിലേക്ക് തൊഴിലാളികളുടെ പ്രവാഹം ഉണ്ടാകും. അടിസ്ഥാന സൗകര്യ വികസനത്തിൽ സ്വകാര്യ മേഖലയുടെ കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്വം പരമാവധി പ്രയോജനപ്പെടുത്തുകയും അത്യാവശ്യമാണ്.

**4. പുനർ പരിശീലനം, ഉപരി പരിശീലനം എന്നിവയ്ക്ക് രണ്ടാം അവസരം:**

രാജ്യത്തെ വലിയ വിഭാഗം ചെറുപ്പക്കാർ സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കാതെ കൊഴിഞ്ഞു പോന്നവരാണ്. 12-ാം പദ്ധതിയുടെ കണക്കു പ്രകാരം ഇന്ത്യയിലെ 47 ശതമാനം ചെറുപ്പക്കാരും ഹയർ സെ

ക്കണ്ടറി യോഗ്യത ഇല്ലാത്തവരാണ്. ഇവർ തൊഴിൽ വിപണിയിൽ എത്തുമ്പോൾ വിദഗ്ധ പരിശീലനം ഇല്ലാത്തതിനാൽ തുച്ഛമായ ശമ്പളമുള്ള തൊഴിലുകളേ ഇവർക്കു ലഭിക്കുകയുള്ളു. ഇവർക്കാണ് പുനർ പരിശീലനത്തിനു അവസരം നല്കേണ്ടത്. തൊഴിൽ അവസരങ്ങൾ മെച്ചപ്പെടുത്താൻ സംസ്ഥാന കേന്ദ്ര ഗവൺമെന്റുകൾ നിരവധി പരിപാടികൾ നടപ്പാക്കുന്നുണ്ട്. പക്ഷെ ദേശീയ നയത്തിൽ വിഭാവനം ചെയ്തിരിക്കുന്ന ലക്ഷ്യങ്ങൾ നേടാൻ നിലവിൽ തൊഴിൽ ചെയ്യുന്ന അവിദഗ്ധ തൊഴിലാളികൾക്ക് പുനർ പരിശീലനമോ ഉന്നത പരിശീലനമോ ലഭ്യമാക്കാനുള്ള വ്യക്തമായ പരിപാടികളാണ് നമുക്കു വേണ്ടത്. പക്ഷെ ഇത്തരം തൊഴിലാളികളെ കണ്ടെത്തുക എന്നതാണ് വെല്ലുവിളി. ഇതിനായി നൈപുണ്യ വിടവ് അപഗ്രഥിക്കണം, നൈപുണ്യപരിശീലനത്തിനായുള്ള വിഷയങ്ങൾ വികസിപ്പിക്കണം. കർശനമായ വിലയിരുത്തൽ കൂടി ഇതോടനുബന്ധിച്ച് നടക്കണം. ഫണ്ടുകൾ കൃത്യമായിട്ടാണോ വിനിയോഗിക്കുന്നത്, പരിശീലനം നേടിയവർക്ക് മികച്ച തൊഴിൽ കിട്ടുന്നുണ്ടോ, നല്ല ശമ്പളം ലഭിക്കുന്നുണ്ടോ, അത് ഉത്പാദനക്ഷമതയും അവരുടെ ജീവിത നിലവാരവും ഉയർത്തിയോ തുടങ്ങിയ അന്വേഷണം കൂടി നടക്കണം. നേരത്തെ തൊഴിലുകളിൽ ചേരുകയും എന്നാൽ സാക്ഷ്യപത്രങ്ങൾ ഇല്ലാതിരിക്കുകയും ചെയ്യുന്നവർ, പരമ്പരാഗതമായി പ്രത്യേക തൊഴിൽ വൈദഗ്ധ്യം കൈമാറി വരുന്ന കലാകാരന്മാർ, കൈത്തൊഴിലാളികൾ എന്നിവരെയും അംഗീകരിക്കണം. ഇന്ത്യയിൽ 298.25 ലക്ഷം തൊഴിലാളികൾ പുനർ നൈപുണ്യ വികസനം ആവശ്യമുള്ളവരാണ്. ഇവിടെയാണ് നൈപുണ്യവികസന മന്ത്രാലയം കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടത്. ഇവരെ കണ്ടെത്താനുള്ള വെല്ലുവിളിയും മന്ത്രാലയം തന്നെ ഏറ്റെടുക്കണം. ഇവരുടെ പരിശീലനത്തിനു പ്രത്യേക മാതൃകകൾ ഇല്ല. വിവിധ മേഖലകൾക്ക് വ്യത്യസ്തമായ മാതൃകകൾ കണ്ടെത്തണം. ഈ പദ്ധതി പ്രാദേശിക തലത്തിൽ വിജയിക്കണമെങ്കിൽ പഠന നയമാണ് വേണ്ടത്, വായ്പാ നയമല്ല. മറ്റു രണ്ടു ഘടകങ്ങളിൽ ഒന്ന് ബോധവത്ക്കരണമാണ്. ഫലപ്രദമായ തൊഴിൽ മാർഗനിർദ്ദേശം, കൗൺസലിങ്, നയവുമായി പൊരുത്തപ്പെടൽ, വിദ്യാഭ്യാസത്തിനായി നിയമ ചട്ടക്കൂട്, ഗുണഭോക്താക്കളുടെ സജീവ പങ്കാളിത്തം, തൊഴിൽ നിലവാരങ്ങളുമായി പൊരുത്തം എന്നിവയും അനിവാര്യം തന്നെ.

### 5. മാറ്റങ്ങൾ പഠിക്കാൻ സ്കൂൾ

15-29 പ്രായത്തിൽ വരുന്ന യുവാക്കൾക്ക് തൊഴിൽ വിപണിയെ കുറിച്ചു മെച്ചപ്പെട്ട വിവരങ്ങൾ ലഭിക്കാൻ സംവിധാനം വേണം. ഇതിനായി തൊഴിൽ സർവെ നടത്തണം. ഇതും തൊഴിലുകളെ കുറിച്ചു പൂർണമായി വിവരങ്ങൾ ലഭ്യമാക്കണം എന്നില്ല.എന്നാൽ ഇതിനായി നിയോഗിക്കപ്പെടുന്ന സ്കൂൾ നമ്മുടെ യുവതി യുവാക്കൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും തൊഴിൽ മേഖലയിലെ വെല്ലുവിളികളും കൃത്യമായി നല്കുന്നു. ഏറ്റവും താഴെ തട്ടിലുള്ളവർക്കു പോലും ഇതു പ്രയോജനകരമാണ്. അതിനാൽ നയ വിദഗ്ധർക്ക് കൃത്യമായ ആളുകളെ മുന്നിൽ കണ്ട് തീരുമാനങ്ങൾ സ്വീകരിക്കാം. കൂടുതൽ മെച്ചപ്പെട്ട ജോലികൾ കണ്ടെത്തുന്നതിന് യുവാക്കളെ സഹായിക്കാൻ ഈ സർവെ നാഷണൽ കരിയർ സർവീസിനും ഉപകാരപ്രദമാകും. സംരംഭകർക്കു ആനുകൂല്യങ്ങൾ നല്കുക, തൊഴിലാളികൾക്കു പരിശീലനം നല്കുക തുടങ്ങി തൊഴിൽ മേഖലയിലെ പല പ്രശ്നങ്ങളും പരിഹരിക്കാൻ ഇതു ഗവൺമെന്റിനെയും സഹായിക്കും. തൊഴിൽ മേഖലയിൽ ഭാവിയിൽ ഉണ്ടാകുന്ന വെല്ലുവിളികളെ നേരിടാനും ഇത് സൗകര്യം ഒരുക്കും.

അവസാനമായി, അതിവേഗത്തിലുള്ള സാമ്പത്തിക മാറ്റങ്ങളും ഭാവി തൊഴിൽ സാഹചര്യങ്ങളും യുവാക്കൾക്ക് വെല്ലുവിളിയും അവസരങ്ങളും നല്കുന്നു. ഒപ്പം അവരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗവും. തൊഴിൽ മെച്ചപ്പെടുത്തുന്നതിനും സുരക്ഷിതമാക്കുന്നതിനും അതിൽ പുരോഗതി പ്രാപിക്കുന്നതിനും അതുവഴി യുവാക്കളെ ശാക്തീകരിച്ച് സാമ്പത്തിക വളർച്ച നേടുന്നതിനുമുള്ള നടപടികൾ അനിവാര്യമായി നടക്കണം. നൈപുണ്യ വികസന മേഖലയിലെ വിവിധ സംരംഭങ്ങളും പരിപാടികളും ഒന്നിച്ചു സംസ്ഥാനങ്ങളിൽ സംഘടിപ്പിക്കണം. എങ്കിൽ മാത്രമെ ഉദ്ദേശിക്കുന്ന ലക്ഷ്യം നേടാൻ സാധിക്കുകയുള്ളു.

*(നിതി ആയോഗി (NITI Aayog)ൽ നൈപുണ്യ വികസനം, തൊഴിൽ നഗരവത്കരണം എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ ഉപദേശകയാണ് ലേഖിക)*

## വിജ്ഞാന പാത

### പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പുതിയ വാങ്ങൽ നയം

പെട്രോളിയം പ്രകൃതിവാതക മന്ത്രാലയത്തിനു കീഴിൽ വരുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും പ്രാദേശിക താൽപര്യത്തിന് മുൻഗണന നൽകി കൊണ്ടുള്ള (പർച്ചേസ് പ്രിഫറൻസ്) അനിവാര്യമായ വാങ്ങൽ നയരൂപീകരണത്തിന് പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭായോഗം അനുമതി നൽകി.

ഈ നയം അഞ്ചുവർഷത്തേക്ക് ബാധകമായിരിക്കും. ഈ നയത്തിന്റെ നടപ്പാക്കലിന് മേൽനോട്ടം വഹിക്കുന്നതിനും ഓരോ വർഷവും ഇതിന്റെ പ്രവർത്തനം വിലയിരുത്തി തുടരണമോ വേണ്ടയോ എന്ന് ശുപാർശ ചെയ്യുന്നതിനുമായി ഒരു സ്റ്റിയറിംഗ് കമ്മിറ്റിക്ക് രൂപം നൽകും. ഈ നയം പ്രകാരം പ്രാദേശികാവശ്യങ്ങളുടെ അടിസ്ഥാനത്തിൽ ചില എണ്ണ, വാതക വ്യാപാര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കരാറായിരിക്കും രൂപീകരിക്കുക. പ്രാദേശിക താൽപര്യ പ്രകാരമുള്ള ലക്ഷ്യം സാക്ഷാത്കരിക്കുന്ന ഉൽപ്പാദകരോ/സേവനദാതാക്കളോ ആയവരിൽ അംഗീകൃതവിലയിൽ നിന്നും 10% കുറച്ച ദർഘാസ് നൽകുന്നവർക്കായിരിക്കും ഈ കരാർ പ്രകാരം നിശ്ചിതഭാഗം ഉൽപ്പന്നം വാങ്ങാനുള്ള അനുമതി നൽകുക.

# സംരംഭകത്വം വളർത്താൻ സ്റ്റാർട്ടപ്പുകൾ: വെല്ലുവിളികളും ഭാവിയും

സൗരഭ് സന്യാൽ, ഡോ.രഞ്ജിത്ത് മേഹ്ത്ത

ഒരു വർഷം ഇന്ത്യയ്ക്ക് ആവശ്യം ശരാശരി 10 ലക്ഷം തൊഴിലവസരങ്ങളാണ്. ആഗോള കണക്കുകൾപ്രകാരം വലിയ വ്യവസായ സംരംഭങ്ങളല്ല, മറിച്ച് സ്റ്റാർട്ടപ്പുകളാണ് ഏതു രാജ്യത്തും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് എന്നത്രെ. സ്റ്റാർട്ടപ്പുകൾ പുതിയ കണ്ടുപിടുത്ത കേന്ദ്രങ്ങൾ കൂടിയാണ്. സമ്പദ് വ്യവസ്ഥയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള വഴികൂടിയാണ് അവ. പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ 2016 ജനുവരി 16 ന് സ്റ്റാർട്ട് അപ് ഇന്ത്യ സംരംഭം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. സ്റ്റാർട്ടപ്പുകൾക്ക് യോജിച്ച ഒരു ആവാസ വ്യവസ്ഥ സൃഷ്ടിച്ചുകൊണ്ട് പുതിയ കണ്ടുപിടുത്തങ്ങളെയും വ്യവസായങ്ങളെയും വളർത്തുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം. തൊഴിലന്വേഷകരുടെ രാജ്യമെന്നതിനു പകരം തൊഴിൽ സൃഷ്ടിക്കുന്നവരുടെ രാജ്യമാക്കി ഇന്ത്യയെ മാറ്റുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. 'സ്റ്റാർട്ടപ്പ് ഇന്ത്യ' രാജ്യത്ത് വ്യവസായ സംരംഭകർക്കിടയിൽ വളരെ അനുകൂലമായ അഭിപ്രായമാണ് സൃഷ്ടിച്ചിരിക്കുന്നത്. ആഗോള തലത്തിൽ ഏറ്റവുമധികം സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്ന മൂന്നാമത്തെ രാജ്യമാണ് ഇന്ത്യ എന്ന വസ്തുത ഇവിടുത്തെ വ്യാവസായിക നിലവാരത്തെ ഒരു പടികൂടി ഉയർത്തിയിട്ടുണ്ട്. രാജ്യത്ത് നവീകരണത്തിന്റെ ഫലപ്രദമായ ഒരു സംസ്കാരം വളർത്തുക എന്നത് സുദീർഘവും സുപ്രധാനവുമായ ഒരു പ്രയാണമാണ്. ഈ നടപടി കണ്ടുപിടുത്തങ്ങളുടെയും ഡിസൈനുകളുടെയും സ്റ്റാർട്ടപ്പുകളുടെയും ആസ്ഥാനമാക്കി ഇന്ത്യയെ മാറ്റാനുള്ള നമ്മുടെ ഗവൺമെന്റിന്റെ പ്രതിജ്ഞാബദ്ധതയെ ആവർത്തിച്ചുറപ്പിക്കുന്നു.

ഏതാനും പേർ ചേർന്നോ ഒരു വ്യക്തിമാത്രമായോ തുടക്കത്തിൽ മുതൽ മുടക്കി നടത്തുന്ന ചെറുസംരംഭങ്ങളാണ് സ്റ്റാർട്ടപ്പുകൾ. നിലവിൽ ഒരു വിപണിയിലും ലഭ്യമല്ലാത്ത ഉത്പ്പന്നമോ സേവനമോ ആയിരിക്കും ഈ കമ്പനികൾ നല്കുക. തങ്ങളുടെ പുത്തൻ ആശയത്തിന്റെ വികസനം, പരിശോധന, വിപണനം എന്നിവയ്ക്ക് കൂടുതൽ ശ്രദ്ധ കൊടുക്കുന്നതിനാൽ ആദ്യ ഘട്ടങ്ങളിൽ സ്റ്റാർട്ടപ്പ് കമ്പനികളുടെ വരവിനെക്കാൾ കൂടുതലായിരിക്കും ചെലവുകൾ. അതിനാൽ അവർക്ക് എപ്പോഴും പണം ആവശ്യമായി വരും. സാധാരണ ബാങ്കുകളിൽ നിന്നോ വായ്പാ സംഘങ്ങളിൽ നിന്നോ ലഭിക്കുന്ന ചെറിയ വ്യവസായ വായ്പകൾ, സർക്കാർ ബാങ്കുകൾ വഴി ഗവൺമെന്റ് നല്കുന്ന ചെറിയ വായ്പകൾ, സംസ്ഥാന ഗവൺമെന്റുകൾ, ലാഭരഹിതമായി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങൾ എന്നിവ വഴി ലഭിക്കുന്ന ധനസഹായങ്ങൾ എന്നിവയാണ് ഇത്തരം സ്റ്റാർട്ടപ്പുകളെ പലപ്പോഴും താങ്ങി നിർത്തുന്നത്.

സ്റ്റാർട്ടപ്പുകൾ രണ്ടു തരമുണ്ട്. അതിൽ ഒന്നാമത്തേത് ഒരിക്കലും വിചാരിക്കാത്ത ഏവരേയും അത്ഭുതപ്പെടുത്തുന്ന സംഭവവുമായോ ആശയവുമായോ ആവും അതിന്റെ വരവ്. പക്ഷെ, ഇത്തരം സ്റ്റാർട്ടപ്പുകളുടെ ആശയങ്ങൾ കണ്ടെത്തി വികസിപ്പിച്ച് തുടങ്ങിയെടുക്കുക എന്നത് അത്ര എളുപ്പമല്ല. എന്നാൽ തുടങ്ങിക്കിട്ടിയാൽ അതിന് അപ്രതീക്ഷിതവും അതിശയകരവുമായ വളർച്ചയായിരിക്കും. 'പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ' എന്ന രീതിയിലുള്ളതാണ് രണ്ടാമത്തെ തരം സ്റ്റാർട്ട് അപ്പുകൾ. പഴയ ആശയങ്ങളെ പുതിയതും നൂതനവുമായ ശൈലിയിൽ ആവിഷ്കരിക്കുകയാണ് അവർ ചെയ്യുക.

സ്റ്റാർട്ട് അപ്പുകൾക്ക് അടുത്ത കാലത്തായാണ് രാജ്യത്ത് ഇത്രയേറെ ജനപ്രീതിയുണ്ടായത്. സ്റ്റാർട്ടപ്പുകൾ തുടങ്ങുക എന്നത് വളരെ പ്രയാസമാണ്. മിക്ക രാജ്യങ്ങളിലും വിജയത്തെക്കാൾ കൂടുതൽ പരാജയമാണ് ഈ മേഖലയിൽ ഇതുവരെയുള്ള അനുഭവം. ഒരു വ്യവസായ സംരംഭകനും പരാജങ്ങളും ക്ലേശങ്ങളും ഇഷ്ടപ്പെടുകയില്ല. സ്റ്റാർട്ടപ്പിൽ പരാജയങ്ങൾ ഉണ്ടാവും. എന്നാൽ പരാജയങ്ങൾ സംരംഭകനെ എന്തു ചെയ്യണം എന്തു ചെയ്യരുത് എന്നു പഠിപ്പിക്കും. പണം സ്വരൂപിച്ച് തുടങ്ങിയ സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപകരെ ഉപദേഷ്ടാക്കളായി കണക്കാക്കാം. എന്നാൽ സത്യസന്ധരായ, മുൻ വിധികൾ ഇല്ലാത്ത, നല്ല വ്യവസായ ഉപദേഷ്ടാക്കൾ വളരെ ചുരുക്കമാണ്. നല്ല ഉപദേഷ്ടാവിനെ കണ്ടെത്തുക വലിയ ബുദ്ധിമുട്ടു നിറഞ്ഞ സംഗതിയാണ്.

## ഇന്ത്യയിലെ സ്റ്റാർട്ടപ്പുകൾ നേരിടുന്ന സാമ്പത്തിക വെല്ലുവിളികൾ

തങ്ങളുടെ വ്യവസായ പരിശ്രമങ്ങൾ സ്റ്റാർട്ടപ്പ് ഇന്ത്യ പദ്ധതിയുടെ കീഴിൽ അംഗീകരിച്ചതിന്റെ പേരിൽ രാജ്യമെമ്പാടുമുള്ള ഭൂരിപക്ഷം ആദ്യ തലമുറ സംരംഭകരും ഗവൺമെന്റിന്റെ നടപടികളെ പുകഴ്ത്തുന്നുണ്ടെങ്കിലും, ഇത്തരം സംരംഭങ്ങൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ, പേറ്റന്റ്, ബൗദ്ധികസ്വത്തവകാശം തുടങ്ങിയ വെല്ലുവിളികൾ ഇപ്പോഴും അവശേഷിക്കുന്നു. അതുപോലെ തന്നെ പേറ്റന്റ് രജിസ്റ്റർ ചെയ്യാൻ വരുന്ന സുദീർഘമായ നടപടിക്രമങ്ങൾ, ഗവേഷണ- വികസന പ്രവർത്തനങ്ങൾ നേരിടുന്ന അവഗണന തുടങ്ങിയ പ്രശ്നങ്ങളാണ് അനേകം സ്റ്റാർട്ടപ്പുകൾ വിദേശ രാജ്യങ്ങളിലേയ്ക്ക് പോകാനുള്ള പ്രധാന കാരണം. ഗവൺമെന്റിന്റെ കണക്കുകൾ പ്രകാരം 2015

നവംബർ 1 വരെ പേറ്റന്റിനുള്ള 2,46,495 അപേക്ഷകളും ട്രേഡ് മാർക്കിനുള്ള 5,32,682 അപേക്ഷകളും കെട്ടിക്കിടക്കുകയാണ്. നിലവിൽ രാജ്യത്തെ 90 ശതമാനം സ്റ്റാർട്ടപ്പുകൾക്കുമുള്ള സാമ്പത്തിക സഹായം വിദേശരാജ്യങ്ങളിൽ നിന്നോ രാജ്യത്തെ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നോ ആണ് ലഭിച്ചിരിക്കുന്നത്. അടുത്ത നാളിൽ ഗ്രാന്റ് തോൺടൺ നടത്തിയ പഠനമനുസരിച്ച് 2015ൽ ഇത്തരം 600 ലധികം കമ്പനികൾക്ക് PE (Private Equity), VC (Venture Capital) ഫണ്ടുകളിൽ നിന്ന് രണ്ടു ശതലക്ഷം ഡോളർ ധനസഹായം ലഭിച്ചു. മറ്റൊരു പഠനപ്രകാരം 94 ശതമാനം പുതിയ വ്യവസായങ്ങളും ആദ്യ പ്രവർത്തന വർഷത്തിൽ പരാജയമാണ്. സാമ്പത്തിക ബുദ്ധിമുട്ടാണ് പൊതുവായ കാരണം.

## സ്റ്റാർട്ടപ്പുകൾക്ക് അവരുടെ വ്യവസായത്തിന് ഹിതാനുസരണം മൂലധനം കണ്ടെത്താനുള്ള ഏതാനും സാമ്പത്തിക സംവിധാനങ്ങൾ:

**1. പ്രധാനമന്ത്രി മൈക്രോ യൂണിറ്റ് ഡവലപ്മെന്റ് ആൻഡ് റിഫൈനാൻസ് ഏജൻസി ലിമിറ്റഡ് (MUDRA):** പത്തു ലക്ഷം ചെറുകിട സംരംഭങ്ങൾക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യവുമായി 20000 കോടി രൂപയുടെ നിധിയുമായിട്ടാണ് ഇത് ആരംഭിച്ചത്. ഇതിനായി ബിസിനസ് പ്ലാൻ സമർപ്പിക്കുകയാണ് ആദ്യഘട്ടം. അത് അംഗീകരിക്കപ്പെട്ടാൽ വായ്പ ലഭിക്കും. അപ്പോൾ ഉപഭോക്താക്കൾക്ക് ഒരു മുദ്ര കാർഡ് കിട്ടും. അത് ക്രെഡിറ്റ് കാർഡു പോലെയാണ്. അതുപയോഗിച്ച് അസംസ്കൃത വസ്തുക്കൾ വാങ്ങാം, മറ്റു ചെലവുകൾ വഹിക്കാം. ശിശു, കിഷോർ, തരുൺ (Shishu, Kishore and Tarun) എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായിട്ടാണ് ഈ വായ്പ ലഭിക്കുക.

**2. സ്വന്തമായി പണം കണ്ടെത്തുക അഥവാ ബൂട്ട്സ് ട്രാപ്പിങ് (Boots trapping):** സ്റ്റാർട്ടപ്പുകൾക്ക് പണം കണ്ടെത്താനുള്ള ഫലപ്രദമായ മാർഗമാണിത്, പ്രത്യേകിച്ച് ഒരു വ്യവസായം ആരംഭിക്കുമ്പോൾ. കാരണം, ബിസിനസിലെ മുന്നേറ്റങ്ങളും വിജയസാധ്യതകളും കാണിക്കാതെ ആർക്കും പണം ലഭിക്കുക ബുദ്ധിമുട്ടാണ്. തുടക്കക്കാർക്കുള്ള പരിമിതികൾ വേറെയും.

**3. ക്രൗഡ് ഫണ്ടിങ്:** ഒരേ സമയം ഒന്നിൽ കൂടുതൽ വ്യക്തികളിൽ നിന്നായി വായ്പ വാങ്ങുന്ന സംവിധാനമാണിത്. സ്റ്റാർട്ടപ്പ് സംബന്ധിച്ചുള്ള പൂർണമായ ബിസിനസ് വിശദാംശങ്ങൾ ഇതിനായി സമർപ്പിക്കണം. വ്യവസായത്തിന്റെ ലക്ഷ്യങ്ങൾ, ലാഭമുണ്ടാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ, എത്രത്തോളം ധനസഹായം വേണം, അത് എന്തിനെല്ലാമാണ് തുടങ്ങിയ കാര്യങ്ങൾ വിശദീകരിക്കേണ്ടി വരും. ഉപയോക്താക്കൾക്ക് ഇതെല്ലാം വായിച്ച് ആശയം ഇഷ്ടപ്പെട്ടെങ്കിൽ പണം നല്കാം. പണം നല്കുന്നവർ ഉത്പന്നം മുൻകൂട്ടി വാങ്ങുന്നതായോ, സംഭാവന നല്കുന്നതായോ ഓൺലൈനായി വാഗ്ദാനസഹിതം പ്രതിജ്ഞ എടുക്കണം. പണം നല്കി സഹായിക്കുന്നവർ യഥാർത്ഥത്തിൽ വ്യവസായത്തെ വിശ്വസിക്കുന്നവരാണ്. ഇന്ത്യയിൽ ഇത്തരത്തിൽ ധനസഹായം നല്കുന്നവരിൽ ചിലരാണ് ഇൻഡിഗോഗോ, വിഷ്ബറി, കെറ്റോ, ഫണ്ട്ലൈൻഡ് തുടങ്ങിയ സ്ഥാപനങ്ങൾ.

**4. ഏഞ്ചൽ ഇൻവെസ്റ്റ്മെന്റ് (Angel Investment):** നീക്കിയിരിപ്പായി ധാരാളം പണം കൈവശമുള്ളവരും ഉയർന്നു വരുന്ന സ്റ്റാർട്ടപ്പ് സംരംഭങ്ങളിൽ നിക്ഷേപം നടത്താൻ താല്പര്യമുള്ളവരുമായ വ്യക്തികളാണ് എഞ്ചൽ ഇൻവസ്റ്റേഴ്സ്. നിക്ഷേപം നടത്തുന്നതിനുമുമ്പായി ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തുന്നതിനായി ഇവർ പരസ്പര ബന്ധമുള്ള സംഘങ്ങളായിട്ടാണ് പ്രവർത്തിക്കുന്നത്. മൂലധനത്തോടൊപ്പം വേണമെങ്കിൽ ഇവർ വിദഗ്ധ ഉപദേശങ്ങളും നല്കും. ഗൂഗിൾ, യാഹൂ, അലിബാബ തുടങ്ങിയവ ഉൾപ്പെടെ നിരവധി വൻ കമ്പനികളെ ആരംഭ ഘട്ടത്തിൽ ഏഞ്ചൽ ഇൻവസ്റ്റർമാരാണ് സഹായിച്ചിട്ടുള്ളത്. കമ്പനിയുടെ വളർച്ചയുടെ ആദ്യഘട്ടത്തിലാണ് പൊതുവെ ഇത്തരം ബദൽ മൂലധന നിക്ഷേപം നടക്കുന്നത്. ഇവർ പ്രതീക്ഷിക്കുന്ന ഓഹരി 30 ശതമാനമാണ്. കൂടുതൽ ലാഭം ലഭിക്കുമെങ്കിൽ വലിയ നിക്ഷേപങ്ങൾ നടത്തുന്നതിനും അവർ തയാറാണ്.

**5. വെഞ്ചർ ക്യാപ്പിറ്റൽ (Venture Capital)**: വൻ വിജയസാധ്യതയുള്ള കമ്പനികളിൽ മാത്രം ബുദ്ധിപൂർവം നിക്ഷേപം നടത്തുന്ന, ഈ മേഖലയിൽ നല്ല പരിചയമുള്ള സാമ്പത്തിക ഏജൻസികളാണ് ഇവർ. ഓഹരികൾ വാങ്ങിയാണ് ഇവർ കമ്പനികളിൽ നിക്ഷേപം നടത്തുക. കമ്പനി ആരെങ്കിലും ഏറ്റെടുക്കുന്ന പക്ഷം അവർ ഒഴിവാകും. വെഞ്ചർ മൂലധന നിക്ഷേപം നടത്തുന്നവർ വിദഗ്ധോപദേശം നല്കുകയും സ്ഥാപനം എങ്ങോട്ടു പോകുന്നു എന്ന കാര്യത്തിൽ ഇടയ്ക്ക് പരിശോധന നടത്തുകയും, സുസ്ഥിരതാ വീക്ഷണത്തോടെ വ്യവസായത്തെ വിലയിരുത്തുകയും ചെയ്യുന്നു.

**6. ബിസിനസ് ഇങ്കുബേറ്ററുകളും ആക്സിലറേറ്ററുകളും (Business Incubators & Accelerators):** വ്യവസായത്തിന്റെ തുടക്കത്തിൽ സാമ്പത്തിക സഹായത്തിനായി ഇങ്കുബേറ്ററുകളെയുംആക്സിലറേറ്ററുകളെയും പരിഗണിക്കാവുന്നതാണ്. മിക്കവാറും എല്ലാ പ്രമുഖ നഗരങ്ങളിലും ഈ പദ്ധതികൾ എല്ലാ വർഷവും ആയിരക്കണക്കിനു സ്റ്റാർട്ടപ്പ് ബിസിനസുകളെ സഹായിക്കുന്നുണ്ട്. കുഞ്ഞുങ്ങൾക്ക് മാതാപിതാക്കൾ എന്നപോലെയാണ് സ്റ്റാർട്ടപ്പുകൾക്ക് ഇങ്കുബേറ്ററുകൾ. അവ വ്യവസായത്തെ അടിസ്ഥാന സൗകര്യങ്ങളും, അഭയസ്ഥാനവും പരിശീലനവും പരസ്പര ബന്ധങ്ങളും ലഭ്യമാക്കി സംരക്ഷിക്കുന്നു. ആക്സിലറേറ്ററുകളുടെയും ധർമ്മം ഏറെക്കുറെ ഇതു തന്നെയാണ്. എന്നാൽ ഇങ്കുബേറ്ററുകൾ വ്യവസായങ്ങൾക്ക് നടന്നുപോകാനുള്ള സഹായവും പിന്തുണയും പരിചരണവും നല്കുമ്പോൾ ആക്സിലറേറ്ററുകൾ അവയെ ഓടാനും വളർച്ചയിലേയ്ക്ക് കുതിച്ചു ചാടാനും പ്രാപ്തരാക്കുന്നു.

**7. മൈക്രോഫിനാൻസ് പ്രൊവൈഡർ അഥവാ എൻബിഎഫ്സി(NBFC):** പരമ്പരാഗത ബാങ്കിങ് സേവന

ങ്ങൾ പ്രാപ്തമല്ലാത്തവർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുകയാണ് മൈക്രോഫിനാൻസിന്റെ അടിസ്ഥാന ധർമ്മം. വായ്പകൾ നല്കാൻ ബാങ്കുകൾ മടിക്കുകയും കമ്പനിയുടെ സാമ്പത്തിക ആവശ്യങ്ങൾ വർദ്ധിക്കുകയും ചെയ്യുമ്പോൾ ഇന്ന് ഇത്തരം സാമ്പത്തികസഹായ കേന്ദ്രങ്ങളെ സമീപിക്കുന്നവരുടെ എണ്ണം വർധിച്ചു വരുന്നുണ്ട്. ഇതുപോലെയാണ് നോൺ ബാങ്കിങ് ഫിനാൻഷ്യൽ കോർപ്പറേഷനുകളും (എൻ ബിഎഫ്സി). ബാങ്കുകളുടെ മാതിരി നിയമ നൂലമാലകളില്ലാതെ വായ്പകൾ നല്കുന്ന സ്ഥാപനങ്ങളാണ് ഇത്തരം കോർപ്പറേഷനുകൾ.

## സ്റ്റാർട്ടപ്പുകളെ സഹായിക്കാൻ ഗവൺമെന്റ് പദ്ധതികൾ

## സ്റ്റാർട്ടപ്പ് ഇന്ത്യയുടെ 19 ഇന കർമ്മ പദ്ധതി

**1. സ്വയം സാക്ഷ്യപ്പെടുത്തൽ:** നിയന്ത്രണപരമായ ബാധ്യതകൾ ലഘൂകരിക്കുന്നതിനായി സ്റ്റാർട്ടപ്പുകൾ സ്വയം സാക്ഷ്യം സ്വീകരിക്കും. ഈ സ്വയം സാക്ഷ്യങ്ങളായിരിക്കും ഗ്രാറ്റുവിറ്റി വിതരണം, തൊഴിൽ കരാർ, പ്രോവിഡന്റ് ഫണ്ട്, ജല അന്തരീക്ഷ മലിനീകരണ നിയന്ത്രണം തുടങ്ങിയ നിയമങ്ങളുമായി ബന്ധപ്പെട്ട നടപടികൾക്കു നല്കുക.

**2. സ്റ്റാർട്ടപ്പ് ഇന്ത്യ ഹബ്ബ്:** സ്റ്റാർട്ടപ്പ് ഫൗണ്ടേഷൻ ഇന്ത്യയുമായി ബന്ധപ്പെടാൻ ഏക കേന്ദ്രം എന്ന നിലയിൽ ഒരു അഖിലേന്ത്യ ഹബ് രൂപീകരിക്കും.ഇതുവഴി സംരംഭകർക്ക് സാമ്പത്തിക സഹായം സംബന്ധിച്ച വിവരങ്ങളും മറ്റ് അറിവുകളും കൈമാറാൻ സാധിക്കും.

**3. മൊബൈൽ ആപ്പ് വഴി രജിസ്ട്രേഷൻ:** സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്യുന്നതിന് മൊബൈൽ ആപ്പിന്റെ മാതൃകയിലുള്ള ഒരു ഓൺലൈൻ പോർട്ടൽ തുടങ്ങിക്കഴിഞ്ഞു.

**4. പേറ്റന്റ് പരിരക്ഷ:** പേറ്റന്റ് അപേക്ഷകൾ ചെലവു കുറഞ്ഞ രീതിയിൽ നല്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ ഒരു അതിവേഗപ്പാത ക്രമീകരിച്ചുകൊണ്ടിരിക്കുന്നു. ബൗദ്ധിക സ്വത്തവകാശം ലഭ്യമാക്കാൻ ഇത് സഹായകമാകും.

**5. പതിനായിരം കോടിയുടെ സാമ്പത്തിക സഞ്ചയ നിധി:** ഉയർന്നു വരുന്ന സ്റ്റാർട്ടപ്പുകളെ സഹായിക്കാൻ തുടക്കത്തിൽ 2500 കോടിയുടെയും തുടർന്ന് നാലു വർഷത്തേയ്ക്ക് 10000 കോടിയുടെയും സാമ്പത്തിക സഞ്ചയ നിധി ഗവൺമെന്റ് വികസിപ്പിക്കും. ഈ നിധി രൂപീകരിക്കാൻ ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ പ്രധാന പങ്ക് വഹിക്കും. ഈ സാമ്പത്തിക സഞ്ചയ നിധി കൈകാര്യം ചെയ്യാൻ സ്വകാര്യ വിദഗ്ധരുടെ ഒരു സമിതിയെ തെരഞ്ഞെടുക്കും.

**6. നാഷണൽ ക്രെഡിറ്റ് ഗാരന്റി ട്രസ്റ്റ് കമ്പനി:** അടുത്ത നാലു വർഷത്തേയ്ക്ക് സ്റ്റാർട്ടപ്പുകളെ സാമ്പത്തികമായി സഹായിക്കാൻ പ്രതിവർഷം 500 കോടിയുടെ ബജറ്റുമായി ഗവൺമെന്റ് ഒരു നാഷണൽ ക്രെഡിറ്റ് ഗാരന്റി ട്രസ്റ്റ് കമ്പനി രൂപീകരിക്കും.

**7. മൂലധന ലാഭത്തിന് നികുതി ഇളവ്:** നിലവിൽ വെഞ്ചർ കാപ്പിറ്റൽ ഫണ്ടുകളിൽ നിന്നുള്ള നിക്ഷേപങ്ങളെ മൂലധന നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഇതേ നയം തന്നെ സ്റ്റാർട്ടപ്പുകളുടെ പ്രാഥമികതല നിക്ഷേപങ്ങളുടെ കാര്യത്തിലും നടപ്പാക്കും.

**8. മൂന്നു വർഷത്തേയ്ക്ക് ആദായ നികുതി ഇളവ്:** മൂന്നു വർഷത്തേയ്ക്ക് സ്റ്റാർട്ടപ്പുകൾക്ക് നികുതി ഇല്ല. ഈ നയം സ്റ്റാർട്ടപ്പുകളെ ഭാവിയിലേയ്ക്കുള്ള വളർച്ചയുടെ പരിവർത്തന ഘട്ടത്തിൽ എത്തിക്കും.

**9. വൻ നിക്ഷേപങ്ങൾക്ക് നികുതി ഇളവ്:** വിപണി മൂല്യത്തെക്കാൾ ഉയർന്ന നിക്ഷേപങ്ങൾക്ക് നികുതി ഇളവ് നല്കും.

**10. യുവ സംരംഭകരെ സൃഷ്ടിക്കൽ:** അഞ്ചു ലക്ഷം സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് നവീകരണവുമായി ബന്ധപ്പെട്ട പഠന പദ്ധതികൾ ആരംഭിക്കും. കൂടാതെ ലോക നിലവാരത്തിലുള്ള ഇങ്കുബേറ്ററുകൾ വികസിപ്പിക്കാനായി എല്ലാ വർഷവും ഇങ്കുബേറ്റർ ഗ്രാൻഡ് മത്സരം സംഘടിപ്പിക്കും.

**11. അടൽ ഇന്നൊവേഷൻ മിഷൻ:** കഴിവുള്ള ചെറുപ്പക്കാരെയും നവീകരണ പദ്ധതികളെയും പ്രോത്സാഹിപ്പിക്കുന്നതിന് അടൽ ഇന്നൊവേഷൻ മിഷൻ ആരംഭിക്കും.

**12. ഇങ്കുബേറ്ററുകളുടെ സ്ഥാപനം:** രാജ്യത്ത് ഉടൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 31 ഇങ്കുബേറ്ററുകൾക്കും ദേശീയ സ്ഥാപനങ്ങളിലെ 31 നവീകരണ കേന്ദ്രങ്ങൾക്കുമായി പൊതു- സ്വകാര്യ മേഖലാ പങ്കാളിത്ത മാതൃക പരിഗണനയിലാണ്.

**13. റിസേർച്ച് പാർക്കുകൾ:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കാമ്പസ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് കാമ്പസ് എന്നിവിടങ്ങളിൽ ഉൾപ്പെടെ ഏഴു പുതിയ ഗവേഷണ പാർക്കുകൾ ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഓരോന്നിനും 100 കോടിയാണ് മുതൽ മുടക്കുക.

**14. ബയോടെക്നോളജിയിൽ സംരംഭകത്വം:** രാജ്യത്ത് അഞ്ചു ബയോടെക് ക്ലസ്റ്ററുകൾ, 50 പുതിയ ബയോ ഇങ്കുബേറ്ററുകൾ, 150 സാങ്കേതിക വിദ്യാ കൈമാറ്റ ഓഫീസുകൾ, 20 ബയോ കണക്ട് ഓഫീസുകൾ എന്നിവ ഉടൻ സ്ഥാപിക്കും.

**15. സ്കൂളുകളിൽ വിവിധ പദ്ധതികൾ:** രാജ്യത്തെ 5 ലക്ഷം സ്കൂളുകളിൽ വിദ്യാർത്ഥികൾക്കായി നവീന കണ്ടുപിടുത്തങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ ആവിഷ്കരിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നു.

**16. നിയമ സഹായം:** പേറ്റന്റ് അപേക്ഷകൾ, മറ്റ് ഔദ്യോഗിക രേഖകൾ എന്നിവയിൽ നിയമസഹായത്തിനായി വിദഗ്ധ സംഘത്തിന്റെ സേവനം ലഭ്യമാക്കും.

**17. ഇളവുകൾ:** മൊത്തം മൂല്യത്തിന്റെ 80 ശതമാനം തുക പേറ്റന്റ് അപേക്ഷകൾ അയക്കുന്നതിനു ഇളവായി ലഭ്യമാക്കും.

**18. ലളിതമായ നിയമങ്ങൾ:** സ്റ്റാർട്ടപ്പുകൾക്കായി പൊതുവിപണിയിൽ നിന്നുള്ള സംഭരണം സംബന്ധിച്ച നിയമങ്ങൾ ലളിതമാക്കിയിട്ടുണ്ട്.

**19. അതിവേഗ ബഹിർഗമനം:** ഒരു സ്റ്റാർട്ടപ്പ് പരാജയപ്പെട്ടാൽ അവരുടെ പ്രശ്നം എന്താണെന്നു കണ്ടുപിടിക്കാൻ ഗവൺമെന്റ് സഹായിക്കും. ശ്രമം വീണ്ടും പരാജയപ്പെട്ടാൽ പുറത്തു കടക്കാനുള്ള എളുപ്പ വഴി ഒരുക്കുകയും ചെയ്യും.

2016 ലെ ആദ്യത്തെയും മൂന്നാമത്തെയും ത്രൈമാസത്തിനിടയിൽ ഇന്ത്യൻ സ്റ്റാർട്ടപ്പുകൾക്ക് 3.5 ശതലക്ഷം ഡോളറിന്റെ ഏയ്ഞ്ചൽ വെഞ്ചർ മൂലധന നിക്ഷേപം കണ്ടെത്താൻ സാധിച്ചു. കണക്കുകൾ പ്രകാരം 2015 ജനുവരി മുതൽ സെപ്റ്റംബർ വരെ 639 ഇടപാടുകളിലായി 7.3 ശതലക്ഷം ഡോളർ രാജ്യത്ത് നിക്ഷേപമുണ്ടായിട്ടുണ്ട്. ഈ വർഷം എണ്ണം 27 ശതമാനം വർധിച്ചു. 2014 ൽ മൊത്തം 300 വെഞ്ചർ - ഏയ്ഞ്ചൽ ഇടപാടുകൾ മാത്രമാണ് നടന്നത്.

രാജ്യത്തിന്റെ സാമ്പത്തിക സംവിധാനത്തിൽ മത്സരക്ഷമമായ പുതിയ ഊർജ്ജം കൊണ്ടുവന്ന സ്റ്റാർട്ടപ്പ് കമ്പനികളാണ് ഇന്നു വിപണിയിലെ ഏറ്റവും ശക്തമായ സാമ്പത്തിക സ്ഥാപനങ്ങൾ. കാരണം അവയാണ് നമ്മുടെ സമ്പദ് വ്യവസ്ഥയിൽ അധിക ശക്തിയും മത്സരക്ഷമതയും കൊണ്ടുവന്നിരിക്കുന്നത്. മാറ്റത്തിനുള്ള രാസത്വരകങ്ങളായി അവ പ്രവർത്തിക്കുന്നു. തുടർ പ്രതികരണമായിരിക്കും അതിന്റെ ഫലം. ഒരിക്കൽ ഒരു സംരംഭം സ്ഥാപിക്കപ്പെട്ടാൽ അവിടെ വ്യവസായവത്ക്കരണ പ്രക്രിയയ്ക്കു തുടക്കമാവുകയായി. ഇത് സംരംഭകത്വത്തെ ഉത്തേജിപ്പിക്കുകയും വിവിധ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനുള്ള ആവശ്യം സൃഷ്ടിക്കുകയും ചെയ്യും.പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതോടെ ഭാവിയിൽ ഒരു മേഖലയുടെ തന്നെ വികസനം സംഭവിക്കുകയും ചെയ്യും. സൗകര്യപ്രദവും താങ്ങാവുന്നതുമായ സേവനങ്ങളിലൂടെ പ്രാദേശിക സ്റ്റാർട്ടപ്പുകൾ അവിടുത്തെ ജനജീവിതം അനായാസവും സ്വസ്ഥവുമാക്കും. അതോടൊപ്പം അവ ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്കും വികാസത്തിനുമുള്ള പ്രധാന ഊർജ്ജമായി വർത്തിക്കുകയും ചെയ്യും. ഈ രാജ്യത്ത് സമൃദ്ധി സൃഷ്ടിക്കാനുള്ള പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഇന്ത്യ എന്നു നാം വിശ്വസിക്കുന്നു. മൂലധനത്തിന്റെ അഭാവം മൂലം ചെറുപ്പക്കാരായ എത്രയോ സംരംഭകരുടെ സ്വന്തം വ്യവസായങ്ങളാണ് സ്വപ്നമായി അവശേഷിക്കുന്നത്. തന്മൂലം രാജ്യത്തിനു അവരുടെ ആശയങ്ങളും, കഴിവുകളും, പ്രാപ്തിയും പ്രയോജനപ്പെടാതെ പോകുകയാണ്. ധനസമൃദ്ധിയും സാമ്പത്തിക വളർച്ചയും, വികസനവും നഷ്ടപ്പെടുകയാണ്. പുത്തൻ കണ്ടുപിടുത്തങ്ങൾ നടത്താനും സ്വന്തം വ്യവസായങ്ങൾ ആരംഭിക്കാനും കഴിവുള്ള ചെറുപ്പക്കാർക്ക് ഉറപ്പും പ്രോത്സാഹനവുമായി, വ്യത്യസ്ത തലങ്ങളിൽ പിന്തുണയും ആനുകൂല്യങ്ങളും വാഗ്ദാനം ചെയ്തുകൊണ്ട് സ്റ്റാർട്ടപ്പ് ഇന്ത്യ രാജ്യത്തെ സംരംഭകത്വത്തിനും സാമ്പത്തിക വികസനത്തിനും ഊർജ്ജം പകരുകയാണ്.

*(ലേഖകർ ന്യൂഡൽഹി ആസ്ഥാനമായ PHD ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രിയിൽ യഥാക്രമം സെക്രട്ടറി ജനറലും ഡയറക്ടറുമാണ്.)*

## വിജ്ഞാന പാത

### പ്രസവാനുകൂല്യ പദ്ധതി രാജ്യത്താകമാനം വ്യാപിപ്പിക്കാൻ കേന്ദ്ര മന്ത്രിസഭാ തീരുമാനം

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭായോഗം രാജ്യത്താകമാനം പ്രസവാനുകൂല്യ പദ്ധതി നടപ്പാക്കുന്നതിന് മുൻകാല പ്രാബല്യത്തോടെ അനുമതി നൽകി. 2017 ജനുവരി ഒന്നു മുതലുള്ള മുൻകാല പ്രാബല്യത്തോടെ പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചു. പ്രസവത്തിന് മുമ്പും പിമ്പും ആവശ്യത്തിന് വിശ്രമം എടുക്കുന്നതിനായി വനിതകൾക്ക് അവർക്കുണ്ടാകുന്ന വേതന നഷ്ടം പണമായി കേന്ദ്ര ഗവൺമെന്റ് നൽകുന്നതാണ് പ്രസവാനുകൂല്യ പദ്ധതി. ഇതിലൂടെ സ്ത്രീകൾക്ക് പോഷകകുറവുണ്ടാകാതെ ജീവിതം നയിക്കാൻ കഴിയും. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഓഹരിയുൾപ്പെടെ 2017 ജനുവരി ഒന്നുമുതൽ 2020 മാർച്ച് 31 വരെ പദ്ധതിക്കുണ്ടാകുന്ന ചെലവ് 12,661 കോടി രൂപയാണ്. 2017 ജനുവരി 1 മുതൽ 2020 മാർച്ച് 31 വരെയുള്ള ഈ കാലയളവിലെ പദ്ധതിയുടെ കേന്ദ്രവിഹിതം 7931 കോടി രൂപയാണ്.

പദ്ധതിയുടെ ലക്ഷ്യങ്ങൾ:

- ആദ്യ കുട്ടിക്ക് ജന്മം നൽകുന്നതിന് മുമ്പും പിമ്പും സ്ത്രീകൾക്ക് ആവശ്യത്തിന് വിശ്രമം എടുക്കുന്നതിനായി അവരുടെ വേതനത്തിലുണ്ടാകുന്ന നഷ്ടത്തിന്റെ വിഹിതം പണമായി നൽകും.
- ഇത്തരത്തിൽ പണമായി നഷ്ടപരിഹാരം നൽകുന്നതുകൊണ്ട് ഗർഭിണികളും മുലപ്പാൽ നൽകുന്നവരുമായ അമ്മമാർക്ക് അവരുടെ ആരോഗ്യസ്ഥിതി മെച്ചമായി സൂക്ഷിക്കാൻ കഴിയും. ഇതിലൂടെ പോഷകാഹാര കുറവുമൂലമുള്ള പ്രശ്നങ്ങൾ പ്രധാനമായും വളർച്ചാമുരടിപ്പ്, ക്ഷയം പോലുള്ള പ്രശ്നങ്ങൾ കുറയ്ക്കാൻ കഴിയും.

# ഇന്ത്യൻ യുവജനങ്ങളുടെ ആഗോള സാന്നിധ്യം

ഡോ. ശീതൾ ശർമ്മ, ഭാസ്കർ ജ്യോതി

**ച**രിത്രാതീതകാലം മുതൽക്കു തന്നെ ഭാരതീയ വിജ്ഞാനം, നാഗരികത, സംസ്ക്കാരം തുടങ്ങിയവയുടെ കീർത്തി ലോകമെങ്ങും എത്തിക്കുന്നതിൽ നമ്മുടെ യുവാക്കൾ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. മതപരവും വംശീയവുമായ മേധാവിത്വം സ്ഥാപിക്കുന്നതിൽ ലോകം മുഴുകി നിന്ന വേളയിലാണ് സ്വാമി വിവേകാന്ദൻ എന്ന യുവ ഭാരതീയ സന്യാസി മതസഹിഷ്ണതയുടെ പ്രാധാന്യത്തെപ്പറ്റി 1893 ൽ പ്രഭാഷണം നടത്തിയത്. ചിക്കാഗോവിൽ നടന്ന ലോക മതപാർലമെന്റിൽ ആയിരുന്നു സ്വാമിജിയുടെ ചരിത്രപ്രധാനമായ പ്രസംഗം. യുവ ബാരിസ്റ്ററായിരുന്ന മോഹൻദാസ് കരംചന്ദ് ഗാന്ധി ദക്ഷിണാഫ്രിക്കയിൽ എത്തുകയും അവിടെയുള്ള അനീതിക്കെതിരെ സത്യം, അഹിംസ എന്ന തന്റെ നവീന ആശയങ്ങളുടെ അടിസ്ഥാനത്തിൽ പോരാടുകയും ചെയ്തു. പ്രഥമ പ്രവാസി ഭാരതീയൻ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഗാന്ധിജി മാനവ സംസ് ക്കാരത്തിന് എന്നും സൂക്ഷിച്ചുവയ്ക്കാവുന്ന സംഭാവനയാണ് നൽകിയത്. ഭാരതീയ വിജ്ഞാന ശേഖരവും മൂല്യങ്ങളും ലോകത്തിന് പകർന്നു നൽകുന്ന രീതി ക്രിസ്തു വർഷം രണ്ടാം നൂറ്റാണ്ടിൽ അശോക ചക്രവർത്തിയുടെ പുത്രനും പുത്രിയും ബുദ്ധമത പ്രചാരണത്തിന് സിലോണിലേക്ക് പോയതു മുതൽ തന്നെ തുടക്കമായി. ഈ പാരമ്പര്യത്തിന്റെ തുടർച്ചയാണ് ഇന്ന് ലോകത്തിന്റെ ഓരോ മൂലയിലും തങ്ങളുടെ സാന്നിധ്യം ദൃശ്യമാക്കുന്ന ദശലക്ഷകണക്കിന് യുവ ഭാരതീയർ എന്ന് പറയാം.

### മറ്റു ദേശങ്ങളിലെ ഇന്ത്യക്കാർ :

### ഒരു യുവ ശക്തി വലയം

ഐക്യരാഷ്ട്ര സഭ 2015 ൽ പുറത്തുവിട്ട അന്താരാഷ്ട്ര കുടിയേറ്റ റിപ്പോർട്ട് അനുസരിച്ച് രാജ്യാന്തര കുടിയേറ്റക്കാരുടെ ശരാശരി പ്രായം 39 വയസ്സാണ്. ലോക ജനസംഖ്യയിൽ ഏറ്റവും അധികം യുവാക്കൾ അടങ്ങിയ ഭാരതീയരിൽ അതുകൊണ്ട് തന്നെ യുവ കുടിയേറ്റക്കാർ മുന്നിട്ട് നിൽക്കുന്നു. ലോകമാകെ വസിക്കുന്ന പ്രവാസി ഇന്ത്യക്കാരുടെ എണ്ണം 25 ദശലക്ഷം വരുമെന്നാണ് കണക്ക്. 2015 ലെ യുഎൻ കണക്കനുസരിച്ച് ഇക്കാര്യങ്ങളിലും ഒന്നാം സ്ഥാനമാണ് ഇന്ത്യക്ക്. പ്രവാസി ഇന്ത്യക്കാർ ചില പ്രത്യേക പ്രദേശങ്ങളിൽ കൂടുതലായി ചേക്കേറിയിട്ടുണ്ടെങ്കിലും ഏറ്റവും ചെറുതും പുതിയതുമായ ചില രാജ്യങ്ങളിൽ വരെ അവരെ കണ്ടെത്താൻ കഴിയും. ഉദാഹരണത്തിന് ദക്ഷിണ സുഡാനിൽ നൂറോളം ഇന്ത്യാക്കാരാണ് ഉള്ളത്. അമേരിക്കയിൽ മാത്രം ഏതാണ്ട് 3.2 ദശലക്ഷം ഇന്ത്യാക്കാർ പലതരം വിസകളും പൗരത്വവും ആയി കഴിയുന്നുണ്ട്. അമേരിക്ക കൂടാതെ ഗൾഫ് രാജ്യങ്ങളാണ് ഇന്ത്യൻ കുടിയേറ്റക്കാരുടെ പ്രമുഖ ലക്ഷ്യസ്ഥാനം. ഏതാണ്ട് 7 ദശലക്ഷം ഇന്ത്യക്കാർ ഗൾഫ് രാജ്യങ്ങളിലുണ്ട്. കൊളോണിയൽ വാഴ്ചയുടെയും പാരമ്പര്യത്തിന്റെയും ചുവട് പിടിച്ചാണ് ലോകത്തിന്റെ വിവിധ കോണുകളിലേക്ക് ഇന്ത്യാക്കാർ ചേക്കേറിയിട്ടുള്ളത്. അതുകൊണ്ട് തന്നെ ഇന്ത്യൻ കുടിയേറ്റത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്ന ഘടകങ്ങൾ പരിശോധിക്കേണ്ടതുണ്ട്.

സാമ്രാജ്യ വാഴ്ചയുടെ കാലത്ത് പുറംലോകവുമായുള്ള ഇന്ത്യയുടെ ബന്ധം എങ്ങനെ വേണമെന്ന് ബ്രിട്ടീഷുകാർ ആയിരുന്നു തീരുമാനിച്ചിരുന്നത്. അതുകൊണ്ട് തന്നെ ബ്രിട്ടീഷ് ഭരണത്തിന് കീഴിലായിരുന്ന ദേശങ്ങളിൽ ഇന്ത്യക്കാർ വ്യാപകമായി കുടിയേറി. ഓസ്ട്രേലിയ, ന്യൂസിലന്റ്, ഫിജി, വെസ്റ്റ് ഇൻഡീസ്, പൂർവ്വ ആഫ്രിക്കൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ ഇന്ത്യാക്കാർ കൂടുതലായി തങ്ങാൻ കാരണമിതാണ്. ബ്രിട്ടീഷ് ഭരണത്തിന്റെ തുടക്കത്തിൽ ഇന്ത്യക്കാർ മറ്റു രാജ്യങ്ങളിലേക്ക് പോയത് അവസരങ്ങൾ തേടുന്നതിനപ്പുറം വൈമനസ്യത്തോടെയായിരുന്നുവെന്ന് പറയാം. തൊഴിലാളികൾ, സൈനികർ, നാവികർ, ഭൃത്യന്മാർ, ആയമാർ തുടങ്ങിയവരാണ് കരാറുകളിൻ കീഴിൽ ആദ്യകാലത്ത് കുടിയേറിയവർ. യുവാക്കളായിരുന്നുവെങ്കിലും സ്വന്തമായി ഭാവി കരുപിടിപ്പിക്കാനുള്ള സ്വാതന്ത്ര്യം അവർക്ക് അന്യമായിരുന്നു. നല്ലനിലയിലുള്ള കുടുംബങ്ങളിൽ നിന്ന് വന്ന വിദ്യാർത്ഥികൾ, നിയമബിരുദധാരികൾ, വ്യാപാരി വ്യവസായികൾ തുടങ്ങി ബ്രിട്ടനിലും അതിന്റെ കോളനികളിലും കുടിയേറി ഇന്ത്യൻ സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന് കരുത്ത് പകരാൻ ശ്രമിച്ചവരായിരുന്നു കുടിയേറ്റത്തിന്റെ രണ്ടാം ഘട്ടത്തിൽ ഉണ്ടായിരുന്നത്. ബ്രിട്ടനിൽ കുടിയേറിയ അത്തരം നിയമവിദഗ്ദ്ധരിൽ ഓരാളായിരുന്നു ശ്യാംജി കൃഷ്ണവർമ്മ. ഓക്സ്ഫോർഡ്, കേംബ്രിഡ്ജ് തുടങ്ങിയ മഹത്തായ സർവ്വകലാശാലകളിൽ ശാസ്ത്ര വിദ്യാഭ്യാസത്തിന് അവസരം തേടിയെത്തുന്ന വിദ്യാർത്ഥികൾക്ക് അഭയം ഒരുക്കുന്ന ഇന്ത്യാഹൗസ് തുറന്നത് ഇദ്ദേഹമാണ്. സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകാനും അദ്ദേഹം സന്നദ്ധനായി. സവർക്കർ, മാഡം ബിക്കാജി കാമ, മദൻ ലാൽ ധിൻഗ്ര തുടങ്ങിയ വിദ്യാർത്ഥികളും യുവ വിപ്ലവകാരികളും അക്കാലത്ത് സഹകരിച്ചിരുന്നു. അങ്ങനെ ഇന്ത്യൻ വിദ്യാർ ത്ഥികളുടെ ഒരു നിര ബ്രിട്ടീഷ് ഏകാധിപത്യ ഭരണത്തിന്റെ ദുഷ്ചെയ്തികളെപ്പറ്റി ലണ്ടനിലും മറ്റും പ്രചാരണം നടത്തി. പിന്നീട് പാരീസിൽ വാസം ഉറപ്പിച്ച മാഡം കാമ ഇന്ത്യൻ

സാന്നിധ്യത്തിന്റെ വ്യാപ്തി വർദ്ധിപ്പിച്ചു. അതുപോലെ അമേരിക്കയിലും കാനഡയിലും ഉള്ള യുവ വിപ്ലവകാരികൾ ഗദ്ദർ പ്രസ്ഥാനത്തിന് തുടക്കമിടുകയും നിരന്തര സമ്പ ർക്കത്തിന് വേദി ഒരുക്കുകയും ചെയ്തു.


എന്നാൽ സ്വാതന്ത്ര്യത്തിന് ശേഷമാണ് ഇന്ത്യൻ കുടിയേറ്റത്തിന്റെ സുപ്രധാന ഘട്ടം ആരംഭിക്കുന്നത്. ഐ.ഐ.ടി പോലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചത് വികസിത രാജ്യങ്ങളിൽ അവസരങ്ങൾ സ്വായത്തമാക്കാൻ കഴിവുറ്റ ഇന്ത്യൻ വിദ്യാർത്ഥികൾക്ക് വഴിയൊരുക്കി. പശ്ചിമ യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളാണ് അവർ ലക്ഷ്യം വെച്ചത്. അവരുടെ കഴിവുകൾ വേഗം തിരിച്ചറിഞ്ഞ ആതിഥേയ രാജ്യങ്ങൾ മികച്ച പ്രതിഫലം വിദേശ നാണ്യത്തിൽ നൽകുകയും ചെയ്തു. അവരിൽ ചിലർ അമേരിക്കയിലും ബ്രിട്ടനിലും സ്ഥിരതാമസമാക്കി.

## ആഗോളവത്ക്കരണം കുടിയേറ്റത്തിന് പ്രേരകശക്തി

സാമ്പത്തിക ഉദാരവൽക്കരണത്തിന്റെ തുടർന്നുള്ള ഘട്ടങ്ങൾ സമർത്ഥരായ ഇന്ത്യൻ യുവാക്കൾക്ക് വൻ അവസരങ്ങൾ തുറന്നു. ഉയർന്ന ഉത്പാദന, തൊഴിൽ ചെലവുകൾ, പകരം മാർഗങ്ങൾ തേടാൻ വികസിത രാജ്യങ്ങളെ നിർബന്ധിതരാക്കി. ഇന്ത്യൻ രാഷ്ട്രവും തൊഴിൽ സമ്പത്തും അവർക്ക് സ്വാഗതം അരുളി. അമേരിക്കയിലെ ഭീമൻ സാങ്കേതിക കമ്പനികൾ സമർത്ഥരായ ഇന്ത്യൻ സാങ്കേതിക വിദഗ്ധരെ പകുതി തൊഴിൽ നിരക്കിൽ ഇവിടെ നിയമിച്ചു. ചെലവ് കുറയ്ക്കാൻ ഇത് അമേരിക്കൻ കമ്പനികളെ സഹായിച്ചപ്പോൾ അവയുടെ ലാഭം വർദ്ധിക്കുകയും ഇന്ത്യയിലെ തൊഴിൽ രഹിതരായ സാങ്കേതിക വിദഗ്ദ്ധർക്ക് അവസരങ്ങൾ തുറന്നു നൽകുകയും ചെയ്തു. രണ്ടു രാഷ്ട്രങ്ങൾക്കും ഇത് ഒരേപോലെ നേട്ടമായി.

## സിലിക്കൻ വാലി: ഇന്ത്യൻ സംരംഭകത്വത്തിന്റെ വിജയഗാഥ

1960 കളിൽ 12000 ഇന്ത്യാക്കാർ മാത്രമായിരുന്നു കുടിയേറിയവരായി അമേരിക്കയിൽ ഉണ്ടായിരുന്നത്. ഇവരിൽ മിക്കവരും അവിദഗ്ദ തൊഴിലാളികളും വിദ്യാഭ്യാസം ഇല്ലാത്ത കർഷകരും ആയിരുന്നു. എന്നാൽ അമേരിക്കൻ കുടിയേറ്റ നിയമങ്ങളിൽ 1990 ൽ അനുകൂലമായ മാറ്റം വന്നതോടെ ഉന്നത വൈദഗ്ധ്യം, വിദ്യാഭ്യാസം എന്നിവ നേടിയ യുവ ഇന്ത്യക്കാർ വൻതോതിൽ അമേരിക്കയിലേക്ക് കുടിയേറാൻ ഇടയാക്കി. 1980 –2013 കാലത്ത് വിദഗ്ധ ഇന്ത്യൻ തൊഴിലാളികളുടെ എണ്ണം 2,06,000 ൽ നിന്നും 2.04 ദശലക്ഷമായി വർദ്ധിച്ചു. ഓരോ പത്തു വർഷത്തിലും സംഖ്യ ഏകദേശം ഇരട്ടിയായി. താൽക്കാലിക തൊഴിൽ വിസയായ H-1-B ലഭിക്കുന്നവരിൽ ഇന്ന് ഇന്ത്യാക്കാരാണ് ഏറ്റവും മുന്നിൽ. 2014 –ൽ 3,16,000 H-1-B വിസ അപേക്ഷകൾ




അനുവദിക്കുന്നതിൽ 70 ശതമാനവും ഇന്ത്യാക്കാരാണ് നേടിയത്. 2013–14 വർഷം ഇന്ത്യാക്കാരായ 1,03,000 വിദ്യാർത്ഥികൾ യു. എസ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടി. യു.എസ് സെൻസസ് ബ്യൂറോ കണക്കനുസരിച്ച് ഇന്ത്യൻ കുടിയേറ്റക്കാരുടെ ശരാശരി പ്രായം 39 വയസ്സാണ്. അവരിൽ 83% വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിലാണ് തൊഴിലെടുക്കുന്നതെന്നും കണക്കുകൾ പറയുന്നു. ആകെ കുടിയേറ്റക്കാരിൽ 11% മാത്രമാണ് 65 ലധികം വയസ്സ് പിന്നിട്ടവർ. അമേരിക്കൻ നാട്ടുകാരെപ്പോലും പിന്തള്ളി ഏറ്റവും വിദ്യാഭ്യാസ നിലവാരം പുലർത്തുന്ന കാര്യത്തിലും ഇന്ത്യൻ കുടിയേറ്റക്കാരാണ് ഒന്നാമത്. 2015 ൽ, 25 വയസിലധികമുള്ള ഇന്ത്യൻ കുടിയേറ്റക്കാരിൽ 82% ഉം ബിരുദമോ അതിലധികമോ യോഗ്യത നേടിയവരായിരുന്നു എന്നാണ് കണക്ക്. അമേരിക്കയിൽ ജനിച്ചു വളർന്ന ഇതേ പ്രായക്കാരിൽ 30 % പേർ മാത്രമാണ് ഈ നേട്ടം കൈവരിച്ചവർ.

സോഫറ്റ് വെയർ സാങ്കേതിക വിദ്യകളുടെയും സ്ററാർട്ട് അപ്പുകളുടയും ആഗോള കേന്ദ്രമായ അമേരിക്കയിലെ സിലിക്കൺവാലി ഏതാനും വർഷങ്ങളായി ഇന്ത്യൻ മുഖം ആർജിച്ചു വരികയാണ്. ഗൂഗിൾ, മൈക്രോസോഫ്റ്റ്, എഎംഡി, അഡോബ് തുടങ്ങിയ സോഫ്റ്റ് വെയർ, സാങ്കേതികവിദ്യാ ഭീമന്മാർക്ക് ഇപ്പോൾ ഇന്ത്യക്കാരായ സിഇഒമാരാണുള്ളത്. ഫേസ്ബുക്ക്, മോട്ടോറോള, റെക്കിറ്റ് ബെൻകിസർ, മാസ്റ്റർ കാർഡ് തുടങ്ങിയ വൻ കമ്പനികൾക്കും സ്റ്റാർട്ട് അപ്പുകൾക്കും ആഗോള ബിസിനസ്സ് പ്രവർത്തനങ്ങൾ നയിക്കാൻ ഇത് ഇന്ത്യൻ മാനേജർമാരാണുള്ളത്. ഇന്ത്യൻ എൻജിനീയർമാരുടെ അപാരമായ വൈദഗ്ധ്യം, വൈഭവം എന്നിവ അമേരിക്കയിലെങ്ങും അവർക്ക് കീർത്തി നേടികൊടുത്തു.

## ഓക്സ് ബ്രിഡ്ജും ലണ്ടനും: ഇന്ത്യാക്കാരുടെ നിത്യഹരിത സ്വപ്നം

ബ്രിട്ടനുമായുള്ള ഇന്ത്യയുടെ ബന്ധം എന്നും അഭൂതപൂർവ്വമായിരുന്നു. കോളനി ഭരണത്തിന്റെ കയ്

പ്പേറിയ ഭൂതകാലം മറന്ന രണ്ടു രാജ്യങ്ങളും വളർച്ചാ ഗാഥയിൽ പങ്കാളികളായി. ഏതാണ്ട് രണ്ട് ദശലക്ഷം ബ്രിട്ടീഷ്-ഇന്ത്യൻ പൗരന്മാരാണ് വിവിധ കാലഘട്ടങ്ങളിൽ കുടിയേറിയവരായി അവിടെയുള്ളത്. മൂന്നാം തലമുറ കുടിയേറ്റക്കാരാണ് അവർ. ഊർജസ്വലരും യുവാക്കളുമാണ് ഇവരിൽ പലരും. വ്യവസായ സംരംഭകർ, സാങ്കേതികവിദഗ്ധർ, മാനേജർമാർ, ഡോക്ടർമാർ തുടങ്ങിയ ഉന്നത നിലകളിൽ തിളങ്ങുന്നവരാണ് ഇവരിൽ പലരും. ബ്രിട്ടനിലെ രാഷ്ട്രീയ-സാമൂഹ്യ സംസ്ക്കാരങ്ങളുമായി ഇണങ്ങി ചേർന്ന ഇന്ത്യൻ വംശജർ രാജ്യത്തെ രാഷ്ട്രീയ പ്രക്രീയയിലും സജീവരാണ്. 2015 ലെ ബ്രിട്ടീഷ് പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഇന്ത്യൻ വംശജരായ 10 സ്ഥാനാർത്ഥികളാണ് വിജയം നേടിയത്. അവരിൽ പലരും യുവാക്കളായിരുന്നു. പ്രീതി പട്ടേൽ (45) കൺസർവേറ്റീവ് പാർട്ടികളുടെ പിൻബലത്തിൽ കാമറൂൺ പവർമെന്റിലെ ആദ്യ ബ്രിട്ടീഷ് ഇന്ത്യൻ മന്ത്രി എന്ന ബഹുമതി സ്വന്തമാക്കി.

## ഗൾഫ് രാജ്യങ്ങളും മലേഷ്യയും

ഇന്ത്യയിൽ നിന്ന് വിദേശരാജ്യങ്ങളിലേക്ക് പോകുന്നവരെ പൊതുവെ രണ്ടായി തിരിക്കാം. ഉന്നത വൈദഗ്ദ്ധ്യമുള്ള പ്രൊഫഷണലുകൾ, തൊഴിലാളികൾ, വിദ്യാർത്ഥികൾ, തുടങ്ങി വൈറ്റ് കോളർ ജോലി ലക്ഷ്യമിടുന്നവർ. ഇവർ പൊതുവേ അമേരിക്ക, ബ്രിട്ടൺ, കാനഡ, ഓസ്ട്രേലിയ, ന്യൂസിലൻഡ് തുടങ്ങിയ രാജ്യങ്ങളിലേക്കാണ് എത്തുന്നത്. അവിദഗ്ധരും അർദ്ധവിദഗ്ധരുമായ തൊഴിലാളികൾ ഉൾപ്പെടുന്ന രണ്ടാമത്തെ വിഭാഗക്കാർ ഗൾഫ് രാജ്യങ്ങളിലേക്കും മലേഷ്യയിലേക്കും പോകുന്ന പ്രവണതയാണ് കണ്ടുവരുന്നത്. രണ്ടാം കൂട്ടത്തിൽപെടുന്നവരുടെ ശരാശരി പ്രായം യൂറോപ്പ്, വടക്കേ അമേരിക്ക തുടങ്ങിയ സ്ഥലങ്ങളിലേക്ക് കുടിയേറുന്നവരുടെ ശരാശരി പ്രായത്തേക്കാൾ കുറവാണ്. പശ്ചിമേഷ്യൻ രാജ്യങ്ങളിൽ എണ്ണയുടെ കുതിപ്പ് ദൃശ്യമായതിനെ തുടർന്നാണ് ഗൾഫ് കുടിയേറ്റം ശക്തിപ്രാപിച്ചത്. ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യൻ ജനസംഖ്യ 6 ദശലക്ഷത്തിന് അടുത്ത് വരും. ഇവരിൽ 90 % ഉം എൻ. ആർ.എ വിഭാഗത്തിൽപ്പെടുന്നവരാണ്. യു.എസ്, യു.കെ എന്നിവയിൽ നിന്ന് വിഭിന്നമായി ഗൾഫ് രാജ്യങ്ങൾ ഇന്ത്യൻ കുടിയേറ്റക്കാർക്ക് വിരളമായി മാത്രമെ സ്ഥിരമായ തൊഴിൽ വിസ അനുവദിക്കാറുള്ളു. തൊഴിൽ മേഖലാധാരമായും നിർമ്മാണ രംഗം പോലുള്ള ബ്ലൂ കോളർ ജോലികളായതിനാലും ഒരുപ്രായത്തിനു ശേഷം തൊഴിൽ ശേഷി കുറയുകയും അത്തരക്കാർ ഒഴിവാക്കപ്പെടുകയുമാണ് ചെയ്യുന്നത്. ഇന്ത്യയിൽ നിന്നുള്ള ചുരുക്കം ചില റിയൽ എസ്റ്റേറ്റ് വ്യവസായികൾ സൗദി അറേബ്യ, യുഎഇ, ഖത്തർ തുടങ്ങിയ രാജ്യങ്ങളിൽ ഏറെ തിളങ്ങുന്നുണ്ടെങ്കിലും ഇന്ത്യൻ സംരംഭകർക്ക് ഇവിടങ്ങളിൽ ഏറെ അവസരങ്ങളില്ല. ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളമാണ് ഗൾഫ് രാജ്യങ്ങളിലേക്ക് ഏറ്റവുമധികം തൊഴിലാളികളെ അയച്ചിട്ടുള്ളത്. കേരളത്തിൽ നിന്നുള്ള യുവജനങ്ങൾ ഗൾഫ് രാജ്യങ്ങളിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ നേഴ്സിംഗ് തുടങ്ങിയ മേഖലകളിൽ തിളക്കമാർന്ന സേവനമാണ് നടത്തുന്നത്. ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യൻ കുടിയേറ്റക്കാരുടെ വർദ്ധിച്ച എണ്ണം ഇവിടങ്ങളിൽ ഇന്ത്യൻ സംസ്ക്കാരവും സിനിമയും വ്യാപിക്കാൻ കാരണമായി.

## മസ്തിഷ്ക ശോഷണമോ സാംസ്കാരിക വിനിമയമോ?

ലോകത്തിന്റെ വിവിധ കോണുകളിലുള്ള പ്രവാസി സമൂഹത്തിൽ നിന്ന് ഇന്ത്യക്ക് പ്രതിവർഷം 70 ബില്യൺ ഡോളറാണ് ലഭിക്കുന്നത്. ലോകത്ത് ഏതെങ്കിലും രാജ്യത്തിന് ഇത്തരത്തിൽ ലഭിക്കുന്നതിൽ ഏറ്റവും ഉയർന്ന തുകയാണിത്. കേരളത്തിന് ഗൾഫ് രാജ്യങ്ങളിൽ നിന്ന് ലഭിക്കുന്ന വരുമാനം സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 36.3% വരും. പല ദശകങ്ങളായി പ്രവാസി ഭാരതീയ സമൂഹത്തിലൂടെ ഭാരതീയ വിജ്ഞാനവും സംസ്കാരവും മൂല്യങ്ങളും ലോകമെങ്ങും തളിർത്തു വരികയാണ്. കൂർമ്മബുദ്ധിയുടെ പേരിൽ മാത്രമല്ല ഇന്ത്യൻ വിഭവശേഷിയുടെ യശസ്സ് ഉയർത്തുന്നതിലും അവർ മൂല്യപങ്ക് വഹിക്കുന്നു. പാമ്പാട്ടികളുടെ നാട് എന്ന പഴയപേരിന്റെ സ്ഥാനത്ത് ശക്തവും കരുത്തുറ്റതുമായ ഒരു രാഷ്ട്രത്തിന്റെ ചിത്രമാണ് അവർ ലോകരാഷ്ട്രങ്ങൾക്കു മുന്നിൽ വരച്ചുകാട്ടുന്നത്. അങ്ങനെ പ്രവാസി സമൂഹത്തിലൂടെ ഇന്ത്യ സാമ്പത്തികമായും സാംസ്കാരികമായും പ്രയോജനം അനുഭവിക്കുന്നു. എന്നിരുന്നാലും വൈദഗ്ധ്യം നേടിയ യുവാക്കൾ വൻതോതിൽ മറ്റുദേശങ്ങളിലേക്ക് പോകുന്നത് രാജ്യത്ത് മസ്തിഷ്ക ചോർച്ചയുണ്ടാകുമെന്ന ആശങ്കയും രൂപപ്പെട്ടിട്ടുണ്ട്. 60,000 വിദഗ്ധ ഡോക്ടർമാരെ മറ്റു രാജ്യങ്ങൾക്കു നൽകി 2010 ൽ ഇക്കാര്യത്തിൽ ഇന്ത്യ ഒന്നാം സ്ഥാനം നേടി. ഇംഗ്ലീഷ് സംസാരിക്കുന്ന OECD രാജ്യങ്ങളിലേക്ക് ഏറ്റവും അധികം വിദഗ്ധ ഡോക്ടർമാരെ നൽകുന്നതും ഇന്ത്യ തന്നെ. ഇത്തരത്തിലുള്ള കൊഴിഞ്ഞുപോക്ക് ഇന്ത്യയെ പ്രത്യേകിച്ച് ഗ്രാമീണ ഇന്ത്യയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇന്ത്യൻ ഡോക്ടർമാരിൽ 10% വിദേശത്തേക്ക് പോകുമ്പോൾ ചൈനയിൽ ഇത് കേവലം 1 % മാത്രമാണ്. ജനിതക എൻജിനീയറിംഗ്, ബയോടെക്നോളജി തുടങ്ങിയ മേഖലകളിലെ വിദഗ്ധരിൽ 90 ശതമാനവും പഠനശേഷം അമേരിക്കയിലേക്ക് പോകുമ്പോൾ രാജ്യത്തെ പരീക്ഷണശാലകളും ഗവേഷണ വികസന മേഖലയും വിദഗ്ധരുടെ അഭാവമാണ് നേരിടുന്നത്.

## ജനസംഖ്യാപരമായ നേട്ടം

ഏഷ്യൻ, യൂറോപ്യൻ, വടക്കേ അമേരിക്കൻ രാജ്യങ്ങളിൽ വാർധക്യം ബാധിച്ചവരുടെ എണ്ണം അധികമാകുമ്പോൾ 2025 ഓടെ ലോകത്തിലെ ഏറ്റവും യുവ

ത്വമേറിയ രാഷ്ട്രം എന്ന നേട്ടത്തിലേക്ക് അടുക്കുകയാണ് ഇന്ത്യ. 26 വയ സായിരിക്കും ഭാരതീയന്റെ ശരാശരി പ്രായം. ലോകത്തിൽ തൊഴിലെടുക്കുന്നവരിൽ 20% ഉം 2020 ഓടെ ഇന്ത്യക്കാരായിരിക്കും. ലോകത്തിലെ ഏറ്റവും വലിയ പ്രവാസി സമൂഹത്തിന് ഉടമയായ ഇന്ത്യ അത് ഇനിയും ഉയർത്താനുള്ള ഒരുക്കത്തിലാണ്. ലോകത്തിലെ എല്ലാ രാജ്യങ്ങളിലും പരന്നു കിടക്കുന്ന പ്രവാസി സമൂഹമാണ് ഇന്ത്യൻ കരുത്തിന്റെ ആയുധം. പ്രവാസികൾ അയക്കുന്ന പണം മാത്രമല്ല, വിദേശങ്ങളിൽ അവർ സ്വായത്തമാക്കുന്ന ഗവേഷണ മികവും രാജ്യത്തിന് മുതൽക്കൂട്ടാവും. ഒരു കാലത്ത് ഏറ്റവും വലിയ പ്രവാസി സമൂഹമായിരുന്നു ചൈന. പിന്നീട് നാട്ടിൽ മടങ്ങിയെത്തിയ ചൈനീസ് പ്രവാസികൾ നാട്ടിൽ ഒന്നാംകിട സംരംഭങ്ങൾക്ക് തുടക്കമിട്ടു. എന്നാൽ ഇത്തരം പ്രവണത ഇന്ത്യൻ പ്രവാസികളിൽ ദൃശ്യമായിട്ടില്ല. ഈ സാഹചര്യങ്ങളിൽ മസ്തിഷ്ക ചോർച്ച, നേട്ടമാക്കി മാറ്റാനായി പല പരിപാടികളും ഗവൺമെന്റ് നടപ്പാക്കി വരുന്നു.

### 1. പ്രവാസി ഭാരതീയ ദിവസം

### (Pravasi Bharatiya Divas):

ഇന്ത്യൻ പ്രവാസികളുടെ നേട്ടങ്ങൾ ആഘോഷിക്കാനായി ഓരോ വർഷവും നടത്തുന്ന ദിനം. ഇന്ത്യയും പ്രവാസികളുടെ നാടുമായി ബന്ധം ദൃഢമാക്കാൻ ലക്ഷ്യമിട്ടിരുന്ന ഈ ദിനം ഇപ്പോൾ ഇന്ത്യയുടെ വളർച്ചാ - വികസന ഗാഥകൾ ലോകത്തെ അറിയിക്കാനും അതു വഴി ഇന്ത്യയെപ്പററി അവരിൽ വിശ്വാസം വളർത്താനുമുള്ള ഉപാധിയായും ആചരിക്കപ്പെടുന്നു.

### 2. PIO, OCI കാർഡുകളുടെ ലയനം:

ഇന്ത്യൻ വംശജരായ പ്രവാസികളുടെ ഇന്ത്യയിലേക്കുള്ള യാത്രക്കും ദീർഘകാല താമസവും ആയാസരഹിതമാക്കാനായി രണ്ടു കാർഡുകളും യോജിപ്പിച്ചു.

### 3. യുവ പ്രവാസി ഭാരതീയ ദിവസം:

പ്രവാസി സമൂഹത്തിലെ യുവജനങ്ങളുടെ പ്രാധാന്യം മനസിലാക്കി ഗവൺമെന്റ് അവർക്കായി പ്രത്യേക ആഘോഷം സംഘടിപ്പിക്കുന്നു.

### 4. പ്രവാസി ഭാരതീയ കേന്ദ്രം:

150 രാജ്യങ്ങളിലെ പ്രവാസി ഇന്ത്യക്കാർക്കായി ഇപ്പോൾ ന്യൂഡൽഹിയിലെ പ്രവാസി ഭാരതീയ കേന്ദ്രം എന്ന പുതു വാസസ്ഥലം സജ്ജമാക്കി. വിവിധ സൗകര്യങ്ങൾ ഇവിടെയുണ്ട്.

### 5. വജ്ര:

ശാസ്ത്രസാങ്കേതിക രംഗത്ത് രാഷ്ട്രത്തിന്റെ വളർച്ചക്ക് സംഭാവ നൽകാൻ പ്രവാസി ശാസ്ത്ര, സാങ്കേതിക വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണിത്.

### 6. ഇന്ത്യയെ അറിയുക പദ്ധതി

### (Know India Programme):

18-26 പ്രായത്തിലുള്ള യുവപ്രവാസികളെ ഇന്ത്യയെപ്പറ്റിയും അവരുടെ പൂർവ്വികരെപ്പറ്റിയും ബോധവാന്മാരാക്കാനും സമകാലിന ഇന്ത്യയുമായി ബന്ധം ശക്തമാക്കാനും ലക്ഷ്യമിട്ടാണിത്.

മെയ്ക് ഇൻ ഇന്ത്യ, ബ്രെയിൻ ഗെയിൻ പദ്ധതികൾക്ക് ലോകമെങ്ങുമുള്ള യുവപ്രവാസികളിൽ മികച്ച പ്രതികരണം ലഭിച്ചു വരുന്നുണ്ട്. ഇന്ത്യയിലേക്ക് മടങ്ങാൻ പദ്ധതിയിടുന്ന അവർ അവരുടെ മാനസിക, ശാരീരിക, സാമ്പത്തിക വൈദഗ്ധ്യം ഇവിടെ നിക്ഷേപിക്കാൻ ഒരുങ്ങുന്നു. ഡൽഹി, മുബൈ, ഐഐടികളിൽ 2000 ൽ ഏതാണ്ട് 100% വിദേശ തൊഴിൽ വാഗ്ദാനങ്ങളാണ് ഉണ്ടായിരുന്നത്. ഇപ്പോഴും വാഗ്ദാനങ്ങൾ ഉണ്ടെങ്കിലും വിദേശത്തേക്കുള്ള ഒഴുക്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

യുവ പ്രവാസി സമൂഹം ഇന്ത്യക്ക് ഏറെ പ്രാധാന്യമുള്ളതാണ്. അമേരിക്ക, ബ്രിട്ടൺ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ അടുത്ത കാലത്ത് അധികാരത്തിൽ വന്ന യാഥാസ്ഥിതിക ഗവൺമെന്റുകൾ ഉന്നത വൈദഗ്ദ്യമുള്ള ഇന്ത്യൻ പ്രൊഫഷണലുകളുടെ തൊഴിൽ വിസ വെട്ടിച്ചുരുക്കി. വിസ ഏറ്റവും കൂടുതൽ ലഭിച്ചിരുന്നത് ഇന്ത്യാക്കാർക്കായിരുന്നതിനാൽ അത്തരം നീക്കങ്ങൾ അവരുടെ ഭാവിയെ മാത്രമല്ല വിദേശങ്ങളിലെ താമസത്തേയും ദോഷകരമായി ബാധിക്കും. നിതാഖത്ത് നിയമം കൊണ്ടുവന്നതിലൂടെ സൗദി അറേബ്യയും ആഭ്യന്തര തൊഴിൽ രംഗം സംരക്ഷിക്കാൻ നടപടി തുടങ്ങി. യെമൻ, സുഡാൻ, കെനിയ, ഇറാഖ് തുടങ്ങിയ രാജ്യങ്ങളിൽ ഇന്ത്യാക്കാർ യുദ്ധമേഖലകളിൽ കുടുങ്ങുന്നത് സാധാരണമാണ്. അത്തരം മേഖലകളിൽ നിന്ന് ഇന്ത്യാക്കാരെ രക്ഷപ്പെടുത്താൻ ഗവൺമെന്റ് തന്ത്രപരമായ മികവ് പ്രദർശിപ്പിക്കുന്നുണ്ട്. എന്നിരുന്നാലും നിശ്ചിതമായ ഒരു ഒഴിപ്പിക്കൽ നയം രൂപീകരിക്കേണ്ടിയിരിക്കുന്നു. ചട്ടങ്ങളിലെ സങ്കീർണ്ണതകൾ ഇന്ത്യൻ സ്റ്റാർട്ട് അപ്പ് സംരംഭങ്ങളിൽ നിക്ഷേപിക്കുന്നതിന് തടസ്സമാകുന്നു. ഇവ ലഘൂകരിക്കേണ്ടതുണ്ട്. യുവ ജനസംഖ്യ ആഭ്യന്തരതലത്തിലും വിദേശതലത്തിലും ഒരേപോലെ പ്രയോജനകരമാണ്. അവരെ ബന്ധപ്പെട്ട രാജ്യങ്ങളിലെ തൊഴിൽ മേഖലകൾക്ക് അനുസൃതമാം വിധം രൂപപ്പെടുത്തുന്നതിന് പ്രവാസി കൗശൽ വികാസ് യോജന പോലുള്ള പദ്ധതികൾ വിജയകരമായി നടപ്പിലാക്കേണ്ടതുണ്ട്.

*(ലേഖകർ യഥാക്രമം ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ സെന്റർ ഫോർ യൂറോപ്യൻ സ്റ്റഡീസിൽ അസിസ്റ്റന്റ് പ്രൊഫസറും ഗവേഷകനുമാണ്)*

# യുവജനത യോഗ പരിശീലിക്കേണ്ടതിന്റെ പ്രാധാന്യം

ഡോ. ഈശ്വർ എൻ ആചാര്യ, ഡോ. രാജീവ് രസ്തോഗി

ഇന്ന് ലോകമൊട്ടാകെ യോഗ വളരെ പ്രശസ്തവും ജനപ്രിയവുമാണ്. ജാതി, മതം, വർണം, വർഗം, ദേശീയത, രാജ്യം തുടങ്ങി എല്ലാ അതിരുകൾക്കുമപ്പുറത്തേക്കു യോഗ വളർന്നിരിക്കുന്നു. ലോകമൊട്ടാകെ യോഗ അറിയപ്പെടുകയും ചെയ്യുന്നു. ആരോഗ്യ സംരക്ഷണത്തിനും രോഗ പ്രതിരോധം വളർത്തുന്നതിനും ജീവിത ശൈലിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന നിരവധി രോഗങ്ങളെ ഫലപ്രദമായി തടയുന്നതിനും യോഗയ്ക്ക് അനന്യവും സുപ്രധാനവുമായ പങ്കുണ്ട് എന്നതുതന്നെയാണ് ഇതിനു കാരണം. ശരീരവും മനസും തമ്മിൽ പൂർ ണമായും സമന്വയത്തിൽ കൊണ്ടുപോകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ആത്മീയ അച്ചടക്കമാണ് യോഗ.

സാങ്കേതികയുഗം എന്നാണ് ഇക്കാലം അറിയപ്പെടുന്നത്. സാങ്കേതിക മുന്നേറ്റം നമ്മുടെ ജീവിതം വളരെ സുഖകരമാക്കിയിരിക്കുന്നു. എന്നാൽ തെറ്റായ ജീവിത ശൈലിയും പരിസ്ഥിതി മലിനീകരണവും ആധുനിക ജോലി സംസ്കാരവുമെല്ലാം ചേർന്ന് ജീവിതം ദുസഹമാക്കുകയാണ്. ശാരീരികം, മാനസികം, ബൗദ്ധികം, വൈകാരികം, സാമൂഹികം, ആത്മീയം എന്നിങ്ങനെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഇതു പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്. ചുരുക്കിപ്പറഞ്ഞാൽ ആധുനിക ജീവിതരീതി മൊത്തത്തിൽ ജീവിതത്തെ ചിന്താക്കുഴപ്പത്തിൽ എത്തിച്ചിരിക്കുകയാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ശരിയായ ദിശ നൽകുവാൻ യോഗ ശ്രമിക്കുകയാണ്. യോഗയുടെ വൈശിഷ്ട്യം അത് മറ്റെല്ലാ ചികിത്സാസമ്പ്രദായങ്ങളുമായി ഒത്തുപോകുമെന്നതാണ്. ഇതുമൂലം മറ്റു ചികിത്സാരീതികൾ വർത്തിക്കുന്നവർക്കും അവരുടെ രോഗികൾക്ക് യോഗ നിർദ്ദേശിക്കാൻ സാധിക്കും.

അറുപത്തിയൊമ്പതാമതു യുഎൻ പൊതുസഭയിൽ വച്ച് 2014 സെപ്റ്റംബർ 27-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ പ്രസംഗം ഇത്തരത്തിൽ വളരെ ശ്രദ്ധേയമാണ്: 'നമ്മുടെ പാരമ്പര്യം നൽകിയ വിലമതിക്കാനാവാത്ത സമ്മാനമാണ് യോഗ. ഇത് മനസിനേ യും ശരീരത്തേയും ഏകീകരിക്കുന്നു. ചിന്തയേയും പ്രവൃത്തിയേയും സമന്വയിപ്പിക്കുന്നു; പ്രകൃതിയേയും മനുഷ്യനേയും ഒന്നിച്ചുകൊണ്ടുപോകുന്നു; സംയമനവും സിദ്ധിയും നൽകുന്നു. ആരോഗ്യത്തിനും സൗഖ്യത്തിനുമുള്ള സമ്പൂർണ സമീപനമാണ് യോഗ. യോഗ കായികപരിശീലനമല്ല, മറിച്ച് നമ്മിലെ ഏകതാനുഭവം കണ്ടെത്തുന്നതിനുള്ള പരിശ്രമമാണ്. ലോകവും പ്രകൃതിയും ഏകത്വമാകുന്ന അന്വേഷണമാണ് യോഗ. നമ്മുടെ ജീവിതശൈലിയിൽ മാറ്റം വരുത്തിയും സ്വയം തിരിച്ചറിഞ്ഞും യോഗ പരിശീലിക്കാം. ഇത് കാലാവസ്ഥാവ്യതിയാനത്തെ നേരിടുവാൻ നമ്മെ സഹായിക്കും. രാജ്യാന്തര യോഗ ദിനത്തിനായി നമുക്കൊരുമിച്ചു പ്രവർത്തിക്കാം."

ആഗോളതലത്തിൽ യോഗയെ ജനപ്രിയമാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. യോഗയെ ആഗോളതലത്തിൽ കൂടുതൽ ഉപയോഗപ്പെടുത്തണമെന്നും ലോകരാജ്യങ്ങളോട് അദ്ദേഹം അഭ്യർത്ഥിച്ചു.

പിന്നീട് 177 രാജ്യങ്ങളുടെ പിന്തുണയോടെ ജൂൺ 21 ലോക യോഗ ദിനമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചു. ലോകമിന്ന് ആവേശത്തോടെയും ഊർജസ്വലതയോടെയും 'ലോക യോഗ ദിനം' ആഘോഷിച്ചുപോരുന്നു. മറ്റു മന്ത്രാലയങ്ങളുടെ കൂടി സഹകരണത്തോടെ ഇന്ത്യയിൽ ആയുഷ് മന്ത്രാലയത്തിനാണ് യോഗദിനം ആഘോഷിക്കുന്നതിനുള്ള ഉത്തരവാദിത്തം നിക്ഷിപ്തമായിട്ടുള്ളത്. ഈ വർഷം മൂന്നാമതു ലോക യോഗദിനമാണ് ആഘോഷിക്കുവാൻ പോകുന്നത്.

## എന്താണ് യോഗ?

ഇന്ത്യയിൽ രൂപപ്പെട്ട ആത്മീയ ശാസ്ത്രമാണ് യോഗ. പുരാതനകാലത്തെ ഇന്ത്യൻ യോഗിമാരാണ് ഇതിനു രൂപംകൊടുത്തത്. ഇന്ത്യയുടെ പാരമ്പര്യത്തിലും സംസ്കാരത്തിലും ആഴത്തിൽ വേരൂന്നിയിട്ടുള്ള സമ്പൂർണമായ ജീവിതസമീപനമാണിത്. ഋഷിമാരും മുനിമാരും ആയിരക്കണക്കിനു വർഷങ്ങൾക്കു മുമ്പ് വികസിപ്പിച്ചെടുത്തതാണിത്. കണ്ടെടുത്തിട്ടുള്ള എല്ലാ പുരാതന ഗ്രന്ഥങ്ങളിലും തന്നെ യോഗയെക്കുറിച്ചു പരാമർശമുണ്ട്. മധ്യകാല, ആധുനിക, സമകാലീന കൃതികളെല്ലാം യോഗയുടെ സമൃദ്ധമായ സ്രോതസുകളാണ്. അടുക്കും ചിട്ടയുമുള്ള ആദ്യത്തെ യോഗ കൃതിയായി പതഞ്ജലിയുടെ 'യോഗ സൂത്ര'യെ (ബി സി 400) കണക്കാക്കുന്നു. നിരവധി വിദഗ്ധർ ഇതേക്കുറിച്ചു വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്. പതഞ്ജലിയാണ് യോഗയുടെ എട്ടു വഴികളെക്കുറിച്ച് വ്യക്തമാക്കിയിട്ടുള്ളത്. 'അഷ്ടാംഗ യോഗ' എന്ന പേരിൽ ഇത് അറിയപ്പെടുന്നു. ഒരു വ്യക്തിയുടെ ജിവീതത്തിന്റെ എല്ലാ വശങ്ങളേയും അഷ്ടാംഗ യോഗ സൂക്ഷ്മമായി കണക്കിലെടുത്തിരിക്കുന്നു.

സൗഖ്യപ്പെടുത്തൽ, ആരോഗ്യ സംരംക്ഷണം, ആരോഗ്യകരമായ ജീവിതം തുടങ്ങിയവയ്ക്കുള്ള മരുന്നില്ലാത്ത സംവിധാനമാണ് യോഗ. ആരോഗ്യം, രോഗം എന്നിവയെക്കുറിച്ച് യോഗയ്ക്ക് അതിന്റേതായ സ്വന്തം സങ്കൽപങ്ങളും തത്ത്വങ്ങളുമുണ്ട്. ശാരീരികവും മാനസികവും സാമൂഹ്യവും വൈകാരികവും ആദ്ധ്യാ

ത്മികവും ഉൾപ്പെടെ ജീവിതത്തിലെ വിവിധ തലങ്ങൾ സംഗമപ്പിക്കുന്ന ആരോഗ്യത്തെ പൂർണതയോടെ കാണുകയെന്ന സമീപനത്തിലാണ് യോഗ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. നല്ല ആരോഗ്യം നൽകുന്നതു മാത്രമല്ല രോഗത്തെ തടയുന്നതും എന്നാൽ വളരെ ലളിതവും എളുപ്പത്തിൽ പ്രാവർത്തികമാക്കാവുന്നതുമായ ബഹുവിധത്തിലുള്ള ആരോഗ്യ പരിശീലനങ്ങൾ യോഗ മുന്നോട്ടു വയ്ക്കുന്നു. ഇതാവട്ടെ നിത്യജീവിതവുമായി സംയോജിക്കപ്പെട്ടതും അതേ സമയം മറ്റു ചികിത്സാരീതികളോടൊപ്പം പരിശീലിക്കാവുന്നതുമാണ്.

മനുഷ്യരാശിയുടെ മാറി വരുന്ന ആരോഗ്യാവശ്യങ്ങളെ നിറവേറ്റുകയെന്ന ലക്ഷ്യത്തോടെ ഗവേഷകരും ചികത്സകരും ഇപ്പോൾ യോഗ പരിശീലനങ്ങൾ വളരെ വ്യാപകമായി ഉപയോഗിച്ചുവരുന്നുണ്ട്. യോഗ ഇന്ന് ആഗോള ശ്രദ്ധ നേടിക്കഴിഞ്ഞിരിക്കുന്നു. ജീവിതത്തിന്റെ നാനാതുറയിലുമുള്ള ആളുകളിൽ യോഗ പരിശീലനത്തെക്കുറിച്ചുള്ള അവബോധം വർധിച്ചുവരികയാണ്. ആരോഗ്യ സംരംക്ഷണവും മെച്ചപ്പെടുത്തലും മാത്രമല്ല, പലവിധ രോഗങ്ങൾ കൈകാര്യം ചെയ്യുന്നതിനും യോഗാ പരിശീലനം ഉപയോഗിക്കുന്നു. മാനസിക പിരിമുറുക്കം, മാനസിക പ്രശ്നങ്ങളാലുണ്ടാക്കുന്ന ശാരീരിക പ്രശ്നങ്ങൾ തുടങ്ങിയവ തടയുന്നതിനും പരിഹരിക്കുന്നതിനും പല യോഗ ഗുരുക്കന്മാരും ചികിത്സാവിദഗ്ധരും യോഗയിലൂന്നിയ ജീവിതശൈലി പ്രോത്സാഹിപ്പിച്ചുവരികയാണ്.

യോഗ പരിശീലിക്കുന്നത് ആരോഗ്യം പോഷിപ്പിക്കുന്നതിലേക്കും രോഗങ്ങൾ തടയുന്നതിലേക്കും മാനസിക പ്രശ്നങ്ങളാലുണ്ടാകുന്ന ശാരീരിക പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിലേക്കും നയിക്കുന്നു. മാത്രവുമല്ല ഉയർന്ന തലത്തിലുള്ള അവബോധവും യോഗ വഴി ലഭ്യമാകുന്നു. യോഗയുടേത് സമഗ്രമായ സമീപനമാണ്. ഒരു വ്യക്തിയെ സമഗ്രമായി ചികിത്സിക്കുന്നതിലാണ് യോഗ വിശ്വസിക്കുന്നത്.

ശുദ്ധീകരണ നടപടി ക്രമങ്ങൾ (ക്രിയകൾ), സൂര്യനമസ്കാരം, ആസനങ്ങൾ, പ്രാണയാമം (ശ്വാസോച്ഛ്വാസ പരിശീലനങ്ങൾ), ബന്ധം, മുദ്ര, ധ്യാനം, പിരിമുറക്കത്തിൽനിന്നുള്ള മോചന സമ്പ്രദായം തുടങ്ങിയവയാണ് പൊതുവേയുള്ള യോഗ പരിശീലനങ്ങൾ.

## സൂര്യ നമസ്കാരം (Salutation to Sun)

യോഗയിൽ ഏറ്റവും പ്രശസ്തവും പ്രയോജനപ്രദവുമായ രീതിയാണ് സൂര്യ നമനസ്കാരം. തുടർച്ചയായ 12 ശാരീരിക അവസ്ഥകളാണ് (Postures) ഇതിൽ ഉൾപ്പെടുന്നത്. രാവിലെ ഉദയസൂര്യന് അഭിമുഖമായിട്ടാണ് ഇതു ചെയ്യേണ്ടത്. ഇത് നാഡി ഗ്രന്ഥികളും നാഡീഞരമ്പുകളും അടങ്ങിയ ശരീര സംവിധാനത്തിൽ ഊർജം നിറയ്ക്കും. പതിവായി സൂര്യനമസ്കാരം പരിശീലിക്കുന്നത് രക്തത്തിൽ ജീവവായു വർധിപ്പിക്കും. ശരീരത്തിലെ ഓരോ സംവിധാനത്തേയും ഏറ്റവും ഇണക്കത്തോടെ മുന്നോട്ടുകൊണ്ടുപോകും. മനുഷ്യശരീരത്തെ പൊതുവേ ഊർജിതമാക്കുകയും മാനസികപ്രശ്നങ്ങളുണ്ടാകുന്ന ശാരീരിക രോഗത്തെ ഇല്ലാതാക്കുകയും ചെയ്യും.

## ആസനങ്ങൾ (Body Postures)

മനസിനും ശരീരത്തിനും സ്ഥിരത നൽകുന്ന പ്രത്യേകമായ നിശ്ചല ശരീരാവസ്ഥ മാതൃകയാണ് ആസനങ്ങൾ. ശരീരത്തിന്റെ പൊതുവായ മസിലുകളെ മെച്ചപ്പെടുത്തുന്നതിലാണ് ആസനങ്ങൾ ലക്ഷ്യം വയ്ക്കുന്നത്. നിശ്ചല ശരീരാവസ്ഥയുടെ പ്രകടനത്തെ ബാധിക്കുന്ന അടിസ്ഥാന തത്വം ശരീര പ്രകൃതി മാത്രമല്ല മാനസിക-നാഡീ പ്രകൃതിയും കൂടിയാണ്. ആസനങ്ങൾ ആയാസരഹിതമായി ചെയ്യാൻ സാധിക്കുമെന്നു മാത്രമല്ല ശാരീരിക, മാനസിക സൗഖ്യം നിലനിർത്തുന്നതിന് ഉത്തമവുമാണ്.

## പ്രാണായാമം (Pranayama)

ശ്വാസോച്ഛ്വാസ പ്രവർത്തനത്തിലുള്ള നിയന്ത്രണമാണ് പ്രാണയാമ പരിശീലനത്തിലൂടെ കൈവരിക്കുന്നത്. യോഗയിൽ സുഖകരമായി ദീർഘസമയം ശ്വാസം പിടിച്ചുനിർത്തുന്നത് ഏറ്റവും ആവശ്യ സങ്കേതമാണ്. ഈ ശ്വാസോച്ഛ്വാസരീതിയുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം നാഡീവ്യൂഹത്തിന്റെ പ്രവർത്തന നിയന്ത്രണമാണ്. ഇതിന്റെ സ്വാധീനത്തിൽ മനസിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നു. ധ്യാനം പോലുള്ള ഉയർന്ന യോഗിക് പരിശീലനങ്ങൾക്ക് ഇത് പ്രയോജനകരമാണ്.

## ധ്യാനം (Meditation)

വിഘ്നങ്ങളില്ലാതെ, തുടർച്ചയായി ഒരേ ദിശയിലേക്കുള്ള മനസ്സിന്റെ പ്രവാഹമാണ് ധ്യാനം. എവിടെ മനസുറപ്പിച്ചിരിക്കുന്നുവോ അവിടേയ്ക്കുള്ള പ്രവാഹം. ധ്യാനത്തിന്റെ അടിസ്ഥാന തത്ത്വം ആന്തരിക അറിവു വളർത്തിയെടുക്കുകയെന്നതാണ്. മാനസിക വ്യാപാരങ്ങളുടെ നിയന്ത്രണം ഈ പരിശീലനത്തിൽ ഉൾപ്പെടുന്നു. പുറത്തുള്ള വസ്തുക്കളിൽനിന്നു മനസിനെ പിൻവലിക്കുന്നതിൽ തുടങ്ങി പുറത്തെ അന്തരീക്ഷത്തെ പൂർണമായും മറവിലേക്കു തള്ളുന്നതിലേക്കു ധ്യാനം എത്തിച്ചേരുന്നു. ഇത് ഉൾക്കൊള്ളലിന്റെ ഒരു പ്രക്രിയ ആണ്. ഇതിൽ വ്യക്തികളുടെ ശ്രദ്ധ അനുഭവത്തിലേക്ക് മാറുന്നു. ധ്യാനം തുടർച്ചയായി അഭ്യസിക്കുന്നതിലൂടെ ഒരാൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുള്ള ശക്തി ആർജിക്കുന്നു. ഇതു ബഹുവിധ ഫലങ്ങൾ വ്യക്തികൾക്കു ലഭ്യമാക്കുന്നു. ശരീരോർജം, മാനസിക ക്ഷമത, ക്രിയാത്മകത, ശാന്തശീലം, ഓർമ, മനഃശക്തി, ബുദ്ധി, ആത്മജ്ഞാനം തുടങ്ങിയവ വർധിപ്പിക്കുന്നു.

## എന്താണ് ആരോഗ്യം?

ആരോഗ്യത്തിന് നിരവധി നിർവചനങ്ങളുണ്ട്.

പക്ഷേ ആരോഗ്യത്തെക്കുറിച്ച് ഏറ്റവുമധികം ഉദ്ധരിക്കുന്ന ആധുനിക നിർവചനം ലോകാരോഗ്യ സംഘടനയുടെ (WHO) ഭരണഘടനയുടെ ആമുഖം തയ്യാറാക്കുമ്പോൾ നൽകിയതാണ്. 1946 ജൂൺ 19-22 തീയതികളിൽ ന്യൂയോർക്കിൽ നടന്ന ഇന്റർനാഷണൽ ഹെൽത്ത് കോൺഫറൻസിലാണ് ഇത് അംഗീകരിച്ചത്. 1946 ജൂലൈ 22-ന് 61 രാജ്യങ്ങൾ ഇതിൽ ഒപ്പുവയ്ക്കുകയും ചെയ്തു. 1948 ഏപ്രിൽ ഏഴിന് ഇതു നിലവിൽ വരികയും ചെയ്തു. അതുപ്രകാരം "കേവലം രോഗമോ ബലക്ഷയമോ ഇല്ലാത്ത അവസ്ഥയല്ല ആരോഗ്യം. മറിച്ച് ശാരീരകവും, മാനസികവും സാമൂഹ്യവുമായുള്ള പൂർണാവസ്ഥയാണ് ആരോഗ്യം."

## യോഗയും യുവജനങ്ങളും

ആരോഗ്യകരമായി ജീവിക്കുന്നതിനുള്ള ശാസ്ത്രവും കലയുമായിട്ടാണ് യോഗയെ കണക്കാക്കുന്നത്. ആരോഗ്യം കാംക്ഷിക്കുന്ന ആർക്കും പരിശീലിക്കാവുന്നതാണ് യോഗ. രോഗത്തിൽനിന്ന് അകന്നു നിൽക്കാനാഗ്രഹിക്കുന്നവർക്കുള്ളതാണ് ഇത്. യഥാർഥത്തിൽ യോഗ ആന്തരിക നൈപുണ്യങ്ങളെ വളർത്തിയെടുക്കുന്നതിനുള്ള വഴിയാണ്. ഇത് ആത്മവിശ്വാസം ഉയർത്തുന്നതിനു പുറമേ മറ്റു ധാരാളം ഗുണങ്ങൾ പ്രദാനം ചെയ്യുന്നതുമാണ്. ചുരുക്കിപ്പറഞ്ഞാൽ യോഗ ജീവിതശൈലിയുടെ നേർവഴിയിലേക്കുള്ള പുതുക്കിപ്പണിയലാണ്.

യുവജനങ്ങൾക്ക് യോഗ ഇന്ന് ഏറ്റവും ആവശ്യമായിരിക്കുന്നു. പഠനവുമായി ബന്ധപ്പെട്ടായാലും തൊഴിലുമായി ബന്ധപ്പെട്ടായാലും യുവജനങ്ങൾ അവരുടെ ജീവിതത്തിൽ ഇന്ന് ഒട്ടേറെ വെല്ലുവിളികളാണ് നേരിടുന്നത്. ഈ ദൈനംദിന വെല്ലുവിളികളെ സമർത്ഥമായി നേരിടുവാൻ യോഗിക് ജീവിതശൈലിയിലേക്ക് അവരെ പരിവർത്തനം ചെയ്യേണ്ടതുണ്ട്. മാനസികം, ശാരീരകം, സാമൂഹ്യം, വൈകാരികം, ധാർമികം, ആദ്ധ്യാത്മികം എന്നിങ്ങനെ ജീവിതത്തിന്റെ നാനാവശങ്ങളുമായും ബന്ധപ്പെടുത്തി യോഗ അവരുടെ വ്യക്തിത്വത്തെ വികസിപ്പിക്കുന്നു. ആത്യന്തികമായി അതു മനുഷ്യനെ പുതിയൊരു വ്യക്തിയാക്കി മാറ്റുന്നു. യോഗ എല്ലാ സമ്പ്രദായങ്ങളേയും സ്വാധീനിക്കുന്നു. ക്ഷമയും ശ്രദ്ധയും വർധിപ്പിക്കുന്നു. യോഗാ പരിശീലനം വ്യക്തിയെ ശാന്തനാക്കുന്നു. ഇന്നത്തെ തിരക്കുപിടിച്ച ജീവിതത്തിൽ ഏറ്റവും ആവശ്യമായ സംഗതിയും ഒരു പക്ഷേ ഇതാണ്.

നൂറ്റിയിരുപത്തിയഞ്ചു കോടി ജനങ്ങളുള്ള ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ രാജ്യമാണ്. ഇന്ത്യയുടെ വികസനം ഏറ്റവും കൂടുതൽ ആശ്രയിച്ചു നിൽക്കുന്നത് ആ രാജ്യത്തിന്റെ ആരോഗ്യത്തിലാണ്. ഒരു രാജ്യത്തിന്റെ ആരോഗ്യം മോശമാണെങ്കിൽ അതിന്റെ പുരോഗതിയും മന്ദഗതിയിലായിരിക്കും. കാരണം ജനങ്ങളുടെ മെച്ചപ്പെട്ട ആരോഗ്യത്തിനായി കൂടുതൽ സമയവും ഊർജവും രാജ്യത്തിന് ചെലവഴിക്കേണ്ടതായി വരും. എന്നാൽ ഒരു രാജ്യത്തിന്റെ ആരോഗ്യം, അതായത് യുവത്വം മികച്ചതും ഊർജശേഷിയു ള്ളതുമാണെങ്കിൽ ആ രാജ്യത്തിന് അക്ഷീണം ദീർഘദൂരം മുന്നേറാൻ സാധിക്കും. അതുകൊണ്ട് യുവജനങ്ങളുടെ ആരോഗ്യം ഏറ്റവും പ്രധാനപ്പെട്ടതാണ്.

ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനൊപ്പം യോഗ ഒരു ആദ്ധ്യാത്മിക ശാസ്ത്രവും കൂടിയാണ്. രോഗത്തെ തടയാനും ആരോഗ്യത്തെ പുഷ്ടിപ്പെടുത്താനും യോഗയ്ക്കുള്ള സാധ്യത വലുതാണ്. യോഗയുടെ സമഗ്രമായ സമീപനം ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഒരു ഇണക്കം കൊണ്ടുവരുകയും ദൈനംദിന ജീവിതത്തെ സ്വാധീനിക്കുകയും ചെയ്യുന്നു. യോഗയുടെ സ്ഥിരമായ പരിശീലനം പെരുമാറ്റത്തിലും മനോഭാവത്തിലും മാറ്റം വരുത്തുന്നു. വീട്ടിലും സമൂഹത്തിലും മറ്റുള്ളവരുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നു.

ലോകമെങ്ങും നടത്തിയ ശാസ്ത്രീയമായ പഠനങ്ങൾ യോഗയുടെ സുഖപ്പെടുത്താനുള്ള കഴിവിനെക്കുറിച്ചു വെളിപ്പെടുത്തുന്നുണ്ട്. ശാരീരികവും മാനസികവുമായ കാരണങ്ങളാൽ ഉണ്ടാകുന്ന രോഗങ്ങൾ ഉൾപ്പെടെ ജീവിതശൈലിയുമായി ബന്ധപ്പെട്ട വൈകല്യങ്ങളെ നിയന്ത്രിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള യോഗയുടെ ശക്തിയാണ് അതിനെ ഏറെ പ്രശസ്തമാക്കിയിട്ടുണ്ട്.

## അന്താരാഷ്ട്രതലത്തിൽ യോഗയും ഗവേഷണവും

മാനസിക കാരണങ്ങളാൽ ഉണ്ടാകുന്ന രോഗങ്ങളും വിവിധ ജീവിതശൈലീ വൈകല്യങ്ങളും ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുള്ള ചികിത്സയിൽ യോഗയുടെ ഉപയോഗസാധ്യത പല ക്ലിനിക്കൽ പഠനങ്ങളും കാണിച്ചുതന്നിട്ടുണ്ട്. സാംക്രമിക രോഗങ്ങൾ ഒഴികെയുള്ളവ കൈകാര്യം ചെയ്യുന്നതിനുള്ള ചികിത്സയിൽ യോഗയ്ക്ക് സ്വീകാര്യത വർധിച്ചിട്ടുണ്ട്. മറ്റു ചികിത്സാരീതികളിൽ അതിക്രമിച്ചു കയറാത്തതും എല്ലാ ചികിത്സാരീതിയുമായും ഒത്തുപോകുന്നതുമായ ഒന്നായി യോഗയെ ഇന്ന് അംഗീകരിച്ചിരിക്കുന്നു. ഇന്നത്തെ ദൈനംദിന ജീവിത രീതിയിൽ പുരോഗമനപരമായ മാറ്റം വരുത്തിക്കൊണ്ട് ഇത്തരം രോഗങ്ങളെ തടയുവാൻ സാധിക്കും. അഷ്ടകർമ, ആസനങ്ങൾ, സൂര്യനമസ്കാരം, പ്രാണായാമം, ധ്യാനം തുടങ്ങിയവയോടു കൂടി ഉപവാസം, ഭക്ഷണ ചികിത്സ, ജലചികിത്സ, തിരുമ്മുചികിത്സ, വായു ചികിത്സ തുടങ്ങിയ പ്രകൃതിചികിത്സയുംകൂടി ചേരുമ്പോൾ രോഗമില്ലാത്ത, ആരോഗ്യകരമായ, സന്തോഷകരമായ ജീവിതം ഉറപ്പാകുന്നു.

ഉയർന്ന രക്തസമ്മർദ്ദം, ഹൃദ്രോഗങ്ങൾ, പ്രമേഹം, മാനസിക പിരിമുറുക്കം, ഉറക്കമില്ലായ്മ, പേടി തുടങ്ങിയവ യുവജനങ്ങൾ ഇന്നു നേരിടുന്ന പൊതുപ്രശ്നങ്ങളാണ്. ഹൃദയസംബന്ധമായി ഏറെ അപകട

സാധ്യതയുള്ള രോഗങ്ങൾ ഉയർത്തുന്ന അപകടസാധ്യത കുറയ്ക്കുന്നതിനു യോഗ ഫലം നൽകുന്നതായി ഈ വിഭാഗത്തിൽ നടത്തിയ പഠനങ്ങൾ കാണിക്കുന്നു. ഹൃദയധമനീ രോഗങ്ങൾ മൂർച്ഛിച്ചു നിൽക്കുന്നവരിൽ യോഗാ പരിശീലനം നല്ല ഫലമുളവാക്കുന്നതായി സി. എസ് മൻചന്ദ (2000) തുടങ്ങിയവരുടെ പഠനം പറയുന്നു. Angina (ഹൃദയത്തിനരികെ ഉത്ഭവിച്ചു വളരുന്ന രോഗം), ശരീരഭാരം, ലിപിഡ് നില, ഹൃദയധമിനി രോഗം തുടങ്ങിയവയിൽ യോഗാരീതികൾ അനുകൂല ഫലങ്ങൾ ഉണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ധമനീ കാഠിന്യം സ്ഥിരതയോടെ നിലനിർത്താൻ യോഗ ജീവിതരീതി സഹായിക്കുന്നതായാണ് കണ്ടെത്തൽ. ഇതു മൂലം ഹൃദയ ബൈപാസ് ശസ്ത്രക്രിയ (Coronary by pass surgery) അല്ലെങ്കിൽ ആൻജിയോപ്ലാസ്റ്റി (Angio plasty) നടപടിക്രമങ്ങളുടെ ആവശ്യം കുറയ്ക്കാൻ സാധിക്കുന്നു. ഹൃദയ ധമിനീ രോഗങ്ങൾ മൂർച്ഛിച്ചു നിൽക്കുന്ന രോഗികൾക്ക് യോഗാ ജീവിതരീതി യോജിച്ചതാണ്.

ഹൃദയധമിനീ രോഗങ്ങൾ, രക്ത സമ്മർദ്ദം തുടങ്ങിയ സാംക്രമികേതര രോഗങ്ങളെ ഫലപ്രദമായി തടയുന്നതിനും കൈകാര്യം ചെയ്യുന്നതിനും യോഗാ തത്വങ്ങൾ ഒരു ജീവിതരീതിപോലെ ദൈനംദിന ജീവിതത്തിൽ ഉൾപ്പെടുത്താം.

ആരോഗ്യത്തിൽ ഭക്ഷണ ശീലത്തിനും ഒരു പ്രധാനപ്പെട്ട പങ്കുണ്ട്. യുവജനങ്ങളുടെ ഇന്നത്തെ ഭക്ഷണശീലങ്ങൾ അനാരോഗ്യകരമാണെന്നു പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ, ഫാസ്റ്റ് ഫുഡ്, ജങ്ക് ഫുഡ് തുടങ്ങി ഉയർന്ന കലോറിയുള്ള ഭക്ഷണത്തോടൊപ്പം പുകവലി, മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപഭോഗം, വിശ്രമമില്ലായ്മ, വ്യായാമമില്ലായ്മ തുടങ്ങിയവ പ്രമേഹം, രക്തസമ്മർദ്ദം, സന്ധിവാതം, പുറംവേദന തുടങ്ങിയ നിരവധി രോഗങ്ങൾ ഉടലെടുക്കുന്നതിനു കാരണമാകുന്നു. ഈ കാരണങ്ങളാൽ ദിനംതോറും നിരവധി മാനസിക പ്രശ്നങ്ങളാണ് ഉയർന്നുവരുന്നത്. വിഷാദരോഗം, വിഭ്രാന്തി, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തെ തുടർന്ന് ഉണ്ടാകുന്ന വൈകല്യങ്ങൾ തുടങ്ങിയവ മൂലം വലിയൊരു വിഭാഗം ആളുകൾ പ്രയാസപ്പെടുന്നതായാണ് കണ്ടെത്തൽ. മറ്റു ചികിത്സാ രീതികളുടെ മേൽ കടന്നു കയറാത്ത ചികിത്സാരീതിയെന്ന നിലയിൽ യോഗ ശരീരത്തേയും മനസിനേയും ഫലപ്രദമായി ചികിത്സിക്കുന്നു. വിവിധ യോഗ ആസനങ്ങൾ, പ്രാണായാമം, അഷ്ടകർമങ്ങൾ, സൂര്യനമസ്കാരം, ധ്യാനം തുടങ്ങിയവയുടെ ശീലങ്ങളിലൂടെയാണ് ഇതു സാധ്യമാക്കുന്നത്.

ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനു യുവജനങ്ങൾക്കുള്ള ഏറ്റവും മികച്ച മാധ്യമമാണ് യോഗയെന്നു പറയാം. അതുവഴി രാജ്യത്തിന്റെ വളർച്ചാപുരോഗതിയിലും നമുക്ക് പങ്കാളികളാകാം. യോഗ മികച്ച ആരോഗ്യവും സദ്മനോഭാവവും യുവജനങ്ങളിൽ വളർത്തുന്നു. ശരീരത്തേയും മനസിനേയും പൂർണമായി ആരോഗ്യത്തോടെ നിലനിർത്താനും യോജിപ്പിച്ചുകൊണ്ടുപോകുവാനുമുള്ള ശരിയായ വഴിയാണ് യോഗാ പരിശീലനം.

*(ലേഖകർ യഥാക്രമം ന്യൂഡൽഹി ആസ്ഥാനമായ സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ യോഗ ആന്റ് നാച്ചുറോപ്പതിയിൽ ഡയറക്ടറും അസിസ്റ്റന്റ് ഡയറക്ടറുമാണ്.)*

## വിജ്ഞാന പാത

### ദക്ഷിണേഷ്യൻ ഉപഗ്രഹം-ചില സവിശേഷതകൾ

ദക്ഷിണേഷ്യൻ അയൽ രാഷ്ട്രങ്ങൾക്കു ഇന്ത്യ നൽകിയ വിലപ്പെട്ട സംഭാവനയായ ദക്ഷിണേഷ്യൻ ഉപഗ്രഹം ബഹിരാകാശ നയതന്ത്രത്തെ പുതിയ ഉയരങ്ങളിലെത്തിച്ചു. 230 കോടി രൂപയിലേറെ ചെലവിട്ട് മൂന്നുവർഷം കൊണ്ടാണ് രണ്ടു ടണ്ണിലേറെ ഭാരം വരുന്ന ഉപഗ്രഹം രൂപപ്പെടുത്തിയത്. ദക്ഷിണേഷ്യ മുഴുവൻ ഇതിന്റെ പ്രക്ഷേപണ പരിധിയിൽ പെടും. ആശയവിനിമയം മെച്ചപ്പെടുത്താൻ ഇന്ത്യയുടെ അയൽരാഷ്ട്രങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്ന 12 ബാൻഡ് ട്രാൻസ്പോണ്ടറുകൾ ദക്ഷിണേഷ്യൻ ഉപഗ്രഹത്തിലുണ്ട്. ഓരോ രാഷ്ട്രത്തിന്റെയും ഉപയോഗത്തിന് കുറഞ്ഞത് ഓരോ ട്രാൻസ്പോണ്ടറെങ്കിലും ലഭിക്കും. ഡിടിഎച്ച് ടെലിവിഷൻ, വിസാറ്റ് ലിങ്കുകൾ, ടെലി-വിദ്യാഭ്യാസം, ടെലിമെഡിസിൻ, ദുരന്തങ്ങളെ നേരിടാനുള്ള പിന്തുണ തുടങ്ങിയ സൗകര്യങ്ങൾ ഉപഗ്രഹത്തിലൂടെ ലഭിക്കും. ഭൂകമ്പം, ചുഴലിക്കാറ്റ്, വെള്ളപ്പൊക്കം, സുനാമി തുടങ്ങിയ ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ നിർണായക ആശയവിനിമയ ബന്ധം ലഭ്യമാക്കാനും ഉപഗ്രഹത്തിനു സാധിക്കും.

ഉപഗ്രഹത്തിന്റെ വിജയകരമായ വിക്ഷേപണം വേറിട്ട രീതിയിൽ ആഘോഷിക്കുന്നതിന്റെ ഭാഗമായി ഇതിന്റെ പ്രവർത്തനം ഗുണകരമായിത്തീരുന്ന ഏഴു ദക്ഷിണേഷ്യൻ രാഷ്ട്രങ്ങളുടെയും തലവന്മാരുടെ യോഗം വീഡിയോ കോൺഫറൻസിങ് വഴി നടത്തുകയുണ്ടായി.

# വിദൂര വിദ്യാഭ്യാസത്തിലൂടെ സംരംഭകത്വ പരിശീലനം

**ഡോ.അമിത്കുമാർ ദ്വിവേദി**

വിദ്യാലയത്തിൽ നേരിട്ട് ഹാജരാകാത്ത വിദ്യാർത്ഥികൾക്ക് പരിശീലനം നല്കുന്നതിനായി കൃത്യമായ ബോധന പദ്ധതിയോടും സാങ്കേതിക വിദ്യയോടും പാഠ്യസംവിധാനത്തോടും കൂടി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ രീതി എന്നാണ് ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യൂക്കേഷൻ വിദൂര പഠനത്തെ നിർവചിച്ചിരിക്കുന്നത്. അധ്യാപകനും വിദ്യാർത്ഥികളും സ്ഥലകാലങ്ങളിൽ അകന്നിരിക്കുമ്പോഴും പഠനം യഥേഷ്ടം നടക്കുന്നതിനായി രൂപീകരിച്ചിരിക്കുന്ന പ്രക്രിയയാണ് ഇത്. പഠിതാക്കളിൽ തുല്യമായ വിദ്യാഭ്യാസ യോഗ്യതാ മൂല്യം സൃഷ്ടിക്കുന്ന അനുഭവപ്രക്രിയ എന്നും വിദൂരവിദ്യാഭ്യാസത്തെ നിർവചിച്ചിരിക്കുന്നു. (ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യൂക്കേഷൻ, 2014). പരമ്പരാഗത സംവിധാനവുമായി താരതമ്യം ചെയ്യുമ്പോൾ വിദൂര വിദ്യാഭ്യാസത്തിന് രണ്ടാം സ്ഥാനമെയുള്ളു എന്നത് സത്യം തന്നെ. വിദൂര വിദ്യാഭ്യാസത്തിലെ ഈ വിടവ് നികത്താനുള്ള സംയുക്ത സമീപനം ഇപ്പോൾ നടക്കുന്നുണ്ട്. ഇതനുസരിച്ച് ആധുനിക വിജ്ഞാന - ആശയവിനിമയ ഉപകരണങ്ങളും വിദ്യാഭ്യാസ വിഭവങ്ങളും ഒരുമിച്ചു ചേർത്തുള്ള സമീപനത്തോടൊപ്പം, നേരിട്ടുള്ള ക്ലാസുകളും കൗൺസിലിങ്ങും ഈ ധാരയിലെ വിദ്യാർത്ഥികൾക്ക് ഇപ്പോൾ നല്കി വരുന്നുണ്ട്. ഇത്തരംപ്രവർത്തന രീതി അധ്യാപക വിദ്യാർഥി ഇടപെടലുകൾ നിലനിർത്തിക്കൊണ്ടു തന്നെ സ്വയംപഠന സാമഗ്രികൾ വഴി പരസഹായം കൂടാതെ പഠിക്കാൻ ഒരാളെ പ്രാപ്തനാക്കുന്നു. സമൂഹത്തിൽ ഔപചാരിക വിദ്യാഭ്യാസം ലഭിക്കാത്ത ആയിരങ്ങൾക്ക് ആശ്രയമായി മാറിയിരിക്കുന്ന വിദൂര പഠന സംവിധാനം, രാജ്യത്ത് ഇന്ന് സൗകര്യപ്രദവും പ്രായോഗികവുമായ ബദൽ വിദ്യാഭ്യാസ സമ്പ്രദായമായി മാറിയിരിക്കുന്നു. ബഹുജനങ്ങൾക്ക് നിലവാരമുള്ള വിദ്യാഭ്യാസം നല്കുക എന്ന വെല്ലുവിളി നേരിടാൻ വിദൂര വിദ്യാഭ്യാസത്തിന്റെ കഴിഞ്ഞ ആറുവർഷത്തെ അനുഭവവും വികസനവും പുതിയ പ്രതീക്ഷ നല്കുന്നു. വിവര സാങ്കേതിക വിദ്യ ക്ലാസ്മുറികളുടെ സ്ഥലകാല സങ്കല്പത്തിനു തന്നെ മങ്ങൽ ഏല്പിച്ചിരിക്കുന്നു (കുളന്തസാമി, 2011). രാജ്യത്തുടനീളം എണ്ണമറ്റ വിദൂര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇക്കാലയളവിൽ സാങ്കേതിക വിദ്യയുടെ പിൻബലമുള്ള പരിശീലന സംവിധാനങ്ങളുമായി ഉയർന്നു വരികയും ചെയ്തുകൊണ്ടിരിക്കുന്നു.

## വിദൂരവിദ്യാഭ്യസ മേഖലയുടെ ഇന്ത്യയിലെ വളർച്ച

പട്ടിക 1

| സംസ്ഥാനം | വർഷം | പുരുഷൻ | സ്ത്രീ | മൊത്തം |
|---|---|---|---|---|
| അഖിലേന്ത്യാ തലം | 2012–13 | 14178978 | 11582708 | 25761686 |
| അഖിലേന്ത്യാ തലം | 2011–12 | 12179248 | 9681868 | 21861116 |

(അവലംബം: ഓപ്പൺ ഗവൺമെന്റ് ഡാറ്റ പ്ലാറ്റ്ഫോം ഇന്ത്യ)

ലഭ്യമായ വിദ്യാഭ്യാസ വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി വിദ്യാഭ്യസത്തെ സാർവത്രികമാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിദൂര വിദ്യാഭ്യസ സംവിധാനം രാജ്യത്ത് പ്രവർത്തിക്കുന്നത്. ഇതിനായി ഇന്റർനെറ്റ് പോലുള്ള സംവിധാനങ്ങൾ ഇന്ന് വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. നിലവാരമുള്ള കോഴ്സുകൾ, ബോധന രീതി, പരിശീലന സഹായം എന്നിവയുമായി കൂടുതൽ പഠിതാക്കളിലേയ്ക്കും സമൂഹത്തിലേയ്ക്കും ഇറങ്ങിച്ചെല്ലാൻ ഇത്തരത്തിലുള്ള പരിശീലന സാഹചര്യങ്ങൾക്ക് വലിയ സാധ്യതയാണുള്ളത്. ഇത് വിദൂര പഠന പരിപാടിയുടെ സുപ്രധാന ഘടകമായി കരുതപ്പെടുന്നു.

## സംരംഭക വിദ്യാഭ്യസം ഇന്ത്യയിൽ:

അഡൽറ്റ് പോപ്പുലേഷൻ സർവെ പ്രകാരം ഇന്ത്യയിലെ 58 ശതമാനം പ്രായപൂർത്തിയായ ആളുകളും സംരംഭകത്വത്തെ അഭിലഷണീയമായ ഒരു തൊഴിലായി പരിഗണിക്കുന്നു. എന്നാൽ 6.6 ശതമാനം ആളുകൾ മാത്രമെ ഏതെങ്കിലും തരത്തിലുള്ള സംരംഭക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളു. ഇന്ത്യയെ പോലെ, വിവിധ ഘടകങ്ങൾ നിയന്ത്രിക്കുന്ന ഒരു സമ്പദ് വ്യവസ്ഥയിൽ വ്യവസായങ്ങളുടെ ഇടയ്ക്കു വച്ച് അവസാനിപ്പിക്കുന്നതിന് പരാജയഭീതി, സാമ്പത്തിക ക്ലേശം തുടങ്ങി കാരണങ്ങൾ പലതുണ്ട്. യുവ തലമുറയിൽ പ്രത്യേകിച്ച് യുവതികളിൽ ശേഷിയുള്ളവരും അവസരങ്ങൾ ഉപയോഗിക്കുന്നവരും കുറവാണ് (പരമാവധി 40%). സംരംഭക പരിശീലനത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും അഭാവമാണ് രാജ്യത്ത് സംരംഭകത്വ വളർച്ച കുറയാൻ കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഈ പഠനങ്ങൾ വിരൽ ചൂണ്ടുന്നത് ഫലപ്രദമായ സംരംഭക വിദ്യാഭ്യാസത്തിന്റെ ആവശ്യകതയിലേയ്ക്കാണ്. വിദ്യാർത്ഥികളെ സംരംഭകരാക്കാനും വ്യവസായ നേതൃനിരയിലേയ്ക്ക് ഉയർന്നു വരാനും ആവശ്യമായ നൈപുണ്യം അവർക്ക് നല്കാനും ഇതുവഴി മാത്രമേ സാധിക്കൂ.

ഒരു രാജ്യത്തെ മൊത്തം ജനസംഖ്യയിൽ തൊഴിൽ ചെയ്യുന്ന ആളുകളുടെ അതായത് യുവാക്കളുടെ അനുപാതം കൂടുതലാണെങ്കിൽ ലഭ്യമായ മനുഷ്യവിഭവ ശേഷിയുടെ കൃത്യമായ ഉപയോഗം ജനസംഖ്യയുടെ നേട്ടത്തിലേയ്ക്ക് നയിക്കും. അതിന്റെ ഫലം രാജ്യത്തിന്റെ സമഗ്ര വളർച്ചയായിരിക്കും. ഇതിന് സംരംഭക വിദ്യാഭ്യാസ മേഖലയുടെ വികസനവും വികാസവും ആവശ്യമാണ്. സംരംഭക വിദ്യാഭ്യാസത്തിന് കേന്ദ്ര ഗവൺമെന്റ് പ്രത്യേക ശ്രദ്ധയാണ് നല്കി വരുന്നത്. മാത്രവുമല്ല ഇന്ത്യയുടെ ആഗോളവത്കൃത സമ്പദ് വ്യവസ്ഥയിൽ ചെറുപ്പക്കാരായ സംരംഭകരുടെ പങ്ക് എന്താണെന്ന് രാജ്യത്തെ പ്രശസ്തമായ ചില വിദ്യാഭ്യാസ സ്ഥാപനങ്ങൾ തിരിച്ചറിയുകയും ചെയ്തിട്ടുണ്ട്.

## വിദൂര -ഓൺലൈൻ സംരംഭക കോഴ്സുകൾ:

പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ രാജ്യത്ത് വിദൂര ഓൺലൈൻ വിദ്യാഭ്യാസം വളർന്നുകൊണ്ടിരിക്കുന്നു. വിദൂര പഠനത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ ചേർന്നിരിക്കുന്നത് മാനേജ്മെന്റ് പഠനങ്ങൾക്കാണ് എന്ന് ഒരു ഇന്റർനെറ്റ് സർവെയിൽ അടുത്തയിടെ കണ്ടെത്തുകയുണ്ടായി. എന്നാൽ സംരംഭകത്വവുമായി ബന്ധപ്പെട്ട വിദൂര, ഓൺലൈൻ പഠനപരിപാടിയെക്കുറിച്ച് നെറ്റിൽ തെരഞ്ഞാൽ ഫലം വളരെ നിരാശാജനകമാണ്. വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് സംരംഭകത്വ വിഷയത്തിൽ വിദൂര, ഓൺലൈൻ പഠനപരിപാടി നടത്തുന്നത്. മണിക്കൂറുകൾ നീണ്ട തെരച്ചിലിനൊടുവിൽ താഴെ വിശദീകരിക്കുന്ന അഞ്ച് പഠനപരിപാടികൾ മാത്രമാണ് കാണാൻ സാധിച്ചത്. എന്നാൽ ഈ പഠനപരിപാടിയിൽ എത്ര വിദ്യാർത്ഥികൾ പങ്കെടുക്കുന്നുണ്ട് എന്ന വിവരമൊന്നും സൈറ്റിൽ ലഭ്യമല്ല.

1. ഓൻട്രപ്രണർ ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, അഹമ്മദാബാദ്: ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് ലേണിങ് പ്രോഗ്രാം ഇൻ ഓൻട്രപ്രണർഷിപ്പ്.

2. സിംബയോസിസ് യൂണിവേഴ്സിറ്റി, പുണെ: ഓൻട്രപ്രണർഷിപ്പ് ഡവലപ്മെന്റിൽ സർട്ടിഫിക്കറ്റ് കോഴ്സ്

3. ഇഗ്നോ: ഓൻട്രപ്രണർഷിപ്പിൽ സർട്ടിഫിക്കറ്റ്

4. വെലിംഗർ ഇൻസ്റ്റിറ്റ്യൂട്ട്, മുംബൈ: ഓൻട്രപ്രണർഷിപ്പ് മാനേജ്മെന്റിൽ സർട്ടിഫിക്കറ്റ്

5. വെസ്റ്റ്ബംഗാൾ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് ജുറഡിക്കൽ സയൻസസ് (കൊൽക്കൊത്ത): ഓൻട്രപ്രണർഷിപ്പ് അഡ്മിനിസ്ട്രേഷൻ ആൻഡ് ബിസിനസ് ലോയിൽ ഡിപ്ലോമ.

## നിലവിലുള്ള അവസ്ഥ

സംരംഭക വിദ്യാഭ്യാസത്തിൽ രാജ്യത്തുള്ള പ്രാധാന്യം മനസിലാക്കി ഈ മേഖലയിൽ വിദൂരവിദ്യാഭ്യാസ സമ്പ്രദായം കൂടുതൽ നേട്ടങ്ങൾ കൈവരിക്കേണ്ടതുണ്ട്. സംരംഭകത്വ പഠനത്തിൽ വിദൂരവിദ്യാഭ്യാസ സൗകര്യം നല്കുന്ന സ്ഥാപനങ്ങൾ കൂടുതൽ മികച്ച ഫലങ്ങൾ ലഭിക്കുക എന്ന ലക്ഷ്യത്തോടെ പാഠ്യപദ്ധതിയും ഘടനയും കൂടുതൽ ശക്തമാക്കണം. ഈ മേഖലയിലെ വിദൂര പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വളരെ സാധ്യതയുണ്ടെങ്കിലും അപഗ്രഥിച്ചു നോക്കുമ്പോൾ അതിനു പ്രതിബന്ധമായി നില്ക്കുന്ന പല പ്രശ്നങ്ങളും ഉണ്ട്. ഇവയ്ക്ക് അടിയന്തിരമായി പരിഹാരം കാണണം.

**സംരംഭകത്വത്തിൽ ഗുണനിലവാര വിദ്യാഭ്യാസവും അതിന്റെ വാണിജ്യവത്ക്കരണവും:** രാജ്യത്തെ ഗവൺമെന്റിന്റെയും വ്യക്തികളുടെയും കീഴിലുള്ള ചില സർവകലാശാലകൾ വിദൂരവിദ്യാഭ്യാസത്തെ പണസമ്പാദനത്തിനുള്ള മാർഗ്ഗമായിട്ടാണ് കാണുന്നത്. ഇത് നിർഭാഗ്യകരമാണ്. പഠനസാമഗ്രികൾ നല്കാതെയും കൃത്യമായ നിലവാരം പാലിക്കാതെയും തികച്ചും കച്ചവടത്തിനായി വിദൂര വിദ്യാഭ്യാസം ആരംഭിക്കുന്നത് കാണാൻ സാധിക്കും. ഇതൊക്കെയാണ് പ്രശ്നങ്ങൾ. നിലവാരമുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് നിഷേധിക്കുകയാണ് ഇതിലൂടെ. അതിനാൽ വേണ്ടത്ര സൗകര്യങ്ങളും ശേഷിയും ഇല്ലാത്ത സർവകലാശാലകളെയും സ്ഥാപനങ്ങളെയും സംരംഭകത്വം പോലെയുള്ള പ്രത്യേക പഠന പരിപാടികൾ നടത്താൻ അനുവദിക്കരുത്. സംരംഭകത്വ പഠനം പോലുള്ള പ്രത്യേക കോഴ്സുകൾ പഠിപ്പിക്കാൻ അടിസ്ഥാനപരമായി ഉദ്ദേശിച്ചിട്ടില്ലാത്ത സർവകലാശാലകളുണ്ട്. ചില പ്രത്യേക ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ സ്ഥാപിതമായിരിക്കുന്ന ഇത്തരം സർവകലാശാലകൾ ലക്ഷ്യങ്ങളിൽ നിന്നു വ്യതിചലിക്കുകയും കേവലം ധനസമ്പാദനത്തിനായി വിദൂര വിദ്യാഭ്യാസ പരിപാടികൾ ആരംഭിക്കുകയും ചെയ്യുകായാണ്. ഇതിൽ പല സ്ഥാപനങ്ങളിലും പാഠ്യപദ്ധതിയില്ല, പഠനസാമഗ്രികളില്ല. വേണ്ടത്ര യോഗ്യതയുള്ള അധ്യാപകർ പോലും ഇല്ല. സാധാരണയായി ഇത്തരം വിദൂര പഠന കേന്ദ്രങ്ങൾ പൊതുവെ സ്ഥിതിചെയ്യുന്നത് നേരത്തെ സ്ഥാപിച്ചിട്ടുള്ള കോളജുകളിലാണ്. പക്ഷെ, ടെലി കോൺഫറൺസിംങ്, വിഡിയോ കോൺഫറൺസിങ്, ഓൺലൈൻ ചാറ്റിങ് പോലുള്ള ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഒന്നും ഇല്ലതാനും.

**ഗവൺമെന്റിന്റെ ഉദാസീനത:** വിദൂരവിദ്യാഭ്യാസത്തിന്റെ സാധ്യത ഇപ്പോഴും പകർന്നെടുക്കപ്പെടാതെ കിടക്കുന്നു. അവികസിത രാജ്യങ്ങൾ ഉന്നതവിദ്യാഭ്യാസ പരിഷ്കാരങ്ങളോടു പുലർത്തുന്ന വിമുഖത മൂലമാണ് മനുഷ്യവിഭവ ശേഷി വിദൂര സ്വപ്നമായി അവശേഷിക്കുന്നത്. ഇന്ത്യയിൽ സ്വകാര്യ സ്ഥാപനങ്ങൾ സ്വയം (SWAYAM) പോലുള്ള സൗജന്യകോഴ്സുകൾ നടത്തുന്നുണ്ട്. ഉന്നതവിദ്യാഭ്യാസത്തിനായി നിക്ഷേപം നടത്താനുള്ള ഉത്തരവാദിത്വത്തിൽ നിന്നു ഗവൺമെന്റ് ഒഴിവായി നില്ക്കുകയാണ്. അതിനു പകരം സ്വകാര്യവത്ക്കരണത്തിൽ ഊർജ്ജം മുഴുവൻ വനിയോഗിക്കുകയും ചെയ്യുന്നു. സ്വകാര്യ സ്ഥാപനങ്ങളിൽ ഉന്നതവിദ്യാഭ്യാസം ചെലവേറിയ ഏർപ്പാടായി മാറിക്കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് മുഴുവൻ സമയ കോഴ്സുകൾ. അതിനാൽ മുഴുവൻ സമയ കോഴ്സുകളിൽ ചേരാതെ വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റികൾ നടത്തുന്ന താരതമ്യേന ചെലവു കുറഞ്ഞ വിദൂര വിദ്യാഭ്യാസ കോഴ്സുകളിലോ ഓൺ ലൈൻ കോഴ്സുകളിലോ ചേരാൻ സാധിക്കും. സാങ്കേതിക വിദ്യാഭ്യാസ ഫലമായി നിലവാരമുള്ള വിദ്യാഭ്യാസം ഇന്ന് വിദ്യാർത്ഥികൾക്ക് വീട്ടിൽ ലഭ്യമായിരിക്കുന്നു. എല്ലാവരും അതിനെ കൈനീട്ടി സ്വീകരിക്കുകയും ചെയ്യുന്നു. ഏതെങ്കിലും വിദൂര പഠന പരിപാടി വിജയിച്ചിട്ടുണ്ടെങ്കിൽ അതിനു കാരണം അതിന്റെ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾ, അധ്യാപകർ, സൗകര്യം ഒരുക്കുന്നവർ, സഹായിക്കുന്ന ജീവനക്കാർ, സ്ഥാപനം തുടങ്ങിയ ഘടകങ്ങളുടെ സ്ഥിരവും സമഗ്രവുമായ പരിശ്രമങ്ങൾ മൂലമാണ് (മധുകർ, 2002).

**വിദൂര പഠന കോഴ്സുകൾ നടത്താൻ ആവശ്യമായ മത്സരക്ഷമത**: അമേരിക്കയിലെയും കാനഡയിലെയും 103 വിദൂര പഠന സ്ഥാപനങ്ങളിൽ നടത്തിയ അന്വേഷണത്തിൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ ആവശ്യമായ പ്രധാന മത്സരക്ഷമതകൾ നീരീക്ഷിക്കുകയുണ്ടായി. 1. ആശയവിനിമയ പാടവം, 2. ആസൂത്രണം, സംഘാടനം, കൂട്ടായ പ്രവർത്തനം. 3. ഇംഗ്ലീഷിൽ

നല്ല വ്യുത്പത്തിയും എഴുതാനുള്ള കഴിവും. 4 ഭരണ പാടവം. 5 പ്രതികരണ നൈപുണ്യം. 6 വിദൂരപഠനവും സാങ്കേതിക വിദ്യയും സംബന്ധിച്ച അറിവും ധാരണയും എന്നിവയാണവ.

സംരംഭകത്വം പ്രത്യേക പഠനരീതിയാണ്. വിഭവങ്ങൾ, സമ്പത്ത്, സംരംഭകത്വ നിർവഹണം, വിപണനം, ഭരണം തുടങ്ങിയവ പരമാവധി പ്രയോജനപ്പെടുത്താനുള്ള നൈപുണ്യം വിദ്യാർത്ഥികൾക്കു നല്കുകയാണ് ഇതിന്റെ ലക്ഷ്യം. വിദൂര വിദ്യാഭ്യാസ രീതിയിലൂടെ ഇത് വിദ്യാർത്ഥികളെ പഠിപ്പിക്കുക എന്നത് വലിയ വെല്ലുവിളി തന്നെ. അതിന് വിദൂര വിദ്യാഭ്യാസ നടത്തിപ്പിൽ വൈദഗ്ധ്യവും, സംരംഭകത്വം, നിർവഹണം തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച ധാരണയും ഉണ്ടായിരിക്കണം.

**സംരംഭകത്വ പഠനത്തിൽ വിദൂര വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ:** ഇന്ത്യയിൽ വിദൂര പഠനം വഴി സംരംഭകത്വം പരിശീലിക്കുന്നതിന് വിദ്യാർത്ഥികളിൽ നിന്നു വളരെ തണുത്ത പ്രതികരണമാണ്. അതിനാൽ സംരംഭകത്വ പഠനത്തിൽ വിദൂര കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളും സർവകലാശാലകളും അതിന്റെ പഠന നിലവാരം ഉറപ്പാക്കണം. അതിനുള്ള ഏതാനും ആശയങ്ങളാണ് ഇനി ചർച്ച ചെയ്യുന്നത് (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബിസിനസ് സ്റ്റഡീസ്, 2014)

**ജനസംഖ്യ:** ഒപചാരികമായ വിദ്യാഭ്യാസ മാതൃകകൾക്ക് ഉയർന്നു വരുന്ന മധ്യവർഗ്ഗത്തിന്റെ ആഗ്രഹങ്ങൾ സാക്ഷാത്ക്കരിക്കാനാവില്ല. അതി നൂതനവും വ്യാപകവുമായ പരിഷ്കാരങ്ങൾ വിദ്യാഭ്യാസത്തിൽ ഉണ്ടായാലെ ഈ ജനക്കൂട്ടത്തെ പരിശീലിപ്പിക്കാൻ സാധിക്കൂ. അവിദഗ്ധരും അർദ്ധവിദഗ്ധരുമായ തൊഴിലാളികളെ വിദഗ്ധ തൊഴിൽ മേഖലയിലേയ്ക്ക് പരിവർത്തനം ചെയ്യണം. അനൗപചാരിക മേഖലയിൽ നിന്ന് ഔപചാരിക മേഖലയിലെയ്ക്കും. ഇത് സാധിക്കണമെങ്കിൽ സംരംഭകത്വ വിദ്യാഭ്യാസം സാധാരണക്കാരനു പ്രാപ്യമാവണം.

**സൗകര്യങ്ങൾ:** സ്വന്തം നിയമങ്ങളും ചട്ടങ്ങളും വഴി വിദൂര വിദ്യാഭ്യാസ രീതി അതിന്റെ പഠിതാക്കൾക്ക് പഠിക്കാനും പഠിതാക്കളുടെ സമൂഹത്തോടൊപ്പം വളരാനുമുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നു. ബഹുജന വിദ്യാഭ്യാസം സാധ്യമായത് വിവരസാങ്കേതിക വിദ്യയിലൂടെയാണ്. ഇന്റർനെറ്റ് വഴിയുള്ള വിദൂര വിദ്യാഭ്യാസം വ്യാപാരികളായ ആളുകളെ പോലും നൈപുണ്യത്തിൽ ഉയരാനും വ്യവസായത്തിന്റെയും ആഗോള സംരംഭങ്ങളുടെയും മാറ്റങ്ങൾക്കനുസൃതമായി പിടിച്ചു നില്ക്കാനും സഹായിക്കുന്നു (രാമയ്യ, 2001).

**യുവജന വിദ്യാഭ്യാസം:** ജനസംഖ്യയിൽ 28 ശതമാനം വരുന്ന യുവാക്കളെ ഇന്ത്യയ്ക്ക് അവഗണിക്കാനോ അവരുടെ തൊഴിലില്ലായ്മയെ താങ്ങാനോ സാധിക്കില്ല. യൂത്ത് അൺഎംപ്ലോയ്മെന്റ് ഇൻ ഇന്ത്യ എന്ന ലേഖനത്തിൽ (ഫെബ്രുവരി 2014) സാംഘ്ലിയും സിരിജയും നിരീക്ഷിക്കുന്നത് ഇപ്രകാരമാണ് - മാന്യമായ തൊഴിൽ അവസരങ്ങളുടെ അഭാവം മൂലമാണ് യുവാക്കൾ മോശമായ സാഹചര്യങ്ങളിലും തുച്ഛവരുമാനങ്ങളുള്ള തൊഴിലും കരാർ തൊഴിലുകളും സ്വയം തൊഴിലുകളും ഏറ്റെടുക്കാൻ തയാറാവുന്നത്. അതിനാൽ ഇപ്പോഴത്തെ യുവ തലമുറയിൽ പ്രത്യേകിച്ച യുവതികളിൽ മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾക്കായി വിദ്യാഭ്യാസവും പരിശീലനവും നേടാനുള്ള ആവശ്യകതാ ബോധം വ്യാപകമായിട്ടുണ്ട്.

**പരിശീലനം നേടിവരുടെ ആവശ്യകത:** വേണ്ടത്ര യോഗ്യതയില്ലാത്ത തൊഴിലാളികളുടെ അഭാവമാണ് ഇന്ത്യയിലെ വ്യവസായങ്ങളുടെ വലിയ പ്രശ്നം. നിർഭാഗ്യവശാൽ നമ്മുടെ ബിരുദധാരികളിലെ നല്ലൊരു വിഭാഗം തൊഴിലില്ലാത്തവരും അടിസ്ഥാന യോഗ്യത ഇല്ലാത്തവരുമാണ്. വിദൂരവിദ്യാഭ്യസ സമ്പ്രദായത്തിലൂടെ സംരംഭകത്വ പരിശീലനം ഇവർക്ക് ലഭ്യമാക്കിയാൽ ഇവരെയെല്ലാം സമർത്ഥരും വിജയശ്രീലാളിതരുമായ സംരംഭകരാകും.

**സ്ഥലകാല പരിമിതികൾ:** സാധാരണ സർവകലാശാലയിൽ വ്യവസ്ഥിതമായ വിഷയം പഠിക്കാൻ ചേരുക എന്നത് എല്ലാ വിദ്യാർത്ഥികൾക്കും സാധിക്കുന്ന കാര്യമല്ല. പണമാണ് മുഖ്യ പ്രതിബന്ധം. അല്ലെങ്കിൽ മറ്റ് ഉത്തരവാദിത്തങ്ങൾക്കിടയിൽ അതിനു സമയം ലഭിച്ചെന്നു വരില്ല. ഈ വക കാരണങ്ങളാൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും മധ്യേ സ്ഥലകാലങ്ങൾ പൊരുത്തപ്പെടാതെ പോകാറുണ്ട്. എന്നാൽ വിദൂരപഠന സമ്പ്രദായത്തിലുള്ള സംരംഭകത്വ പരിശീലനത്തിന് ഈ പ്രതിബന്ധങ്ങളെയെല്ലാം തരണം ചെയ്യാനാവും. ജോലിചെയ്യുന്നവർക്കു പോലും ജോലിയെ ബാധിക്കാത്ത വിധത്തിൽ വിദൂരവിദ്യാഭ്യാസത്തിലൂടെ പഠനം പൂർത്തിയാക്കാൻ സാധിക്കും.

**യോഗ്യത ഉയരുന്നു, സ്ഥാനക്കയറ്റസാധ്യതയും:** വിദൂര വിദ്യാഭ്യാസത്തിലൂടെ സംരംഭകത്വം, മാനേജ്മെന്റ് കോഴ്സുകൾ പഠിച്ച് പാസാകുന്നതോടെ നിലവിലുള്ള തൊഴിലാളികളുടെ യോഗ്യത ഉയരുന്നു, അറിവു വർധിക്കുന്നു. ഇത് അവർക്ക് നിലവിലുള്ള ജോലിയിൽ സ്ഥാനക്കയറ്റം ലഭിക്കാൻ ഇടയാക്കുന്നു എന്നു മാത്രമല്ല, ഉത്പാദനം വർധിക്കാനും സഹായിക്കുന്നു.

**വിരമിച്ച ശേഷവും വിദ്യാഭ്യാസം:** ജോലിയിൽ നിന്നു വിരമിച്ച ശേഷം വിദൂര വിദ്യാഭ്യാസത്തിലൂടെ നടത്തുന്ന സംരംഭകത്വ പഠനത്തിന്റെ പ്രധാന സവിശേഷത അത് വഴി വിശ്രമജീവിതകാലത്ത് അവരുടെ സമ്പാദ്യവും അനുഭവസമ്പത്തും സ്വന്തമായ സംരംഭത്തിൽ നിക്ഷേപിച്ച് ശിഷ്ടജീവിതം സുരക്ഷിതമാക്കാം എന്നതാണ്.

**ചെറുകിട വ്യവസായ സംരംഭങ്ങൾ:** ചെറുകിട സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്വയംസഹായ സംഘാംഗങ്ങളായ സ്ത്രീകൾക്കു (ആന്ധ്രപ്രദേശ് ഗവൺമെന്റ് സ്ഥാപിച്ചിട്ടുള്ള) ഗ്രാമീണ ദാരിദ്ര്യ നിർമ്മാർജ്ജ സൊസൈറ്റി നല്കുന്ന പരിശീലനമോ പ്രോത്സാഹനമോ വലിയ പ്രയോജനമൊന്നും ചെയ്യുന്നില്ല എന്ന് ഡോ. ബി. ആർ അംബേദ്ക്കർ ഓപ്പൺ സർവകലാശാലയിലെ ഗവേഷകനായ ചന്ദ്രയ്യ നടത്തിയ പഠനത്തിൽ നിരീക്ഷിച്ചു. ഇതെ തുടർന്ന്, നാമമാത്ര വിദ്യാഭ്യാസം ലഭിച്ച ഈ സ്ത്രീ സംരംഭകരെ നയിക്കാൻ ചെറുകിട സംരംഭകത്വത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കുകയും

അതുവഴി അവർ ബാങ്കുകൾ വാഗ്ദാനം ചെയ്ത ലഘു സമ്പാദ്യ പദ്ധതി ഉപയോഗിച്ച് അവരുടെ വ്യാപാരം വികസിപ്പിക്കുകയും ചെയ്തു( ചന്ദ്രയ്യ, 2013).

**ഔപചാരിക, അനൗപചാരിക മേഖല:** അനൗപചാരിക തൊഴിൽ മേഖലകളിൽ സാവകാശമെങ്കിലും ഔപചാരിക തൊഴിൽ സംസ്കാരം കൊണ്ടുവരണം എന്നാണ് ഇന്ത്യയിലെ അനൗപചാരിക തൊഴിൽ മേഖല അപഗ്രഥിച്ച സിരിജയും ഷിർക്കെയും പഠനത്തിൽ ശുപാർശ ചെയ്തത്. പുതിയ സംരംഭകരെ ഈ ദിശയിലേയ്ക്ക് കൊണ്ടുവരാനും നിലവിലുള്ളവരെ മെച്ചപ്പെട്ട വ്യവസായ ചുറ്റുപാടുകളിൽ വളരാനും ചെറുകിട വ്യവസായികൾക്കുള്ള ഹ്രസ്വ സംരംഭകത്വ പഠന പരിപാടി സഹായകരമാകും.

## സംരംഭകത്വ പഠനത്തിൽ ഓൺലൈൻ പരിശീലനം:

**സമ്മിശ്ര സമീപനം –** അഹമ്മദാബാദിലെ എൻട്രപ്രണർ ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ ജർമ്മനിയിലെ ഫ്രെഡ്റിക് ന്യൂമൻ ഫൗണ്ടേഷനുമായി ചേർന്ന് രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി വൻ തോതിൽ പുതിയ സംരംഭകരെ പരിശീലിപ്പിക്കുന്നുണ്ട്. ഭൂമിശാസ്ത്രപരമായി വിദൂര മേഖലകളിൽ അധിവസിക്കുന്ന വിദ്യാർത്ഥികളുടെ പരിശീലന പരിപാടി വിദൂര പഠന സംവിധാനം വഴിയാണ് നടപ്പാക്കുന്നത്. വിദഗ്ധരായ അധ്യാപകർ നൈപുണ്യ വികസനം, വിജ്ഞാന നിർമ്മിതി എന്നീ രണ്ടു ഭാഗങ്ങളായി ഓൺലൈൻ വഴിയുള്ള സമ്മിശ്ര സമീപനമാണ് ഇതിൽ സ്വീകരിച്ചിരിക്കുന്നത്. പഠനസാമഗ്രികൾ നെറ്റിലൂടെയാണ് കൈമാറുന്നത്. വിദ്യാർത്ഥികളുടെ വിലയിരുത്തലും നിരീക്ഷണവും ഇതുപോലെ തന്നെ നടക്കുന്നു. ഇതിനായി നിലവിലുള്ള മികച്ച സ്ഥാപനങ്ങളുടെയും സർവകലാശാലയുടെയും വിഭവങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്.

## മുന്നിലുള്ള വഴികൾ

**തൊഴിലധിഷ്ഠിതം –** വിദ്യാഭ്യാസം ഒരു നിക്ഷേപമാണ് എന്ന് എല്ലാ മനുഷ്യ വികസന റിപ്പോർട്ടുകളും വളരെ വ്യക്തമായി സ്ഥാപിക്കുന്നു. ഇന്ത്യ ഉൾപ്പെടെയുള്ള ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ ഇത് വളരെ ശരിയുമാണ്. ഈ രാജ്യങ്ങളിൽ ഉന്നതവിദ്യാഭ്യാസത്തിനു ചേരുന്നവരുടെ സംഖ്യ വളരെ കുറവാണ്. ഉന്നത വിദ്യാഭ്യാസം നേടേണ്ട വിദ്യാർത്ഥികളിൽ 10 ശതമാനം പോലും അതിനു ശ്രമിക്കുന്നില്ല. എന്നാൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നു പുറത്തു വരുന്ന വിദ്യാർത്ഥികളാകട്ടെ ഒടുവിൽ തൊഴിൽ രഹിതരായി അവശേഷിക്കുകയും ചെയ്യുന്നു. അപ്പോൾ ഇവിടെ പ്രശ്നം നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റേതാണ്. നമ്മുടെ വിദ്യാഭ്യാസത്തിന് ഒരാളുടെ തൊഴിൽ താല്പര്യങ്ങളുമായി ബന്ധമൊന്നും ഇല്ല. അതിനാൽ തൊഴിലവസരങ്ങൾ ഉറപ്പാക്കുന്ന ബിരുദതല വിദ്യാഭ്യാസം നമ്മുടെ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് നല്കുന്നതിനെ കുറിച്ചാണ് നാം ഗൗരവമായി ചിന്തിക്കേണ്ടത്. അതായത് വിദ്യാഭ്യാസവും തൊഴിലും തമ്മിൽ അർത്ഥപൂർണമായ ബന്ധം ഉണ്ടായിരിക്കണം.

**സങ്കല്പവും യാഥാർത്ഥ്യവും –** ക്ലാസുമുറികൾ എന്ന സങ്കല്പത്തിനു പുറത്ത് വിദൂര വിദ്യാഭ്യാസം നടത്തുന്നവരുമായി വ്യക്തിപരമായ ബന്ധങ്ങൾ ഉണ്ടായിരിക്കണം. അധ്യാപകരുമായി വ്യക്തിപരമായ ബന്ധം ലഭിക്കണം എന്നാണ് വിദൂര വിദ്യാഭ്യാസത്തിലൂടെ ഓൺലൈൻ മാനേജ്മെന്റ് പഠനം നടത്തുന്ന കുട്ടികൾ അഭിപ്രായപ്പെട്ടത്(ഗോയൽ 2014)

**ആധികാരികതയും വിശ്വാസ്യതയും –** സാധ്യതയുള്ള തൊഴിൽ സ്ഥാപനങ്ങളുടെ വിശ്വാസ്യതയും കുട്ടികൾക്കിടയിൽ ആധികാരികതയും ഉണ്ടാകുക എന്നതാണ് വിദൂര വിദ്യാഭ്യാസം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. വിദൂര വിദ്യാഭ്യാസ രീതിയിൽ നടത്തുന്ന സംരംഭക പഠനം സാധാരണ സ്ഥാപനങ്ങളിൽ നടത്തുന്ന ക്രമീകൃത പഠനത്തിന് സൗകര്യപ്രദമായ ഒരു ബദൽ മാത്രമെന്നിരിക്കെ ഇത്തരം പരിശീലനങ്ങളുടെ വിശ്വസ്യത തൊഴിൽ സ്ഥാപനങ്ങൾക്ക് ഇനിയും ബോധ്യപ്പെട്ടിട്ടില്ല. അതിനാൽ ഉന്നതനിലവാരം പുലർത്തുന്ന പാഠ്യവിഷയങ്ങളും, കൃത്യമായ വിലയിരുത്തലും, ഫലപ്രദമായ ആശയവിനിമയവും , വിദ്യാർത്ഥികൾക്ക് ശക്തമായ പിന്തുണയും സേവനങ്ങളും വഴി നിലവാരത്തിൽ, വ്യവസ്ഥാപിത പഠന പരിപാടിയോട് കിടപിടിക്കുന്ന പരിശീലനമാണ് വിദൂര വിദ്യാഭ്യാസത്തിലും നല്കുന്നത് എന്ന് ഈ രീതിയിൽ സംരംഭക പരിശീലനം നല്കുന്ന സ്ഥാപനങ്ങൾ ഉറപ്പാക്കണം. വിദൂര വിദ്യാഭ്യാസ രീതിയിൽ സുസ്ഥിരതയും ഗുണനിലവാരവുമുള്ള സംരംഭക പരിശീലനം സാധ്യമാകണമെങ്കിൽ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾ, അധ്യാപകർ, അക്കദമിക്ക് സഹായികൾ തുടങ്ങി കോഴ്സിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നുള്ള പ്രതികരണവും സ്ഥിരമായ വിചിന്തനങ്ങളും ഉണ്ടാവണം.

അതിവേഗം മുന്നേറുന്ന ഒരു കോർപ്പറേറ്റ് ചുറ്റുപാടിൽ, തൊഴിൽ ചെയ്യുന്നവർ അവരുടെ നൈപുണ്യം മെച്ചപ്പെടുത്താൻ ആഗ്രഹിക്കുന്നു. അതിനാൽ വിദൂര വിദ്യാഭ്യാസ സംവിധാനം വഴി സംരംഭക പഠനവും പരിശീലനവും ലഭ്യമാക്കേണ്ടത് ആവശ്യമാണ്.വരാൻ പോകുന്ന പതിറ്റാണ്ടുകളിൽ രാജ്യത്തെ ജനസംഖ്യാ വർധനവിന്റെ നേട്ടങ്ങൾ ശേഖരിച്ചുകൊണ്ട് ദൂരെ കണ്ട സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ ഇന്ത്യ ആഗ്രഹിക്കുന്നെങ്കിൽ നമ്മുടെ യുവാക്കൾക്ക് സംരംഭകത്വ പരിശീലനം നല്കാനുള്ള ഫലപ്രദമായ പരിശ്രമങ്ങൾ ഉണ്ടാകണം. വിദൂര വിദ്യാഭ്യാസത്തിലൂടെ സംരംഭക പഠന പരിപാടി നടത്താനുള്ള അവസരങ്ങൾ അനന്തമാണ്. എണ്ണമറ്റ തൊഴിലവസരങ്ങളാണ് യോഗ്യതുള്ളവരെ കാത്തിരിക്കുന്നത്. പക്ഷെ ഇത് വിജയിക്കണമെങ്കിൽ പരിശീലന പരിപാടി നടത്തുന്ന സ്ഥാപനങ്ങൾ വിഷയത്തിന്റെ പാഠ്യപദ്ധതി, ബോധനരീതി, പഠനസാമഗ്രികൾ, വിദ്യാർത്ഥികൾക്കുള്ള ഇതര സേവനങ്ങൾ തുടങ്ങി ഓരോ ഘട്ടത്തിലും ഉന്നതനിലവാരം ഉറപ്പാക്കേണ്ടതുണ്ട്.

*(ഗ്ലോബൽ ഓൻട്രപ്രണർഷിപ്പ് മോണിറ്ററി (GEM) ലെ ദേശീയ പ്രതിനിധിയാണ് ലേഖകൻ)*

# സായുധ കലാപ മേഖലയിലെ യുവാക്കൾക്കായി കർമ്മ പദ്ധതികൾ

രവി പൊഖാർന

**അ**മ്പതു വർഷം മുമ്പ്, 1967 മേയ് 18നാണ്, ഭൂപ്രഭുക്കളിൽ നിന്നു ഭൂമി പിടിച്ചെടുത്തു ഭൂരഹിതർക്കു വിതരണം ചെയ്യുന്നതിനു സായുധ സമരം പ്രഖ്യാപിച്ച നക്സൽ ബാരി ഗ്രാമത്തിലെ ഏതാനും വ്യക്തികൾക്കു പശ്ചിമ ബംഗാളിലെ സിൽഗുരി കിസാൻ സഭ പിന്തുണ പ്രഖ്യാപിച്ചത്. നക്സലൈറ്റ് പ്രസ്ഥാനം എന്നു പിന്നീടറിയപ്പെട്ട ഈ പ്രസ്ഥാനം നക്സൽബാരിക്കു പുറത്ത് രാജ്യത്തിന്റെ മറ്റു പല സംസ്ഥാനങ്ങളിലേക്കും വ്യാപിച്ചു. ഓരോ സായുധ ആക്രമണവും ക്രൂരതയിലും അക്രമത്തിലും ഒന്നിനൊന്നു മുന്തിനിൽക്കുന്നതായിരുന്നു.

ഇത്തരം കലാപമേഖലയിലെ യുവാക്കൾ വളരെ ദുർബലമായ സാഹചര്യത്തിലാണ് ജീവിക്കുന്നതെന്നു മനസിലാക്കുവാൻ ഏതൊരാൾക്കും കഴിയും. ഇതിനെ തുടർന്നാണ് ഇന്ത്യാ ഗവൺമെന്റ് ഈ മേഖലയിൽ വികസന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിനു പ്രത്യേക ശ്രദ്ധ നൽകിത്തുടങ്ങിയത്.

നക്സൽ ആക്രമണം ബാധിച്ചിട്ടുള്ള രാജ്യത്തെ 34 ജില്ലകൾക്കു പുറമേ വടക്കു കിഴക്കൻ ഇന്ത്യയിലെ ചില മേഖലകളിലും ജമ്മു കാശ്മീരിലും കലാപം പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. ഈ മൂന്നു കലാപ ബാധിത മേഖലകളിൽ യുവാക്കൾക്കുവേണ്ടി നടപ്പാക്കിവരുന്ന ഗവൺമെന്റ് പദ്ധതികളെക്കുറിച്ചാണ് ഈ ലേഖനം വിശദമായി പരിശോധിക്കുന്നത്.

### 1. നക്സൽ ബാധിത കലാപ പ്രദേശങ്ങളിലെ 'റെഡ് കോറിഡോർ' യുവാക്കൾക്കുള്ള ഗവൺമെന്റ് പദ്ധതികൾ:

വളരെ മുമ്പുതന്നെ നക്സൽബാരി പ്രശ്നത്തിന്റെ ഗൗരവത്തെക്കുറിച്ചു ഗവൺമെന്റ് മനസിലാക്കിയിരുന്നുവെങ്കിലും മാവോയിസ്റ്റ് തീവ്രവാദ കലാപങ്ങളെ പൂർണമായ കാഴ്ചപ്പാടോടെ, ഫലപ്രദമായി നേരിടുവാൻ 2009-ൽ മാത്രമാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ ഒരു ലെഫ്റ്റ് വിംഗ് എക്സ്ട്രീമിസം (എൽഡബ്ള്യുഇ) രൂപീകൃതമായത്. ഈ മേഖലകളിൽ വികസന പദ്ധതികൾ മുൻകൈയെടുത്തു നടപ്പിലാക്കുന്നതിനും കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ വിവിധ ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിക്കുന്നതിനുമുള്ള ഉത്തരവാദിത്തം ഈ ഡിവിഷനാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഈ പ്രശ്നത്തെ നേരിടുവാൻ കൂടുതൽ സംയോജിതവും നിശ്ചയകരവും ശക്തവുമായ തന്ത്രം ആവിഷ്കരിച്ചിട്ടുണ്ട്. പുതിയ ഈ സംയോജിത പ്രവർത്തന പദ്ധതിയനുസരിച്ച് ആദിവാസികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനൊപ്പം ആക്രമങ്ങളെ ശക്തമായി നേരിടുവാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇടതുപക്ഷ തീവ്രവാദത്തിനെതിരെയുള്ള പോരാട്ടത്തിൽ 'ഹ്രസ്വകാല ലക്ഷ്യങ്ങൾ' നേടുന്നതിനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ജില്ലാടിസ്ഥാനത്തിലുള്ള ഇപ്പോഴത്തെ വികസന സമീപത്തിനു പകരം ബ്ലോക്ക്തല വികസന ആസൂത്രണം സ്വീകരിച്ചിരിക്കുകയാണ്. മാവോയിസ്റ്റ് തീവ്രവാദം ഏറ്റവും കൂടുതൽ ബാധിച്ചിട്ടുള്ള ജില്ലകളിൽ വികസന ഹബ്ബുകൾ സ്ഥാപിക്കുന്നതിനും ഗവണ്മെന്റ് ഉദ്ദേശിക്കുന്നു. ഈ പദ്ധതിയനുസരിച്ച് നക്സൽ ബാധിത പ്രദേശങ്ങളിൽ വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി മാവോയിസ്റ്റു കോട്ടയെന്നു കരുതുന്ന ദന്തേവാദയിൽ പ്രധാനമന്ത്രി സന്ദർശനം നടത്തുകയുണ്ടായി.

"തോക്കല്ല, തോളിലെ കലപ്പ മാത്രമേ വികസനം കൊണ്ടുവരികയുള്ളു. ഇത് എല്ലാവരേയും രാജ്യത്തെ മുഖ്യധാര വികസന പ്രക്രിയയിലേക്കു കൊണ്ടുവരും. ആക്രമണത്തിനു രാജ്യത്തു യാതൊരു ഭാവിയുമില്ല. വികസന ഭാവി സമാധാനപരമായ മാർഗത്തിലാണ് നിലകൊള്ളുന്നത്."ഈ മേഖലയിൽ 24,000 കോടി രൂപയുടെ വികസന പരിപാടികൾ ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു.

പ്രധാനമന്ത്രിയുടെ ഈ പ്രഖ്യാപനത്തിന്റെ അർത്ഥം അക്ഷരാർത്ഥത്തിൽ ഉൾക്കൊണ്ടുകൊണ്ട് നക്സൽ ബാധിത മേഖലയിൽ ജീവിക്കുന്ന യുവാക്കൾക്കായി ഗവൺമെന്റ് മുൻകൈയെടുത്തു നിരവധി പദ്ധതികൾ നടപ്പാക്കിവരികയാണ്. വിദ്യാഭ്യാസം, നൈപുണ്യപരിശീലനം തുടങ്ങിയ മേഖലകളിൽ നിരവധി പദ്ധതികളാണ് യുവാക്കൾക്കായി ഗവൺമെന്റ് ആരംഭിച്ചിട്ടുള്ളത്. ഈ മേഖലകളിൽ ഇപ്പോൾ നിലവിലുള്ള പദ്ധതികളുടെ നടപ്പാക്കൽ ഗവൺമെന്റ് വേഗത്തിലാക്കിയിട്ടുണ്ട്. മാത്രവുമല്ല, ഈ മേഖലയിലുള്ളവരുടെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്ന വിധത്തിൽ ഗവൺമെന്റ് നവീന നടപടികൾ കൈക്കൊള്ളുകയും ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്തുപോരുന്നു.

വിദ്യാഭ്യാസമില്ലാത്തവരും തൊഴിൽരഹിതരുമായ യുവാക്കളാണ് തീവ്രവാദികളുടെ റിക്രൂട്ട്മെന്റ് ടാർജറ്റ്. ഇതു കണക്കിലെടുത്ത് ഗവൺമെന്റ് ഈ മേഖലയിലെ യുവാക്കളുടെ വിദ്യാഭ്യാസത്തിനായി ഒരു സംയോജിത പദ്ധതി തയാറാക്കിയിട്ടുണ്ട്. സർവ ശിക്ഷാ അഭിയാൻ പദ്ധതിയുടെ കീഴിൽ എല്ലാ കുട്ടികൾക്കും റെസിഡൻഷ്യൽ സ്കൂളിംഗ് സൗകര്യമൊരുക്കിയിട്ടുണ്ട്. കസ്തൂർബാ ഗാന്ധി ബാലികാ വിദ്യാലയ പദ്ധതിയുടെ കീഴിൽ പെൺകുട്ടികൾക്ക് ഗുണമേന്മയുള്ള അടിസ്ഥാന വിദ്യാഭ്യാസ സൗകര്യമൊരുക്കുന്നു. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർഎംഎസ്

എ) അനുസരിച്ച് സെക്കൻഡറി വിദ്യാഭ്യാസവും ഉറപ്പാക്കുന്നു. നിരവധി കേന്ദ്രീയ വിദ്യാലയങ്ങളും നവോദയ സ്കൂളുകളും തുറക്കുവാൻ ഉദ്ദേശിക്കുന്നു.

നക്സൽ ആക്രമണത്തിനിരയായിട്ടുള്ള 34 ജില്ലകളിലെ 160 യുവാക്കൾക്ക് പ്രധാനമന്ത്രി കൗശൽ വികാസ് യോജന പദ്ധതിയനുസരിച്ച് നൈപുണ്യവികസന മന്ത്രാലയം പരിശീലനം നൽകി വരികയാണ്. യുവാക്കൾക്ക് അവസരമുണ്ടാക്കുന്നതിനായി സംസ്ഥാന സർക്കാരുകൾക്കും വലിയൊരു പങ്കു വഹിക്കാനുണ്ട്. ചത്തീസ്ഗഢ് ഗവൺമെന്റ് ഈ മേഖലകളിൽ 'ജീവനോപാധി കോളജുകൾ' സ്ഥാപിച്ചിരിക്കുകയാണ്. ഇതിനു പുറമേ 'പ്രയാസ്' (Prayas) എന്ന ഇൻസ്റ്റിസ്റ്റ്യൂട്ട് വഴി വിദ്യാർത്ഥികളെ മത്സരപരീക്ഷകൾക്കു സജ്ജമാക്കുകയും ചെയ്യുന്നു. നക്സൽ നിയന്ത്രണത്തിലുള്ള ബസ്താർ ജില്ലയിലെ അഞ്ചു ജില്ലകളിൽ നിന്നുള്ള 27 വിദ്യാർത്ഥികൾക്ക് 2016-ൽ ഐഐടിയിൽ പ്രവേശനം കിട്ടിയിരുന്നു.

'നക്സൽ ബാധിത പ്രദേശങ്ങളായ 34 ജില്ലകളിലെ നൈപുണ്യവികസനം' എന്ന പദ്ധതിയുടെ കീഴിൽ നൈപുണ്യവികസനവും സംരംഭകത്വവും മന്ത്രാലയം ലക്ഷ്യമിടുന്നു. കൂടാതെ ഈ പ്രദേശത്തെ ഒമ്പതു ജില്ലകളിൽ ഒരു ഐടിഐയും രണ്ടു നൈപുണ്യവികസന കേന്ദ്രങ്ങളും വീതം സ്ഥാപിക്കുന്നതിനുള്ള നടപടികളും എടുത്തുവരികയാണ്.

നക്സൽ ബാധിത പ്രദേശമായ പലാമു മേഖലയിൽ ജാർക്കണ്ട് പോലീസ് 'താരേ സമീൻ പർ' (Taare Zamin Par) എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി നടപ്പാക്കിവരികയാണിപ്പോൾ. പലാമുവിന്റെ തലസ്ഥാനമായ ദാൽ ത്തോൺഗഞ്ചിലെ താമസക്കാരിൽനിന്നു പുസ്തകം, നോട്ട് ബുക്കുകൾ, വസ്ത്രങ്ങൾ, ബാഗുകൾ, ഷൂസ്, കുട തുടങ്ങിയവ പോലീസ് ശേഖരിക്കുന്നു. ഇങ്ങനെ ശേഖരിച്ച വസ്തുക്കൾ ഈ മേഖലയിലെ പിന്നാക്ക വിദ്യാർത്ഥികൾക്കു വിതരണം ചെയ്യുന്നതാണ് പദ്ധതി.

വിദ്യാഭ്യാസവും തുടർന്നുള്ള നൈപുണ്യവികസനവും യുവാക്കൾക്ക് തൊഴിലും ജീവതോപാധി അവസരങ്ങളും നേടിക്കൊടുക്കുമെന്നും ഇത് അവരെ സാമൂഹിക വിധ്വംസക പ്രവൃത്തികളിൽനിന്നു മാറിനിൽക്കുവാൻ പ്രേരിപ്പിക്കുമെന്നും കേന്ദ്ര, സംസ്ഥാന സർക്കാരുകൾ മനസിലാക്കുന്നു. ഈ പദ്ധതി അതിനാൽ തന്നെ അതിന്റെ വളരെ ഗൗരവത്തോടെ ഗവൺമെന്റ് നടപ്പാക്കിവരികയാണ്.

### 2. വടക്കു കിഴക്കൻ കലാപ ബാധിത പ്രദേശങ്ങളിലെ യുവജനങ്ങൾക്കുള്ള ഗവൺമെന്റ് പദ്ധതികൾ

ഭൂമിശാസ്ത്രപരമായി വടക്കു കിഴക്കൻ മേഖല രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും തന്ത്രപ്രധാനമായ പ്രദേശമാണ്. നിർഭാഗ്യവശാൽ ഈ മേഖല നക്സലാക്രമണങ്ങളുടെ പിടിയിലാണ്. കലാപവും അസ്ഥിരതയും സാമൂഹ്യ അരക്ഷിതാവസ്ഥയും ഈ മേഖലയെ ഇന്ത്യയുടെ സ്വാതന്ത്ര്യം മുതൽത്തന്നെ പിടികൂടിയിരിക്കുന്നു.

ഈ പശ്ചാത്തലത്തിൽ ഗവൺമെന്റ് ഈ മേഖലയിൽ നിരവധി പരിപാടികൾ, പ്രത്യേകിച്ചും യുവാക്കൾക്കായി നടപ്പാക്കിവരികയാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഗവൺമെന്റ് വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന്റെ ചുമതല വടക്കു കിഴക്കൻ മേഖലാ വികസന മന്ത്രാലയത്തിനാണ്.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടെ അധ്യക്ഷതയിൽ സറ്റേറ്റ് സ്കിൽ ഡെവലപ്മെന്റ് മിഷനും അതോടൊപ്പം വ്യവസായ പ്രതിനിധികളടങ്ങിയ സ്റ്റീയറിംഗ് കമ്മിറ്റിക്കും രൂപം നൽകുവാൻ നൈപുണ്യവികസന മന്ത്രാലയം ആലോചിക്കുകയാണ്. ഗവൺമെന്റ് ഐടിഐ, സ്വകാര്യ ഏജൻസികൾ എന്നിവയുടെ സഹായത്തോടെ യുവാക്കൾക്കു നൈപുണ്യ പരിശീലനം നൽകുവാൻ ഈ മിഷൻ ലക്ഷ്യമിടുന്നു. ഇതിനു പുറമേ സ്റ്റേറ്റ് ലൈവ്‌ലിഹുഡ് മിഷൻ നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ പദ്ധതികൾ എന്നിവ വഴിയും യുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകും.

### ലക്ഷ്യമിടുന്ന പരിശീലന മേഖലകൾ

1. ഹോസ്പിറ്റാലിറ്റി (ഭക്ഷണം, ശീതള പാനീയ നിർമ്മാണം, ബേക്കിംഗ്, പാചകം തുടങ്ങിയവ)

2. ടൂറിസം (ടൂർ ഓപ്പറേറ്റിങ്, ഹോട്ടൽ മോനേജ്മെന്റ്, ഹോംസ്റ്റേ, ടാക്സി സർവീസസ് തുടങ്ങിയവ)

3. നഴ്സിംഗ്, പാരാ മെഡിക്കൽ സേവനങ്ങൾ

4. സൗന്ദര്യ, സുഖചികിത്സാ പരിശീലനം

5. ഫാഷൻ ഡിസൈനിംഗ്, കൈത്തറി നൂല്പ്, ഗാർമന്റ് നിർമ്മാണം

6. അത്യാവശ്യ ടെക്നിക്കൽ പരിശീലനം (ഇലക്ട്രിക്കൽ, പ്ലംബിംഗ്, എസി, ഫ്രിഡ്ജ്, മൊബൈൽ തുടങ്ങിയവയുടെ റിപ്പയറിങ്)

7. ഓട്ടോമൊബൈൽ രംഗം (ഫിറ്റർ, ടർണർ, വെൽഡർ, മെക്കാനിക് തുടങ്ങിയവ)

8. ഏതു മേഖലയ്ക്കും യോജിക്കുന്ന സോഫ്റ്റ് സ്കിൽ വികസനം

9. റീട്ടെയിൽ കച്ചവടരംഗം

10. ഏവിയേഷൻ (കാബിൻ ക്രൂ, എയർ ഹോസ്റ്റസ്, ഗ്രൗണ്ട് ക്രൂ തുടങ്ങിയവ)

ഇതിനു പുറമേ വടക്കു കിഴക്കൻ മേഖലാ വകുപ്പ്, വടക്കു കിഴക്കൻ ഡെവലപ്മെന്റ് ഫിനാൻസ് കോർപറേഷനുമായി ചേർന്ന് 100 കോടി രൂപയുടെ വെൻചർ കാപ്പിറ്റൽ ഫണ്ടിന് രൂപം നൽകും. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ സ്റ്റാർട്ടപ്പുകൾക്കു സഹായം നൽകുവാനാണിത്. ഐടി, ഐടിഇഎസ്, ഭക്ഷ്യസംസ്കരണം, ആരോഗ്യം, ടൂറിസം, റീട്ടെയിൽ മാർക്കറ്റിംഗ്, അഗ്രിഗേഷൻ സർവീസസ് തുടങ്ങിയ മേഖലകളിലെ സ്റ്റാ

ർട്ടപ്പുകൾക്ക് ഇതിൽനിന്നു സഹായം ലഭിക്കും.

സർവ ശിക്ഷ അഭിയാൻ, രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ ശിക്ഷ (RVSA) എന്നീ പദ്ധതികൾ വഴി വിദ്യാഭ്യാസമേഖലയിൽ പരിഷ്കാരങ്ങൾ നടപ്പാക്കി വരികയാണ്.

വടക്കു കിഴക്കൻ മേഖലാ വികസന മന്ത്രാലായം ഈ മേഖലയിൽ സ്ഥാപിക്കുന്ന വ്യവസായ യൂണിറ്റുകൾക്കും തൊഴിൽ യൂണിറ്റുകൾക്കും സബ്സിഡി നൽകുന്നുണ്ട്. സബ്സിഡി പദ്ധതി നടപ്പാക്കുന്നതിനായി നോർത്ത് ഈസ്റ്റ് ഡെവലപ്മെന്റ് ഫിനാൻസ് കോർപറേഷന് (എൻഇഡിഎഫ്ഐ) മന്ത്രാലയം സഹായം നൽകുന്നുണ്ട്. കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്ന യൂണിറ്റുകൾക്ക് ഉയർന്ന പലിശ സബ്സിഡി ഇവർ അനുവദിക്കുന്നുണ്ട്.

### 3. ഭീകര സംഘടനകൾ, കലാപ ഗ്രൂപ്പുകൾ തുടങ്ങിയവ ബാധിച്ച ജമ്മു കാശ്മീരിലെ യുവജനങ്ങൾക്കുള്ള ഗവൺമെന്റ് പദ്ധതികൾ:

ജമ്മു കാശ്മീരിലെ മൂന്നുപതിറ്റാണ്ടു കാലത്തെ കലാപ പ്രവർത്തനങ്ങളുടെ വേരുകൾ ഇന്ത്യയുടെ സ്വാതന്ത്ര്യം വരെ നീണ്ടുകിടക്കുന്നതാണ്. ജമ്മു കാശ്മീരിലെ യുവജനങ്ങളുടെ നൈപുണ്യവികസനത്തിനും അവർക്കു ജീവിതോപാധി അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ഒരുമിച്ചു പ്രവർത്തിച്ചുവരികയാണ്.

### കേന്ദ്രം നടപ്പിലാക്കി വരുന്ന ഏതാനും ജനപ്രിയ പദ്ധതികൾ

**ഉഡാൻ (UDAN):** കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ സഹായത്തോടെ ദേശീയ നൈപുണ്യ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന സ്പെഷൽ ഇൻഡസ്ട്രി ഇനീഷ്യേറ്റീവ് (എസ്ഐഐ) ആണിത്. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ പ്രതിഭകൾക്ക് കോർപറേറ്റ് എക്സ്പോഷർ നൽകുന്നതിനൊപ്പം ഇവരെ കോർപറേറ്റ് മേഖലയ്ക്ക് പരിചയപ്പെടുത്തി കൊടുക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതികൾക്കു വലിയ പ്രതികരണമാണ് ലഭിക്കുന്നത്. മാത്രവുമല്ല ഇതു വലിയ ഫലവുമുണ്ടാക്കുന്നുണ്ട്.

**സദ്ഭാവന (Sadbhavana):** സൈന്യം മുൻകൈയെടുത്തു നടപ്പിലാക്കുന്ന വിജയകരമായ പദ്ധതിയാണ് സദ്ഭാവന. സദ്ഭാവന പദ്ധതിയുടെ കീഴിൽ വിദ്യാഭ്യാസമേഖലയിലുൾപ്പെടെ യുവജനങ്ങൾക്കു വേണ്ടി നിരവധി പരിപാടികൾ നടപ്പിലാക്കി വരുന്നു. ആർമി ഗുഡ് വിൽ വിദ്യാലയങ്ങൾ ആണ് സൈന്യത്തിന്റെ ഒരു പദ്ധതി. ഒരു ലക്ഷം മിഡിൽ സ്കൂൾ, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കു വിദ്യാഭ്യാസമാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്. ഇപ്പോൾ പതിന്നാലായിരത്തിലധികം കുട്ടികൾ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ വിവിധ സൈനിക സ്കൂളുകളിലൂടെ വിദ്യാഭ്യാസം നടത്തി വരികയാണ്. ആയിരത്തോളം വിദ്യാർത്ഥികൾ സംസ്ഥാനത്തിനു പുറത്തുള്ള സ്ഥാപനങ്ങളിൽ സൈന്യം ലഭ്യമാക്കിയിട്ടുള്ള സ്കോളർഷിപ് ഉപയോഗിച്ചു പഠനം നടത്തുന്നുണ്ട്.

സദ്ഭാവന പദ്ധതിയുടെ കീഴിൽ വിദ്യാർത്ഥികൾക്കായി കരസേന ദേശീയോദ്ഗ്രഥന യാത്രകളും മറ്റും സംഘടിപ്പിക്കുന്നുണ്ട്. ജമ്മു കാശ്മീരിലെ വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങൾ സന്ദർശിക്കുന്നതിനും അവിടുത്തെ സംസ്കാരം മനസിലാക്കുന്നതിനും ഇതുവഴി അവസരമൊരുക്കുന്നു. ഇത്തരത്തിലുള്ള യാത്ര വിദ്യാർത്ഥികൾക്ക് വളരെ പ്രചോദകങ്ങളാണെന്ന് കണ്ടെത്തിയിട്ടുള്ളത്. രാജ്യത്തിന്റെ വളർച്ചയിൽ മാത്രമല്ല, വ്യക്തിത്വ വികസനത്തിലും ഇവർ നേട്ടമുണ്ടാക്കുന്നു. ഇതുവരെ 200 യാത്രകളിലായി അയ്യായിരത്തോളം പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ, സ്ത്രീ ശാക്തീകരണ കേന്ദ്രങ്ങൾ എന്നിവയാണ് ഇന്ത്യൻ കരസേന മുൻകൈയെടുത്തു നടപ്പിലാക്കുന്ന മറ്റു രണ്ടു മുഖ്യപദ്ധതികൾ. സംസ്ഥാനത്തൊട്ടാകെ ഇതു നടപ്പാക്കി വരുന്നു. താല്പര്യമുള്ള, അർഹരായവർക്ക് പ്രായോഗിക പരിശീലനമാണ് ഇതുവഴി ലഭ്യമാക്കുന്നത്. സ്വന്തം ഫണ്ടിൽനിന്നാണ് ഈ ജനസൗഹൃദ പദ്ധതികൾ സൈന്യം നടപ്പാക്കിവരുന്നത്.

**'കാശ്മീർ സൂപ്പർ 40' (Kashmir Super 40 initiative):** എൻജിനീയറിംഗ് പ്രവേശന പരീക്ഷയ്ക്കു ജമ്മു കാശ്മീർ യുവാക്കളെ സജ്ജമാക്കുന്നതിനുള്ള ഇന്ത്യൻ കരസേനയുടെ പദ്ധതിയാണിത്. ഈ പദ്ധതിയിൽ സെന്റർ ഫോർ സോഷ്യൽ റെസ്പോൺസിബിലിറ്റി ആൻഡ് ലേണിംഗ് (സിഎസ്ആർഎൽ), പെട്രോനെറ്റ് എൽഎൻജി എന്നിവയാണ് ഇന്ത്യൻ ആർമിയുടെ പങ്കാളികൾ. ഈ വർഷം സൂപ്പർ 40 ചരിത്രം കുറിച്ചിരിക്കുകയാണ്. 2017 ഐഐടി-ജിഇഇ പരീക്ഷയിൽ 26 ആൺകുട്ടികളും രണ്ടു പെൺകുട്ടികളും പ്രവേശനം നേടിയിരിക്കുകയാണ്. 'കാശ്മീർ സൂപ്പർ 40' യുടെ ഇത്തവണത്തെ വിജയനിരക്ക് 78 ശതമാനമാണ്. ഇതാവട്ടെ രാജ്യത്തെ ഏതൊരു മികച്ച ഐഐടി കോച്ചിംഗ് സെന്ററിനോടും കിടപിടിക്കുന്നതാണ്.

**ഹിമായത്ത് (Himayat):** കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശൽ യോജന പദ്ധതിയുടെ കീഴിൽ 1.24 ലക്ഷം ജമ്മു കാശ്മീരി യുവജനങ്ങളെ പരിശീലിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ഹിമായത്ത്. തൊഴിലധിഷ്ഠിത പരിശീലന പദ്ധതികളാണ് ഇതിനു കീഴിൽ നടപ്പാക്കുന്നത്.

കലാപം ബാധിച്ചിട്ടുള്ള മേഖലകളിലെ യുവജനങ്ങളെ ശാക്തീകരിക്കുന്നതിനു കേന്ദ്ര, സംസ്ഥാന സർക്കാരുകൾ കൈകോർക്കുകയാണ്. ഇത് യുവാക്കളെ സ്വയം ശാക്തീകരിക്കുന്നതിനൊപ്പം തങ്ങൾ ജീവിക്കുന്ന പ്രദേശത്തിന്റെ വികസനത്തിലും വളർച്ചയിലും തങ്ങളുടെ സംഭാവനകൾ നൽകുവാൻ അവരെ പ്രചോദപ്പിക്കുകയും ചെയ്യുന്നു.

*(സാമൂഹിക, രാഷ്ട്രീയ രംഗങ്ങളിലുള്ളവർക്ക് പരിശീലനം നൽകാനായുള്ള യുഎന്നിന്റെ ഡൽഹിയിലെ കേന്ദ്രമായ Rambhan Mhalgi Prabhodhiniയുടെ മേധാവിയാണ് ലേഖകൻ)*



# യുവജന ശാക്തീകരണം: ശാസ്ത്ര, മാനവിക വിഷയങ്ങളിലെ ബോധന ഗുണനിലവാരത്തിന്റെ പങ്ക്

**ഡോ. കെ. മുരുകൻ**

സാക്ഷരതയും വിദ്യാഭ്യാസവും രണ്ടു വ്യത്യസ്തങ്ങളായ വിഷയങ്ങളാണ്. അറിവ് സമ്പാദിക്കുകയും ആ അറിവ് ആദായകരമായ രീതിയിൽ പ്രയോഗിക്കാൻ പ്രാപ്തരാവുകയും ചെയ്യുക എന്നതാണ് വിദ്യാഭ്യാസം കൊണ്ടുദ്ദേശിക്കുന്നത്. അത് ജീവിതാവസാനം വരെ നീളുന്ന ഒരു പ്രക്രിയയാണ്. ഉന്നത വിദ്യാഭ്യാസത്തിൽ പൂർണത എന്നത് അസാധ്യമാണ്. സദാ നവീകരണത്തിനു വിധേയമായിക്കൊണ്ടിരിക്കുക എന്നത് ഈ മേഖലയുടെ അടിസ്ഥാന സ്വഭാവമാണ്. മാറ്റത്തിന്റെ പ്രവേഗം കുറയുക എന്നത് വിദ്യാഭ്യാസ മേഖലയുടെ തകർച്ചയെ സൂചിപ്പിക്കുന്നു. സുസ്ഥിര വികസനത്തിനും ദുർബ്ബല വിഭാഗങ്ങളുടെ ശാക്തീകരണത്തിനും വിദ്യാഭ്യാസം മാത്രമാണ് ഒരേയൊരു പോംവഴി.

യുവജന ശാക്തീകരണം എന്നത് മനുഷ്യരാശിയുടെ വളർച്ചയ്ക്കും വികസനത്തിനും നിദാനമാണ്. യുവജനങ്ങൾ അവരുടെ കഴിവുകളും ശേഷികളും തിരിച്ചറിയേണ്ടതുണ്ട്. ശാക്തീകരണം വഴി യുവജങ്ങൾക്ക് സാമൂഹിക സാമ്പത്തിക ബഹുജനവിഷയങ്ങളിൽ അവരുടെ പങ്ക് ഉറപ്പുവരുത്തുവാനും സാധിക്കും. യുവജന ശാക്തീകരണം ഉറപ്പുവരുത്തുവാൻ എറ്റവും നല്ല മാർഗം ഉന്നതനിലവാരമുള്ള സർവകലാശാലാ വിദ്യാഭ്യാസം സാധ്യമാക്കുക എന്നതാണ്. സർവകലാശാല വിദ്യാഭ്യാസം ഒരു മനുഷ്യന്റെ വ്യക്തിത്വ വികസനത്തിനും, ജീവിത സന്ധാരണത്തിനുള്ള തൊഴിൽ സമ്പാദിക്കുന്നതിനും, ജീവിതത്തോട് വ്യക്തമായ കാഴ്ചപ്പാട് ഉണ്ടാകുന്നതിനും, സമൂഹത്തിലെ വിലപ്പെട്ട ഒരു അംഗം ആയി തീരുന്നതിനും സഹായിക്കുന്നു. അതിനാൽ ഉന്നത നിലവാരമുള്ള സർവകലാശാലാ വിദ്യാഭ്യാസം യുവജന ശാക്തീകരണം തീർച്ചയായും ഉറപ്പുനൽകുന്നു.

മറ്റു വികസിത രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യ ആ നിലവാരത്തിലേക്ക് എത്താൻ ഇനിയും പരിശ്രമിക്കേണ്ടിയിരിക്കുന്നുവെന്ന് മനസിലാകും. ഇക്കാര്യത്തിൽ വിവിധ തലങ്ങളിൽ പരിശീലനം നേടിയ ഉദ്യോഗസ്ഥ വിഭാഗങ്ങളെ സൃഷ്ടിക്കുക എന്നതാണ് പ്രഥമ കർത്തവ്യം. നിലവിലുള്ള സംവിധാനം ഇന്ത്യയെ ലോകരാജ്യങ്ങളുടെ മുന്നിൽ പിടിച്ചു നിൽക്കാൻ സഹായിക്കുന്നുവെങ്കിലും, മറ്റുരാജ്യങ്ങളുമായി വിശേഷിച്ചും ചൈനയുമായി കടുത്ത മത്സരം നേരിടേണ്ടിവരുന്നു. ഇന്ത്യയിൽ ഉന്നതവിദ്യാഭ്യാസം നേടാൻ വിദ്യാർത്ഥികൾ പ്രധാനമായും വിദേശ രാജ്യങ്ങളെ ആശ്രയിക്കുന്നു. വിശേഷിച്ചും ഐ.ഐടി.യിൽ നിന്നും പഠനം പൂർത്തിയാക്കി ഇറങ്ങുന്ന വിദ്യാർത്ഥികൾ തുടർപഠനത്തിന് വിദേശരാജ്യങ്ങൾ തിരഞ്ഞെടുക്കുകയും, ശേഷം അവിടെത്തന്നെ ജോലി നോക്കുകയും ചെയ്യുന്നു. ഈ രീതി പ്രധാനമായും ഇന്ത്യയിൽ തന്നെ വിദ്യാഭ്യാസ രംഗത്ത് നിലവാരമുള്ള അധ്യാപകരുടെ ക്ഷാമത്തിന് കാരണമാകുന്നു. ഇന്നത്തെ നിലയിൽ വിദ്യാഭ്യാസരംഗത്തെ കച്ചവട താൽപര്യം മൂല്യത്തകർച്ചക്ക് പ്രധാന കാരണമാകുകയും ചെയ്യുന്നു. ജീവിത സന്ധാരണത്തിന് വഴികണ്ടെത്താനാവാത്ത അഭ്യസ്തവിദ്യരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. ഉന്നതവിദ്യാഭ്യാസ സംവിധാനത്തിൽ തന്നെ ഒരു ഉടച്ചുവാർക്കലിന്റെ അത്യാവശ്യം ഇപ്പോൾ തള്ളിക്കളയനാവുന്നതല്ല.

സ്വാതന്ത്ര്യലബ്ധിക്ക് ശേഷം മാറിവന്ന വിവിധ ഗവൺമെന്റുകൾ ഭദ്രമായ ഒരു വിദ്യാഭ്യാസ രീതിക്ക് അടിത്തറ പാകിയിട്ടുണ്ടെങ്കിലും, ഈ രംഗത്ത് ഇന്ത്യ നേരിടുന്ന വെല്ലുവിളികൾ നിരവധിയാണ്. ഇന്ത്യയിലെ

കോടിക്കണക്കിന് ജനങ്ങളുടെ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനുവേണ്ടി നടത്തിയ പരിശ്രമങ്ങൾ ഫലം കണ്ടെന്നിരിക്കെ, ഈ കാലഘട്ടത്തിന്റെ ആവശ്യം, പരമ്പരാഗത വിദ്യാഭ്യാസത്തിൽ അധിഷ്ഠിതമായി മാനവിക, ശാസ്ത്ര, കൊമേഴ്സ് വിഷയങ്ങളെ ഇന്നത്തെ സാമൂഹിക സാമ്പത്തിക ഉന്നമത്തിനുവേണ്ടി പുതിയ രീതിയിൽ വിദ്യാർത്ഥികളിൽ എത്തിക്കുക എന്നതാണ്. ഇതിനു സർവകലാശാലകളിൽ നടക്കുന്ന ഉന്നത വിദ്യാഭ്യാസ രീതിയിൽ ദീർഘവീക്ഷണത്തോടു കൂടിയുള്ള മാറ്റങ്ങൾ വരണം.

ഇന്ത്യയിൽ വിദ്യാഭ്യാസ മേഖല നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. അടിസ്ഥാനസൗകര്യങ്ങളില്ലായ്മ, അധ്യാപകരുടെ അഭാവവും താഴ്ന്ന അധ്യയന നിലവാരവും, ഗവേഷണമേഖലയിലെ നിലവാരമില്ലായ്മ എന്നിവ അവയിൽ ചിലതുമാത്രം. ഇതു കൂടാതെ സ്വാശ്രയ മേഖലയുടെ കടന്നുകയറ്റവും ചൂഷണങ്ങളും ഉന്നത വിദ്യാഭ്യാസമേഖല നേരിടുന്ന മറ്റൊരു പ്രധാന വെല്ലുവിളിയാണ്.

### ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ നിലവാരത്തിന്റെ സ്ഥിതിവിവരകണക്കുകൾ (2017ലെ കണക്കുകൾ പ്രകാരം)

| വിദ്യാഭ്യാസ സ്ഥാപനങ്ങൾ | വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| സെൻട്രൽ യൂണിവേഴ്സിറ്റികൾ | 47 |
| സ്റ്റേറ്റ് യൂണിവേഴ്സിറ്റികൾ | 358 |
| പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ | 258 |
| ഡീംഡ് യൂണിവേഴ്സിറ്റികൾ | 122 |
| കോളേജുകൾ | 37204 |
| ഐ.ഐ.ടി. (IITs) | 18 |
| ഐ.ഐ.ഐ.ടി.(IIITs) | 18 |
| എൻ.ഐ.ടി.(NITs) | 32 |
| ഏറ്റവും കൂടുതൽ യൂണിവേഴ്സിറ്റികളുള്ള സംസ്ഥാനം- രാജസ്ഥാൻ | |
| ഏറ്റവും കൂടുതൽ ഡീംഡ് യൂണിവേഴ്സിറ്റികളുള്ള സംസ്ഥാനം- തമിഴ്നാട് | |
| ഏറ്റവും കൂടുതൽ സ്റ്റേറ്റ് യൂണിവേഴ്സ്റ്റികളുള്ള സംസ്ഥാനം- ഉത്തർപ്രദേശ് | |
| ഏറ്റവും കൂടുതൽ സെൻട്രൽ യൂണിവേഴ്സിറ്റികളുള്ള സംസ്ഥാനം- ഉത്തർപ്രദേശ് | |
| ഏറ്റവും കൂടുതൽ കോളേജുകളുള്ള നഗരം - ബാംഗ്ലൂർ | |

• കോളേജുകളിൽ 10% സ്ത്രീകൾക്ക് മാത്രമുള്ളവയാണ്.

• 58% കോളേജുകൾ ഗ്രാമപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്നു.

• കോളേജുകളിൽ 17ശതമാനത്തിൽ പി.എച്ച്.ഡി. ഗവേഷണ സൗകര്യം ഉള്ളവയാണ്.

• 20.5 ശതമാനം കോളേജുകളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പഠന സൗകര്യമുണ്ട്.

• 34.2 മില്യൺ വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസം ചെയ്യുന്നു. ഇതിൽ 18.5 ആൺകുട്ടികളും 15.7 മില്യൺ പെൺകുട്ടികളുമാണ്.

കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ്ങ് അനുസരിച്ച് ഉന്നത വിദ്യാഭ്യാസ നിലവാരത്തിൽ ഐ.ഐ.എസ്.സി ബാംഗ്ലൂർ ആണ് ഒന്നാം സ്ഥാനത്തുള്ളത്. ജെ.എൻ.യു മൂന്നാം സ്ഥാനത്തും കേരള യൂണിവേഴ്സിറ്റി 44 -ാം സ്ഥാനത്തുമാണ്.

ഈ റാങ്കിങ്ങ് വന്നത് അഞ്ച് പ്രധാനപ്പെട്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്.

1) അദ്ധ്യാപനം (ടീച്ചിംഗ് & ലേണിംഗ് റിസോർസസ്).

2) ഗവേഷണവും തൊഴിലധിഷ്ഠിത പഠനവും.

3) ഗ്രാജുവേഷൻ ഔട്ട്കം.

4) ഔട്ട് റീച്ച് ആൻഡ് ഇൻക്ലൂസിവിറ്റി.

5) പെർസെപ്ഷൻ.

### ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനുവേണ്ടി ചില നിർദ്ദേശങ്ങൾ

ഗവൺമെന്റിന്റെയും, വ്യവസായികളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും, രക്ഷിതാക്കളുടെയും, വിദ്യാർത്ഥികളുടെയും ഭാഗത്തു നിന്നും ഗുണനിലവാരം ഉയർത്താനുള്ള നിർദ്ദേശങ്ങളും, വിശകലനങ്ങളും സ്വീകരിച്ചുകൊണ്ടുള്ള വികസനോന്മുഖ പദ്ധതികളാണ് നമുക്കാവശ്യം.

#### 1) വ്യാവസായിക-വിദ്യാഭ്യാസ മേഖലാ ബന്ധം:

വിദ്യാഭ്യാസത്തോടൊപ്പം നൈപുണ്യവികസനവും വ്യവസായ മേഖലയുടെ പ്രധാന ആവശ്യമാണ്. നൈപുണ്യവികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പഠനം ലക്ഷ്യമാക്കണം.

#### 2) വൊക്കേഷണൽ, ഡിപ്ലോമ കോഴ്സുകളുടെ നിലവാരവും പാഠ്യഘടനയും:

ഇവ രണ്ടും കാലഘട്ടത്തിന്റെ ആവശ്യത്തിന് അനുസരിച്ച് മാറണം. കഴിവുള്ള വിദ്യാർത്ഥികളെ ഈ കോഴ്സുകളിലേക്ക് ആകർഷിക്കാൻ ഇത് ഗുണം ചെയ്യും.

### 3) സാമ്പത്തിക കാര്യങ്ങളുടെ ഏകീകരണം:

ഉന്നത വിദ്യാഭ്യാസ രംഗത്തെ ചെലവ് നിയന്ത്രിക്കാൻ സർക്കാർ ഭാഗത്തുനിന്നും ഫണ്ട് അനുവദിക്കുന്നതിലും, അത് വിനിയോഗിക്കുന്നതിലും പ്രത്യേക ശ്രദ്ധയും അധികൃതരുടെ ജാഗ്രതയും ഉറപ്പുവരുത്തണം. വിദ്യാർത്ഥികളുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് ഫീസിന്റെ ഘടന നിശ്ചയിക്കുകയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

### 4) വിദ്യാർത്ഥി അധിഷ്ഠിതമായ ചലനാത്മക വിദ്യാഭ്യാസം:

ഇതിന് നവചിന്താഗതിയും നൈപുണ്യവുമുള്ള അദ്ധ്യാപകർ ആവശ്യമാണ്. പരമ്പരാഗത ക്ലാസ്റൂം അദ്ധ്യയനത്തിൽ നിന്നും വ്യത്യസ്തമായി സ്വയം പഠനവും, വർക്ക്ഷോപ്പ്, സെമിനാർ ഗ്രൂപ്പ് ഡിസ്കഷൻ തുടങ്ങിയ നൂതന രീതികളും നടപ്പാക്കാവുന്നതാണ്. വിദൂരവിദ്യാഭ്യാസം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിൽ വരുത്തണം.

### 5) തൊഴിലധിഷ്ഠിത കോഴ്സുകൾ:

വ്യക്തിയുടെ സർവ്വതോന്മുഖമായ വളർച്ചയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. എങ്കിലും ഇന്നത്തെ വിദ്യാഭ്യാസ രീതി അത് കൈവരിക്കാൻ പ്രാപ്തമാണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. അതിനാൽ പുതിയ കോഴ്സുകളിൽ മാനവിക, ശാസ്ത്ര, സാഹിത്യ വിഷയങ്ങളുടെ ഒരു പരിച്ഛേദം ഉൾപ്പെടുത്താവുന്നതാണ്.

### 6) ഗവേഷണ മേഖല:

വിദേശ രാജ്യങ്ങളിലേതിനേക്കാൾ ഇന്ത്യയിൽ ഗവേഷണ വിദ്യാർത്ഥികളുടെ എണ്ണം താരതമ്യേന കുറവാണ്. ഇന്ത്യൻ സർവകലാശാലകളിൽ ഗവേഷക വിദ്യാർത്ഥികളുടെ എണ്ണം, ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തിവർദ്ധിപ്പിക്കുക. ഗവേഷണമേഖലയിലേക്ക് കഴിവുള്ള വിദ്യാർത്ഥികളെ ആകർഷിക്കാൻ ഇപ്പോഴുള്ള ഗ്രാന്റും മറ്റും ആവശ്യാനുസരണം ഉയർത്തേണ്ടത് ആവശ്യമാണ്. ഈ വിദ്യാർത്ഥികളെ സർവകലാശാലാ അദ്ധ്യാപനത്തിലേക്കും മറ്റും പരിഗണിച്ച് വേണ്ടത്ര സാമ്പത്തിക സഹായം നൽകണം.

### 7) അന്തർദേശീയ സഹകരണം:

വാർത്താ വിനിമയ, വിവര സാങ്കേതിക വിദ്യയുടെ വികസനം തദ്ദേശീയ വികസന പ്രശ്നങ്ങൾക്ക് അന്തർദേശീയ തലത്തിൽ പരിഹാരം നേടാൻ സഹായമാകും. ഇത് വിദ്യാഭ്യാസ മേഖലയിൽ പ്രാവർത്തികമാക്കിയാൽ വളർച്ച ഉറപ്പുവരുത്താൻ കഴിയും.

### 8) ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം:

ഗവൺമെന്റ് അധീനതയിലുള്ള ഒരു ഏജൻസി, കോളേജുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മൂന്ന് വർഷം കൂടുമ്പോൾ അക്കാദമിക് ആഡിറ്റിങ് നടത്തുന്നത് ഈ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തും. ഉദാഹരണമായി ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (ഐ.ക്യു.എ.സി) പോലുള്ള ഏജൻസികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ഉത്തരവാദിത്ത പൂർണ്ണവും ആകേണ്ടതുണ്ട്.

വിദ്യാഭ്യാസ രംഗത്ത് എല്ലാവർക്കും വിദ്യാഭ്യാസം എന്ന ആശയത്തിന് മുൻഗണന നൽകുമ്പോൾ ഈ മേഖലയിൽ വൻതോതിലുള്ള നിക്ഷേപം കണ്ടെത്തേണ്ടതായി വരുന്നു. അതിനോടൊപ്പം തന്നെ നിലവാരത്തിന് മാറ്റ് കൂട്ടേണ്ടതും പഠന വിഷയങ്ങൾ വൈവിധ്യവൽക്കരിക്കേണ്ടതും ശേഷികൾ ഉയർത്തേണ്ടതും അത്യാവശ്യമാകുന്നു.

### 9) വിവര സാങ്കേതിക യുഗത്തിന്റെ വരവ്:

ലോകം ഇന്ന് വിവരസാങ്കേതിക യുഗത്തിൽ പുരോഗമിക്കുകയാണ്. ഈ യുഗം യുവാക്കൾക്ക് പ്രദാനം ചെയ്യുന്ന അവസരങ്ങളും തുടർ വിദ്യാഭ്യാസത്തിനുള്ള സാധ്യതകളും വിപ്ലവകരമായ വിധം വേഗതയേറിയതാണ്. ആശയവിനിമയശേഷിയും വിവരവിതരണത്തിലുണ്ടായ കുതിച്ചു ചാട്ടങ്ങളും കൂടുതൽ വസ്തു നിഷ്ഠമായ സമീപനങ്ങളും സാങ്കേതികമായ പൂർണ്ണതയും ഉന്നത വിദ്യാഭ്യാസം നേടിയ യുവാക്കളിൽ നിന്ന് ആവശ്യപ്പെടുന്നു.

### 10. സാമൂഹിക സ്വകാര്യ പങ്കാളിത്തം:

യൂണിവേഴ്സിറ്റികളേയും, വ്യവസായ ശാലകളേയും ഗവേഷണ ലാബുകളേയും സംയോജിപ്പിക്കുന്നതിൽ യു.ജി.സി.ക്കും എച്ച്. ആർ. ഡി മന്ത്രാലയത്തിനും മുഖ്യ പങ്കുണ്ട്. ഇവ മൂന്നും ഉന്നത വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കുള്ള നെടുംതൂണുകളാണ്. ദേശീയ ഗവേഷണ ലാബുകൾക്ക് ധനസഹായം നൽകുന്ന ഗവൺമെന്റ് ഇവയുടെ പരസ്പര സഹകരണം ഉറപ്പുവരുത്തുന്നതിന് നയപരമായ തീരുമാനങ്ങൾ എടുക്കേണ്ടതുണ്ട്. ഗവൺമെന്റിന്റേയും സ്വകാര്യ മേഖലയിലേയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ അവരുടെ അദ്ധ്യാപകരുടെ നിലവാരം ഉയർത്തേണ്ടതുണ്ട്. സ്റ്റാഫുകളുടെ എണ്ണത്തിലും കൃത്യത പാലിക്കണം. സ്വകാര്യ സാമൂഹിക വ്യവസായ സംരംഭങ്ങൾ, വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന മേഖലകളിലും ഇടപെടലുകൾ നടത്തണം. പുരോഗമനാത്മകമായ മാറ്റങ്ങൾക്ക് ഗവൺമെന്റിന്റെയും വിദ്യാർത്ഥികളുടേയും വ്യവസായ പ്രമുഖരുടെയും പങ്കാളിത്തം ഒരുപോലെ ഉറപ്പാക്കേണ്ടതുണ്ട്.

### 11. പുതിയ കാഴ്ചപ്പാടുകൾ:

എല്ലാ രാജ്യങ്ങളേയും പോലെ ഇന്ത്യയും വിശ്വമാനവികതയുടെ പ്രാധാന്യം മനസ്സിലാക്കി ലോകമൊട്ടുക്കുള്ള വളർച്ചക്കും സമാധാനത്തിനും ഒരുമയ്ക്കും പ്രധാന്യം നൽകുന്ന പാശ്ചാത്യ-പൗരസ്ത്യ കൂട്ടായ്മകളുമായി കൈകോർക്കുകയാണ്. പുരാതനമായ സാം

സ്കാരിക പൈതൃകങ്ങളെ ഉദ്ദീപിപ്പിക്കുന്ന പ്രവർത്തനങ്ങളും നവീനമായ ആശയങ്ങളും സമന്വയിപ്പിക്കുക വഴി ഒരു പുതിയ മാനവികബോധം രൂപംകൊള്ളുന്നു. ഭൗതികവും,വൈകാരികപരവും, ബൗദ്ധികവുമായ സാമൂഹിക പുരോഗതി അങ്ങനെ കൈവരിക്കാനാവും.

**12. സാംസ്കാരിക കൈകോർക്കലുകൾ:**

വിദ്യാഭ്യാസ കാലയളവിൽ പാഠ്യപ്രവർത്തനങ്ങളുടെ തുടർച്ചയായി ഇന്ത്യയിലേയും ലോകത്തിലേയും വിവിധ ഭാഗങ്ങളെ കോർത്തിണക്കിക്കൊണ്ട് പഠിതാക്കൾക്കായി സാംസ്ക്കാരിക, വൈജ്ഞാനിക യാത്രകൾ സംഘടിപ്പിക്കേണ്ടതുണ്ട്. കല, സംസ്കാരം, മതം, സാങ്കേതികവിദ്യ എന്നിവയിലെ വളർച്ചയും വൈചാത്യങ്ങളും മനസ്സിലാക്കുന്നതിന് വിദ്യാർത്ഥികൾക്ക് ഇത് അവസരം ഒരുക്കും.

**13. വ്യക്തിയധിഷ്ഠിത വിദ്യാഭ്യാസം:**

ഓരോ വിദ്യാർത്ഥിയുടേയും കുടുംബ പശ്ചാത്തലവും സാമൂഹിക ചുറ്റുപാടും വ്യത്യസ്തമായിരിക്കും. അവർക്കുള്ള കഴിവുകളും വെവ്വേറെയായിരിക്കും. ഇതു മനസിലാക്കാതെ ചില മാതാപിതാക്കളെങ്കിലും അവരുടെ കുട്ടികളെ ഉന്നത വിദ്യാഭ്യാസത്തിനായി നിർബന്ധിച്ചു പറഞ്ഞയക്കാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ അധ്യാപകർക്ക് കുട്ടിയുടെ യഥാർത്ഥ ശേഷി മനസ്സിലാക്കി നേർവഴിക്കു നടത്തിക്കാൻ സഹായിക്കാനാവും. ചില കുട്ടികൾ കായികമായും, കലാപരമായും കഴിവുകൾ തെളിയിക്കുമ്പോൾ മറ്റു ചിലർ സാങ്കേതിക വിദ്യയിൽ മികവുറ്റതായിരിക്കും. ഇതിലേക്ക് വിദ്യാർത്ഥികളെ നയിക്കേണ്ടത് അദ്ധ്യാപകരാണ്. ഉന്നത വിദ്യാഭ്യാസം ആ മേഖലയിൽ അഭിരുചിയുള്ളവർ തെരഞ്ഞെടുക്കണം. അതിന് ഫീസ് ഒരു ഭാരമാകരുത്. ഉന്നത വിദ്യാഭ്യാസം മുന്നോക്ക പിന്നാക്ക വ്യത്യാസങ്ങളില്ലാതെ എല്ലാ തരത്തിലുള്ളവർക്കും എത്തിപ്പെടാൻ പാകത്തിൽ ലളിതമാകണം.

**14. ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണം:**

ധനതത്വപരമായി ഏതു രാജ്യത്തിന്റെയും ഉന്നമനത്തിന് ആധാരം വിദ്യാഭ്യാസമാണ്. അത് സമൂഹത്തിന്റെയും വ്യക്തിയുടെയും അടിത്തറയാകുന്നു. വിദ്യാഭ്യാസ പുരോഗതിക്ക് പ്രഥമ സ്ഥാനം നൽകണം. അതുപോലെ സ്വകാര്യവത്ക്കരണവും ഈ രംഗത്ത് വന്നേ മതിയാകൂ. ഇന്ത്യയിൽ സർക്കാരിന് മാത്രമായി വിദ്യാഭ്യാസപരമായ  കർത്തവ്യങ്ങൾ നിർവ്വഹിക്കുക അസാദ്ധ്യമാണ്.

**15. ഉന്നത സാങ്കേതിക വായനശാലകൾ:**

വായനശാലകൾ പുസ്തക നിധികളാണ്. പുതിയ സങ്കേതമായ ഈ- ബുക്കുകൾ അടക്കം സാങ്കേതിക തികവുകൾ നിറഞ്ഞതായിരിക്കണം വായനശാലകൾ. ഗ്രന്ഥങ്ങളും, സൂചികകളും മറ്റും ഡിജിറ്റലായി സൂക്ഷിക്കേണ്ടതാകുന്നു. ഇത് വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കും എന്നതിൽ സംശയമില്ല.

**16. ഉയർന്ന നിലവാരം:**

ഓരോ വിദ്യാഭ്യാസ സ്ഥാപനവും ഗവേഷണം, അടിസ്ഥാന സൗകര്യങ്ങൾ, പാഠ്യ-പാഠ്യേതര സേവനങ്ങൾ, അക്കാഡമിക് അന്തരീക്ഷം എന്നിവയിൽ ഉയർന്ന നിലവാരം പുലർത്തേണ്ടതാണ്. പരസ്പരം സഹകരിച്ച് പഠന പ്രവർത്തനങ്ങൾ നടത്തുക, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും കൂട്ടായ വിദേശ സന്ദർശനങ്ങൾ ഏർപ്പെടുത്തുക, അന്തർ ദേശീയ സഹകരണ പദ്ധതികൾ നടപ്പാക്കുക, പ്രത്യേകിച്ച് നമ്മുടെ സാംസ്കാരികവും പാരിസ്ഥിതികവുമായ പ്രത്യേകതകൾ അന്തർദേശീയതലത്തിൽ ചർച്ച ചെയ്യപ്പെടാനുള്ള അവസരങ്ങൾ ഒരുക്കുക എന്നിവ സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. സാമൂഹിക വിഷയങ്ങളിലെ ഗവേഷണ പ്രബന്ധങ്ങൾ വസ്തുനിഷ്ഠമായി പരിശോധിക്കപ്പെടണം. അവയുടെ സാമൂഹികവും സാമ്പത്തികവും ധനശാസ്ത്രപരവുമായ പ്രസക്തി ചർച്ച ചെയ്യണം.

**17. മെച്ചപ്പെട്ട വിദ്യാഭ്യാസനയം:**

ഇപ്പോൾ ഇന്ത്യാ ഗവൺമെന്റ് ആഗോള തലത്തിൽ തന്നെ നിലവാരം പുലർത്തുന്ന ഒരു വിദ്യാഭ്യാസ നയത്തിനാണ് ഊന്നൽ നൽകുന്നത്. യു.എസ്.എ, യു.കെ, ഓസ്ട്രേലിയ മുതലായ രാജ്യങ്ങളിൽ ഗവൺമെന്റ് മറ്റു രാജ്യങ്ങളിലെ വിദ്യാർത്ഥികളെ ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് ധാരാളമായി സ്വാഗതം ചെയ്യുന്നുണ്ട്. അതു നമുക്കും അനുകരിക്കാവുന്നതാണ്.

**18. വ്യക്തിത്വ വികസനം:**

വിദ്യാഭ്യാസം സ്വന്തം സർഗശേഷിയെ പരിപോഷിപ്പിക്കുന്നതാവണം. എങ്കിൽ മാത്രമേ വിദ്യാർത്ഥികൾക്ക് ആഗോളവത്കരണത്തിന്റെ ഈ കാലഘട്ടത്തെ ആത്മവിശ്വാസത്തോടെ അഭിമുഖികരിക്കാനാവുകയുള്ളൂ.

**19. പരീക്ഷാ പരിഷ്കാരങ്ങൾ:**

വിദ്യാർത്ഥികളുടെ പഠനത്തിലെ മികവ് നിരന്തരം വിലയിരുത്തപ്പെടണം. വാർഷിക പരീക്ഷാക്രമങ്ങളിൽ കാലാനുസൃതമായ മാറ്റം ഉണ്ടാവണം. ഓർമ്മശക്തിയ്ക്ക് ഊന്നൽ നൽകുന്ന പരീക്ഷാ രീതിയിൽ നിന്നും മാറി വിദ്യാർത്ഥിയുടെ അഭിരുചിയും വിശകലന ശേഷിയും സൃഷ്ടിപരമായ കഴിവും പ്രായോഗിക പരിജ്ഞാനവും അളവുകോലാവുന്ന പരീക്ഷാ രീതികൾ അവലംബിക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസ മേഖലയിൽ ഒരു വിപ്ലവം അനിവാര്യമായിരിക്കുന്നു. നമ്മുടെ സർവകലാശാലകളിൽ നിന്നാവട്ടെ അതിന്റെ തുടക്കം. ഗവേഷണ രംഗങ്ങളിലും അവ മാറ്റൊലിക്കൊള്ളട്ടെ. അങ്ങനെ ലോകത്തിന്റെ  ഭാവി ശോഭനമാകട്ടെ.

*(സംസ്ഥാന കോളേജിയേറ്റ് എഡ്യൂക്കേഷൻ വകുപ്പിൽ കൊല്ലം ജില്ലാ ഡപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ)*

# മസ്തിഷ്ക ശോഷണത്തിൽ നിന്നും മസ്തിഷ്ക പോഷണത്തിലേക്ക്



ഡോ. ജോസഫ് ആന്റണി

മെച്ചപ്പെട്ട ജീവിതം തേടിയുള്ള മനുഷ്യ സമൂഹത്തിന്റെ സഞ്ചാരത്തിനു സംസ്കാരങ്ങളോളം പഴക്കമുണ്ട്. അത്തരം സഞ്ചാരങ്ങളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട അറിവുകളും അനുഭവങ്ങളുമാണ് മനുഷ്യ സമൂഹത്തെ ഇന്നത്തെ രൂപത്തിൽ പരുവപ്പെടുത്തിയത്. ആധുനിക സമൂഹത്തിന്റെ നിർമ്മാണത്തിന് അടിത്തറയായത് അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ നിരവധി മനീഷികളുടെ ഏറെനാൾ നീണ്ട സഞ്ചാരങ്ങളിലൂടെ നടന്ന കൊടുക്കൽ വാങ്ങലുകളാണ്. അവരിലൂടെ അറിവും അനുഭവങ്ങളും രാജ്യാർത്തികൾ കടന്ന് പുതിയ രൂപഭാവങ്ങൾ സ്വീകരിച്ചു. കാലവും ചരിത്രവും രാഷ്ട്രീയവും മുന്നേറിയപ്പോൾ സംസ്കാരങ്ങൾ സമൂഹങ്ങളായും, അവ പിന്നാലെ ദേശരാഷ്ട്രങ്ങളായും രൂപം മാറി. പടയോട്ടങ്ങളും കീഴടക്കലുകളും ചില രാഷ്ട്രങ്ങളെ മേലാളരും മറ്റുള്ളവയെ കീഴാളരുമാക്കി. വിജയികൾ വിജ്ഞാനത്തിന്റെയും വിപണിയുടെയും അധിപരായി. വിജ്ഞാനവും വിപണിയും ചില രാഷ്ട്രങ്ങളെ സമ്പന്നരാക്കി. ആ സമ്പത്തിന്റെയും വിജ്ഞാനകേന്ദ്രങ്ങുടെയും ഉറവിടങ്ങളിലേക്ക് വിജ്ഞാനവും മെച്ചപ്പെട്ട ജീവിതവും തേടി മനുഷ്യർ എത്തുന്നത് ചരിത്രത്തിന്റെ ആവർത്തനം മാത്രമാണ്. ഭൂമിശാസ്ത്ര അതിർത്തികൾക്കുള്ളിൽ രാഷ്ട്രവും രാഷ്ട്രീയവും ഒതുങ്ങിയപ്പോൾ നാം ആ പ്രക്രിയയെ മസ്തിഷ്ക്കശോഷണമെന്നും മറ്റും വിളിക്കാൻ തുടങ്ങി. ആധുനിക സമൂഹം ഇന്ന് സാക്ഷ്യം വഹിക്കുന്ന ഈ കുടിയേറ്റങ്ങൾക്ക് സാമ്പത്തിക ശാസ്ത്രപരവും രാഷ്ട്രീയവുമായ മാനമുണ്ട്. ഏറ്റവും ലളിതമായിപ്പറഞ്ഞാൽ, ഋണപരമായ മസ്തിഷ്ക്ക ശോഷണത്തിൽ നിന്നും ഗുണപരമായ മസ്തിഷ്ക്ക പോഷണത്തിലേക്ക് ഒരു രാജ്യം വളരുന്നുവെന്നത് വ ലിയ ഒരു രാഷ്ട്രീയ പ്രഖ്യാപനമാണ്.

## മസ്തിഷ്ക്ക ശോഷണം (Brain Drain)

ഒരു രാജ്യത്തെ ഏറ്റവും മികച്ച വിദ്യാഭ്യാസവും തൊഴിൽ നൈപുണ്യവും നേടിയവർ മെച്ചപ്പെട്ട സേവനവേതന സൗകര്യങ്ങൾ ലക്ഷ്യമാക്കി വികസിത രാജ്യങ്ങളിലേക്ക് പലായനം ചെയ്യുന്നതിനെയാണ് മസ്തിഷ്ക്കശോഷണം (Brain Drain) എന്ന് വിളിക്കുന്നത്. മൂന്നാം ലോക രാജ്യങ്ങളിൽ നിന്നും വികസിത രാജ്യങ്ങളിലേക്കു നടക്കുന്ന ബൗദ്ധികസ്വത്തിന്റെ കുടിയേറ്റമാണ് മസ്തിഷ്ക്കശോഷണമെന്ന ഓമനപ്പേരിൽ അറിയപ്പെടുന്നത്. സ്വന്തം നാട്ടിൽ ലഭ്യമായ ഏറ്റവും മികവാർന്ന വിദ്യാഭ്യാസം നേടി മാതൃരാജ്യത്തിന്റെ വികാസത്തെ നയിക്കേണ്ട ബൗദ്ധിക മൂലധനമാണ് ഇതിലൂടെ ഒഴുകിപ്പോകുന്നത്. അതുകൊണ്ടാവണം ഈ പ്രക്രിയയെ "മാനവ വിഭവശേഷിയുടെ പലായനം" എന്ന് വിളിക്കുന്നത്.

മികച്ച വിദ്യാഭ്യാസവും തൊഴിൽ നൈപുണ്യവും നേടിയവരെ ലോകത്തെ വിവിധ രാജ്യങ്ങൾക്കു സംഭാവന നൽകുന്ന സുപ്രധാന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. മറ്റൊരു രാജ്യം ചൈനയാണ്. ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ഏകദേശം മൂന്നുകോടി ഇന്ത്യാക്കാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവന മനുഷ്ഠിക്കുന്നുണ്ട്. ശാസ്ത്രജ്ഞർ, സാങ്കേതികവിദഗ്ധർ, ഡോക്ടേഴ്സ്, ഗവേഷകർ എന്നിവരുടെ പലായനമാണ് ഏറെ ഗുരുതരം. ഇവരിൽ ഏറെപ്പേരും ഒരു സ്വർഗരാജ്യം സ്വപ്നം കണ്ടുകൊണ്ടു കുടിയേറുന്നത് പ്രധാനമായും അമേരിക്ക, ബ്രിട്ടൻ, ജർമനി, ഓസ്ട്രേലിയ, ഫ്രാൻസ് മുതലായ രാജ്യങ്ങളിലേക്കാണ്. ഇന്ത്യയുടെ മസ്തിഷ്ക്ക നഷ്ടം മറ്റു രാജ്യങ്ങളുടെ ബൗദ്ധികനേട്ടമായി മാറുന്നു. വിത്തിറക്കുന്നത് ഇന്ത്യയും വിളകൊയ്യുന്നത് വിദേശരാജ്യങ്ങളും. ഒരു കാര്യത്തിൽ നമുക്ക് അഭിമാനിക്കാം. ലോകത്തെ അറിയപ്പെടുന്ന ശാസ്ത്ര-സാങ്കേതിക-വ്യാവസായിക സ്ഥാപനങ്ങളുടെ താക്കോൽ സ്ഥാനങ്ങളിലുള്ള ഇന്ത്യാക്കാരുടെ നേതൃപരമായ സാന്നിധ്യം നമ്മുടെ ഉന്നതമായ ബൗദ്ധിക നൈപുണ്യത്തിന്റെ തെളിവാണ്. പെപ്സികോ സി.ഇ.ഒ സത്യാനാദെല്ല, നോബൽ സമ്മാനജേതാക്കളായ എസ്. ചന്ദ്രശേഖർ, അമർത്യാസെൻ മുതലായവർ ഇവരിൽ ചിലർമാത്രം. ഇവരെപ്പോലെ പ്രഗത്ഭരായ പതിനായിരങ്ങൾ വിദ്യാഭ്യാസത്തിനായും തൊഴിലിനായും ഇന്ത്യയുടെ തീരം കടന്നുപോയി.

യു.എൻ.ഡി.പി.യുടെ കണക്കുകൾ പ്രകാരം അമേരിക്കയിലേക്കുള്ള ഇന്ത്യാക്കാരായ കമ്പ്യൂട്ടർ വിദഗ്ധരുടെ കുടിയേറ്റം മൂലം ഒരു വർഷം ഇന്ത്യയ്ക്ക് നഷ്ടമാകുന്നത് ഇരുന്നൂറുകോടി ഡോളറാണ്. ഉന്നത വിദ്യാഭ്യാസം തേടി ഇന്ത്യൻ വിദ്യാർത്ഥികൾ വിദേശ രാജ്യങ്ങളിലേക്ക് പോകുന്നതിലൂടെ ഓരോ വർഷവും നൂറുകോടി ഡോളർ ഇന്ത്യയ്ക്കു പുറത്തേക്കു പോകുന്നുണ്ടെന്നും കണക്കാക്കപ്പെട്ടിട്ടുണ്ട്.

നൂറ്റിമുപ്പതുകോടി ജനങ്ങളുടെ നാടായ ഇന്ത്യയ്ക്ക് പുതിയ ഉയരങ്ങളിലേക്കു പോകണമെങ്കിൽ ആ ലക്ഷ്യങ്ങളിലേക്ക് ഇന്ത്യയെ കൈപിടിച്ചു നടത്താൻ പ്രാപ്തരായ ശാസ്ത്രജ്ഞരും സാങ്കേതിക വിദഗ്ധരും ഡോക്ടർമാരും ഗവേഷകരും വേണം. സ്വാതന്ത്ര്യാനന്തരകാലം മുതൽ ഇന്ത്യ നേരിടുന്ന ഒരു പ്രതിസന്ധി

യാണ് മസ്തിഷ്ക്ക ശോഷണം. ഇത് മൂന്നാം ലോക രാജ്യങ്ങൾ പൊതുവിൽ നേരിടുന്ന ഒരു ഗുരുതര പ്രശ്നമാണ്.

മസ്തിഷ്ക്ക ശോഷണമെന്ന പ്രതിഭാസം പുതിയതല്ല. എന്നാൽ, ആഗോളവത്ക്കരണപ്രക്രിയകൾ ശക്തമായതോടെ മസ്തിഷ്ക്ക ശോഷണത്തിന്റെ ഒഴുക്കിനും ശക്തികൂടിയിട്ടുണ്ട്. ആഗോളവത്ക്കരണം തന്നെ വിഭാവനം ചെയ്യുന്നത് വിഭവങ്ങളുടെയും, മൂലധനത്തിന്റെയും, സേവനങ്ങളുടെയും സ്വച്ഛ-സ്വതന്ത്രമായ ഒഴുക്കാണ്. ഗുണമേന്മയുള്ള മനുഷ്യവിഭവശേഷിക്ക് ആഗോളവത്ക്കരണം കൂടുതൽ അവസരങ്ങൾ തുറന്നു നൽകുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസവും മികച്ച തൊഴിൽ നൈപുണ്യവുമുള്ളവർക്കു മുന്നിൽ അനന്തമായ തൊഴിൽ സാധ്യതകളാണ് ആഗോളവത്ക്കരണം തുറന്നുകൊടുത്തിരിക്കുന്നത്. മെച്ചപ്പെട്ട സേവന- വേതന വ്യവസ്ഥകളും ജീവിത സാഹചര്യങ്ങളും വാഗ്ദാനം ചെയ്യുമ്പോൾ അങ്ങോട്ടേക്ക് മനുഷ്യവിഭവ ശേഷി ആവിഷ്ക്കരിക്കപ്പെടുക സ്വാഭാവികം മാത്രം.

ആഗോളവത്ക്കരണം ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കാനുള്ള അവസരവും ലഭ്യമാക്കിയിട്ടുണ്ട്. മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥകൾ മാത്രമല്ല, അമേരിക്കയുൾപ്പെടെയുള്ള പാശ്ചാത്യ രാജ്യങ്ങൾ വിദ്യാഭ്യാസവും തുടർന്ന് തൊഴിലും വാഗ്ദാനം നൽകുന്നുണ്ട്. ഇതിന്റെ ഫലമായി, വിദേശ വിദ്യാഭ്യാസം നേടുന്നതിനായി ഇന്ത്യ വിടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ അഭൂതപൂർവ്വമായ വർധനവാണ് ഉണ്ടായിരിക്കുന്നത്. ഇന്ത്യയിൽ നിന്നും വിദേശ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾക്കു പോകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഈ അടുത്ത കാലത്ത് ഉണ്ടായ വൻ വർധന ഇതിന് തെളിവാണ്. ഈ അടുത്തകാലത്ത് ഐ.ഐ.എം. ബാഗ്ലൂർ നടത്തിയ പഠനങ്ങൾ തെളിയിക്കുന്നത് അത്തരമൊരു ചിത്രമാണ്. 2000ൽ അൻപത്തിമൂവായിരം വിദ്യാർത്ഥികളാണ് വിദേശ വിദ്യാഭ്യാസത്തിനായി പോയതെങ്കിൽ 2010 ൽ അവരുടെ എണ്ണം ഒരു ലക്ഷത്തിത്തൊണ്ണൂറായിരമായി വർധിച്ചു. 256 ശതമാനം വർധനവ്.

## ഉന്നത വിദ്യാഭ്യാസ സാധ്യത

ഉന്നത വിദ്യാഭ്യാസ സാധ്യതകളാണ് മസ്തിഷ്ക്കശോഷണത്തിന്റെ ഒന്നാംഘട്ടം. ഇന്ത്യയിൽ മെച്ചപ്പെട്ട ചുരുക്കം ചില ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാത്രമുണ്ടായിരുന്ന കാലത്താണ് മസ്തിഷ്ക്ക ശോഷണ പ്രതിഭാസം ആരംഭിച്ചത്. പക്ഷേ, ഉന്നത വിദ്യാഭ്യാസ രംഗത്തു കൂടുതൽ മികവിന്റെ കേന്ദ്രങ്ങൾ ഇവിടെ ഉണ്ടായെങ്കിലും വിദേശരാജ്യങ്ങളിലെ പ്രസിദ്ധങ്ങളായ സർവ്വകലാശാലകൾ ഇപ്പോഴും ഇന്ത്യൻ വിദ്യാർത്ഥികളെ കൂടുതലായി ആകർഷിച്ചു കൊണ്ടിരിക്കുന്നു. കൂടുതൽ പുതുമയുള്ളതും വ്യത്യസ്തതയുള്ളതും കാലാനുസൃതവുമായ കോഴ്സുകൾ ആവിഷ്ക്കരിക്കുന്നതിൽ വിദേശ സർവ്വകലാശാലകൾ ഒരു മാത്സര്യ ബുദ്ധി പുലർത്തുന്നതായി കാണാം. ഇക്കാര്യത്തിൽ ഇന്ത്യൻ സർവ്വകലാശാലകൾ ഇപ്പോഴും മടിച്ചുതന്നെയാണ് നിൽക്കുന്നത്..

## തൊഴിൽ സാധ്യത

രണ്ടാമത്തേത്, വിദേശ വിദ്യാഭ്യാസം വാഗ്ദാനം ചെയ്യുന്ന തൊഴിൽ സാധ്യതയാണ്. മിക്ക വിദേശ സർവകലാശാലകളിലെയും പഠനാന്തരം വിദ്യാർത്ഥികൾക്ക് ആ രാജ്യങ്ങളിൽത്തന്നെ തൊഴിലും ലഭ്യമാകുന്നുവെന്നതാണ് വിദേശ വിദ്യാഭ്യാസത്തിന്റെ ആകർഷണീയത. മെച്ചപ്പെട്ട ശമ്പളവും ജീവിത സാഹചര്യങ്ങളും, തുടർപഠനത്തിനും ഗവേഷണത്തിനുമുള്ള അവസരങ്ങളും മിടുക്കരായ വിദ്യാർത്ഥികളെ വിദേശ രാജ്യങ്ങളിൽത്തന്നെ നിൽക്കാൻ പ്രേരിപ്പിക്കുന്നു. വിദേശ ബിരുദവുമായി തിരിച്ച് നാട്ടിലെത്തുന്നവർക്ക് മെച്ചപ്പെട്ട ശമ്പളം ലഭിക്കില്ലെന്നുള്ള ചിന്തയും മിടുക്കരായ വിദ്യാർത്ഥികളെ നാട്ടിലേക്ക് തിരികെ വരുന്നതിൽ നിന്നും തടയുന്ന ഘടകമാണ്.

## ഗവേഷണ സാധ്യതകൾ

വിദേശ സർവ്വകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും തുടർപഠനത്തിനും ഗവേഷണത്തിനും വളരെ അനുകൂല സമീപനമാണ് സ്വീകരിക്കുന്നത്. ലോകോത്തരങ്ങളായ ഗവേഷണ സ്ഥാപനങ്ങളും ആവശ്യമായ ധനസഹായവും പ്രതിഭാശാലികളായ വിദ്യാർത്ഥികളെ ആകർഷിക്കുന്ന മറ്റൊരു ഘടകമാണ്. അമേരിക്കയിലെ നാസ (NASA) ഉൾപ്പെടെയുള്ള ശാസ്ത്ര സ്ഥാപനങ്ങളിലെ ഇന്ത്യൻ സാന്നിധ്യം അതിനു തെളിവാണ്.

മസ്തിഷ്ക്ക ശോഷണത്തെക്കുറിച്ചു പറയുമ്പോൾ നാം മറന്നുകൂടാത്ത ഒരു കാര്യം ഈ പ്രവാസികൾ നമ്മുടെ സമ്പദ് വ്യവസ്ഥയ്ക്ക് നൽകുന്ന ഗണ്യമായ സംഭാവനയാണ്. 2015 ൽ പ്രസിദ്ധീകരിക്കപ്പെട്ട കണക്കുകൾ പ്രകാരം പ്രവാസികളിൽ നിന്നും ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്ന രാജ്യം ഇന്ത്യയാണ്. പ്രവാസികളിൽ നിന്നും ലോകത്താകെ ലഭിക്കുന്ന തുകയുടെ 12 ശതമാനമാണ് ആ തുക. 2015 ൽ പ്രവാസി സമൂഹം ഇന്ത്യയിലേക്ക് അയച്ച 72.2 ബില്യൺ ഡോളർ ഇന്ത്യൻ ജി.ഡി.പിയുടെ നാല് ശതമാനമാണ്. ഇന്ത്യയിൽ മസ്തിഷ്ക്ക ശോഷണമായി അറിയപ്പെടുന്ന ഈ പ്രതിഭാസം മറ്റൊരർത്ഥത്തിൽ മസ്തിഷ്ക്ക പോഷണമാണ്. കാരണം വിദേശത്തുനിന്നും പ്രവാസികൾ ആർജിക്കുന്ന അറിവും അനുഭവജ്ഞാനവും ആത്യന്തികമായി ഇന്ത്യയ്ക്കും പ്രയോജനകരമാണ്.

## മസ്തിഷ്ക്ക പോഷണം

ആഗോളവത്കരണത്തോടെ ദേശരാഷ്ട്രങ്ങളുടെ അതിർത്തികൾ അപ്രസക്തമായി. ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായ വളർച്ചയാണ് അതിനു കാരണം. അതുകൊണ്ടുതന്നെ ബൗദ്ധികശക്തി, രാഷ്ട്രങ്ങളുടെ നാലതിർത്തിക്കുള്ളിൽ ഒതുക്കാൻ കഴിയാത്ത പ്രതിഭാസമായി മാറി. ലോകത്തിന്റെ ഏതുഭാഗത്തിരുന്നുകൊണ്ടും തൊഴിൽ നൈപുണ്യം നേടിയ വ്യക്തിക്ക് അയാളുടെ സംഭാവന നൽകാവുന്ന രീതിയിൽ കാര്യങ്ങൾ എത്തിച്ചേർന്നിട്ടുണ്ട്. അതിനാൽ ബൗദ്ധിക ശോഷണമായാലും, പോഷണമായാലും യഥാർത്ഥത്തിൽ നടക്കുന്നത് ബൗദ്ധിക ചംക്രമണത്തിന്റെ വിവിധ രൂപഭാവങ്ങളാണ്.

നൂറ്റിമുപ്പതുകോടി ജനങ്ങളും, ജനസംഖ്യയുടെ പകുതിയിലേറെ യുവാക്കളുമുള്ള ഇന്ത്യയെപ്പോലുള്ള

ഒരു രാജ്യത്ത് മസ്തിഷ്ക്കശോഷണം പെട്ടെന്ന് തടഞ്ഞുനിർത്തുക അസാധ്യമായ കാര്യമാണ്. എന്നാൽ ഇന്ത്യയിൽ സാമ്പത്തിക വളർച്ചയുടെ ഭാഗമായി ഉണ്ടായിക്കൊണ്ടിരുന്ന മാറ്റങ്ങളും, ലോക രാഷ്ട്രീയത്തിൽ സംഭവിക്കുന്ന ചലനങ്ങളും, പലകാലങ്ങളിൽ ഇന്ത്യയിൽ നിന്നും ഒഴുകിപ്പോയ ബൗദ്ധികശക്തിയുടെ തിരിച്ചുവരവിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. ഇൻഡ്യാ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന 'മേക് ഇൻ ഇന്ത്യ' പോലുള്ള പദ്ധതികൾ പ്രവാസികൾക്ക് തിരിച്ചു നാട്ടിലെത്തി അവരുടെ ബുദ്ധിശക്തിയും സാമ്പത്തിക സ്രോതസ്സുകളും നാടിന്റെ വളർച്ചക്കായി ഉപയോഗിക്കാൻ പ്രോത്സാഹനം നൽകുന്നതാണ്. കഴിഞ്ഞ കാൽനൂറ്റാണ്ടിലേറെയായി ഇന്ത്യയിൽ നടപ്പാക്കിയ പുത്തൻ സാമ്പത്തിക നയങ്ങളുടെ ഭാഗമായി രാജ്യത്തിന്റെ സാമ്പത്തിക-ശാസ്ത്ര-സാങ്കേതിക മേഖലയിലുണ്ടായ വളർച്ചയും വിദേശ രാജ്യങ്ങളിൽ രൂപപ്പെട്ടുവരുന്ന തദ്ദേശീയരല്ലാത്തവർക്ക് അനുകൂലമല്ലാത്ത രാഷ്ട്രീയ സാമൂഹ്യ സാഹചര്യങ്ങളും കടൽ കടന്നുപോയ ബൗദ്ധിക ശക്തിയുടെ തിരിച്ചുവരവിന് കളമൊരുക്കുന്നുണ്ട്. നിക്ഷേപം നടത്തുവാനാഗ്രഹിക്കുന്നവർക്ക് ലഭ്യമാകുന്ന അനുകൂല സാഹചര്യം വിദേശ ഇന്ത്യാക്കാർക്ക് ഒരു തിരിച്ചുവരവിന് പ്രചോദനം നൽകുന്നതാണ്. യുവ സംരംഭകർക്ക് സഹായം നൽകുന്ന 'സ്റ്റാർട്ട് അപ്' പദ്ധതികളും വിദേശത്ത് ഉന്നത വിദ്യാഭ്യാസം നേടുന്നവർക്ക് പ്രതീക്ഷ പകരുന്ന നീക്കങ്ങളാണ്. പ്രധാനമന്ത്രിയുടെ വിദേശരാജ്യ സന്ദർശനങ്ങളിൽ പ്രവാസികളെ അഭിസംബോധന ചെയ്യുന്നതിൽ അദ്ദേഹം പ്രത്യേക താൽപര്യം പ്രദർശിപ്പിക്കാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ അദ്ദേഹം പ്രധാനമായും പ്രവാസികളുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നത് ഇന്ത്യയിൽ നിക്ഷേപം നടത്തുന്നതിന് അനുകൂല സാഹചര്യം രൂപപ്പെട്ടിട്ടുണ്ടെന്നും, അവർ കൂടുതലായി ഇന്ത്യയിൽ നിക്ഷേപം നടത്തണമെന്നുമാണ്. പ്രധാനമന്ത്രിയുടെ വാക്കുകൾക്കു പ്രാധാന്യം നൽകിക്കൊണ്ട് പ്രവാസികൾ നിക്ഷേപ സംരംഭങ്ങളുമായി ഇന്ത്യയിലേക്ക് വന്നുതുടങ്ങിയിട്ടുണ്ട്. കൈവിട്ടുപോയ ബൗദ്ധിക ശക്തിയുടെ തിരിച്ചുവരവായതിനാൽ ഈ പ്രക്രിയയെ മസ്തിഷ്ക്ക പോഷണമെന്നോ, നേട്ടമെന്നോ വിളിക്കാം (Riverse brain drain or brain gain). പൊതുവിൽ ബൗദ്ധിക ശോഷണവും ബൗദ്ധിക പോഷണവും ബൗദ്ധിക ചംക്രമണത്തിന്റെ (Brain circulation) ഭാഗമാണ്.

ഇന്ത്യയുടെ രാഷ്ട്രീയ നേതൃത്വവും, വ്യവസായ സംരംഭകരും ബുദ്ധിജീവികളും ഇന്ത്യയിലേക്ക് തിരിച്ചുള്ള ബൗദ്ധിക ഒഴുക്കിനു സമയമായെന്ന് സൂചിപ്പിക്കുന്നുണ്ട്. പാശ്ചാത്യ രാജ്യങ്ങൾ സാമ്പത്തിക പ്രതിസന്ധികളിൽപ്പെട്ടുഴലുമ്പോഴും, വലിയ പരിക്കുകളില്ലാതെ മുന്നോട്ടുപോകുന്ന ഇന്ത്യയുടെ സാമ്പത്തിക വളർച്ച അത്തരമൊരു തിരിച്ചുവരവിന് സമയമായെന്ന് വിളിച്ചുപറയുന്നു. അധികാരത്തിലെത്തിയ ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി നടത്തിയ വിദേശ യാത്രകളിലെല്ലാം അദ്ദേഹം ഈ ആശയം സൂചിപ്പിക്കുകയുണ്ടായി. 2014ൽ തന്നെ പ്രമുഖരായ നിരവധി പ്രവാസി ശാസ്ത്രജ്ഞരുമായി ഗവൺമെന്റ് ബന്ധപ്പെടുകയും അവരെ ഇന്ത്യയിലെ പ്രമുഖ ശാസ്ത്ര സ്ഥാപനങ്ങളിലേക്കു ക്ഷണിക്കുകയും, അവരുടെ തിരിച്ചുവരവ് സുഗമമാക്കാൻ ചില പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്തു. ശാസ്ത്ര സാങ്കേതിക വകുപ്പ് പ്രഖ്യാപിച്ച രാമലിംഗസ്വാമി-രാമാനുജൻ ഫെല്ലോഷിപ്പുകൾ ഈ ലക്ഷ്യസാധ്യത്തിനായി രൂപീകരിച്ച രണ്ടു പദ്ധതികളാണ്.

2015 ലെ അമേരിക്കൻ സന്ദർശനവേളയിൽ സിലിക്കൺ വാലിയിൽ യുവാക്കളെ അഭിസംബോധന ചെയ്തുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞത് മസ്തിഷ്ക്കശോഷണം മസ്തിഷ്ക്കനിക്ഷേപമാണെന്നാണ്. മസ്തിഷ്ക്കശോഷണത്തെ മസ്തിഷ്ക്ക നേട്ടമാക്കാൻ നമുക്കാവണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. 2017ൽ ബംഗളുരുവിൽ നടന്ന പതിനാലാമതു പ്രവാസി ഭാരതീയ ദിവസം പരിപാടിയിൽ പങ്കെടുത്തുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞത് ഇന്ത്യാ ഗവൺമെന്റ് മസ്തിഷ്ക്ക നഷ്ടത്തെ, മസ്തിഷ്ക്ക നേട്ടമാക്കി മാറ്റാൻ നടപടികളെടുക്കുന്നുവെന്നാണ്. പ്രവാസികളായ ഇന്ത്യാക്കാരുടെ കാര്യങ്ങളിൽ മുന്തിയ പരിഗണനയാണ് ഗവൺമെന്റ് നൽകുന്നത്.

മഷേൽക്കറെപ്പോലുള്ള ശാസ്ത്രജ്ഞർ ഇന്ത്യൻ ബൗദ്ധിക ശക്തി തിരിച്ചുവരാൻ തുടങ്ങിയതായി സാക്ഷ്യപ്പെടുത്തുന്നുണ്ട്. പ്രമുഖ ഇന്ത്യൻ വ്യവസായി മുകേഷ് അംബാനിയും, മസ്തിഷ്ക്കശോഷണം തടയേണ്ടത് കാലത്തിന്റെ ആവശ്യമാണെന്നുമാത്രമല്ല, പ്രവാസികൾ ഇന്ത്യയിൽ തിരിച്ചെത്തി രാഷ്ട്ര പുനർനിർമാണത്തിൽ പങ്കുകാരാകണമെന്നുമുള്ള അഭിപ്രായക്കാരനാണ്. 2047ൽ നൂറാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ നാൽപതു ട്രില്യൺ ഡോളർ മൂലധന ആസ്തിയോടെ ലോകത്തെ ഒന്നാമത്തെ സാമ്പത്തിക ശക്തിയായി ഇന്ത്യയെ മാറ്റുവാൻ പ്രവാസികളുടെ തിരിച്ചു വരവ് സഹായിക്കുമെന്നും വ്യാവസായിക പ്രമുഖർ വിശ്വസിക്കുന്നു.

വിദ്യാഭ്യാസവും തൊഴിൽ നൈപുണ്യവും നേടിയ പ്രവാസികളായ ഇന്ത്യാക്കാർക്ക് തിരികെ വരാൻ പ്രേരകമായ നിരവധി അനുകൂല ഘടകങ്ങൾ ഇപ്പോൾ ഇന്ത്യയിൽ സംജാതമായിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യ വേഗം വളർന്നുകൊണ്ടിരിക്കുന്ന ലോകത്തിലെ നാലാമത്തെ സമ്പദ് വ്യവസ്ഥയാണ്. വളർന്നുവരുന്ന ഒരു ശക്തമായ മധ്യവർഗത്തിന്റെ സാന്നിധ്യം ലോകത്തിലെ ഏറ്റവും വലിയ വലിയ വിപണി സാധ്യതകളാണ് തുറന്നിടുന്നത്. പഴയകാല പ്രതാപത്തിലേക്കു ഇന്ത്യ തിരിച്ചുവരുമ്പോൾ ഉന്നത വിദ്യാഭ്യാസവും തൊഴിൽ നൈപുണ്യവും നേടിയപ്രവാസികളായ ഇന്ത്യാക്കാർക്ക് വലിയ പങ്കാണുള്ളത്. അതിൽത്തന്നെ യുവാക്കൾക്കാണ് മുഖ്യപങ്ക് വഹിക്കാനുള്ളത്. ഭാവി ഭാരതത്തിന്റെ ഭാഗധേയം യുവാക്കളുടെ കൈകളിൽ ഭദ്രമാകുമെന്നു പ്രതീക്ഷിക്കാം. നഷ്ടപ്പെട്ട പ്രതാപത്തിന്റെ വീണ്ടെടുപ്പിന്റെ രാഷ്ട്രീയ പ്രഖ്യാപനമാണ്. അത് വീണ്ടെടുക്കാനും, നിലനിർത്താനും ഇന്ത്യൻ യുവാക്കൾക്ക് ചരിത്രപരമായ ഉത്തരവാദിത്വമുണ്ട്.

*(കാര്യവട്ടം കേരളാ യൂണിവേഴ്സിറ്റി കാമ്പസിൽ പൊളിറ്റിക്കൽ സയൻസ് വിഭാഗം മേധാവിയാണ് ലേഖകൻ)*



# യുവ ഭാരതം: സംരംഭക വികസനം പുതിയ ഉയരങ്ങളിലേക്ക്

ഡോ. ശചീന്ദ്രൻ. വി

2020 ഓടെ, ലോകത്തിൽ ജോലി ചെയ്യുന്ന പ്രായത്തിലുള്ളവരുടെ ജനസംഖ്യയിൽ ഇന്ത്യ ഒന്നാമതെത്തും എന്നാണ് ദേശീയ-അന്തർദേശീയ തലത്തിലുള്ള റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നത്. ഒരു രാജ്യത്ത് പ്രവൃത്തി ചെയ്യുന്ന പ്രായത്തിലുള്ളവരുടെ (15 മുതൽ 64 വയസ്സ് വരെ) എണ്ണം മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതലാകുമ്പോൾ അതിനു സാമ്പത്തികവളർച്ചയെ ത്വരിതഗതിയിലാക്കുവാനുള്ള ശേഷിയുണ്ട്. ഇതിനെ ഡെമോഗ്രാഫിക് ഡിവിഡന്റ് (Demographic Dividend) എന്നാണ് ഐക്യരാഷ്ട്ര സംഘടനാ ജനസംഖ്യാ ഫണ്ട് (United Nations Population Fund-UNFPA) വിശേഷിപ്പിച്ചിട്ടുള്ളത്. ഇത്തരത്തിൽ പ്രവൃത്തി ചെയ്യാൻ പ്രാപ്തിയുള്ളവരുടെ, പ്രത്യേകിച്ചും യുവാക്കളുടെ ഏറ്റവും വലിയ ജനസംഖ്യയെ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ഇന്ത്യ ഉൾക്കൊള്ളുമ്പോൾ, സമ്പദ്‌വ്യവസ്ഥയ്ക്ക് മികച്ച നേട്ടങ്ങളാണ് നാം പ്രതീക്ഷിക്കേണ്ടത്. പക്ഷേ ഇന്ത്യയുടെ ഡെമോഗ്രാഫിക് ഡിവിഡന്റ് പ്രതീക്ഷകളോടൊപ്പം വെല്ലുവിളികളും മുന്നോട്ടു വയ്ക്കുന്നു.

## വെല്ലുവിളികൾ

യുവാക്കളുടെ ജനസംഖ്യ രാജ്യത്ത് വർദ്ധിക്കുമ്പോൾ അതിനനുസരിച്ച് പുതിയ തൊഴിലവസരങ്ങളും ഉണ്ടാകണം. ലേബർ ബ്യൂറോ എംപ്ലോയ്മെന്റ്-അൺഎംപ്ലോയ്മെന്റ് സർവേ കാണിക്കുന്നത് ഇന്ത്യയിലെ യുവാക്കൾക്ക് തൊഴിൽ നൽകാനായി പ്രതിമാസം ഏകദേശം 10 ലക്ഷം തൊഴിലുകൾ ഉണ്ടാകേണ്ടതുണ്ട് എന്നാണ്. പക്ഷേ 2012നും 2016നും ഇടയിൽ രാജ്യത്തെ തൊഴിലുകളുടെ വളർച്ച കേവലം 50 ലക്ഷം മാത്രമാണ്. ഇന്ത്യയിലെ വൻകിട കമ്പനികളിലും ഫാക്ടറികളിലും വളരെ കുറച്ച് തൊഴിലുകൾ മാത്രമേ സൃഷ്ടിക്കപ്പെടുന്നുള്ളൂ. പുതിയ കമ്പനികളുടെ രൂപവത്കരണ നിരക്ക് 2009ലെ തലത്തിലേക്ക് (2 ശതമാനം) കുറഞ്ഞു. 2015ൽ,സംഘടിത മേഖലയിൽ ഇന്ത്യ ഏറ്റവും കുറഞ്ഞ തൊഴിലവസരങ്ങൾ മാത്രമേ സൃഷ്ടിച്ചിട്ടുള്ളൂ. തൊഴിൽ മേഖലയിലെ 60 ശതമാനം പേർക്കും വർഷം മുഴുവനും തൊഴിൽ ലഭിക്കുന്നില്ല. അതിനാൽ വൻതോതിലുള്ള തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതോടൊപ്പം യുവാക്കളെ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്താനും വ്യവസായ സംരംഭകത്വം വ്യാപകമായി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

## വ്യവസായ സംരംഭകത്വം


വാണിജ്യ-വ്യവസായ സ്ഥാപനങ്ങളുടെ രൂപീകരണം, അവയുടെ ഫലപ്രദമായ നടത്തിപ്പ്, വികസനം, വൈവിധ്യവത്ക്കരണം തുടങ്ങിയവ ഉൾക്കൊള്ളുന്ന പ്രക്രിയയാണ് സംരംഭകത്വം. സ്വയം തൊഴിൽ കണ്ടെത്തുന്നതോടൊപ്പം മറ്റുള്ളവർക്ക് തൊഴിൽ നൽകാനും സംരംഭകത്വത്തിന് സാധിക്കുന്നു. വ്യവസായ സംരംഭകത്വത്തിന്റെ പ്രാധാന്യം താഴെ പറയുന്നവയാണ്.

1. സംരംഭകത്വം നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.

2. തദ്ദേശീയമായി പലതരത്തിലുള്ള വിഭവങ്ങളെ പ്രയോജനപ്രദമായി ഉപയോഗപ്പെടുത്തുന്നു.

3. വർധിച്ചു വരുന്ന ജനസംഖ്യക്കാവശ്യമായ വിവിധങ്ങളായ ഉത്പന്നങ്ങളും സേവനങ്ങളും ഉത്പാദിപ്പിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു.

4. ജനങ്ങൾക്ക് പ്രത്യേകിച്ചും യുവാക്കൾക്ക് സാമ്പത്തികസുരക്ഷ ലഭിക്കുന്നതിലൂടെ, തീവ്രവാദം തുടങ്ങിയ ദേശ വിരുദ്ധ പ്രവർത്തനങ്ങളിൽ നിന്നും മറ്റ് സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ നിന്നും അവരെ വഴിതിരി




ച്ചുവിടാൻ സാധിക്കുന്നു.

5. സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളിലൂടെ സന്തുലിതമായ മേഖലാ വികസനം സാധ്യമാക്കുന്നു.

6. രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിനും പുരോഗതിക്കും സംരംഭകത്വം നിർണായകമായ സ്വാധീനം ചെലുത്തുന്നു.

ഒരു സംരംഭകൻ എന്നാൽ പുതിയൊരു വാണിജ്യ/വ്യവസായ സ്ഥാപനം തുടങ്ങുന്നതോടൊപ്പം നവീനമായ ആശയങ്ങളും വിഭവങ്ങളും കണ്ടെത്തുകയും അവയെ ഫലപ്രദമായി സംയോജിപ്പിച്ചു മുന്നോട്ടു നീങ്ങുകയും ചെയ്യുന്നയാളുമാണ്. യൂണിറ്റിന്റെ രൂപീകരണം മുതൽ അതിന്റെ നടത്തിപ്പ്, വികസനം, വൈവിധ്യവത്കരണം തുടങ്ങി നിരവധി കാര്യങ്ങളിൽ സംരംഭകന്റെ നേതൃത്വം ഉണ്ടാകണം. അതിനാൽ തന്നെ സംരംഭകത്വത്തിൽ വിജയിക്കണമെങ്കിൽ മികച്ച നേതൃപാടവവും സ്ഥിരോത്സാഹവും ഉണ്ടായിരിക്കണം. തികഞ്ഞ ആത്മവിശ്വാസം, ശുഭപ്രതീക്ഷ, കഠിനപ്രയത്നം ചെയ്യാനുള്ള മനസ്സ്, അർപ്പണ മനോഭാവം, ആത്മാർത്ഥത തുടങ്ങിയ നല്ല ഗുണങ്ങൾ ഒരു സംരംഭകന് ആവശ്യമാണ്. തീരുമാനങ്ങളെടുക്കാനുള്ള കഴിവ്, ആശയവിനിമയം നടത്താനുള്ള കഴിവ്, ഭാവിയിലെ നഷ്ട സാധ്യതയും അനിശ്ചിതത്വവും നേരിടുവാനുള്ള കഴിവ്, നേതൃപാടവം എന്നിവ ഇതിൽ പ്രധാനമാണ്. അതുകൊണ്ടുതന്നെ യുവാക്കളെ സംരംഭകത്വത്തിലേക്കു ആകർഷിക്കാനും നിലനിർത്താനും വിവിധങ്ങളായ പരിശീലന പരിപാടികളും നടപടികളും വേണം.

വ്യക്തികളെ സംരംഭകത്വത്തിലേക്ക് നയിക്കുന്ന നിരവധി ഘടകങ്ങളുണ്ട്. അവയെ പൊതുവിൽ സാമ്പത്തിക ഘടകങ്ങളെന്നും സാമ്പത്തികേതര ഘടകങ്ങളെന്നും രണ്ടായി തിരിക്കാം. സംരംഭകത്വത്തിലേയ്ക്ക് നയിക്കുന്ന പ്രധാന സാമ്പത്തിക ഘടകങ്ങളാണ്- ദീർഘകാലയളവിലേക്കും ഹ്രസ്വകാലയളവിലേക്കും വേണ്ടുന്ന മൂലധനം, തൊഴിലാളികളുടെ ലഭ്യത, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, വിപണി ലഭ്യത, ഗതാഗതം-വൈദ്യുതി തുടങ്ങിയ അടിസ്ഥാന സാഹചര്യങ്ങളുടെ ലഭ്യത, ഗവൺമെന്റിന്റെ അനുകൂലമായ നയങ്ങൾ, ഗവൺമെന്റ് ഏജൻസികളുടെ സഹകരണം മുതലായവ. സാമ്പത്തികേതര ഘടകങ്ങളിൽ പ്രധാനമായവ- സമൂഹത്തിൽ നിലനിൽക്കുന്ന സാംസ്കാരിക മൂല്യങ്ങൾ, ധാരണകൾ, നിയമങ്ങൾ, കുടുംബ പശ്ചാത്തലം, കുലത്തൊഴിൽ, വിദ്യാഭ്യാസ യോഗ്യത, സുരക്ഷാബോധം, വ്യക്തിത്വ ഗുണങ്ങൾ മുതലായവ. അതിനാൽ തന്നെ യുവാക്കളെ സംരംഭകത്വത്തിലേക്ക് നയിക്കാൻ ഗവൺമെന്റിനും മറ്റ് ബാഹ്യഘടകങ്ങൾക്കും നിർണായകമായ സ്വാധീനം ചെലുത്താൻ സാധിക്കും.

## സംരംഭകത്വം പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ

1991 ൽ ഉദാരവൽക്കരണ, സ്വകാര്യവൽക്കരണ, ആഗോളവത്കരണ നയങ്ങൾ നടപ്പാക്കിയത് മുതൽ ഇന്ത്യയിൽ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കാൻ നിരവധി ഇടപെടലുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തിയിട്ടുണ്ട്. അതിൽ പ്രധാനമായവ ചുവടെ ചേർക്കുന്നു.

### 1. വിവിധതരം സ്ഥാപനങ്ങൾ

സംരംഭകത്വം പ്രോത്സാഹിപ്പിക്കാനായി വിവിധതരം സ്ഥാപനങ്ങൾ ഇന്ത്യയിൽ നിലവിൽ ഉണ്ട്. സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ , ഖാദി-ഗ്രാമീണ വ്യവസായ കമ്മീഷൻ, കയർ ബോർഡ്, ദേശീയ ചെറുകിട കോർപ്പറേഷൻ, ദേശീയ സംരംഭകത്വ വികസന സ്ഥാപനങ്ങൾ, ചെറുകിട വ്യവസായ വികസന ബാങ്ക് തുടങ്ങിയവ ഇതിൽ ചിലതുമാത്രം. അവ വ്യക്തികളെ സംരംഭകത്വത്തിലേക്ക് നയിക്കുകയും ഓരോ ഘട്ടത്തിലും ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. സംരംഭകർക്കാവശ്യമായ പലതരം വായ്പകൾ, സബ്സിഡികൾ, ലൈസൻസുകൾ തുടങ്ങി നിരവധി ആവശ്യങ്ങൾക്ക് സാധ്യമായ രീതിയിൽ പരിഹാരം കണ്ടെത്തുകയും ചെയ്യുന്നു.

### 2. വിവിധ തരം പദ്ധതികൾ

സംരംഭകർക്കായി വിവിധതരം സാമ്പത്തിക സഹായ പദ്ധതികൾ, സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താനും ആധുനികവൽക്കരണത്തിനുമായുള്ള പിന്തുണ, വിദേശ വിപണി കണ്ടെത്താനുള്ള സഹായങ്ങൾ തുടങ്ങിയവയും കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയിട്ടുണ്ട്. സ്വർണ ജയന്തി ഷഹരി റോസ്ഗർ യോജന, പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം, നാഷണൽ മാനുഫാക്ചറിംഗ് കോംപറ്റിറ്റീവ്നസ്സ് പ്രോഗ്രാം, സ്റ്റാർട്ട് അപ്പ് സ്കീം തുടങ്ങിയവ ശ്രദ്ധേയമാണ്. മെയ്ക് ഇൻ ഇന്ത്യ, സ്റ്റാൻഡ് അപ്പ് ഇന്ത്യ, സ്റ്റാർട്ട് അപ്പ് ഇന്ത്യ തുടങ്ങിയ നവീന പദ്ധതികൾ സംരംഭക വികസന പദ്ധതികളിൽ മുൻപന്തിയിൽ നിൽക്കുന്നു.

### 3. രാജ്യത്തെ തൊഴിൽ നിയമങ്ങളിൽ വരുത്തിയ ലളിതവത്ക്കരണം

രാജ്യത്തുടനീളം ഏകീകൃത പരോക്ഷ നികുതി (ചരക്ക് സേവന നികുതി) നടപ്പിലാക്കാനുള്ള നീക്കം, 1956 ലെ കമ്പനി നിയമം മാറ്റി പുതിയ കമ്പനി നിയമം (2013) കൊണ്ടുവന്നത്, ആദായ നികുതിയിലെ പരിഷ്കാരങ്ങൾ തുടങ്ങിയവയും സംരംഭകർക്ക് പ്രോത്സാഹ

നമാണ്.

### ഊന്നൽ നൽകേണ്ട ചില മേഖലകൾ

ദേശീയ തലത്തിൽ വ്യവസായ സംരംഭകർക്ക് നിരവധി പ്രോത്സാഹനങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും രാജ്യത്തെ യുവാക്കളെ ഇതിലേക്ക് ആകർഷിക്കാൻ ഊന്നൽ നൽകേണ്ട ചില വിഷയങ്ങൾ താഴെ സൂചിപ്പിക്കുന്നു.

1. ഐക്യരാഷ്ട്ര സംഘടനയുടെ ഹ്യൂമൻ ഡെവലപ്മെന്റ് റിപ്പോർട്ട് (Human Development Reoprt, UN development Programme, UNDP) ചൂണ്ടിക്കാണിക്കുന്നത് ഇന്ത്യയിലെ മനുഷ്യ വിഭവം ഇപ്പോഴും ശരാശരി തലത്തിൽ മാത്രമേ വികസിച്ചിട്ടുള്ളൂ എന്നാണ്. അതിനാൽ യുവാക്കളെ സംരംഭകത്വത്തിലേക്കു ആകർഷിക്കാനായി, ദേശീയ നൈപുണ്യ വികസന കോർപറേഷന്റെ നേതൃത്വത്തിൽ പരിശീലന പരിപാടികൾ ഊർജ്ജിതമാക്കേണ്ടതുണ്ട്.

2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കാൻ സമഗ്രമായ പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്. ശാസ്ത്ര, സാങ്കേതിക, മാനേജ്മെന്റ് വിഷയങ്ങളിലെ ബിരുദധാരികളിൽ സംരംഭകത്വം ഒരു നിർബന്ധ പഠന വിഷയമാക്കുകയും പഠനത്തോടൊപ്പം പ്രത്യേക പരിശീലനം നൽകുകയും വേണം. കുറഞ്ഞത് ആറ് മാസമെങ്കിലും ബന്ധപ്പെട്ട വിഷയത്തിലുള്ള ഒരു വ്യവസായ യൂണിറ്റിൽ പ്രവർത്തിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകണം.

3. നിലവിലെ വ്യവസായ അന്തരീക്ഷത്തെക്കുറിച്ച് കൃത്യമായ ഇടവേളകളിൽ പഠനവും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങളും കൊണ്ടുവരണം. പുതിയ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ നടപടികൾ ലഘൂകരിക്കുകയും, ആധുനിക വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം പൂർണമായും പ്രയോജനപ്പെടുത്തുകയും വേണം.

4. ഇന്ത്യയിലെ നിലവിലുള്ള സംരംഭകരുടെ സേവനം യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കാനും മാർഗ നിർദ്ദേശം നൽകുന്നതിനുമായി ഉപയോഗപ്പെടുത്തേണ്ടതാണ്.

ചുരുക്കത്തിൽ യുവാക്കളുടെ ഊർജ്ജവും ശ്രദ്ധയും രാഷ്ട്ര പുരോഗതിക്കായി വിനിയോഗിക്കണമെങ്കിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള ആസൂത്രണവും സമയബന്ധിതമായ നടപടികളും വേണം. എല്ലാ യുവാക്കൾക്കും വിദ്യാഭ്യാസം നൽകുന്നതോടൊപ്പം സംരംഭകത്വ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുകയും വേണം. കാരണം യുവാക്കളെ മികച്ച രീതിയിൽ പ്രയോജനപ്പെടുത്താനും അതിലൂടെ അവരെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ പങ്കാളികളാക്കാനുമുള്ള സുവർണ പാതയാണ് സംരംഭകത്വം. സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളും വൻകിട വ്യവസായ സ്ഥാപനങ്ങളും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അതിനായി മികച്ച ഭൗതിക സാഹചര്യങ്ങൾ തയ്യാറാക്കുകയും, സംരംഭകരുടെ ആവശ്യങ്ങളെ മുൻകൂട്ടി കണ്ട് അവ നൽകാൻ തയ്യാറാവുകയും വേണം. കുറഞ്ഞ നിയന്ത്രണങ്ങളോടൊപ്പം പരമാവധി പ്രവർത്തന സ്വാതന്ത്ര്യവും സംരംഭകർക്ക് നൽകണം. ഇതിനായി നിയമങ്ങളുടെയും നടപടി ക്രമങ്ങളുടെയും ലളിതവത്കരണവും കാലാനുസൃതമായ പരിഷ്കരണവും ഗൗരവപൂർവം നടപ്പിൽ വരുത്തണം.

*(മഞ്ചേശ്വരം ജി.പി.എം. ഗവൺമെന്റ് കോളേജിൽ കൊമേഴ്സ് വിഭാഗം മേധാവിയാണ് ലേഖകൻ)*

## വിജ്ഞാന പാത

### സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കായി പ്രത്യേക പോർട്ടലും മൊബൈൽ ആപ്പും

സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾക്ക് തങ്ങൾക്ക് ലഭിക്കേണ്ടുന്ന പണം വൈകുന്നത് സംബന്ധിച്ച പരാതികൾ ഓൺലൈനായി സമർപ്പിക്കാൻ സഹായിക്കുന്ന പോർട്ടലും (എം.എസ്.എം.ഇ സഹായ സമിതി പോർട്ടൽ) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകത്വ മന്ത്രാലയവുമായി (എം.എസ്.എം.ഇ) ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ലഭ്യമാക്കുന്ന മൊബൈൽ ആപ്ലിക്കേഷനും ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ, നഗര വികസന, ഭവന, നഗര ദാരിദ്ര്യ ലഘൂകരണ മന്ത്രി ശ്രീ. വെങ്കയ്യ നായിഡു പ്രകാശനം ചെയ്തു.

എം.എസ്.എം.ഇ സഹായ സമിതി പോർട്ടലിൽ പരാതി രേഖപ്പെടുത്തുന്നവർക്ക് അത് സംബന്ധിച്ച വിശദാംശങ്ങൾ ഇ-മെയിൽ, എസ്.എം.എസ് ആയി ലഭിക്കും. കേസ് സംബന്ധിച്ച പുരോഗതി വിശകലനം ചെയ്യാൻ ഉദ്യോഗസ്ഥരെയും സംസ്ഥാന ഗവൺമെന്റുകളെയും ഇത് സഹായിക്കും. സൂക്ഷ്മ, ചെറുകിട. ഇടത്തരം സംരംഭകത്വ മന്ത്രാലയത്തെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ലഭ്യമാകുന്ന രീതിയിലാണ് മൈ എം.എസ്.എം.ഇ (MyMSME) എന്ന മൊബൈൽ ആപ് വികസിപ്പിച്ചിട്ടുള്ളത്. മന്ത്രാലയം നടപ്പിലാക്കിയിട്ടുള്ള എല്ലാ പദ്ധതികളെക്കുറിച്ചുള്ള വിവരവും അതിന് അപേക്ഷ സമർപ്പിക്കാനുള്ള സൗകര്യവും ആപ്ലിക്കേഷനിൽ ഉണ്ട്. http://msefc.msme.gov.in എന്നതാണ് പോർട്ടലിന്റെ വിലാസം.

# സംരംഭകത്വ വികസനം: പ്രതീക്ഷയേകുന്ന സ്റ്റാർട്ട് അപ്പ് ഇന്ത്യാ പദ്ധതികൾ

സിനിമോൾ. വി.എൻ

2015 ആഗസ്റ്റ് 15ൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദീർഘമായ സ്വാതന്ത്ര്യദിന പ്രസംഗത്തിൽ ചെറുകിട സംരംഭകർക്ക് വളരെയധികം പ്രതീക്ഷ നൽകുന്ന "സ്റ്റാർട്ട് അപ്പ് ഇന്ത്യ; സ്റ്റാൻഡ് അപ്പ് ഇന്ത്യ" എന്ന പദ്ധതിയാണ് ഏറെ ശ്രദ്ധനേടിയത്. രാജ്യത്തെ 1.25 ലക്ഷം ബാങ്ക് ശാഖകൾ വഴി പുതിയ സംരംഭകർക്ക് വായ്പകൾ ഉറപ്പാക്കണമെന്നും, ആദിവാസി, ദളിത് വിഭാഗത്തിൽപ്പെട്ടവർക്കോ വനിതകൾക്കോ ഒരാൾക്കെങ്കിലും സംരംഭം തുടങ്ങാൻ ഓരോ ബാങ്കു ശാഖകളും പ്രോത്സാഹനം നൽകണമെന്നും അദ്ദേഹം പറഞ്ഞു. അംബേദ്കറുടെ 125-ാം ജന്മദിനാഘോഷവേളയിൽ അദ്ദേഹത്തിനുള്ള സമർപ്പണമായാണ് മോദി ഇതിനെ അവതരിപ്പിച്ചത്.

രാജ്യത്തെ മുഴുവൻ കേന്ദ്ര സർവകലാശാലകളേയും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളേയും സഹകരിപ്പിച്ചു നടപ്പാക്കുന്ന സ്റ്റാർട്ടപ്പ് ഇന്ത്യ പദ്ധതിയിലൂടെ ഇന്ത്യയെ ലോകത്തിന്റെ സ്റ്റാർട്ട് അപ്പ് തലസ്ഥാനമാക്കി മാറ്റുകയാണ് ലക്ഷ്യമിടുന്നതെന്ന് ചടങ്ങിൽ പങ്കെടുത്തു കൊണ്ട് കേന്ദ്ര ധനകാര്യ മന്ത്രി അരുൺ ജയ്റ്റ്ലി പറഞ്ഞു.

## എന്താണ് സ്റ്റാർട്ട് അപ്പുകൾ ?

സ്റ്റാർട്ടപ്പുകൾ കേരളത്തിൽ പടർന്ന് പന്തലിക്കുകയാണ്. ജോലി തേടി അലയാതെ സ്വന്തമായി ഒരു സംരംഭം ഇന്ന് പലരുടേയും ആഗ്രഹമാണ്. ആകാശം മുട്ടെ വളരാനുള്ള അവസരങ്ങൾ സംരംഭ മേഖലയിൽ ഉണ്ടെന്ന് യുവാക്കൾ തിരിച്ചറിയാൻ തുടങ്ങിയിട്ടുണ്ട്. ഐടി, ടൂറിസം, ഭക്ഷ്യ സംസ്കരണം, ഫർണിച്ചർ/ ഇന്റീരിയർ നിർമാണം, മാലിന്യ സംസ്കരണം എന്നീ വൈവിധ്യമാർന്ന നിക്ഷേപ മേഖലകൾ പുതുസംരംഭകരെ ആകർഷിക്കാൻ കേരളത്തിലുണ്ട്.

സംരംഭങ്ങളിൽ ഒരു ഏകീകൃതത്വം വരാൻ ഗസറ്റ് നോട്ടിഫിക്കേഷൻ GSR 180 (E) ൽ സ്റ്റാർട്ടപ്പുകളെ നിർവചിക്കുന്നു. ഇന്ത്യയിൽ രജിസ്റ്റർ ചെയ്തതും വാർഷിക വിറ്റുവരവ് 25 കോടിയിൽ അധികരിക്കാത്തതും അഞ്ച് വർഷത്തിൽ കവിയാത്തതുമായ സംരംഭങ്ങളെയാണ് സ്റ്റാർട്ടപ്പ് എന്നതുകൊണ്ടുദ്ദേശിക്കുന്നത്. സാങ്കേതിക വിദ്യയോ ബുദ്ധിയോ ഉപയോഗിച്ചു കൊണ്ടുള്ള പുതിയ കണ്ടുപിടിത്തങ്ങളോ, വികസന മാർഗമോ, പുതിയ ഉൽപ്പന്നങ്ങളുടെ വാണിജ്യവൽക്കരണമോ ആയിരിക്കണം ഇതിന്റെ പ്രധാന പ്രവർത്തനങ്ങൾ.

## കേരള സ്റ്റാർട്ടപ്പ് മിഷൻ

വരും തലമുറയ്ക്കായി കേരളത്തെ പ്രാപ്തമാക്കാൻ സഹായിക്കുന്ന സാങ്കേതിക വ്യവസായ സംരംഭകർക്കുള്ള ഒരു പ്രേരക ശക്തിയാണ് കേരള ഗവൺമെന്റിന്റെ സ്റ്റാർട്ടപ്പ് മിഷൻ. അന്താരാഷ്ട്ര നിലവാരത്തിലുള്ള സാങ്കേതിക സംരംഭങ്ങൾ കെട്ടിപ്പടുക്കുന്നതിനും ഉൽപ്പന്നം അല്ലെങ്കിൽ സേവനം വികസിപ്പിക്കുന്നതിനും കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ നൂതനവും ഉൽപ്പാദനക്ഷമവുമായിട്ടുള്ള അന്തരീക്ഷം സംരംഭകർക്ക് നൽകുന്നു.

ഒരു പരിമിത കാലഘട്ടത്തിലേക്ക് മാത്രം നൽകുന്ന സാങ്കേതിക വിദ്യകളും നൂതന ഉൽപ്പന്നങ്ങളും ഒരു സംരംഭകനെ അക്ഷരാർത്ഥത്തിൽ തന്റെ ആശയങ്ങളെ കാര്യഗൗരവത്തോട് കൂടി കാണാനും അതുപോലെതന്നെ സംരംഭത്തിന് ഒരു അടിസ്ഥാനം തയ്യാറാക്കാനും സഹായിക്കുന്നു.

കേരള സ്റ്റാർട്ടപ്പ് മിഷൻ സംരംഭകരെ പ്രധാനമായും മൂന്ന് ഘട്ടമായാണ് സഹായിക്കുന്നത്. ഇതിനെ ഇൻക്യൂബേഷൻ എന്നാണറിയപ്പെടുന്നത്.

1. പ്രീ-ഇൻക്യൂബേഷൻ ഘട്ടം (3 - 6 മാസം)
2. ഇൻക്യുബേഷൻ ഘട്ടം (6 - 12 മാസം)
3. ആക്സിലറേറ്റർ ഘട്ടം (3 - 6 മാസം)

### 1. പ്രീ ഇൻക്യുബേഷൻ:

നൂതനമായ ആശയങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഈ ഘട്ടത്തിൽ സംരംഭകൻ ആശയങ്ങളുടെ, സാങ്കേതിക വിദ്യകളുടെ പ്രയോക്താവായി മാറുന്നു. സംരംഭത്തിന്റെ സാങ്കേതിക സാധ്യതകളെകുറിച്ചു മനസിലാക്കി കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹകരണ സംവിധാനത്തിലൂടെയും പ്രവർത്തന സംവിധാനങ്ങളിലൂടെയും ധാരാളം പുതിയ കണ്ടുപിടുത്തങ്ങളോ, പുതിയ ആശയങ്ങളോ പുറത്തുവരുന്നു. വിപണന സാധ്യതയുള്ള ഒരു ആശയം ഉടലെടുക്കുന്നതോടെ ഒരു കമ്പനി രൂപപ്പെടുകയും സംരംഭങ്ങൾക്ക് Department of Science & Technology/ Department of Scientific & Industrial research എന്നിവയിൽ നിന്നൊക്കെ ഗ്രാന്റുകൾ ലഭ്യമാക്കുന്നതിനും സ്റ്റാർട്ടപ്പ് മിഷൻ സഹായിക്കുന്നു.

### 2. ഇൻക്യൂബേഷൻ:

ഉൽപ്പന്നങ്ങളെ വികസിപ്പിച്ചെടുത്ത് അത് വിപണനത്തിന് വേണ്ടി തയ്യാറാക്കുന്ന ഘട്ടമാണിത്. ഈ കാലഘട്ടത്തിൽ സംരംഭകർക്ക് പ്രത്യേക ഗ്രാന്റുകൾ നൽകുകയും കൂടാതെ വികസന പരിപാടികൾ, നേതൃത്വ പരിപാടികൾ, ഗവേഷണ പരിപാടികൾ തുടങ്ങിയ സംരംഭക പരിശീലനങ്ങളും വർക്ക് ഷോപ്പുകൾ പോ

ലുള്ള വിപുലമായ മൂല്യവർദ്ധിത സേവനങ്ങളും സംഘടിപ്പിക്കുകയും ചെയ്യുന്നു. നൂതന സാങ്കേതിക വിദ്യയിലൂടെ ഒരു ഉൽപന്നത്തെ വിപണിയിലെത്തിക്കാൻ ഈ ഘട്ടത്തിലൂടെ സംരംഭകന് കഴിയുന്നു.

### 3. ആക്സിലറേറ്റർ:

സ്റ്റാർട്ടപ്പുകൾക്ക് അനുയോജ്യമായതും എന്നാൽ പരമ്പരാഗത വ്യവസായ മാർഗനിർദ്ദേശങ്ങളെ ഓർമപ്പെടുത്തുന്നതു പോലെയുമുള്ള സമഗ്രമായ ഉപദേശങ്ങളാണ് ഈ ഘട്ടത്തിൽ ലഭ്യമാകുന്നത്. വ്യാവസായിക സമീപനത്തിലൂടെ വളരെ വേഗത്തിൽ വളരുന്നതിനും അതുപോലെ സംഘടിതവും പ്രവർത്തന, സാമ്പത്തിക, തന്ത്രപ്രധാനവുമായ ബുദ്ധിമുട്ടുകളെ പരിഹരിക്കുകയുമാണ് ഈ ഘട്ടത്തിന്റെ പ്രധാന ലക്ഷ്യം.

### സ്റ്റാർട്ടപ്പ് മൂലധനം/ പ്രാരംഭ നിക്ഷേപം:

പുതിയ സംരംഭകരെ സംബന്ധിച്ചിടത്തോളം മികച്ച സംരംഭ ആശയങ്ങൾ തുടക്കത്തിൽ തന്നെ ഉപേക്ഷിക്കപ്പെടാതിരിക്കാൻ പ്രാരംഭ മൂലധനം ഒരു പ്രധാന ഘടകമാണ്. സംരഭകർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി മൂലധനം കണ്ടെത്തുക എന്നതാണ്. ഇന്ത്യയിൽ ഓരോ വർഷവും ആയിരക്കണക്കിന് സ്റ്റാർട്ടപ്പുകൾക്ക് മൂലധനം നൽകുന്ന ബാങ്കുകളാണ് ഏറ്റവും വലിയ മൂലധന നിക്ഷേപകർ. ഇത് കൂടാതെ വെഞ്ചർ ക്യാപിറ്റൽ കമ്പനികൾ, ഏഞ്ചൽ ഇൻവസ്റ്റേഴ്സ്, മറ്റു ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് എന്നിവയൊക്കെ സംരംഭകർക്ക് ഫണ്ടുകൾ നൽകുന്നുണ്ട്. സ്റ്റാർട്ടപ്പുകൾക്ക് മൂലധനം നൽകുന്നവരിൽ പ്രധാനപ്പെട്ടവ താഴെ പ്പറയുന്നു.

### ബാങ്ക് വായ്പകൾ:

സംരംഭങ്ങൾ മെച്ചപ്പെട്ട രീതിയിൽ ആരംഭിക്കുന്നതിനും വിപുലീകരിക്കുന്നതിനും മൂലധനം നൽകുന്നതിന് വേണ്ടി മിക്കവാറും എല്ലാ പൊതു മേഖലാ ബാങ്കുകളെയും സ്വകാര്യ ബാങ്കുകളെയും സർക്കാരുകൾ പ്രോത്സാഹിപ്പിക്കുന്നുണ്ട്. 2016 ൽ എസ്.ബി.ഐ ഇരുന്നൂറ് കോടി രൂപ സ്റ്റാർട്ടപ്പുകൾക്ക് വേണ്ടി മാറ്റിവെച്ചിരുന്നു. കെ.എഫ്.സി യെപ്പോലുള്ള ധനകാര്യ സ്ഥാപനങ്ങൾ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പദ്ധതിയായ സി.ജി.റ്റി.എം.എസ്.ഇ (CGTMSE)യെയും പ്രോത്സാഹിപ്പിക്കുന്നു. ദേശീയ ചെറുകിട വ്യവസായ വികസന ബാങ്കായ സിഡ്ബി (SIDBI)യും സ്റ്റാർട്ടപ്പുകൾക്ക് വായ്പകൾ നൽകുന്നുണ്ട്.

### വെഞ്ചർ കാപിറ്റൽ (VENTURE CAPITAL):

പ്രധാനമായും സ്റ്റാർട്ടപ്പുകൾക്ക് മൂലധനം നൽകാൻ കഴിയുന്നവയാണ് വെഞ്ചർ കാപിറ്റൽ കമ്പനികൾ. സെബി(SEBI) അംഗീകരിച്ചിട്ടുള്ള ഏർളി സ്റ്റേജ് വെഞ്ചർ കാപിറ്റൽ ഫണ്ട് (Early Stage Venture Capital Fund) 25% വരെ പരിമിത പങ്കാളിത്തത്തോടുകൂടി സംരംഭകർക്ക് ലഭിക്കുന്നതാണ്. വലിയ വെഞ്ചർ കാപിറ്റൽ കമ്പനികൾ 300 കോടി വരെ സംരംഭങ്ങളിൽ നിക്ഷേപിക്കാൻ തയ്യാറാണ്. ഏർളി സ്റ്റേജ് വെഞ്ചർ കാപിറ്റൽ ഫണ്ടുകൾ പ്രധാനമായും കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്കാണ് ഫണ്ടുകൾ നൽകുന്നത്.

### ഏഞ്ചൽ ഇൻവസ്റ്റേഴ്സ്(ANGEL INVESTORS):

പുതു സംരംഭങ്ങളിൽ നിക്ഷേപിക്കുന്ന കുറഞ്ഞ നിക്ഷേപ ലക്ഷ്യമുള്ളവരാണ് ഏഞ്ചൽ ഇൻവസ്റ്റേഴ്സ്. അഞ്ച് വർഷത്തിനുള്ളിൽ നിക്ഷേപം പിൻവലിച്ച് ലാഭമെടുക്കുന്ന ഇവർ ഓഹരി പങ്കാളിത്തം എടുത്തുകൊണ്ടാണ് നിക്ഷേപം നടത്തുക.

### സി.ജി.റ്റി.എം.എസ്.ഇ (CGTMSE):

2000 ആഗസ്റ്റ് 1 ൽ നിലവിൽ വന്ന ഈ പദ്ധതി പ്രധാനമായും ചെറുകിട സംരംഭകരെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. കേന്ദ്ര സർക്കാർ പദ്ധതിയായ ഇതിൻ പ്രകാരം പരമാവധി 1 കോടി രൂപ വരെ വായ്പ ലഭിക്കുന്നതാണ്.

### കരകൗശല സംരംഭകർക്ക് സഹായവുമായി 'ആശ'(ASHA):

അസിസ്റ്റൻസ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ് ആർട്ടിസാൻസ് (ASHA) എന്ന പദ്ധതി കരകൗശല മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് ആശ്വാസമായി സംസ്ഥാന സർക്കാർ രൂപീകരിച്ചതാണ്. 2016 ആഗസ്റ്റ് 20 മുതൽ ആനുകൂല്യം ലഭിക്കുന്ന ഈ പദ്ധതി ജില്ലാ വ്യവസായ കേന്ദ്രം വഴിയാണ് നടപ്പാക്കുന്നത്.

### ടെക്നോളജി അധിഷ്ഠിത സംരംഭങ്ങൾക്ക് റ്റി.ഡി.ബി (TDB):

1996 ൽ കേന്ദ്ര സർക്കാർ ആരംഭിച്ച റ്റി.ഡി.ബി സാങ്കേതിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണ്. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് സംരംഭം ആരംഭിക്കുന്നവരെയാണ് റ്റി.ഡി.ബി സഹായിക്കുന്നത്. 25 ലക്ഷം രൂപ വരെ പ്രാരംഭ ഫണ്ട് നൽകുന്ന റ്റി.ഡി.ബി യിൽ പലിശ 5% മാത്രമാണ്.

ഇതൊക്കെ കൂടാതെ കേന്ദ്ര സർക്കാരിന്റെ ഇന്ത്യൻ ആസ്പിറേഷൻ ഫണ്ട് (IAF), സിഡ്ബിയുടെ മേയ്ക്ക് ഇൻ ഇന്ത്യ ലോൺ ഫോർ സ്മാൾ എന്റർപ്രൈസസ് (SMILE), മുദ്ര ബാങ്ക് ഇവയൊക്കെ സ്റ്റാർട്ടപ്പുകൾക്ക് മൂലധനം നൽകുന്നു.

വളരെ വേഗത്തിൽ ഒരു സംരംഭകന് വളരാൻ പ്രാരംഭ മൂലധനം കൂടിയേ തീരൂ. സംരംഭങ്ങൾക്ക് ആവശ്യമുള്ള മൂലധനം പലയിടങ്ങളിൽ നിന്ന് ലഭ്യമാകുമെങ്കിലും അത് തിരഞ്ഞെടുക്കുമ്പോൾ അനുകൂലവും പ്രതികൂലവുമായ കാര്യങ്ങൾ സംരംഭകൻ ശ്രദ്ധിക്കേണ്ടതായുണ്ട്.

*(തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ ഫിനാൻസ് വിഭാഗം ഗവേഷകയാണ് ലേഖിക)*




# സ്വച്ഛ് ഭാരത്: ശുചിത്വത്തിനായി ഒരു വലിയ ചുവടുവയ്പ്

വിനു എ

**കു**ടിവെള്ളവും ശുചിത്വവുമായി ബന്ധപ്പെട്ട് ഏറെ ചർച്ചകൾ നടക്കുന്ന കാലമാണിത്. ഓരോ വേനൽക്കാലവും കുടിവെള്ള ക്ഷാമത്തിന്റേതാണെങ്കിൽ മഴക്കാലം പകർച്ചവ്യാധികളുടെതുമാണ്. ആരോഗ്യ രംഗത്ത് ഇവയുടെ ആവർത്തനമുണ്ടാക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. 2014 ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ രാജ്യത്തെ പുതുമയുള്ള ഒരു പ്രവർത്തനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി ശുചിത്വ ഭാരത (Swachch Bharat) ദൗത്യം പ്രഖ്യാപിക്കുകയുണ്ടായി. 2019 ൽ ഗാന്ധിജിയുടെ 150-ാം ജന്മദിനം ആചരിക്കുമ്പോൾ രാജ്യത്തെ നഗരഗ്രാമങ്ങളെ സമ്പൂർണ ശുചിത്വമുള്ളതാക്കുന്നതിനുള്ള ബൃഹത് പദ്ധതിയാണ് രാജ്യത്തെ എല്ലാ ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തുവാനായി പ്രഖ്യാപിക്കപ്പെട്ടത്. ശുചിത്വം സ്വാതന്ത്ര്യത്തേക്കാൾ പ്രധാനമാണെന്ന് പ്രഖ്യാപിക്കുകയും തന്റെ ജീവിതത്തിലുടനീളം ഇതിനായുള്ള ശക്തമായ വാദമുയർത്തുകയും ചെയ്ത മഹാത്മാഗാന്ധിയുടെ സ്മരണയിലാണ് രാജ്യമൊട്ടുക്കും ശുചിത്വ ഭാരത ദൗത്യം നടപ്പാക്കുന്നത്.

വികസനകാര്യങ്ങളിൽ പലവിധത്തിലും രാജ്യം അതിന്റെ മെച്ചപ്പെട്ട സ്ഥാനം നേടിയെടുക്കുന്നുണ്ട്. ശക്തമായ സാമ്പത്തികശക്തിയാവുന്നതിനുള്ള തുടർച്ചയായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് കാണാവുന്നതാണ്. എന്നാൽ പുരോഗതിയിലേക്ക് നാം നീങ്ങുമ്പോഴും പല പ്രശ്നങ്ങളും നമ്മെ ബാധിക്കുന്നതായി കാണാവുന്നതാണ്. എന്നാൽ ഈ പ്രശ്നങ്ങൾക്കെല്ലാം തന്നെ നാം വിചാരിച്ചാൽ പരിഹാരം കണ്ടെത്തുവാൻ സാധിക്കുന്നതുമാണ്. ആരോഗ്യമുള്ള തലമുറയെ വളർത്തിയെടുത്താൽ മാത്രമേ രാജ്യത്തിന്റെ പുരോഗതി ശരിയായ ദിശയിലാണെന്ന് പറയുവാൻ സാധിക്കൂ. ശുദ്ധമായ കുടിവെള്ളവും ശുചിത്വപൂർണമായ ജീവിത സൗകര്യങ്ങളും പരമപ്രധാനമാണ്. ഈ കാര്യത്തിൽ വലിയ പ്രതിസന്ധികളുണ്ടെന്നത് സൂചിപ്പിക്കാതിരിക്കാനാവില്ല. എങ്കിലും ഇവയെ ഘട്ടം ഘട്ടമായി തരണം ചെയ്യുവാനും നമ്മുടെ പ്രകൃതി സമ്പത്ത് നമ്മുടെ ആവശ്യത്തിനായി ഉപയോഗിക്കുമ്പോൾ തന്നെ പുനരുജ്ജീവനത്തിന്റെ ശക്തി പകർന്നു നൽകാനും സാധിക്കുമെന്ന് തന്നെയാണ് സ്വച്ഛ് ഭാരത് പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തന വിജയം സൂചിപ്പിക്കുന്നത്.

സുരക്ഷിതമായ ഭക്ഷണം, ശുദ്ധജലം, മാലിന്യ സംസ്കരണം, ശുചീകരണം, തുറസായ സ്ഥലങ്ങളിൽ മലമൂത്രവിസർജനം നടത്താതിരിക്കുക തുടങ്ങിയ ഘടകങ്ങളാണ് ആരോഗ്യപൂർണമായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നത്. ലോകബാങ്കിന്റെ കണക്ക് പ്രകാരം രാജ്യത്ത് പകർച്ചവ്യാധികളിൽ 21 ശതമാനവും ശുദ്ധമായ ജലത്തിന്റെയും കൃത്യമായ ശുചിത്വശീലങ്ങളുടെയും അഭാവത്തിലാണ് ഉണ്ടാകുന്നത്. ഓരോ ദിവസവും ഇന്ത്യയിൽ അഞ്ച് വയസിൽ താഴെയുള്ള 500 കുട്ടികൾ വയറിളക്കമോ സമാനമായ രോഗങ്ങളാലോ മരണപ്പെടുന്നുണ്ട്. ഓരോ പ്രദേശത്തിന്റെയും ആരോഗ്യസൂചിക അളക്കുന്നതിൽ പൊതുവെ താഴെ പറയുന്ന കാര്യങ്ങളാണ് നോക്കേണ്ടത്.

- വയറിളക്കം/അതിസാരം മൂലമുണ്ടാകുന്ന ശിശു മരണങ്ങൾ.
- സ്ത്രീകളിൽ ഏറിവരുന്ന നിർജ്ജലീകരണം.
- സ്കൂൾ വിദ്യാർത്ഥികളുടെ ഹാജർ നിലയിലെ കുറവ്.
- പകർച്ചവ്യാധികളാലുണ്ടാകുന്ന തൊഴിൽ നഷ്ടങ്ങൾ.
- സ്ത്രീകൾക്കെതിരായി അതിക്രമങ്ങളോ, കടന്നാക്രമങ്ങളോ ഉണ്ടാകുക.

73-ാമത് ഭരണഘടന ഭേദഗതി പ്രകാരം 29 ഉത്തരവാദിത്തങ്ങൾ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകിയപ്പോൾ അതിൽ ശുചിത്വത്തിന്റെ ചുമതലയും ഉൾപ്പെട്ടിരുന്നു. കൃത്യമായ മുന്നൊരുക്കവും ഫലപ്രദമായ ഇടപെടലും നടത്തികൊണ്ട് ശുചീകരണരംഗത്തും ശുദ്ധജല വിനിയോഗകാര്യത്തിലും തദ്ദേശസ്ഥാപനങ്ങൾക്ക്

വേണ്ട നടപടികൾ കൈക്കൊള്ളാനാകുമെന്ന് തദവസരത്തിൽ ഭരണഘടനാ ശില്പികൾ കണക്കു കൂട്ടിയിരുന്നു. ഇതിൽ വ്യക്തി ശുചിത്വമുൾപ്പെടെയുള്ള കാര്യങ്ങളിൽ പ്രത്യേകം നയരൂപീകരണം വേണ്ടതുണ്ട്. ഇത്തരം സാഹചര്യത്തിന് പരിഹാരം കാണുവാൻ ഉദ്ദേശിച്ചുകൊണ്ടാണ് സ്വച്ഛ് ഭാരത് അഭിയാൻ നടപ്പിലാക്കുന്നത്. വ്യക്തികളുടെയും സമൂഹത്തിന്റെയും മനോഭാവത്തിൽ അനുകൂലമാറ്റം വരുത്തികൊണ്ട് പൊതുസ്ഥല വിസർജ്ജന മുക്തമാക്കാനും അതുപോലെ തന്നെ സുരക്ഷിതമായ ഖര-ദ്രവ മാലിന്യ സംസ്കരണ ശീലമുണ്ടാക്കുന്നതിനും തന്ത്രപരമായ ഇടപെടൽ നടത്തുകയായിരുന്നു ഇതിനു പിന്നിലെ നിർവഹണനയം. ഇതിനായി രാജ്യം മുഴുവൻ പ്രചരണപരിപാടികളും വികസന പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. അതിന്റെ വിലയിരുത്തൽ നടത്തിയാൽ വിവിധ പദ്ധതികളിലൂടെയും പരിപാടികളിലൂടെയും കൃത്യമായ ഫലം നേടിയെടുക്കുവാൻ സാധിക്കുമെന്ന് കാണാം.

തുറസായ സ്ഥലങ്ങളിലെ മലമൂത്രവിസർജനം വലിയ പ്രശ്നങ്ങളാണ് ഉണ്ടാക്കുന്നത്. ഇന്ത്യയിൽ 2014 ലെ കണക്ക് പ്രകാരം 50 ശതമാനത്തോളം പേർ ഇത്തരത്തിലാണ് ജീവിക്കുന്നത്. ഇതിൽ ഗ്രാമീണ മേഖലയിൽ 65 ശതമാനം പേരാണുള്ളത്. മനുഷ്യരുടെ വിസർജ്ജ്യം; വായു, ജലം, മറ്റ് ജീവജാലങ്ങൾ തുടങ്ങി പരിസരത്തെ മുഴുവൻ ഘടകങ്ങളേയും ബാധിക്കുന്നുണ്ട്. ഒരു ഗ്രാം മനുഷ്യവിസർജ്ജ്യത്തിൽ ശതകോടി വൈറസുകളും ദശലക്ഷം ബാക്ടീരിയകളും അടങ്ങിയിരിക്കുന്നു. വയറിളക്കം, കോളറ, മഞ്ഞപ്പിത്തം, ടൈഫോയ്ഡ്, മലേറിയ, ഹെപ്പറ്റൈറ്റീസ് തുടങ്ങി അനേകം രോഗങ്ങളുടെ വാഹകരെയാണ് ഈ സ്ഥിതി വിശേഷം സൃഷ്ടിക്കുന്നത്. 1200 പേരുടെ ജനസംഖ്യയുള്ള ഒരു ഗ്രാമത്തിൽ പ്രതിദിനം 300 കിലോഗ്രാം മനുഷ്യ വിസർജ്ജ്യം ഉണ്ടാവുന്നുവെന്നാണ് കണക്ക്. ഇത് നോക്കിയാൽ എത്ര മാത്രം ഭീകരമായ അവസ്ഥയാണെന്ന് നമ്മുടേതെന്ന് ബോധ്യപ്പെടും. മാറ്റം അനിവാര്യമാണെന്ന നിലയിൽ ആരംഭിച്ച വെളിയിടങ്ങളിലുള്ള വിസർജ്ജന വിമുക്ത പരിപാടി (Open Defecation Free Campaign) കുറഞ്ഞ സമയത്തിനിടയിൽ വലിയ നേട്ടം കൈവരിച്ചു വരുന്നതായാണ് റിപ്പോർട്ട്.

പ്രധാനമായും വീട്ടിൽ കക്കൂസ് സൗകര്യങ്ങൾ ഇല്ലാതെ വരുമ്പോഴാണ് വെളിയിടങ്ങളിൽ വിസർജ്ജനത്തിന് പലരും മുതിരുന്നത്. ഈ വിഷയത്തിലുള്ള മാറ്റത്തിന് പ്രധാനമായ തടസം അവരുടെ തുടർച്ചയായ ജീവിത ചിട്ടകളാണ് അവരെ നയിക്കുന്നതെന്നതാണ്. ആളുകൾ രൂപപ്പെടുത്തിയ പരമ്പരാഗത കാരണങ്ങളും അവരുടെ പ്രവൃത്തിക്ക് കാരണമാണ്. വെളിയിടങ്ങളിൽ മലമൂത്ര വിസർജനം ചെയ്യുന്നതിലൂടെയുണ്ടാവുന്ന പ്രശ്നങ്ങളെക്കുറിച്ച് മതിയായ അവബോധമില്ലാത്തതും മാലിന്യ നിർമ്മാർജ്ജന പ്രവർത്തങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നതാണ്. ആവശ്യമായ സ്ഥലമോ, പണമോ ഇല്ലാത്ത അവസ്ഥയിലും ആളുകൾ തങ്ങൾ തുടരുന്ന രീതി എന്താണോ, അതെത്ര അപകടകരമായിരുന്നാലും തുടരുക തന്നെ ചെയ്യും. ഇതിനെയെല്ലാം മറികടന്നു വേണം ലക്ഷ്യം കണ്ടെത്തുവാൻ എന്നതാണ് ഈ രംഗത്തെ അവസ്ഥ. ആളുകളുടെ തീരുമാനങ്ങളെ തുടരുകയെന്നല്ല, അവരുടെ പ്രവൃത്തികളിൽ മാറ്റമുണ്ടാക്കുകയെന്നതാണ് സ്വച്ഛ് ഭാരത് ദൗത്യത്തിലൂടെ ഉദ്ദേശിക്കുന്നത്. നിർമ്മാർജ്ജന പ്രവർത്തനത്തിന്റെ വിജയത്തിനായി താഴെക്കിടയിൽ വരെ എത്തുന്ന വിവര വിജ്ഞാന വ്യാപനപ്രവർത്തനങ്ങളും ധനശേഷി വികസന പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്.

**പട്ടിക 1: ഗാർഹിക ശൗചാലയങ്ങൾ**

| വർഷം | ഗാർഹിക ശൗചാലയങ്ങൾ |
|---|---|
| 2014-15 | 4937577 |
| 2105-16 | 12650929 |
| 2016-17 | 20514582 |

രാജ്യത്ത് കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ മൂന്ന് സംസ്ഥാനങ്ങളെ വെളിയിട വിസർജ്ജന മുക്ത സംസ്ഥാനമാക്കി മാറ്റുവാൻ സാധിച്ചു. കേരളം, ഹിമാചൽ പ്രദേശ്, സിക്കിം എന്നീ സംസ്ഥാനങ്ങളാണ് ഈ നേട്ടം കൈവരിച്ചത്. കേരളത്തിൽ 2014 ഒക്ടോബർ 2ന് 95.67 ശതമാനമുണ്ടായിരുന്ന ഗാർഹിക കക്കൂസ് സൗകര്യം 100 ശതമാനമാക്കി ഉയർത്തി. സിക്കിമിൽ 92.50 ശതമാനമായിരുന്നുവെങ്കിൽ ഹിമാചൽ പ്രദേശിൽ 88.64 ശതമാനമായിരുന്നു പദ്ധതിയുടെ തുടക്കത്തിലെ അവസ്ഥ. രാജ്യത്ത് 129 ജില്ലകളും 187300 ഗ്രാമങ്ങളും വെളിയിട വിസർജ്ജന മുക്തമാക്കുന്നതിൽ ഈ പദ്ധതിയിലൂടെ സാധിച്ചു. ഇതിൽ 3669 ഗ്രാമങ്ങൾ ഗംഗ ശുചീകരണപ്രവർത്തനത്തിന്റെ ഭാഗമായുള്ള പ്രദേശങ്ങളിലേതാണ്. 2015-16ൽ 5 ജില്ലകളും 49543 ഗ്രാമങ്ങളും മാത്രമായിരുന്നു ഈ നേട്ടം കൈവരിച്ചത്. ഗംഗ മേഖലയിൽ ഇത് 701 ആയിരുന്നു (പട്ടിക 1 കാണുക). 531 നഗരങ്ങളും ഈ നേട്ടം കൈവരിച്ചു. ഇതിന്റെ ഭാഗമായി 31,14249 ഗാർഹിക ശൗചാലയങ്ങളും 1,15786 പൊതു ശൗചാലയങ്ങളും സ്ഥാപിച്ചു. 164891.6 മെട്രിക് ടൺ മാലിന്യമാണ് സംസ്കരിച്ചത്. 42948 വാർഡുകളിൽ വീടുകളിൽ നിന്ന് മാലിന്യം സ്വീകരിക്കുന്ന രീതിക്ക് തുടക്കമിട്ടു. ഗാർഹിക പൊതു ശൗചാലയങ്ങളുടെ എണ്ണത്തിൽ ഏറ്റവും മുന്നിലുള്ള സംസ്ഥാനങ്ങൾ ഹിമാചൽ പ്രദേശ്, കേരളം, സിക്കിം, ഉത്തരാഖണ്ഡ്, ഛത്തീസ്ഗഢ് എന്നിവയാണ്. ദാദ്രാ നഗർ ഹവേലി, ബീഹാർ, ജമ്മു കാശ്മീർ, ഒഡിഷ, ഉത്തർ പ്രദേശ് എന്നിവയാണ് പിന്നിലുള്ളവ.

**പട്ടിക 2: വെളിയിട വിസർജന വിമുക്ത പ്രദേശങ്ങളുടെ വിവരം**

| വർഷം | 2015–16 | 2016–17 |
|---|---|---|
| വെളിയിട വിസർജ്ജന വിമുക്ത ഗ്രാമങ്ങൾ | 49543 | 187300 |
| വെളിയിട വിസർജ്ജന വിമുക്ത ഗ്രാമങ്ങൾ (ഗംഗാ തീരമേഖല) | 701 | 3669 |
| വെളിയിട വിസർജ്ജന വിമുക്ത ജില്ലകൾ | 5 | 129 |
| വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനങ്ങൾ | 0 | 3 |

സ്വച്ഛ് ഭാരത് മിഷന്റെ ഇടപെടലിലൂടെ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചത് അതിൽ ജനങ്ങളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും വലിയ തോതിലുള്ള ഇടപെടൽ ഉണ്ടായി എന്നതിനാലാണ്. ഇതിൽ സ്ത്രീകളുടെ വലിയ തോതിലുള്ള പങ്കാളിത്തം ഉണ്ടായിട്ടുണ്ട്. ഇക്കഴിഞ്ഞ അന്താരാഷ്ട്ര വനിതാദിനത്തിൽ ഈ നേട്ടത്തിന്റെ ഭാഗമായ വനിതാ ജനപ്രതിനിധികളെ ദേശീയ തലത്തിൽ ആദരിക്കാൻ കുടിവെള്ള ശുചീകരണ മന്ത്രാലയം തീരുമാനിച്ചിരുന്നു. ഗുജറാത്തിലെ ഗാന്ധിനഗർ മഹാത്മാ മന്ദിറിൽ ചേർന്ന സമ്മേളനത്തിൽ – "സ്വച്ഛ് ശക്തി 2017" – വെളിയിട വിസർജ്ജന മുക്ത ഗ്രാമങ്ങളിലെ 6000 വനിത പ്രതിനിധികളാണ് എത്തിയത്. വെളിയിട വിസർജ്ജന വിമുക്ത ഗ്രാമങ്ങളാക്കുന്നതിനായി തങ്ങളുടെ പ്രദേശങ്ങളിൽ പ്രധാന പങ്ക് വഹിച്ചവരെ ആദരിക്കുക, ശുചിത്വം, ദാരിദ്ര്യം, ഡിജിറ്റൽ ഇന്ത്യ, പെൺകുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം മെച്ചപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഈ സമ്മേളനം നടത്തിയത്. സമ്മേളനത്തിൽ സംസാരിച്ച പ്രധാനമന്ത്രി നരേന്ദ്രമോദി 2019 ഒക്ടോബർ 2ൽ കൈവരിക്കേണ്ട സമ്പൂർണ ശുചിത്വത്തെക്കുറിച്ച് ഓർമ്മപ്പെടുത്തി. ശുചിത്വമുള്ള ഇന്ത്യയെ കെട്ടിപ്പടുക്കാൻ ഓരോരുത്തരും മുന്നോട്ടുവരണമെന്ന് പറഞ്ഞ അദ്ദേഹം അതിൽ സ്ത്രീകൾക്ക് വലിയ ഇടപെടൽ സാധിക്കുമെന്നും ഓർമിപ്പിച്ചു. ബേഠി ബച്ചാവോ, ബേഠി പഠാവോ പദ്ധതിയെ കുറിച്ച് പറഞ്ഞ അദ്ദേഹം സ്ത്രീകൾക്ക് ഇതിൽ പ്രധാന പങ്ക് വഹിക്കാനുണ്ടെന്നും ലിംഗവ്യത്യാസത്തിന്റെ പേരിലുള്ള വിവേചനം അനുവദിക്കാനാവില്ലെന്നും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യമായ വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുമെന്നും സൂചിപ്പിച്ചു.

ശുചിത്വകാര്യത്തിൽ സ്വച്ഛ് ഭാരത് പദ്ധതിയുണ്ടാക്കിയ നേട്ടങ്ങൾ മികച്ച രീതിയിലാണെന്ന് കാണുമ്പോൾ തന്നെ പുതിയ കാലത്ത് രൂപപ്പെടുന്ന വെല്ലുവിളികളെയും കാണേണ്ടതുണ്ട്. അതിൽ പ്രധാനമാണ് തൊഴിലിനായുള്ള വലിയ തോതിലുള്ള കുടിയേറ്റങ്ങൾ പല സംസ്ഥാനങ്ങളിലും ഉണ്ടാവുന്നത്. ഇവരുടെ ഉപയോഗത്തിനായി പലപ്പോഴും ശൗചാലയ സൗകര്യങ്ങൾ മതിയാവാതെ വരുന്നതു മൂലം പൊതുസ്ഥലങ്ങളിൽ/വെളിയിടങ്ങളിൽ മലമൂത്രവിസർജ്ജനം പതിവാകുന്നു. പൊതു ശുചിത്വസമുച്ചയങ്ങൾ ഉണ്ടാവേണ്ടത് ഈ കാര്യത്തിൽ പ്രധാനമാണ്. അതിന് തദ്ദേശ സ്ഥാപനങ്ങൾ പദ്ധതികൾ കണ്ടെത്തേണ്ടതാണ്. മാർക്കറ്റുകൾ, തിരക്കുള്ള പൊതുസ്ഥലങ്ങൾ തുടങ്ങിയ ഇടങ്ങളിൽ പൊതു ശുചിത്വ സൗകര്യങ്ങൾ ഉണ്ടാക്കുകയും അവ പരിപാലിക്കുകയും ചെയ്യണം. മറ്റൊരു വെല്ലുവിളിയാണ് പലപ്പോഴും കുടിവെള്ളവും ശൗചാലയ മാലിന്യങ്ങളും തമ്മിലുള്ള കൂടിച്ചേരുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ. കിണർ വെള്ളത്തിൽ മനുഷ്യമലം കലർന്നാൽ അത് വലിയ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും. കക്കൂസുകളുടെ സെപ്റ്റിക് ടാങ്കുകൾ കൃത്യമായ സൗകര്യങ്ങളോടെയാണോ നിർമിക്കുന്നതെന്ന് ഉറപ്പുവരുത്തണം. സാധാരണഗതിയിൽ മൂന്ന് വർഷത്തിലൊരിക്കൽ സെപ്റ്റിക് ടാങ്കുകളിലെ മാലിന്യം നീക്കി വൃത്തിയാക്കണമെന്നാണ് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡിന്റെ നിർദ്ദേശം. എന്നാൽ ഇത് പാലിക്കപ്പെടുന്നില്ലായെന്നതാണ് യാഥാർത്ഥ്യം. കക്കൂസ് മാലിന്യം നീക്കുമ്പോൾ സുരക്ഷിതമായി അത് കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യങ്ങളില്ലാത്തതും പ്രശ്നമാണ്. പലപ്പോഴും സംഭവിക്കുന്നത് രാത്രികാലങ്ങളിൽ ഇവ പുഴയിലോ കുളത്തിലോ മറ്റിടങ്ങളിലോ ഒഴുക്കികളയുകയാണ്. ഇതും വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്നതിനാൽ ശാസ്ത്രീയമായതും പരിസ്ഥിതി സൗഹൃദമായതും ജനങ്ങൾക്ക് സ്വീകാര്യവുമായ സെപ്റ്റേജ് ട്രീറ്റ്മെന്റ് സൗകര്യങ്ങൾ രൂപപ്പെടുത്തുവാനും നടപടി സ്വീകരിക്കണം.

*(നാഷണൽ ഹെൽത്ത് മിഷനു കീഴിൽ ഡോക്യുമെന്റേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ വിഭാഗം ജൂനിയർ കൺസൾട്ടന്റാണ് ലേഖകൻ)*

# ഏയ്ഞ്ചൽ ഫണ്ടിങ്



ഏയ്ഞ്ചൽ ഫണ്ടിങ് അഥവാ എയ്ഞ്ചൽ നിക്ഷേപങ്ങൾ എന്നാൽ സ്റ്റാർട്ടപ്പ് കമ്പനികൾ ആദ്യ കാലഘട്ടത്തിൽ നടത്തുന്ന ഓഹരി നിക്ഷേപങ്ങളാണ്. ഏയ്ഞ്ചൽ നിക്ഷേപകർ ചെറിയ സ്റ്റാർട്ടപ്പുകളിലും കമ്പനികളിലും നിക്ഷേപങ്ങൾ നടത്തും. വ്യവസായം ആരംഭിക്കുന്ന സംരംഭകന് അവർ അതിനുള്ള പണം നല്കും. വ്യവസായത്തിന്റെ വിജയസാധ്യത ഒന്നും പരിഗണിക്കാതെയുള്ള നിക്ഷേപമാണ് ഇത്. സ്റ്റാർട്ടപ്പുകൾക്ക് ആദ്യ ചുവട് ഉറപ്പിക്കാനുള്ള സാമ്പത്തിക സഹായമായിട്ടാണ് ഇത് നല്കുക. ഈ സന്ദർഭത്തിൽ വ്യവസായം ലാഭകരമായിരിക്കുമോ, അവർക്ക് അതിൽ നിന്ന് എന്തെങ്കിലും ലാഭം ലഭിക്കുമോ എന്ന ചിന്തകളൊന്നും നിക്ഷേപകന് ഉണ്ടാവില്ല. മാലാഖ അഥവാ ഏയ്ഞ്ചൽ എന്ന പദം നാടകവേദിയിൽ നിന്നാണ് കടം കൊണ്ടത്. പണ്ട് നാടകം നടത്തുന്നതിനു പണക്കാരായ വ്യക്തികൾ  സാമ്പത്തിക സഹായം ചെയ്തിരുന്നു. നാടക കലാകാരന്മാർ താരതമ്യേന നിർധനരായിരുന്നതിനാൽ ആരെങ്കിലും സഹായത്തിനെത്തിയില്ലെങ്കിൽ നാടക കമ്പനികൾ പൂട്ടി പോകുന്ന സ്ഥിതിവിശേഷം അന്നു നിലനിന്നിരുന്നു. ഏയ്ഞ്ചൽ നിക്ഷേപകർ മിക്കവാറും സമ്പന്നരായ വ്യക്തികളായിരിക്കും. ഇവർക്ക് കൂട്ടായ്മയും ഉണ്ടായിരിക്കും. ഈ കൂട്ടായ്മകൾക്ക് പ്രാദേശികവും വ്യാവസായികവും പാണ്ഡിത്യപരവുമായ ചില ബന്ധങ്ങളും കാണും.

അടുത്ത കാലത്തായി ആഗോളതലത്തിൽ നോക്കുമ്പോൾ വളരെയധികം സ്റ്റാർട്ടപ്പുകൾ ആരംഭിച്ച രാജ്യമാണ് ഇന്ത്യ. ഇവിടെ ആരംഭിച്ച സ്റ്റാർട്ടപ്പുകളാകട്ടെ വളരെ ശക്തവുമാണ്. ഇന്ത്യ വെഞ്ചർ ക്യാപ്പിറ്റൽ നടത്തിയ പഠനവും  ചെന്നൈ ഐഐടി തയ്യാറാക്കിയ പ്രൈവറ്റ് ഇക്വിറ്റി റിപ്പോർട്ടും  അനുസരിച്ച് 2005 മുതൽ 2015 വരെ സ്റ്റാർട്ടപ്പുകൾക്ക് ലഭിച്ചിരിക്കുന്ന വെഞ്ചർ നിക്ഷേപം 1117 കോടിയാണ്.  യഥാർത്ഥ നിക്ഷേപ തുക ഇതിലും കൂടുതലായിരിക്കും. കാരണം പല കമ്പനികളുടെയും പല ഇടപാടുകളിലെയും യഥാർത്ഥ നിക്ഷേപ തുക ലഭ്യമല്ല. 2005 മുതൽ 2015 വരെയുള്ള കാലഘട്ടത്തിലെ ശരാശരി വാർഷിക നിക്ഷേപ വളർച്ചാ നിരക്ക് 42 ശതമാനമാണ്. 2005 മുതൽ 2015 വരെ രാജ്യത്ത് 10,000 സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. 2005 മുതൽ 2015 വരെയുള്ള കാലഘട്ടത്തിൽ സാമ്പത്തിക സഹായം ലഭിച്ച സ്റ്റാർട്ടപ്പുകളുടെ ശരാശരി വാർഷിക വളർച്ച 16 ശതമാനമായിരുന്നു.

മിക്ക മേഖലകളിലും വിദേശ സ്റ്റാർട്ടപ്പുകൾക്കു തത്തുല്യമായ ഇന്ത്യൻ സ്റ്റാർട്ടപ്പുകൾ ഉണ്ടായിരുന്നു. പല വിദേശ സ്റ്റാർട്ടപ്പുകളും ഇന്ത്യയിലേയ്ക്കും അവരുടെ പ്രവർത്തനം വ്യാപിപ്പിച്ചതിനാൽ ഇന്ത്യയിലെ ഇടപാടുകാർക്കും അത് വലിയ സഹായമായി. വിദേശ കമ്പനി ഇന്ത്യയിൽ പ്രവർത്തനം ആരംഭിക്കുന്നതുവരെ അവർക്കു കാത്തിരിക്കേണ്ടി വന്നില്ല. ഇപ്പോഴത്തെ കീഴ്‌വഴക്കമനുസരിച്ച് അഞ്ചെട്ടു വർഷം കൊണ്ട്,  20 മുതൽ 30 തവണ വരെ ലാഭം ലഭിക്കുന്ന സ്റ്റാർട്ടപ്പുകളിൽ ഏയ്ഞ്ചലുകൾ നിക്ഷേപം നടത്തുകയാണ് നല്ലത്. നിലവിൽ ഏയ്ഞ്ചൽ ഇൻവെസ്റ്റ്മെന്റുകൾക്ക് ലഭിക്കുന്ന ലാഭം 20 മുതൽ 30 ശതമാനം മാത്രമാണ്. വർഷങ്ങൾ കാത്തിരുന്ന ശേഷം ലഭിക്കുന്ന ഈ വരുമാനം വളരെ തുച്ഛവുമാണ്.  ഇന്ത്യയിൽ 2006 ൽ ആരംഭിച്ച ഇന്ത്യൻ എയ്ഞ്ചൽ നെറ്റ് വർക്കാണ് രാജ്യത്തെ ഏറ്റവും പഴയ ശൃംഖല.  ഗോ കോപ്പ്, മുംബൈ ഏയ്ഞ്ചൽസ്, ഹാർവാർഡ് ഏയ്ഞ്ചൽസ്, ചെന്നൈ എയ്ഞ്ചൽസ്, ഇന്ത്യ കോഷ്യന്റ് തുടങ്ങിയവയാണ് രാജ്യത്തെ പ്രമുഖ ഏയ്ഞ്ചൽ ഇൻവെസ്റ്റ്മെന്റു സംരംഭങ്ങൾ.

രാജ്യത്തെ ചെറുപ്പക്കാരായ സംരംഭകർക്ക് ഏയ്ഞ്ചൽ നിക്ഷേപകരിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുമെന്ന പ്രത്യാശ തീർച്ചയായും പുലർത്താവുന്നതാണ്.  കാരണം എയ്ഞ്ചൽ നിക്ഷേപകരുടെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച നിരവധി സ്റ്റാർട്ടപ്പുകൾ വൻ വിജയമായ കഥകൾ പ്രചോദനമായി നമുക്ക് മുന്നിലുണ്ട്.